40

# എന്റെ ഭാരതത്തിന്റെ പൂർവജന്മ ചരിത്രം

**DR. N. GOPALAKRISHNAN,** Ph.D., D.Litt.
Scientist & Hon. Director IISH

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം - 695 018

Heritage Publication Series - 75

Scanned with CamScanner

# എന്റെ
# ഭാരതത്തിന്റെ
# പൂർവജന്മ ചരിത്രം

**DR. N. GOPALAKRISHNAN, Ph.D., D.Litt.**
Scientist & Hon. Director IISH

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം - 695 018

**Heritage Publication Series - 75**

Scanned with CamScanner

# എന്റെ
# ഭാരതത്തിന്റെ
# പൂർവ ജന്മചരിത്രം

**Dr. N. Gopalakrishnan**
M.Sc (Pharm), M.Sc (Chem), M.A. (Soc), Ph.D. (Chem); D.Litt
(Scientist & Hon. Director IISH)

*Published by :*

**Indian Institute of Scientific Heritage (IISH)**
**Registered Charitable Trust 328/99/IV**
Ushus, Estate Road, Pappanamcode
Trivandrum - 695 018 (Ph. 0471-2490149)
www.iish.org, www.iishglobal.org

**Rs. 40/-**

*Printed at:*

Sree Printers (DTP, Offset (Multi Colour) & Screenprinting)
Ind. Estate, Pappanamcode, TVM - 19, Ph. 2490135

Scanned with CamScanner

# ഭാരതം ഭീരുക്കളുടേയും വഞ്ചകരുടേയും നാടായിരുന്നില്ല

1. വിദേശാക്രമണങ്ങൾക്കെതിരെ അതിശക്തമായി പൊരുതിയ നാടാണ് ഭാരതം.

2. ഇസ്ലാം മത പ്രചരണത്തെ ആയുധശക്തികൊണ്ടുതന്നെ തടഞ്ഞു നിർത്തിയ നാടാണ് ഭാരതം.

3. ക്രൈസ്തവ മത പ്രചരണത്തെ അതേ നാണയത്തിൽ തടുത്തു നിർത്തി ഭാരതം.

4. സാംസ്കാരിക മന്ത്രത്തിലൂടെ ലോകജനതയ്ക്ക് മാർഗനിർദ്ദേശം നൽകി, ഭാരതം.

5. ഒരു രാജ്യത്തിലേക്കും അതിക്രമിച്ചു കടക്കാത്ത രാഷ്ട്രമാണ് ഭാരതം.

6. സ്വന്തം ദേശത്തു നിന്ന് പലായനം ചെയ്ത ജൂതർക്കും, പാർസികൾക്കും, ക്രൈസ്തവർക്കും, അഭയവും, സംരക്ഷണവും, സ്വാതന്ത്ര്യവും നൽകിയവരാണ് ഭാരതീയർ.

7. അറിവിന്റെ ഭണ്ഡാരം ലോകത്തിന് നിസ്വാർത്ഥമായി തുറന്നുകൊടുത്തവരാണ് ഭാരതീയർ.

8. അനുഭവിച്ച വേദനകൾക്ക് പകരം ചോദിക്കാത്ത ഒരേ ഒരു ജനവിഭാഗമാണ് ഭാരതീയർ.

9. എല്ലാവരേയും സമൂഹത്തിന്റെ സാംസ്കാരിക ധാരയിൽ ഇഴുകി ചേർക്കാൻ പ്രവർത്തിച്ചവരാണ് ഭാരതീയർ.

10. സൂര്യനസ്തമിക്കാത്ത രാഷ്ട്രത്തെ അഹിംസയുടേയും ധർമ്മത്തിന്റേയും സത്യത്തിന്റേയും വെളിച്ചത്തിൽ കീഴടക്കിയ നാടാണ് ഭാരതം.

**ഈ വരികൾ വായിച്ചതിനുശേഷം മാത്രം മുമ്പോട്ടു പോകുക!**

ഭാരതീയ സംസ്കൃതി കടന്നുപോയ പന്ഥാവുകൾ വിശകലനം ചെയ്യുമ്പോൾ നമുക്കു മനസ്സിലാക്കാൻ സാധിക്കുന്ന സന്ദേശമെന്തോ അതാണ് ഭഗവത്ഗീതയിൽ ശ്രീകൃഷ്ണൻ ഉപദേശിച്ച ഈ വരി.

**............. ധർമ്മസംസ്ഥാപനാർത്ഥായ സംഭവാമി യുഗേ യുഗേ..............**

**.......... ഭാരതം എന്ന രാഷ്ട്രത്തിൽ ധർമ്മം നിരന്തരം സ്ഥാപിക്കപ്പെട്ടുകൊണ്ടേയിരിക്കും......**



Scanned with CamScanner

ത്രേതായുഗത്തിൽ ശ്രീരാമൻ ധർമ്മത്തെ സംരക്ഷിച്ചു. അയോധ്യ മുതൽ ശ്രീലങ്ക വരെ ശ്രീരാമന് സ്വയം അത് സാധിച്ചു. ദ്വാപരയുഗത്തിൽ ശ്രീകൃഷ്ണൻ നേരിട്ടും, പാണ്ഡവരിലൂടെയും ധർമ്മം സ്ഥാപിച്ചു. കലിയുഗത്തിൽ, ഈ രാഷ്ട്രത്തിന്റെ ചൈതന്യം, അനവധി പാണ്ഡവ സമൂഹങ്ങളിലൂടെ, ധർമ്മത്തെ സംരക്ഷിച്ചുകൊണ്ടേയിരിക്കുന്നു.

ദ്വാപരയുഗത്തിൽ, ധർമ്മം അറിയാവുന്ന ഭീഷ്മരും, ദ്രോണരും, കൗരവ പക്ഷത്തു നിന്നതുപോലെ കലിയുഗത്തിലും ധർമ്മം അറിയാവുന്ന പലരും എതിർപക്ഷത്തു നിൽപുണ്ട്.

കലിയുഗത്തിലെ ധർമ്മസംരക്ഷണത്തിലും രാഷ്ട്ര സംരക്ഷണത്തിലും ശിഖണ്ഡിമാരും, ശകുനിമാരും, കർണ്ണൻമാരും, ദുര്യോധനൻമാരും, അന്ധരായ ധൃതരാഷ്ട്രന്മാരും .......... ഉണ്ടായിരുന്നു. അന്ത്യത്തിൽ ഭാരതവും ഭാരതസംസ്കൃതിയും ജയിച്ചു. ഇന്നും ജയിക്കുന്നു, ഇനിയും ജയിക്കുകതന്നെ ചെയ്യും.

അലക്സാണ്ടർ ഭാരതത്തെ ആക്രമിച്ചപ്പോൾ ശക്തമായി ഭാരതീയർ തിരിച്ചടിച്ചു. കീഴ്പ്പെടുത്തിയ ദേശം ഭാരതീയർക്കുതന്നെ കൊടുത്ത് അലക്സാണ്ടർ തിരിച്ചു യാത്രയായി. ശേഷിക്കുന്ന യവനർ ഭാരത സംസ്കൃതിയോട് ചേർന്നു.

ഭാരതത്തെ ആക്രമിച്ച മധ്യേഷ്യയിലെ ശാകന്മാർ ഭാരതത്തിലിഴുകിച്ചേർന്നു.

ഡെമട്രിയാസ് എന്ന ഗ്രീക്കു രാജാവ് ഭാരതത്തെ ആക്രമിച്ചു മുമ്പോട്ടു നീങ്ങിയെങ്കിലും ദത്താമിത്രൻ എന്ന പേരിൽ ഭാരതീയനായി ജീവിച്ച്, ഭാരത സംസ്കൃതി സ്വീകരിച്ച്, ഇവിടെതന്നെ മരിച്ചു.

വിദേശിയായ അലക്സാണ്ടറെപോലെ ഭാരതത്തെ ആക്രമിക്കാൻ വന്നവരെ എതിർക്കാൻ ചന്ദ്രഗുപ്തമൗര്യനെപോലുള്ള രാജാക്കന്മാരെ ചാണക്യനിലൂടെ ഭാരതം സൃഷ്ടിച്ചു.

ചൈനയിൽ നിന്ന് ഭാരതത്തെ ആക്രമിച്ചുകയറിയ കുഷാനന്മാരെ നാം അടിച്ചകത്താക്കാൻ കനിഷ്കനെപോലുള്ള ഭരണാധികാരികളെ സൃഷ്ടിച്ചു. ഇസ്ലാം മതം, വാൾമുനയിലൂടെ പ്രചരിപ്പിക്കാൻ വന്ന ഉബൈദുള്ളയെ 711 എ.ഡി. യിൽ പരാജയപ്പെടുത്തി തിരിച്ചയച്ചു.

അതിശക്തമായ പ്രതിരോധനിരയിലൂടെ മുഹമ്മദ്ബിൻ കാസിമിന്റെ സൈന്യത്തെ ഭാരതീയർ പിൻതിരിച്ചു. ക്രൂരനായ ഗസ്നിയുടെ ആക്രമണത്തിന്റെ തിക്തഫലങ്ങളിൽ നിന്ന് നാം പാഠം പഠിച്ചു മുമ്പോട്ടു



Scanned with CamScanner

പോയി. ഗസ്നിയുടെ പരമ്പരകൾ പരസ്പരം പടവെട്ടിയും, ചത്തും കൊന്നും കുറെക്കാലമേ ഭാരതത്തിൽ നിലനിന്നുള്ളൂ. ഗോറിയെ തടുത്തുനിർത്താൻ, ഭാരതീയർക്കു കുറെയൊക്കെ സാധിച്ചു. അന്ത്യത്തിൽ ഇവിടെ വച്ചുതന്നെ അയാൾ അന്ത്യം കണ്ടു. ചതിയും വഞ്ചനയും ജീവിതചര്യയാക്കിയ മുസ്ലീം ഭരണാധികാരി ബെഹ്റം ഷാ യെ ഭാരതീയ മുസ്ലീമുകൾതന്നെ കൊന്നു.

കിരാതവാഴ്ച നടത്തിയ ഗിയാസുദ്ദീൻ ബാൽബനെ അയാളുടെ പ്രതിനിധി തുഗ്രൽ ഖാൻ തന്നെ ഭാരതത്തിൽ വെച്ച് ചതിച്ചുകൊന്നു. ഇക്കാലത്ത് ഭാരതാർത്തി കടന്നുവന്ന മംഗോളിയരെ മുസ്ലീമുകൾതന്നെ തുരത്തിയില്ലാതാക്കി, ശത്രുവിനെ ശത്രുക്കൾതന്നെ നശിപ്പിച്ചു. ഭാരതം ഭരിച്ച ക്രൂരനായ ജലാലുദ്ദീൻ ഖിൽജിയെ അയാളുടെ മരുമകൻതന്നെ കൊന്നു, കംസനെ കൃഷ്ണൻ വധിച്ചതുപോലെ.

ദക്ഷിണേന്ത്യവരെ ചോരപ്രളയം സൃഷ്ടിച്ച മല്ലിക് കഫൂറിനെ അയാളുടെ തന്നെ സൈന്യം പിച്ചിചീന്തി തലതട്ടിത്തെറിപ്പിച്ചു (ഫുട്ബാൾപോലെ). മറ്റൊരു നീചനായ മുബാറക് ഷാ തന്റെ കുടുംബാംഗങ്ങൾ ചതിക്കുമോ എന്നു ഭയന്ന് അവരെയെല്ലാം കൊന്നു. ഏറ്റവും പ്രിയ സുഹൃത്തും ക്രൂരനുമായ ഖുസ്രാവ് ഷായുടെ കൈകൊണ്ട് തലയറുത്ത് പുൽമേടയിൽ തട്ടിത്തെറിപ്പിച്ച് മുബാറക്ഷായ്ക്ക് മരിക്കേണ്ടിവന്നു. ക്രൂരനായ ഈ ഖുസ്രാവ് ഷായെ മുസ്ലീം ബന്ധുക്കൾ പതിയിരുന്നു ചതിച്ചുകൊന്നു. ഹൈന്ദവ രക്തത്തിൽ നിത്യവും കുളിച്ചാനന്ദിച്ച ഗിയാസുദ്ദീൻ തുഗ്ലക്കിനെ ആനകളെകൊണ്ട് ചവിട്ടികൊല്ലിച്ചത് സ്വന്തം മകനായിരുന്നു. മുഹമ്മദ് ബിൻ തുഗ്ലക് എന്ന ഭരണാധികാരിയെ, ഭ്രാന്തനായി മുദ്രകുത്തി മുസ്ലീം രാജാക്കന്മാർതന്നെ അയാൾക്കെതിരെ യുദ്ധം ചെയ്തു കൊന്നു.

ഇബ്രാഹിം ലോധിക്കെതിരെ, ബാബറെ ക്ഷണിച്ചത് മറ്റൊരു മുസ്ലീം രാജാവായ ഇബ്രാഹിം ഖാൻ ആയിരുന്നു. ബാബറിനെതിരെ ഹിന്ദു രാജാവായ റാണാസംഗയെ സഹായിച്ചത് ഭാരതീയ മുസ്ലീം രാജാക്കന്മാരായിരുന്നു. അക്ബറിനെതിരെ പൊരുതാൻ റാണാപ്രതാപസിംഹന് ഭാരതം ജന്മം നൽകി. സ്വന്തം പിതാവ് ജഹാംഗീറിന്റേയും സഹോദരന്മാരുടെയും കണ്ണുകുത്തിപ്പൊട്ടിച്ച 'പ്രേമത്തിന്റെ മൂർത്തിമത്ഭാവ'മായ ഷാജഹാനെ, പ്രകൃതിനിയമംപോലെ മകൻ ദാര തടവിലാക്കി ശ്വാസം മുട്ടിച്ചു.

ക്രൈസ്തവ മതം പ്രചരിപ്പിക്കാനും, ഭാരതത്തെ കൊള്ളയടിക്കാനും വന്ന പോർത്തുഗീസുകാരെ കൊള്ളയടിക്കാരായ മുഗളന്മാർ



Scanned with CamScanner

ഷാജഹാന്റെ നേതൃത്വത്തിൽ തന്നെയാണ് യുദ്ധത്തിലൂടെ നേരിട്ടത്. ഷാജഹാന്റെ പുത്രന്മാർ ദാരയും ഔറംഗസീബും പരസ്പരം യുദ്ധം ചെയ്തു. കൊള്ളക്കാർ പരസ്പരം യുദ്ധം ചെയ്തപ്പോൾ, മഹാരാജാ ജസ്വന്ത് സിങ്ങ് അവരെ സഹായിച്ചു. അടിച്ചു മരിച്ചുകൊള്ളാൻ സഹായിച്ചു. ഔറംഗസീബിനെ കുറെയൊക്കെ തളയ്ക്കാൻ ശിവജിക്കു സാധിച്ചു. മുസ്ലീം ഭരണം അവസാനിപ്പിക്കാൻ പ്രകൃതി നിശ്ചയിച്ചയച്ചത് ബ്രിട്ടീഷുകാരെയായിരുന്നു. ബ്രിട്ടീഷുകാരതു ചെയ്തു. കള്ളന്മാരെ കള്ളന്മാർ തന്നെ ഭാരതത്തിൽ തടഞ്ഞു.

മുസ്ലീം ശക്തികൾക്കെതിരെ വിജയ നഗരസാമ്രാജ്യവും, മറാത്താ ശക്തിയും സിഖ് ചൈതന്യവുമുയർന്നു. ഭക്തിപ്രസ്ഥാനത്തിലൂടെ ഭാരതത്തിന്റെ ആത്മീയതയും പ്രഭാപൂരിതമായി. മതം മാറ്റാനും ഭാരതത്തെ ചൂഷണം ചെയ്യാനും വന്ന പോർത്തുഗീസുകാർക്കെതിരെ പിന്നീട് അതേ ആവ:ശ്യത്തിനിവിടെ വന്ന ഡച്ചുകാർ തിരിഞ്ഞു. പോർത്തുഗീസ് ശക്തിയേയും ഡച്ചുശക്തിയേയും ഒതുക്കാൻ ഫ്രാൻസുകാരെത്തി. മൂന്നുപേരേയും ഒതുക്കാൻ ഇംഗ്ലീഷുകാരുമെത്തി.

ഭാരതത്തെ അടിമുടി ചൂഷണം ചെയ്യാൻ വന്ന ഇംഗ്ലീഷുകാർ അതേ കാര്യങ്ങൾ ചെയ്തതോടൊപ്പം, ഭാരതത്തെ ലോകത്തിനു മുമ്പിലും, ലോകത്തെ ഭാരതത്തിനു മുമ്പിലും അവതരിപ്പിക്കുക എന്ന സത്കർമ്മവും ചെയ്തു.

അവർ ആധുനിക ശാസ്ത്ര സാങ്കേതിക മണ്ഡലങ്ങളും ലോകഭാഷയും ഇന്ത്യാക്കാരിലെത്തിച്ചു. അതിശക്തരായ ഇംഗ്ലീഷുകാരെ തളയ്ക്കാൻ ഭാരതത്തിൽ അനവധി വീരശൂരപരാക്രമികൾ ജന്മമെടുത്തു. സത്യത്തിന്റെയും, ധർമ്മത്തിന്റേയും അഹിംസയുടേയും ധർമ്മമുപയോഗിച്ച് ഭാരതം, ഇംഗ്ലീഷുകാരുടെ ഭരണമവസാനിപ്പിച്ചു. ആയുധമെടുക്കാതെ, രക്തപുഴയൊഴുക്കാതെ നാം സ്വതന്ത്രരായി.

ഭാരതവും സനാതനധർമ്മവും ഭാരതീയ സംസ്കൃതിയും ഇന്നും ജീവിക്കുന്നു. ചൈതന്യവത്തായി പ്രഭാപൂരിതമായി അകത്തുനിന്നും പുറത്തുനിന്നും അധാർമ്മീക അനുഭവങ്ങൾ നേരിട്ടുകൊണ്ട്!

**ഈനാട്, എന്റെ ഭാരതം ജീവിക്കുന്നു. ഒരു പുനർജന്മംപോലെ!**

ഡോ: എൻ. ഗോപാലകൃഷ്ണൻ

ബുദ്ധപൂർണിമ

5-5-2004



Scanned with CamScanner

# ഭാഗം 1

കാലഗണനയിൽ നാം എവിടെ നിൽക്കുന്നു?

മഹാസങ്കൽപത്തിലെ വരികൾ ........... !

***സപ്തമേ മന്വന്തരേ അഷ്ടാവിംശതിതമേ കലിയുഗേ പ്രഥമ പാദേ.....***

ഏഴാം മന്വന്തരത്തിൽ 28–ാം മഹായുഗത്തിൽ, കൃത–ത്രേതാ–ദ്വാപര യുഗം കഴിഞ്ഞ് കലിയുഗത്തിലെ 5105–ാം വർഷത്തിൽ .......

ഇതിനെ വർഷങ്ങളാക്കി എഴുതിയാൽ കൃതയുഗം കഴിഞ്ഞപ്പോൾ .....
6 x 72 x 43,20,000 + 43,20,000 x 27 + (കൃതയുഗത്തിലെ) 17,28,000 = 1,98,89,28,000 വർഷങ്ങൾ! അതായത് ജീവസൃഷ്ടി ആരംഭിച്ച്, 198 കോടി 89 ലക്ഷത്തി 28 ആയിരം വർഷങ്ങൾ കഴിഞ്ഞപ്പോൾ നാം വൈവസ്വതമന്വന്തരത്തിലെ 28–ാം മഹായുഗത്തിലെ ത്രേതായുഗാരംഭത്തിലെത്തി നിൽക്കുന്നു എന്നു വിചാരിക്കാം! ത്രേതായുഗത്തിലെ ഭാരത വിശദീകരണം.

## രാമായണത്തിലെ ത്രേതായുഗ ഭാരതം

വാൽമീകി രാമായണത്തിൽ നൽകിയിരിക്കുന്ന വിവരമനുസരിച്ച് വിവിധ രാജ്യങ്ങളുമായുള്ള അയോദ്ധ്യയുടെ ബന്ധം, സീതാസ്വയംവരത്തിന് വന്നെത്തിയ രാജാക്കന്മാർ ഭരിച്ചിരുന്ന രാജ്യങ്ങളുടെ വിവരം, ഋഷിവ്യന്ദന്മാർ സന്ദർശിക്കുന്ന രാജ്യങ്ങളുടെ വിവരണം, കോസലം, ഗാന്ധാരം, കേകയം, വൈശാലം, ജനകപുരി, ലവണപുരി എന്നീ രാഷ്ട്രങ്ങൾ കൂടാതെ വനവാസക്കാലത്ത് 14 വർഷം, ശ്രീരാമൻ അയോദ്ധ്യ മുതൽ ചടയമംഗലം – ജഡായുമംഗലം വരെയും എത്തി. തുടർന്ന് ശബരിദേശം, കിഷ്കിന്ദ, രാമേശ്വരം, ലങ്കാപുരി എന്നിവയും സന്ദർശിച്ച വിവരണവും ലഭിക്കുന്നു. ലങ്കയിൽ നിന്ന് ആകാശമാർഗ്ഗത്തിലൂടെ ശ്രീരാമൻ ലക്ഷ്മണ–സീതാ–ഹനുമത്–ജാംബവ സമേതനായി അയോദ്ധ്യയിലെത്തുന്നവഴിയിൽ താഴെകാണുന്ന ഭാരത ഭൂവിഭാഗത്തിന്റെയും, രാജ്യങ്ങളുടേയും വിവരണം നൽകുന്നുണ്ട്. അശ്വമേധയാഗാവസരത്തിൽ അശ്വം സഞ്ചരിച്ച രാജ്യങ്ങളും, അവിടത്തെ വീരശൂര പരാക്രമികളായ രാജാക്കന്മാരെക്കുറിച്ചുമുള്ള വിവരണമുണ്ട്. ഇതെല്ലാം ത്രേതായുഗത്തിലെ ഭാരതത്തിന്റെ ഏകദേശവർണ്ണന നൽകുന്നു. വളരെ സ്പഷ്ടമായി പരിശോധിച്ചാൽ അനവധി വിവരണം ഇനിയും ലഭിക്കും, രാമായണത്തിലെ ഭാരത രാഷ്ട്രത്തെക്കുറിച്ച് ഇത്രയും എഴുതിയത് ത്രേതായുഗത്തിലും ഭാരതം ഒരു വികസിത രാഷ്ട്രമായിരുന്നു എന്നു സൂചിപ്പിക്കാനാണ്.



Scanned with CamScanner

## ദ്വാപരയുഗത്തിലെ ഭാരതം

കലിയുഗം ആരംഭിച്ചത് 3102 ബി.സി. ഫെബ്രുവരി 17 വ്യാഴാഴ്ച എന്നാണ് ജ്യോതിശാസ്ത്ര (astronomy) പരമായി അംഗീകരിച്ചിരിക്കുന്നത്. പുരാവസ്തു ഗവേഷകർക്ക് ലഭിച്ചിട്ടുള്ള തെളിവുകളുള്ള പല നഗരങ്ങളുടെ ചരിത്രങ്ങളും ദ്വാപരയുഗത്തിന്റെ അന്ത്യഭാഗത്ത് വരുന്നവയായിരിക്കാം.

8250 ബി സി യിലെ ലോഹങ്ങളും, ലോഹസങ്കരങ്ങളും മെഹർഘർ, ഭഗവാൻപുര എന്നിവിടങ്ങളിൽ ഖനനം ചെയ്തെടുത്തത് ദ്വാപരയുഗത്തിലേതായിരിക്കും. ലോസ്റ്റ് സിറ്റി ഓഫ് കാംബേയും, ലോഥൽ, തുടങ്ങിയവയും കലിയുഗത്തിനപ്പുറത്തുള്ള തെളിവുകൾ നിരത്തുന്ന മഹാഭാരതം എന്ന ഇതിഹാസം തന്നെയും ഈ രാഷ്ട്രത്തെക്കുറിച്ചു പറയുന്നു. ദ്വാപരയുഗത്തിലാണ് ശ്രീകൃഷ്ണനെങ്കിൽ, കൃഷ്ണനും കൃഷ്ണന്റെ പൂർവീകരുമായി ബന്ധപ്പെട്ടതെല്ലാം ദ്വാപരയുഗത്തിലേതായിരിക്കും. ഗാന്ധാരിയുടെ ദേശമായ ഗാന്ധാരം, മറ്റു പലരുടേയും മാതൃദേശമായ പാഞ്ചാലം, നാഗലോകം, ഇവയെല്ലാം നമുക്കിന്നും നാവിൻ തുമ്പിലുള്ള നാമങ്ങളാണ്. ഹസ്തിനപുരത്തിന്റെ സുഹൃത്തുക്കളായ രാജാക്കന്മാരുടേയും, ശത്രുക്കളായവരുടേയും ദീർഘമായ വിവരണം തന്നെ മഹാഭാരതത്തിലുണ്ട്. ശ്രീരാമന്റെ വനവാസത്തിന് ആത്മീയ മഹത്വമാണ് കൂടുതലുള്ളത്. പാണ്ഡവരുടെ വനവാസത്തിനാകട്ടെ രാജകുമാരന്മാരുടെ വനവാസ പ്രൗഢിയാണുള്ളത്. ഹസ്തിപുരത്തുനിന്ന് പാലക്കാട്ടുള്ള നിളാനദി (ഭാരതപുഴ) വരെ എത്തിയ പാണ്ഡവർ അനവധി രാജകൊട്ടാരങ്ങളിലും, ചില സ്ഥലത്ത് ആശ്രമങ്ങളിലുമാണ് താമസിച്ചത്. ഈ വഴിയിലെ എല്ലാ രാജ്യങ്ങളുടേയും വിവരണവും സുസൂക്ഷ്മം പരിശോധിച്ചാൽ അവയുടെ ചരിത്ര പശ്ചാത്തലവും ഇവിടെ ലഭിക്കും.

പാണ്ഡവർ സ്നാനം ചെയ്ത പുണ്യനദികളുടെ പേരുകൾക്ക് ഇന്നും വലിയ മാറ്റങ്ങൾ വന്നിട്ടില്ല. നാട്ടുരാജ്യങ്ങളുടെ പേരുകൾ മാറിയിരിക്കാം. നദികളുടെ പേരുകളിൽ നിന്ന് രാജ്യങ്ങളുടെ ഏകദേശ വിവരണം ലഭിക്കും. മഹാഭാരതയുദ്ധത്തിൽ പങ്കെടുത്ത രാജാക്കന്മാരുടെയെല്ലാം വിവരണങ്ങൾ ഉണ്ട്. അതാതു രാജ്യങ്ങളുടെ പശ്ചാത്തലവും ലഭ്യമാണ്. മഹാഭാരതത്തിലെ ഓരോ ചരിത്രപുരുഷന്റേയും ചരിത്രത്തിൽ വിവിധ ദേശങ്ങൾ വരുന്നുണ്ട്. കാശി, കോസലം, മഗധം, മത്സ്യദേശം, ഛേദി, യാദവദേശം, മഥുര, ചേര, ചോള, പാണ്ഡ്യ ദേശങ്ങൾ, യവനദേശം, ശാകദേശം, ദ്രാവിഡം, കാംബോജം, കേകയം, സിന്ധു



Scanned with CamScanner

രാജ്യം, സൻവീരം, ഭോജരാജ്യം, ആന്ധ്രാദേശം, മഹിഷ്മതി, അവന്തി, പ്രാക് ജ്യോതിഷപുരം ..... എന്നിങ്ങിനെ പോകുന്നു രാജ്യങ്ങളുടെ നാമധേയം. അതോടു ചേർന്നു അതാതു രാജ്യചരിത്രവും കാണാം.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ രചിച്ച മഹാഭാരതം ഭാഷാഭാഷ്യം വായിച്ചാൽ ദ്വാപരത്തിലെ ഭാരതത്തിന്റെ സമ്പൂർണഭൂപടം ലഭ്യമാകും. ഇവരുടെ കലാ-സാഹിത്യ-രാജനൈതിക-സാമൂഹിക-സാമ്പത്തിക- സാംസ്കാരിക-ഭാഷാപര-സൈനിക-ഭരണപര-ദേശ/വിദേശ വ്യവസായിക/ സാംസ്കാരിക ബന്ധപരമായ സമഗ്രജ്ഞാനവും ഇതിൽ ലഭ്യമാണ്. അതിന്റെ തുടർച്ചയായി കലിയുഗാരംഭത്തിലെ വിവരണമായും ലഭ്യമാണ്.

## ഭഗവാൻപുര - മെഹർഗർ - കലിബാംഗാൻ

മെഹർഗറിൽ ഖനനം ചെയ്തപ്പോൾ 7786 ± 120 BC യിലെ ചെമ്പു ലോഹങ്ങൾ ലഭിച്ചു. തുടർന്ന് 4745 ± 90 BC യിലെ അനവധി ലോഹസങ്കരങ്ങളും, കലിയുഗാരംഭത്തിനുമുമ്പുള്ള ലോഹഖനികളും, ലോഹനിഷ്കർഷണത്തിന്റെ തെളിവുകളും ലഭ്യമായി. അന്നു നിലനിന്നിരുന്ന ഉപകരണങ്ങൾ, കോട്ടകൾ, കൊട്ടാരങ്ങൾ, റോഡുകൾ, വ്യാവസായിക സ്ഥാപനങ്ങൾ ഇവയുടെ അവശിഷ്ടങ്ങൾ ഇന്നും കാണാവുന്നതാണ്. കാലത്തിന്റെ കുത്തൊഴുക്കിൽപോലും നശിക്കാതെ നിലനിൽക്കുന്ന അവശിഷ്ടങ്ങൾ പഴയതിന്റെ ഏകദേശചിത്രം നമുക്കു നൽകുന്നു. വേദരചനയിലെ ഭാഷാശാസ്ത്രം, വേദസന്ദേശങ്ങളിലെ നന്മയുടെ സന്ദേശം, വേദങ്ങളിൽ അങ്ങിങ്ങായി സ്പർശിക്കുന്ന രാജവംശങ്ങളുടെ ചരിത്രങ്ങൾ, അതിലെ പ്രാർത്ഥനയിലെ ലക്ഷ്യബോധം, വിജയത്തിന്റേയും സമ്പദ്സമൃദ്ധിയുടേയും സന്ദേശങ്ങൾ, ഇവയിൽ നിന്നെല്ലാം ചിന്തിച്ചെടുക്കാവുന്ന ചരിത്രസത്യങ്ങളുടെ പരമ്പരയുണ്ട്. ദ്വാപരയുഗാന്ത്യത്തിലെ ഭാരതചരിത്രപഠനത്തിന് ഇത് സഹായിക്കും.

ഭാരതീയ ചരിത്രകാരന്മാർ സ്പർശിക്കാത്ത നാഗരികതയുടെ കഥ പറയുന്നതാണ് ഈ സ്ഥലങ്ങൾ. പുരാവസ്തു ഗവേഷകർ കണ്ടെടുത്ത ലോഹ-ലോഹസങ്കരങ്ങളുടെ ഉള്ളറകളിൽ നിന്നുവേണം 7000 - 8000 വർഷങ്ങൾക്കു മുമ്പുള്ള വസ്തുതകളുടെ ഒരംശമെങ്കിലും ചരിത്രമാക്കി പകർത്തിയെഴുതുവാൻ. ദ്വാപരയുഗത്തിലെ ഭാരതചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന മറ്റു ചില ഗ്രന്ഥങ്ങൾ, ഗവേഷണഫലങ്ങൾ, ഇവയെല്ലാം ശാസ്ത്രീയമായി പഠിക്കണം, നന്മതിന്മകൾ വിലയിരുത്തണം, സത്യസന്ധമായി ലോകത്തിന്റെ മുമ്പിൽ അത് എഴുതിവയ്ക്കണം. അവയുടെ ആരംഭം എവിടെ നിന്നാണ് എന്നറിയുന്നതുപോലെ എവിടെ



Scanned with CamScanner

യാണതിന്റെ തുടർച്ചയും അവസാനവും, പരിണാമവും എന്നും കണ്ടെത്തണം.

## കാംബേയിലെ നഷ്ടപ്പെട്ട നഗരം

അറേബ്യൻ കടലിൽ ഗുജറാത് തീരത്ത് നിന്ന് എതാനും കിലോമീറ്റർ ദൂരത്തിൽ, കാണപ്പെട്ട ഒരു നഗരത്തിന്റെ ചിത്രത്തിൽ അതിവിസ്തൃതമായ ഒരു നാഗരീകതയുടെ ചില ചരിത്രം ലഭിക്കുന്നു. 6000 - 7000 ബി.സി. യിലേതാണ് ഈ നഗര സമുച്ചയം എന്ന് ഏകദേശം തിട്ടപ്പെടുത്തിയിട്ടുണ്ട്. അതായത് ദ്വാപരയുഗത്തിലേത് ഭരണാധികാരികളെക്കുറിച്ചോ, ഇന്ന് പ്രത്യക്ഷമായറിയാൻ സാധ്യമല്ലാത്ത കാര്യങ്ങളെക്കുറിച്ചോ അറിയണമെങ്കിൽ അക്കാലത്ത് രചിക്കപ്പെട്ട ഗ്രന്ഥങ്ങൾ പഠിക്കേണ്ടതാണ്. ഈ വിഷയങ്ങളിലെ വിവരണങ്ങൾ ലഭിക്കുവാൻ പരിശോധിക്കേണ്ടതായ ഗ്രന്ഥങ്ങൾ - വേദങ്ങൾ, ശതപഥ ബ്രാഹ്മണം, വംശബ്രാഹ്മണം, പ്രൗഢബ്രാഹ്മണം, തൈത്തിരീയ ബ്രാഹ്മണം, ഗോപഥബ്രാഹ്മണം, രാമായണ- മഹാഭാരത ഭാഗങ്ങൾ, എന്നിവയാണ്.

## ഗുജറാത്തിലെ ലോഥൽ

ഏതാണ്ട് 5000 വർഷങ്ങളുടെ പഴക്കമുള്ള ഒരു വ്യവസായ ശൃംഖലയുടെ പ്രത്യക്ഷമായ ചിത്രം ലോഥലിൽ നമുക്ക് കാണുവാൻ സാധിക്കും. അഹമ്മദാബാദിൽ നിന്ന് 200 കിലോമീറ്റർ ദൂരെയുള്ള ലോഥലിലെ ജനജീവിതത്തെക്കുറിച്ച് ഏകദേശ ചിത്രം ഇന്നു ലഭ്യമാണ്. എന്നാൽ അവിടത്തെ രാജനൈതികകർമ്മമണ്ഡലത്തെക്കുറിച്ച് വ്യക്തമായ വസ്തുതകൾ ലഭിച്ചിട്ടില്ല. ലോഥൽ നാഗരീകതയും ദ്വാപരയുഗത്തിലെ അവസാനത്തിൽ നിന്ന് കലിയുഗത്തിലേക്ക് വ്യാപിച്ചു കിടക്കുന്ന ചരിത്രവസ്തുതകൾ നിറഞ്ഞതാണ്.

## സിന്ധൂനദീതട സംസ്കാരശൃംഖല

മോഹൻ ജോ ദാരോ, ഹാരപ്പ, ചരിഞ്ചു ദാരോ, ത്ധൂകർ, നൾ, കേലത്, ഹാരപ്പ ഇവിടെ നിന്നു ലഭ്യമായ, പുരാവസ്തു സംബന്ധമായ വസ്തുതകൾ അനവധി ചരിത്രസത്യങ്ങളിലേക്ക് വെളിച്ചം വീശുന്നു. ഉജ്ജ്വലമായ ഒരു വൈദിക സംസ്കാരം ഭാരതത്തിൽ ദ്വാപരയുഗവും കലിയുഗവും ബന്ധിപ്പിച്ചുകൊണ്ടു നിലനിന്നത്, നമുക്കിവിടെ ദർശിക്കാൻ സാധിക്കും. ഭാരതത്തിലേക്കുണ്ടായ ആക്രമണങ്ങളെല്ലാം സിന്ധൂനദീതടം വഴിയായിരുന്നു. അഞ്ചുനദികളുടെ കരയിൽ ജനസാന്ദ്രമായ അനവധി നഗരങ്ങളുടെ അവശിഷ്ടങ്ങൾ കാണാം. വേദങ്ങളുൽഘോഷിക്കുന്ന സപ്തസിന്ധുതീരങ്ങൾ ചൈതന്യവത്തായ ഒരു



Scanned with CamScanner

ഗതകാല പ്രൗഢിയുടെയും ആക്രമണപരമ്പരയുടെയും സന്ദേശവും നമുക്ക് നൽകുന്നു. അവിടം യുദ്ധകാഹളവും, ജയപരാജയങ്ങളും, രാഷ്ട്ര വിസ്തൃതി വർദ്ധിപ്പിക്കാനും സമ്പൽസമൃദ്ധിക്കും വേണ്ടിയുള്ള മത്സരങ്ങളും നടന്ന സ്ഥലമാണ്.

## ആദ്യകാല ഭാരതം - ചരിത്ര രേഖകളിൽ നിന്ന് 1000 ബി.സി - 600 ബി.സി

ഭാരതത്തിൽ മഹാജനപഥങ്ങൾ എന്നറിയപ്പെടുന്ന പ്രധാനപ്പെട്ട 16 രാജ്യങ്ങൾ ഉണ്ടായിരുന്നു. ബ്രഹ്മദത്തൻ ഭരിച്ചിരുന്ന കാശി രാജ്യം പ്രസിദ്ധമായിരുന്നു. കോസലരാജ്യം തലസ്ഥാനമായ അയോദ്ധ്യാനഗരം, ബിംബിസാരൻ മഗധത്തോടു ചേർത്ത സമ്പത്സമൃദ്ധിയുടെ ഉത്തുംഗത്തിലുണ്ടായിരുന്ന അംഗദേശം, അറിവിന്റെയും, സമ്പത്തിന്റേയും വിളനിലമെന്ന് ലോകമെമ്പാടുമറിഞ്ഞിരുന്ന മഗധരാഷ്ട്രം. ബിംബിസാരനും അജാതശത്രുവും നാടുവാണിരുന്ന മഗധത്തിന്റെ രാജധാനിയുടെ പേരുതന്നെ രാജഗൃഹമെന്നായിരുന്നു. വിദേഹവും, ഛാവിയും, ഗഗ്യത്രക്കും മറ്റുപല ചെറുദേശഭാഗങ്ങളും ചേർന്ന് പ്രശസ്തമായിരുന്നു വജ്. ആധുനിക ബുന്ദേൽഖണ്ഡ് ഛേദിദേശമെന്നറിയപ്പെട്ടിരുന്നു. അത് പ്രശസ്തനായ ശിശുപാല രാജാവ് ഭരിച്ചിരുന്നു. ഛേദിയുടെ വടക്കുകിഴക്കുഭാഗത്തിലായിരുന്നു വത്സദേശം. ഇപ്പോഴത്തെ ഡൽഹിയും മീററ്റും ചേർന്ന് പഴയകാലത്തെ പ്രതാപം നിറഞ്ഞ കുരുദേശം, ഇപ്പോഴത്തെ റൂഹേൽഖണ്ഡും അടുത്തുള്ള പ്രദേശങ്ങളും ചേർന്ന പാഞ്ചാലം, കാമ്പില്യം, പാഞ്ചാലത്തിന്റെ ഭാഗമായിരുന്നു. വിരാടനഗരം തലസ്ഥാനമായി വിരാട രാജാവ് ഭരിച്ചിരുന്ന രാജ്യമായിരുന്നു, മത്സ്യദേശം. അവന്തീപുത്രൻ എന്ന പ്രസിദ്ധനായ രാജാവ് ഭരിച്ചിരുന്ന ദേശം, സുരസേനം എന്നറിയപ്പെട്ടിരുന്നു. അതിന്റെ തലസ്ഥാനമാകട്ടെ മഥുരയും. ഗോദാവരി തീരത്തെ പ്രസിദ്ധ രാജ്യമായിരുന്നു അസ്സകം. മാൾവയും ഉജ്ജയിനിയും മാഹിഷ്മതിയും ചേർന്നതായിരുന്നു അവ തിരാജ്യം. ഇത് ചന്ദ്രപ്രദ്യോതൻ എന്ന പ്രസിദ്ധരാജാവ് ഭരിച്ചിരുന്നു. തക്ഷശില പ്രശസ്തമായ ഗാന്ധാര ദേശത്തിന്റെ തലസ്ഥാനമായിരുന്നു. കാശ്മീരും അനവധി പശ്ചിമോത്തരദേശങ്ങളും ഇതിന്റെ ഭാഗമായിരുന്നു. ഭാരതത്തെ ആക്രമിച്ചു കീഴടക്കിയ എല്ലാ വിദേശികളും ഗാന്ധാരം വഴിയാണ് കടന്നു വന്നത്. പലരും ഗാന്ധാരം കൊള്ളയടിച്ചു മടങ്ങിയവരുമാണ്. കാംബോജദേശം, ലോസ്റ്റ് സിറ്റി ഓഫ് കാംബേ എന്ന പേരിൽ കണ്ടെടുത്ത ദേശമാകാം. മറ്റ് രണ്ടു അഭിപ്രായങ്ങളും നിലവിലുണ്ട്. ഗാന്ധാരത്തിനടുത്തുള്ള ദേശമാണ് കാംബോജം, എന്നും കംബോഡി



Scanned with CamScanner

യയാണ് കാംബോജദേശം എന്നും ഈ പതിനാറു ജനപഥങ്ങളും സാംസ്കാരികമായി ഒറ്റ ചരടിൽ കോർത്തിരുന്നു. നമ്മുടെ പ്രാതസ്മരണകളിൽ ഭാരതത്തിലെ പുണ്യനദികൾ, പർവതങ്ങൾ, നഗരങ്ങൾ, ഇതിഹാസപുരുഷന്മാർ, സ്ത്രീകൾ ഇവരെ സ്മരിക്കുമ്പോൾ ഒറ്റ രാഷ്ട്രമെന്ന സാംസ്കാരിക സ്രോതസ്സിലാണ് നാം എത്തിച്ചേരുന്നത്. ഭരണാധികാരികൾ രാജ്യവിസ്തൃതിക്കും, സമ്പത്തിനും, അധികാരത്തിനും, ചക്രവർത്തിപദത്തിനും രാജാധി രാജപദവിക്കുംവേണ്ടി പരസ്പരം കലഹിച്ചിരുന്നു. 500ൽ പരം നാട്ടുരാജ്യങ്ങളെല്ലാം സാംസ്കാരികമായി ഒറ്റചരടിൽ കോർത്തിണക്കിയവയായിരുന്നു. ജനങ്ങൾക്കും, പണ്ഡിതന്മാർക്കും എവിടേയും സഞ്ചാരസ്വാതന്ത്ര്യമുണ്ടായിരുന്നു. കാർഷിക-വാണിജ്യ-വ്യാവസായിക ഉൽപന്നങ്ങൾ, ഇന്ന് ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിലേക്ക് നികുതി നൽകി കൊണ്ടുപോകുന്നതുപോലെ, കൊണ്ടുപോകുവാനും വരുത്തുവാനുമുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു.

**പതിനാറു ജനപഥങ്ങളിൽ നിന്നു നാലു പ്രശസ്തമായ രാജ്യങ്ങൾ ഉദയം ചെയ്തു.**

**വത്സദേശം** : ഉദയനൻ എന്ന പ്രശസ്തനായ രാജാവ് ഭരിച്ചിരുന്ന വത്സദേശത്തിന്റെ തലസ്ഥാനം കൗസംബിയായിരുന്നു. മഗധയും അവന്തിയും വിവാഹബന്ധത്തിലൂടേയും, കാശി-വംഗം-കലിംഗം-ചോളം-കോലം-ദക്ഷിണ ഭാരതത്തിലെ മറ്റു രാജ്യങ്ങളും ചേർത്ത് ഉദയനൻ വത്സദേശം വിപുലീകരിച്ചു.

**കോസലം** : അതിപ്രഗത്ഭനായ ഇക്ഷ്വാകുവായിരുന്നു, വിസ്തൃതമായ ഈ രാജ്യത്തിന്റെ സ്ഥാപകൻ.

**കൗസംബിദേശം** : കുനാല, മഹാവംഗം, ശതകം, രാഷി, കാശി, എന്നിവ ഇതിന്റെ ഭാഗമായിരുന്നു. ഇക്ഷ്വാകുവിനെപ്പോലെ പ്രഗത്ഭനായിരുന്നു കൗസംബി ഭരിച്ച പ്രസേനജിത് രാജാവ്.

**മഗധം** : വത്സദേശവുമായി ബന്ധപ്പെട്ടിരുന്ന മഗധ, അതിവിസ്തൃതമായ ദേശമായിരുന്നു. ബിംബിസാരനും, അജാതശത്രുവും മഗധത്തിലെ രാജാക്കന്മാരായിരുന്നു.

മഹാജനപഥങ്ങളല്ലാത്ത, റിപ്പബ്ലിക്കുകളായിരുന്ന മറ്റുരാജ്യങ്ങളുമുണ്ടായിരുന്നു. കപിലവസ്തു, അല്ലകാപ്പ, കേശപട്ട, സംസുമാസഗിരി, മിഥിലാ, വൈശാലി, വേസലി, പിപ്പലിവാഹന, പന്ന, ഹുസിനര ഈ ദേശങ്ങളും പ്രശസ്തങ്ങളും സമ്പദ് സമൃദ്ധവുമായിരുന്നു. ഇവയെല്ലാം ചരിത്രരേഖകളിൽ നിന്ന് ലഭ്യമാകുന്നതിൽ ചില വിവരണങ്ങൾ മാത്രമാണ് എന്നോർക്കുക.



Scanned with CamScanner

18 മഹാപുരാണങ്ങളിലും 18 ഉപപുരാണങ്ങളിലും സൂക്ഷ്മമായി പരിശോധിച്ചാൽ, മറ്റനവധി രാജാക്കന്മാരെക്കുറിച്ചും അവരുടെ പരമ്പരകളെക്കുറിച്ചും, രാജ്യങ്ങളുടെ മഹത്വത്തെക്കുറിച്ചുമുള്ള വിവരണങ്ങൾ ലഭിക്കും.

## ഉത്തരഭാരതചരിത്രം

മഗധരാജ്യം ഭരിച്ചിരുന്ന രാജവംശത്തിലെ പ്രശസ്തനായ ഒരു രാജാവായിരുന്നു ജരാസന്ധൻ. അതിക്രമവും അധാർമിക പ്രവർത്തനങ്ങളും ജിവിതചര്യയാക്കിയ ജരാസന്ധനെ പാണ്ഡവരുടെ സഹായത്താൽ ശ്രീകൃഷ്ണൻ വധിച്ചു എന്ന വിവരണവും കാണുന്നു. ജരാസന്ധനു ശേഷം മഗധയുടെ പ്രതാപം കുറഞ്ഞു. ഈ വംശത്തിലെ അവസാനത്തെ രാജാവായിരുന്നു രിപുഞ്ജയൻ. രിപുഞ്ജയനുശേഷം, മഗധയുടെ പ്രധാനമന്ത്രിയായിരുന്ന പുലികൻ, തന്റെ പുത്രനെ അവന്തിയുടെ രാജാവാക്കി. രണ്ടാമത്തെ പുത്രനായ ബാലകനെ മഗധയുടേയും രാജാവാക്കി. ബാലകൻ മറ്റൊരു സാമന്തരാജാവിനാൽ വധിക്കപ്പെട്ടു. ഈ സാമന്തരാജാവിന്റെ പുത്രനായ ബിംബിസാരനാണ് ബൃഹദ്രഥവംശം സ്ഥാപിച്ചത്. കുരുവംശത്തിലെ വസുവിന്റെ പുത്രനായ ബൃഹദ്രഥരാജന്റെ പേരിലാണ് ഈ വംശം 603 ബി.സി. യിൽ സ്ഥാപിതമായത്. കുരുവംശഭരണത്തിൻ കീഴിൽ മഗധയുൾപ്പടെയുള്ള രാജ്യങ്ങൾ കീർത്തി നേടിയതിനാൽ, പ്രശസ്തനായ ബൃഹദ്രഥരാജന്റെ നാമധേയം അനശ്വരമായി.

603 ബിസി 15-ാം വയസ്സിൽ ഭരണഭാരമേറ്റെടുത്ത ബിംബിസാരൻ 52 വർഷം ഭരിച്ച് മഗധയുടെ വിസ്തൃതിയും പ്രസിദ്ധിയും വർദ്ധിപ്പിച്ചു.

551 ബിസി ബിംബിസാരനു ശേഷം പുത്രൻ അജാതശത്രു ഭരണഭാരമേറ്റെടുത്ത് കോസലം, വൈശാലി എന്നിവ കീഴടക്കി മഗധാസാമ്രാജ്യം വിപുലീകരിച്ചു.

519 ബിസി അജാതശത്രുവിന്റെ കാലശേഷം പുത്രൻ ഉദയനൻ ഭരണഭാരമേറ്റെടുത്തു.

471 ബിസി ഉദയനനിൽ നിന്ന് ശിശുനാഗവംശ രാജാക്കന്മാർ മഗധയുടെ ഭരണഭാരമേറ്റെടുത്തു. ശിശുനാഗനായിരുന്നു ഈ വംശസ്ഥാപകൻ.

453 ബിസി ശിശുനാഗന്റെ മരണത്തോടെ, കാകവർണരാജൻ ഭരണഭാരമേറ്റെടുത്തു. കാകവർണന്റെ പത്തുപുത്രന്മാരിൽ ഓരോരുത്തൻവീതം മഗധയുടെ പല പ്രവിശ്യകൾ 22 വർഷക്കാലം ഭരിച്ചുവത്രെ.



Scanned with CamScanner

400 ബിസി ശിശുനാഗവംശത്തെ കീഴടക്കി മഹാപത്മനന്ദൻ എന്ന യോദ്ധാവ്, നന്ദവംശം സ്ഥാപിച്ച് 12 വർഷം ഭരിച്ചു. ഇക്ഷ്വാകുപാഞ്ചാലം, കാശി, ഹെല്ലാ, കലിംഗം, കരുമതി, സുരസേന, വിതിഹോത്രം, എന്നീ രാജ്യങ്ങൾ മഗധയോടു ചേർത്തു.

മഹാപത്മനന്ദന്റെ പുത്രന്മാരും പൗത്രന്മാരുമായി 12 വർഷം വീതം 96 വർഷത്തേയ്ക്ക് മഗധയുടെ ഭരണം നടത്തി. ധനനന്ദനായിരുന്ന നന്ദവംശത്തിലെ അവസാനത്തെ രാജാവ്. ഉഗ്രസേനൻ, പാണ്ഡുകൻ, ബുദ്ധപാലൻ, രാഷ്ട്രപാലൻ, ഗോവിശങ്കൻ, ദശാസിദ്ധകൻ, കൈരാവതൻ, ധനനന്ദൻ ഇതായിരുന്നു ഭരണാധിപന്മാരുടെ ക്രമം.

## ഭാരതചരിത്രത്തിലെ വിദേശിയുടെ ആദ്യത്തെ ആക്രമണം - അലക്സാണ്ടറുടെ ആക്രമണം -

അതിപ്രശസ്തങ്ങളായ മഗധം, കോസലം, പാഞ്ചാലം പോലെയുള്ള രാജ്യങ്ങൾ കൂടാതെ 25ൽപരം വലിയ നാട്ടുരാജ്യങ്ങൾ പൂർവോത്തര ഭാരതത്തിലുണ്ടായിരുന്നു. ഉത്തര-ദക്ഷിണ-പൂർവ്വ-പശ്ചിമ ഭാരതമെമ്പാടും ഇത്തരത്തിലുള്ള 500ൽപരം സമ്പന്നമായ ചെറുനാട്ടുരാജ്യങ്ങളാണ് ഉണ്ടായിരുന്നത്. അക്കാലത്താണ് അലക്സാണ്ടർ ഭാരതം ആക്രമിച്ചത്. ഭാരതത്തെ കീഴടക്കുന്നത് അഭിമാനകരമായ നേട്ടമായി കരുതിയിരുന്ന അലക്സാണ്ടറെ ശശിഗുപ്തൻ എന്ന നാട്ടുരാജാവാണ് ക്ഷണിച്ചുവരുത്തിയത്. പേഷവാറിലെ പുരുഷോത്തമനോട് പകവച്ചു പുലർത്തിയ തക്ഷശിലാ രാജാവ് അംബി, അലക്സാണ്ടറെ പുരസ്കാരം നൽകി ഭാരതത്തിലേക്കാനയിച്ചു. അലക്സാണ്ടറുടെ ഭരണനേതൃത്വം സ്വയം അംഗീകരിക്കുകയും ചെയ്തു. ഭാരതത്തിലെ ആദ്യത്തെ ദേശ ദ്രോഹിയായ ഹിന്ദുരാജാവായിരുന്നു അംബി.

326 ബിസി. അംബിയുടെ സഹായത്താൽ സിന്ധുനദി കടന്ന അലക്സാണ്ടർ പോറസ്സിനെ ആക്രമിച്ചു. 50000 ഭടന്മാരും 3000 കുതിരപ്പടയും 1000 രഥവുമായി പുരു, 35,000 പടയാളികളുമായി വന്ന അലക്സാണ്ടറെ എതിർത്തു. പുരുവിനെ കീഴടക്കി അലക്സാണ്ടർ ഗോധി പ്രവിശ്യയിലൂടെ, ചേനാബ് നദി കടന്നു. പിമാരകോട്ട കീഴടക്കി പരാക്രമികളായ കഥവംശജരുമായി ഏറ്റുമുട്ടിയ അലക്സാണ്ടർ ഹിന്ദുരാജാക്കന്മാരുടെ മുമ്പിൽ പരാജയപ്പെട്ടു. നിർഭാഗ്യവശാൽ, ആദ്യയുദ്ധത്തിൽ പരാജയപ്പെട്ട പുരു, അലക്സാണ്ടറെ സഹായിക്കാനെത്തി അലക്സാണ്ടർ കഥവംശജർക്കെതിരെ നടത്തിയ രണ്ടാം യുദ്ധത്തിൽ വിജയം വരിച്ചു. ഭാരതീയരുടെ ശക്തിയും യുദ്ധപാടവവും രുചിച്ചറിഞ്ഞ



Scanned with CamScanner

അലക്സാണ്ടറുടെ സൈന്യം ഭാരതത്തിലേക്ക് വീണ്ടും കടന്നു കയറാൻ വിസമ്മതിച്ചു. "സൈന്യം ഇനി യുദ്ധം ചെയ്യില്ല" എന്ന് കോയ്നോസ് സ്വന്തം രാജാവായ അലക്സാണ്ടറെ അറിയിച്ചു. കീഴടക്കിയ ദേശം അംബിക്കും, പുരുവിനും കാശ്മീർഭാഗം അഭിസാരനും നൽകി അലക്സാണ്ടർ തിരിച്ചു യാത്രയായി. പതിനായിരക്കണക്കിന് ഭാരതീയരുടെ മരണം സമ്മാനിച്ചാണ് അയാൾ തിരിച്ചുപോയത്. 323 ബിസി ബാബിലോണിയയിൽവച്ച് അലക്സാണ്ടർ മരിച്ചു. ഇന്ത്യയിൽ അവശേഷിച്ച ഗ്രീക്കുകാരെയും, സൈന്യങ്ങളേയും, മറ്റും ചന്ദ്രഗുപ്ത മൗര്യൻ ഭാരതത്തിൽനിന്ന് തുരത്തി. ബാക്കിയുള്ളവർ ഭാരതീയ സംസ്കൃതിയിൽ ഇഴുകിചേർന്നു.

## മഹാജനപഥങ്ങളുടെ ഭരണം

ഭാരതത്തിൽ ജനപഥങ്ങളിലും മഹാജനപഥങ്ങളിലും, അതിസൂക്ഷ്മതയോടെയും, നിഷ്കർഷതയോടെയുമുള്ള ഭരണമാണ് നടന്നിരുന്നത്. ഇന്ന് ഭാരതത്തിലെ പ്രസിഡന്റിനുള്ള സ്ഥാനമാണ് രാജാവിന് ഉണ്ടായിരുന്നത്. പ്രധാനമന്ത്രിമാരും, മന്ത്രിമാരും ഭരണം നടത്തിയിരുന്നത് ശക്തമായ ഒരു ഭരണയന്ത്രത്തിന്റെ സഹായത്താലാണ്. ഈ ഭരണയന്ത്രം ചലിപ്പിച്ചിരുന്നത് മന്ത്രിമാരിലൂടെയായിരുന്നു എങ്കിലും ചലിക്കുന്നത്, ഡിപ്പാർട്ട്മെന്റ് സെക്രട്ടറിമാരുടെയും, അവരുടെ കീഴിൽ പ്രവർത്തിക്കുന്ന വ്യക്തമായ ഉത്തരവാദിത്വമുള്ളവരും സ്ഥാനപേരുള്ളതുമായ ഉദ്യോഗസ്ഥന്മാരിലൂടെയുമായിരുന്നു എന്ന് 300 ബി. സി. യിൽ ചാണക്യനെഴുതിയ അർത്ഥശാസ്ത്രത്തിൽ വിവരിക്കുന്നു. ഡിപ്പാർട്ടുമെന്റുകളുടേയും സെക്രട്ടറി (സൂപ്പറിൻടെണ്ടന്റ്) മാരുടേയും സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു.

1. സുവർണാധ്യക്ഷൻ : Secretary to the Department of Gold & Precious metals
2. കോഷ്ഠാഗാരാധ്യക്ഷൻ : Secretary to the Department of Treasury & Stores
3. പണ്യാധ്യക്ഷൻ : Secretary to the Department of Commerce & Industry
4. കുപ്യാധ്യക്ഷൻ : Secretary to the Department of Forest Resources
5. ആയുധാഗാരാധ്യക്ഷൻ : Secretary to the Department of Defence & Armoury
6. ശുൽകാധ്യക്ഷൻ : Secretary to the Department of Tolls & Taxes



Scanned with CamScanner

| | | |
|---|---|---|
| 7. പൗതാവാധ്യക്ഷൻ | : | Secretary to the Department of Weights & Measures |
| 8. മാനാധ്യക്ഷൻ | : | Secretary to the Department of Time & Distance Measures |
| 9. സൂത്രാധ്യക്ഷൻ | : | Secretary to the Department of Textiles, Spinning & Weaving |
| 10. സീതാധ്യക്ഷൻ | : | Secretary to the Department of Agriculture |
| 11. സുരാധ്യക്ഷൻ | : | Secretary to the Department of Beavourages & Distillaries |
| 12. സൂനാധ്യക്ഷൻ | : | Secretary to the Department of Meat Products |
| 13. ഗണികാധ്യക്ഷൻ | : | Secretary to the Department of Prostitutes & Sex Workers |
| 14. നാവാധ്യക്ഷൻ | : | Secretary to the Department of Shipping & Water Transport |
| 15. ഗോധ്യക്ഷൻ | : | Secretary to the Department of Cows & Cattles |
| 16. അശാധ്യധ്യക്ഷൻ | : | Secretary to the Department of Horses in Defence |
| 17. ഹസ്ത്യധ്യക്ഷൻ | : | Secretary to the Department of Elephants in Defence |
| 18. രഥാധ്യക്ഷൻ | : | Secretary to the Department of .Chatiots in Defence |
| 19. പത്ത്യധ്യക്ഷൻ | : | Secretary to the Department of Infanity in Defence |
| 20. മുദ്രാദ്ധ്യക്ഷൻ | : | Secretary to the Department of Passports & Visas |
| 21. വിവീതാധ്യക്ഷൻ | : | Secretary to the Department of Arid & Pasture lands |
| 22. ലക്ഷ്മണാധ്യക്ഷൻ | : | Secretary to the Department of Mint & Coins |
| 23. ദേവതാധ്യക്ഷൻ | : | Secretary to the Department of Devaswam & Charitable Trust |
| 24. ലോഹാധ്യക്ഷൻ | : | Secretary to the Department of Metals & Metallic Products |



Scanned with CamScanner

25. ഖന്യധ്യക്ഷൻ : Secretary to the Department of Mines

26. ലവണാധ്യക്ഷൻ : Secretary to the Department of Salt and Rock minerals

ഇപ്രകാരം വിഭജിച്ച വകുപ്പുകളിൽ സ്ത്രീകളും പുരുഷന്മാരും സെക്രട്ടറി സ്ഥാപനം അലങ്കരിച്ചിരുന്നു. അതാതു വകുപ്പികളിലെ ഭരണം നിഷ്കർഷമായി നടക്കുന്നുണ്ടോയെന്നറിയുവാനും അഴിമതി കണ്ടുപിടിക്കുവാനും വ്യക്തമായ ഇന്റലിജൻസ് വിഭാഗം ഉണ്ടായിരുന്നു. അധ്യക്ഷപ്രചാരം എന്ന സുദീർഘമായ ഉപദേശം/ നിർദ്ദേശത്തിലൂടെ ഓരോ വകുപ്പിന്റേയും ഉത്തരവാദിത്വങ്ങൾ കൃത്യമായി നൽകിയിരുന്നു.

അനവധി പരിശോധനകളും, നിരീക്ഷണങ്ങളും നടത്തി ആറുമാസത്തെ പ്രൊബേഷൻ കഴിഞ്ഞാണ് സെക്രട്ടറിമാരെ നിയോഗിച്ചിരുന്നത്. ഇന്നു നിലവിലുള്ള അഴിമതി പരിശോധനാ സംവിധാനം തന്നെ കൂടുതൽ കാര്യക്ഷമമായി നടപ്പിൽ വരുത്തിയിരുന്നു എന്നതും ശ്രദ്ധേയമാണ്.

## മൗര്യസാമ്രാജ്യം

നന്ദവംശത്തിലെ ഒരു സേനാനായകനായി വളർന്ന ചന്ദ്രഗുപ്ത മൗര്യനാണ് മൗര്യവംശം സ്ഥാപിച്ചത്. ചന്ദ്രഗുപ്തനിൽ അസാമാന്യ പാടവം ദർശിച്ച ധനനന്ദരാജാവ് ചന്ദ്രഗുപ്തനെ വധിക്കാൻ ശ്രമിച്ചുവെങ്കിലും സഫലമായില്ല. ധനനന്ദനുമായി പൂർവവൈരാഗ്യമുള്ള ചാണക്യനുമായി ചന്ദ്രഗുപ്തൻ കണ്ടുമുട്ടി, തക്ഷശിലയിൽ വിദ്യാഭ്യാസം കഴിപ്പിച്ച്, ലഭ്യമായ സൈന്യബലവുമായി ചന്ദ്രഗുപ്തൻ, ചാണക്യന്റെ നേതൃത്വത്തിൽ ധനന്ദനനെ എതിരിട്ടുവെങ്കിലും പരാജയപ്പെട്ടു. ചന്ദ്രഗുപ്തൻ, അലക്സാണ്ടറുമായി ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. അലക്സാണ്ടറുടെ പിൻമാറ്റം, മരണം പിന്നെ ഫിലിപ്സിന്റെ മരണം, ഇതു കഴിഞ്ഞപ്പോൾ ഭാരതത്തിലവശേഷിച്ച ഗ്രീക്കുകാർക്കെതിരെ ചന്ദ്രഗുപ്തൻ യുദ്ധം തുടങ്ങി സൈന്യശക്തി വർദ്ധിപ്പിച്ചു.

323 ബി.സി. ചന്ദ്രഗുപ്തൻ, ഗ്രീക്കു സൈന്യത്തെ പൂർണമായും പരാജയപ്പെടുത്തി, പഞ്ചാബ്, ഗാന്ധാരം, കാംബോജം, കിരാട്, മൃതകം, പേർഷ്യയുടെ ചില ഭാഗങ്ങൾ, ഷാക് എന്നിവിടങ്ങളിലെ ഭരണാധികാരികളെ പരാജയപ്പെടുത്തി. ചാണക്യൻ ചന്ദ്രഗുപ്തനെ മൗര്യസാമ്രാജ്യത്തിന്റെ ചക്രവർത്തിയായി വാഴിച്ചവരോധിച്ചു.

320–310 ഗാന്ധാരം, കാബൂൾ, ഹിരാത്, ബലുചിസ്ഥാൻ എന്നീ ദേശങ്ങൾ സല്യൂക്കസ് ചന്ദ്രഗുപ്തനു നൽകി, അവർ വിവാഹങ്ങളിലൂടെ



Scanned with CamScanner

കുടുംബബന്ധം സ്ഥാപിച്ചു. ഡക്കാനും, ബംഗാളും, കൊങ്കൺ വരെയും കീഴടക്കി അതിവിസ്തൃതമായ മൗര്യസാമ്രാജ്യം ചന്ദ്രഗുപ്തന്റെ കീഴിൽ ശോഭിച്ചു.

299 ബി.സി. ചന്ദ്രഗുപ്തന്റെ മരണശേഷം മകൻ ബിന്ദുസാരൻ രാജാവായി.

273 ബി.സി. വീരശൂരപരാക്രമിയായ ബിന്ദുസാരൻ രാഷ്ട്രം ശക്തമാക്കിയതിനുശേഷം യാത്രയായി.

270 ബി.സി. അനവധി വിദേശപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ അശോകൻ ചക്രവർത്തിയായി സ്ഥാനാരോഹണം നടത്തി.

262 ബി.സി. കലിംഗയുദ്ധം നടന്നു. ഇക്കാലത്ത് ചന്ദ്രഗുപ്തന്റെ കീഴിലുണ്ടായിരുന്നതിനേക്കാൾ അശോകൻ അനേകം മടങ്ങ് രാഷ്ട്രം വിസ്തൃതമാക്കി കഴിഞ്ഞിരുന്നു. ഹിന്ദുക്കുഷ്, ബംഗാൾ, ഹിമാലയ സാനുക്കൾ, കാശ്മീർ, നേപ്പാൾ, മൈസൂർ ഇവയെല്ലാം മൗര്യ സാമ്രാജ്യത്തിന്റെ ഭാഗമായിക്കഴിഞ്ഞിരുന്നു.

232 ബി.സി. അശോകന്റെ ദേഹവിയോഗത്തിനുശേഷം രണ്ടു പുത്രന്മാരിൽ രണ്ടാമനായ കുടൽ അധികാരമേറ്റു.

224 ബി.സി. കുടൽ നാടുനീങ്ങിയ ശേഷം ദേവാനാംപ്രിയ എന്ന പേരിൽ അശോകന്റെ പൗത്രൻ ദശരഥൻ ഭരണഭാരമേറ്റു.

216 ബി.സി. ദശരഥൻ മരിക്കുകയോ ഭരണത്തിൽ നിന്ന് വിരമിക്കുകയോ ചെയ്തതിനുശേഷം സഹോദരനായ സാംപ്രതി ഭരണഭാരമേറ്റു.

207 ബി.സി. സാംപ്രതിയെ വധിച്ച് ക്രൂരനായ അനുജൻ ശാലിശുംഗൻ ഭരണമാരംഭിച്ചു. അതിനുശേഷം ദേവവർമനും, ഷഢനുസും ഭരിച്ചു. ബൃഹദ്രഥൻ മൗര്യവംശത്തിലെ അവസാന രാജാവായിത്തീർന്നു.

184 ബി.സി. ബൃഹദ്രഥന്റെ മരണത്തോടെ മൗര്യസാമ്രാജ്യം അസ്തമിച്ചു.

## ശുംഗവംശം

186 ബി.സി. മൗര്യവംശത്തിലെ അവസാനത്തെ ഭരണാധികാരി ബൃഹദ്രഥനെ തോൽപ്പിച്ച് ശുംഗവംശത്തിലെ പുഷ്യമിത്രൻ ഭരണാധികാരിയായി. (മൗര്യവംശത്തിന്റെ തുടർച്ചപോലെ)

142 ബി.സി. പുഷ്യമിത്രന്റെ കാലശേഷം മകൻ അഗ്നിമിത്രൻ ഭരണഭാരമേറ്റു.

134 ബി.സി. അഗ്നിമിത്രൻ ദിവംഗതനായപ്പോൾ സഹോദരൻ സുജ്യേഷ്ഠൻ സിംഹാസനത്തിലുപവിഷ്ഠനായി.

127 ബി.സി. സുജ്യേഷ്ഠന്റെ മകൻ വസുമിത്രൻ ഭരണഭാരമേറ്റു. തുടർന്ന്



Scanned with CamScanner

82 ബി.സി. വരെ അന്ധുകൻ, പുലിങ്കകൻ, ഘോഷ്, വജ്രമിത്രൻ, ഭഗവതൻ, ദേവഭൂതി എന്നിവർ ഭരിച്ചു.

82 ബി.സി. ശുംഗവംശത്തിലെ അവസാന രാജാവ് ദേവഭൂതി അധികാരമേറ്റു.

73 ബി.സി. ദേവഭൂതിയുടെ മന്ത്രിയായിരുന്ന വസുദേവകണ്വന്റെ നിർദ്ദേശപ്രകാരം സൈന്യാംഗങ്ങൾ ദേവഭൂതിയെ വധിച്ച് ശുംഗവംശമവസാനിപ്പിച്ചു, അതിന്റെ തുടർച്ചപോലെ കണ്വവംശഭരണം തുടർന്നു.

## കണ്വവംശം

72 ബി.സി. ദേവഭൂതിയെ വധിച്ച വസുകണ്വൻ, രാജാവായി 10 വർഷം ഭരിച്ചു.

63 ബി.സി. ഭൂമിമിത്രൻ രാജാവായി 14 വർഷം സിംഹാസനത്തിലിരുന്നു.

49 ബി.സി. നരപനൻ 10 വർഷം ഭരണഭാരം ഏറ്റു.

39 ബി.സി. കണ്വവംശത്തിലെ അവസാനത്തെ രാജാവായ സുശരമൻ ഭരിച്ചു.

27 ബി.സി. കണ്വവംശം അവസാനിച്ചു. ഭാരതീയ രാജഭരണത്തിൽ മൗര്യരാജാക്കന്മാരുടെ ഭരണത്തിനുശേഷം കണ്വവംശഭരണം ശ്രേഷ്ഠമായിരുന്നു. അതും അവസാനിച്ചു.

## ഡെമട്രിയാസിന്റെ ഭാരതത്തിലേക്കുള്ള പ്രവേശനം

190 ബി.സി. യിൽ ഗ്രീക്കിൽ അധികാരമേറ്റ ഡെമട്രിയാസ് ഹിന്ദുകുഷ് വഴി, ഭാരതത്തിൽ വന്ന് പഞ്ചാബ്, സിന്ധ് കീഴടക്കി, മഗധയിൽ പ്രവേശിച്ചു. പാടലീപുത്രവും, ചിറ്റോറും, അയോദ്ധ്യയും കീഴടക്കി മധ്യഭാരതത്തിന്റെ തലസ്ഥാനമായ ബാക്കാലിനിൽ പ്രവേശിച്ചു. കലിംഗ രാജാവ് ഖർവോലൻ ഡെമട്രിയാസിനെ തിരിച്ചോടിച്ചു. സിന്ധുനദീതടത്തിൽ പുഷ്യമിത്ര പുത്രനായ വസുമിത്രനും ഖർവോലനെ സഹായിച്ചിരുന്നു. ഗ്രീക്കിൽ തന്റെ അധികാരം നഷ്ടപ്പെട്ടതറിഞ്ഞ ഡെമട്രിയാസ് സിന്ധിന് അപ്പുറത്ത് ഒരു രാജ്യം സ്ഥാപിച്ചു.

140 ബി.സി. ദത്താമിത്രമൻ എന്ന നാമം സ്വീകരിച്ച് ഡെമട്രിയാസ് ഭാരതഭാഷകൾ പഠിച്ച് ഒരു ഭാരതീയനായി (140 ബി.സി. വരെ) ഭരിച്ചു.

40 ബി.സി. അദ്ദേഹത്തിന്റെ തലമുറകൾ, സിംഹാസനത്തിൽ 40 ബി.സി. വരെ ഉണ്ടായിരുന്നു എന്നും അഭിപ്രായമുണ്ട്. അവർ ഭാരതത്തിൽ ഇഴുകിചേർന്നു.



Scanned with CamScanner

## ശാകവംശഭരണം

ഭാരതത്തിൽ ഗ്രീക്ക് ആധിപത്യം അവസാനിച്ചതോടെ മധ്യേഷ്യയിലെ ഗിരിവർഗക്കാരായ ശാകന്മാർ കാബൂളിലൂടെ, ബലുചിസ്ഥാൻ വഴി, സിന്ധിലെത്തി, ഭാരതത്തിൽ കൊങ്കൺവരെയുള്ള ഭൂപ്രദേശത്തിൽ, മാൽവ, കത്തിയവാർ, ഗുജറാത്ത്, ഉജ്ജയിനി, മഥുര, വിദിശ, പഞ്ചാബ്, എന്നിവിടങ്ങളിൽ ഗവർണർമാരെ നിയമിച്ച് ക്ഷത്രപന്മാർ (ഗവർണർ) എന്ന പേരിൽ ഭരണം നടത്തി. ഭാരതീയരായ ഈ ക്ഷത്രപന്മാർ ശാകന്മാരുടെ അധീനത്തിലായിരുന്നു എങ്കിലും ഭാരതീയ രീതിയിലായിരുന്നു ഭരണം നടത്തിയത്.

78 എ.ഡി. തക്ഷശില, മഥുര, മഹാരാഷ്ട്ര - ഉജ്ജയിനി എന്നിവ അതിവിസ്തൃതവും വിശാലവുമാക്കി. 78 എ.ഡി. യിൽ അവർ ശകവർഷം തുടങ്ങി.

## ശതവാഹനന്മാർ

37 ബി.സി. ശീമുക ശതവാഹനനാണ് ശതവാഹന വംശഭരണമാരംഭിച്ചത്.

14 ബി.സി. ശീമുകന്റെ അനുജൻ ശ്രേഷ്ഠനായ കൃഷ്ണൻ എന്നുപേരായ രാജാവ് ഭരിച്ചു. ഇക്കാലത്ത് ശതവാഹന ഭരണം ഭാരതമെമ്പാടും പടർന്നുകൊണ്ടേയിരുന്നു. യവനർ, പല്ലവർ, കുങ്കുരന്മാർ, എന്നിവരെ പരാജയപ്പെടുത്തി, ശതവാഹനർ രാജ്യവിസ്തൃതി വർദ്ധിപ്പിച്ചു. കൃഷ്ണനുശേഷം, അദ്ദേഹത്തിന്റെ പുത്രൻ ശതകർണി ഭരണമേറ്റെടുത്തു.

ശതവാഹനന്മാരിൽ മറ്റനവധി രാജാക്കന്മാരുടെ ഭരണശേഷമാണ് അവരുടെ ഭരണകാലഘട്ടം 159 എ.ഡി. യിൽ അവസാനിച്ചത്. ഈ രാജാക്കന്മാർ പ്രസിദ്ധരായിരുന്നില്ല.

## കുഷാനവംശം

15-54 എ.ഡി. ചൈനയുടെ സമീപപ്രദേശങ്ങളിൽ നിന്ന് ഭാരതത്തിലേയ്ക്ക് അതിക്രമിച്ചു കടന്നുവന്നവരാണ് കുഷാനന്മാർ. ആദ്യ ഭരണാധികാരി കാഡ്ഫിസെസ് I ആയിരുന്നു.

67-75 എ.ഡി. കാഡ്ഫിസെസ് II ഭരിച്ച പശ്ചിമോത്തരഭാരതമായിരുന്നു കുഷാനന്മാരുടെ ആസ്ഥാനം.

78 എ.ഡി. കനിഷ്കൻ അധികാരമേറ്റെടുത്തു. കാഡ്ഫിസെസും കനിഷ്കനും തമ്മിലുള്ള ബന്ധം വ്യക്തമല്ല. അഫ്ഘാനിസ്ഥാൻ, ബക്ട്രിയ, വാതിയ, സിന്ധ്, പഞ്ചാബ്, കാഷ്മീർ, മഗധ എന്നീ രാജ്യഭാഗ



Scanned with CamScanner

ങ്ങളും ചേർത്ത് കനിഷ്കൻ അധികാരമേറ്റയുടനെ, രാജ്യവിസ്തൃതി വർദ്ധിപ്പിച്ചു. കനിഷ്കനുശേഷം, വനിഷ്കൻ, വസിഷ്കൻ, ഹുവിഷ്കൻ എന്നീ പ്രഗത്ഭരായവർ കുഷാനവംശ ഭരണാധികാരികളായി വിരാജിച്ചു. തുടർന്ന്, വാസുദേവൻ I 176 എ.ഡി വരെ ഭാരതത്തിലെ പശ്ചിമോത്തരവും ഉത്തരഭാഗങ്ങളും ചേർന്ന കുഷാനരാജ്യം ഭരിച്ചു. ഇക്കാലയളവിനുള്ളിൽ കുഷാനന്മാർ പൂർണമായും ഭാരതീയരായിക്കഴിഞ്ഞിരുന്നു.

176 എ.ഡി. കനിഷ്കൻ III ഭരണഭാരമേറ്റെടുത്തു.

വാസുദേവൻ II, 210 എ.ഡി. വരെ ഭരണം നടത്തിയ കുഷാന വംശത്തിലെ അവസാന ഭരണാധികാരിയായിരുന്നു.

## ഗുപ്തവംശം

ഗുപ്തഭരണം ആരംഭിക്കുന്ന കാലഘട്ടത്തിലെ ഭാരതത്തിൽ വിസ്തൃതി കുറഞ്ഞതും അതിവിസ്തൃതവുമായ അനവധി രാജ്യങ്ങൾ, നാട്ടുരാജ്യങ്ങൾ, റിപ്പബ്ലിക്കുകൾ എന്നിവയുണ്ടായിരുന്നു. അവയിൽ ചിലത് : നാഗവംശം, അഹിച്ഛത്രവംശം, വാകാടകവംശം, അയോദ്ധ്യാരാജ്യം, മൗഖരികരാഷ്ട്രം, കൗസംബി, മാളവം, യൗധേയം, അർജുനേയം, ലിച്ഛാവി, ശിബി, കുണിൺഡം, കുലുടം, ഔദുംബരം, എന്നിവയായിരുന്നു.

240 എ.ഡി. മഹാരാജ ശ്രീ ഗുപ്തനാണ് ഗുപ്തവംശം സ്ഥാപിച്ചത്.

280 എ.ഡി. ചന്ദ്രഗുപ്തൻ I ഭരണഭാരമേറ്റു. രാജ്യത്തിന്റെ വിസ്തൃതി ഏറെ വർധിപ്പിച്ചു. ഗംഗാദേശം, പ്രയാഗ, സാകേതം, മഗധം, ബീഹാറിലെയും, ഉത്തരപ്രദേശത്തിലേയും എല്ലാ രാജ്യങ്ങളും വൈശാലി, ബംഗാൾ ഇവയെല്ലാം 325 എ.ഡി. യോടുകൂടി ഗുപ്ത സാമ്രാജ്യത്തോടു ചേർത്തിരുന്നു.

325 എ.ഡി. സമുദ്രഗുപ്തൻ II രാജാവായി ഭരണഭാരമേറ്റു. ഉത്തരഭാരതം ഏതാണ്ട് പൂർണമായും, ആടവികം, ദക്ഷിണഭാരതം, പൂർവ്വഭാരതം, പശ്ചിമഭാരതം, ഇന്നു വിദേശരാജ്യങ്ങളായ പശ്ചിമോത്തരഭാഗങ്ങൾ ഇവയെല്ലാം സമുദ്രഗുപ്തന്റെ ആധീനതയിൽ വന്നു. ഭാരതം ഇന്നത്തേതിലും വിസ്തൃതമായ ഒരു രാഷ്ട്രമായി വിളങ്ങി.

365 എ.ഡി. സമുദ്രഗുപ്തന്റെ കാലശേഷം മകൻ രാമഗുപ്തൻ അധികാരമേറ്റെടുത്തുവത്രെ. ശാകന്മാരുമായുള്ള യുദ്ധത്തിൽ അദ്ദേഹം മരിച്ചു.

375 - 80 എ.ഡി. വിക്രമാദിത്യൻ എന്ന പേരിൽ അറിയപ്പെടുന്ന ചന്ദ്രഗുപ്തൻ അധികാരമേറ്റ് അറബിക്കടൽ മുതൽ ബംഗാൾ ഉൾകടൽ വരെ ശക്തമായ ഒറ്റ രാഷ്ട്രമാക്കി.



Scanned with CamScanner

415 എ.ഡി. ചന്ദ്രഗുപ്തൻ II ന്റെ മരണശേഷം കുമാരഗുപ്തൻ I സിംഹാസനത്തിലേറി.

455 എ.ഡി. സ്കന്ദഗുപ്തൻ സിംഹാസനത്തിലിരുന്നു. പ്രതാപശാലിയായ സ്കന്ദഗുപ്തൻ ഭാരതത്തെ ഒറ്റകുടക്കീഴിൽ നിലനിർത്തുന്നതിൽ തന്റെ മുൻഗാമികളുടെ കഴിവ് പ്രദർശിപ്പിച്ചിരുന്നു.

460 എ.ഡി. ഹൂണന്മാരുടെ ആദ്യത്തെ ആക്രമണം നടന്നു. അവരുമായുള്ള യുദ്ധത്തിൽ സ്കന്ദഗുപ്തൻ വിജയംവരിച്ചു.

467 എ.ഡി. പുരുഗുപ്തൻ തന്റെ മുൻഗാമികളുടെ കാൽപാടുകൾ പിന്തുടർന്ന് രാജാവായി രാജ്യഭരണം നടത്തി.

473 എ.ഡി. കുമാരഗുപ്തൻ II ഭരണഭാരമേറ്റു.

495 എ.ഡി. ബുദ്ധഗുപ്തൻ, 507 സൈന്യഗുപ്തൻ എന്നിവർക്കുശേഷം 508 മുതൽ 681 വരെ ഹർഷഗുപ്തൻ, ജീവിതഗുപ്തൻ കുമാരഗുപ്തൻ III, മഹാസേനഗുപ്തൻ, ദാമോദരഗുപ്തൻ, മാധവഗുപ്തൻ, ആദിത്യസേനൻ, ദേവഗുപ്തൻ എന്നിവർ ക്രമത്തിൽ ഭരണഭാരമേറ്റു.

681 എ.ഡി. വിഷ്ണുഗുപ്തന്റെ ഭരണമായിരുന്നുവത്രെ ഗുപ്തവംശത്തിലെ അവസാനത്തേത്. അതോടുകൂടി 240 എ.ഡി. യിലാരംഭിച്ച ഗുപ്തവംശം അസ്തമിച്ചു.

## വാകാടകരാജവംശം

255 എ.ഡി. വിന്ധ്യാശക്തി എന്ന രാജാവാണത്രെ വാകാടകവംശം സ്ഥാപിച്ചത്. ശതവാഹനഭരണത്തിൻകീഴിലുള്ള ഒരു സാമന്തരാജാവായിരുന്നു അദ്ദേഹം.

275 എ.ഡി. പ്രവരസേനൻ ഭരിച്ചു. 'ഇക്കാലഘട്ടത്തിൽ ബൊറാർ, പാക്കിസ്ഥാനിലെ ഹൈദരാബാദ്, മാൾവ, മഹാരാഷ്ട്ര, മധ്യപ്രദേശ്, കത്തിയവാർ, ബുന്ധേൽഖണ്ഡ്, കോസലം, എന്നിവ ചേർത്ത് വാകാടക ഭരണസീമ വർധിപ്പിച്ചു.

325 എ.ഡി. യിൽ പ്രവരസേനൻ തന്റെ രാജ്യം നാലുമക്കൾക്കായി വീതിച്ചുകൊടുത്തു.

ഗൗതമിപുത്രൻ നാഗ്പൂർ കേന്ദ്രമാക്കി ഭരിച്ചു. 335 എ.ഡിയിൽ രുദ്രസേനൻ 360 ൽ പൃഥ്വിസേനൻ, 385ൽ രുദ്രസേനൻ II, 390ൽ രുദ്രസേനന്റെ ഭാര്യ, 410ൽ ദാമോദരസേനൻ, 440ൽ നരേന്ദ്രസേനൻ, 460ൽ പൃഥ്വിസേനൻ, 510ൽ ഹരിസേനൻ എന്നീക്രമത്തിലാണ് ഭരണം നടന്നത്. പ്രഗത്ഭരായ മറ്റു രാജവംശത്തിലെ ഭരണനേതാക്കളുടെ ആക്രമണത്തോടെ വാകാടക ഭരണം 515 എ.ഡി. യിൽ അസ്തമിച്ചു.



Scanned with CamScanner

## സൗരാഷ്ട്രത്തിലെ മൈത്രകവംശം

485 എ.ഡി. ഭക്താർക്കൻ മൈത്രക രാജവംശത്തിലെ ആദ്യഭരണാധികാരിയായിരുന്നു. തുടർന്ന് ധരസേനൻ, ധ്രുവസേനൻ, ഗുഹസേനൻ, ധരസേനൻ II, ശിലാദിത്യൻ, ധർമാദിത്യൻ, ധരസേനൻ III, ധ്രുവസേനൻ II, ധരസേനൻ IV എന്നിവർ ഭരിച്ചു. 635 എ.ഡി.യിൽ ധരസേനൻ IV മരിച്ചതോടെ മൈത്രകവംശഭരണം സൗരാഷ്ട്രയിൽ അസ്തമിച്ചു.

## വർധനവംശം

ഗുപ്തവംശം ക്ഷീണിച്ചുതുടങ്ങിയത് 550 എ.ഡി മുതൽക്കായിരുന്നു. അക്കാലയളവിൽ ഉദയം ചെയ്ത രാജവംശമായിരുന്നു വർധന രാജവംശം.

550 എ.ഡി. യിൽ വർധനവംശം പുഷ്യഭൂതിയാൽ സ്ഥാപിതമായിയത്രെ. പ്രഗത്ഭനായ ഒന്നാമത്തെരാജാവ് പ്രഭാകരവർധനൻ, തുടർന്ന് ധീരനും പ്രതാപശാലിയുമായ രാജ്യവർധനൻ സിംഹാസനത്തിൽ ഉപവിഷ്ഠനായി.

606 എ.ഡി. ഷർഷവർധൻ സിംഹാസനത്തിലേറി.

612 എ.ഡി ഹർഷവർധനൻ പുലികേശിയുമായി യുദ്ധത്തിൽ പരാജയപ്പെട്ടു. ഈ പരാജയം വിജയമാക്കി മാറ്റി വല്ലഭീ, നേപ്പാൾ, സിന്ധ്, ബംഗാൾ, കാശ്മീർ കൂടാതെ ഹ്യൂയാൻസാങ് എഴുതിയിട്ടുള്ള 29 രാജ്യങ്ങളും വർധനവംശ ഭരണത്തിലായി. അവിശ്വസനീയമാം വിധം പ്രഗത്ഭനായിരുന്ന ഹർഷവർധന്റെ നേട്ടങ്ങൾ വിവരിക്കുക അസാദ്ധ്യമാണ്. ഹർഷന്റെ മരണത്തോടെ, രാജ്യം ശിഥിലമായി. ഒരു ഭാഗം, മന്ത്രി അർജുൻ ഭരിച്ചു.

646 എ.ഡി. ചൈനയിലെ വാങ്-ഹ്യൂയൻ-സേ ഭാരതത്തെ ആക്രമിച്ചു. ടിബറ്റിലെയും നേപ്പാളിലേയും സേനയുടെ സഹായത്തോടെ അർജുനനെ കീഴടക്കി ചൈനയിലേക്കു കൊണ്ടുപോയതോടെ വർധനവംശഭരണം അവസാനിച്ചു. അർജുനെ ചൈനയിൽ രാജകീയമായി സ്വീകരിച്ച് രാജപദവിയിൽ അവിടെ വാഴിച്ചു.

## പാർതിഹാര വംശം

750 എ.ഡി. (750 - 755 നു മിടയ്ക്ക്) നാഗഭട്ടൻ I, പാർതിഹാരവംശഭരണം സ്ഥാപിച്ചു. തുടർന്ന് ദേവരാജനും വത്സരാജനും ഭരിച്ചു.

805 എ.ഡി. നാഗഭട്ടൻ ഭരണമാരംഭിച്ചു. പരാക്രമിയും പ്രതാപശാലിയുമായ അദ്ദേഹം 833 വരെ ഭരിച്ചു. തുടർന്ന് രാമഭദ്രനും രാമഭദ്രനെ



Scanned with CamScanner

വധിച്ച് മകൻ മിഹിരഭോജനും (836 എ.ഡി). ഭരണഭാരമേറ്റെടുത്ത് ബുന്ധേൽഖണ്ഡ്, രാജപുത്താന, പഞ്ചാബ്, പശ്ചിമ ഭാരതം, മധ്യഭാരതം, രാഷ്ട്രകൂടം, എന്നീ രാജ്യങ്ങളും ചേർത്ത് പാർത്തിഹാര രാജ്യ വിസ്തൃതി മിഹിരഭോജൻ വികസിപ്പിച്ചു.

885 എ.ഡി. മിഹിരഭോജന്റെ പുത്രൻ മഹേന്ദ്രപാലൻ ഭരണമാരംഭിച്ചു. 910 എ.ഡി.യിൽ ഭോജൻ II, രാജാവായി. 913ൽ മഹിപാലൻ, ഭോജൻ II, നെ പരാജയപ്പെടുത്തി ഭരണഭാരമേറ്റു. 946ൽ മഹേന്ദ്രപാലൻ II, 948ൽ ദേവപാലൻ, 954ൽ വിനായകപാലൻ II എന്നിവർ ഭരിച്ചു.

959 എ.ഡി. വിജയപാലൻ, ഭരണമാരംഭിച്ചു. 1000 എ.ഡി. യിൽ വിജയപാലൻ മുഹമ്മദ് ഗസ്നിയോടു പരാജയപ്പെട്ടു. 1005ൽ ആനന്ദപാലൻ ഭരണമാരംഭിച്ചു. ഗസ്നിയുമായുള്ള യുദ്ധത്തിൽ സമ്പൂർണവിജയം അടുത്തെത്തിയപ്പോൾ ആനന്ദപാലന്റെ ആന വിരണ്ടോടി. ഗസ്നി വിജയിച്ചു, രാജ്യം കൊള്ളയടിച്ച് ഗസ്നി മടങ്ങി. ഭാരതത്തിന്റെ ചരിത്രം തിരുത്തികുറിച്ചത് ഈ ആനയായിരുന്നു. തുടർന്ന് രാജപാലനും, ത്രിലോചനനും രാജ്യം ഭരിച്ചു.

1018 എ.ഡി. യിൽ ഗസ്നി വീണ്ടും ഭാരതത്തെ ആക്രമിച്ചു. ഇതോടെ പാർതിഹാര വംശം ക്ഷയിച്ചുതുടങ്ങി.

## ഗഹാഡ്പാല വംശഭരണം

1000 – 1050 എ.ഡി. യശോവിഗ്രഹൻ, കന്നൗജ് ദേശത്തിൽ ഗഹാഡ്പാലവംശം സ്ഥാപിച്ചു. അതിലെ പ്രഗത്ഭരായ രാജാക്കന്മാർ : മഹിചന്ദ്രൻ – ചന്ദ്രദേവൻ – മദനപാലൻ (1154) ഗോവിന്ദചന്ദ്രൻ (1114) അതി പ്രഗത്ഭനായ നവരാജഗൻ – വിജയചന്ദ്രൻ (1154) ജയചന്ദ്രൻ (1170) എന്നിവരായിരുന്നു.

1194 എ.ഡിയിൽ മുഹമ്മദ്ഗോറി ജയചന്ദ്രനെ ആക്രമിച്ചു, അദ്ദേഹം വധിക്കപ്പെട്ടു. കന്നൗജിലെ ആയിരത്തോളം ക്ഷേത്രങ്ങൾ ഗോറി കൊള്ളയടിച്ചു നശിപ്പിച്ച് അതിനു മുകളിൽ പള്ളി പണിതു മടങ്ങി. ജയചന്ദ്ര പുത്രൻ ഹരിഷ്ചന്ദ്രന്റെ മരണത്തോടെ ഗഹാഡ്വംശം ക്ഷയിച്ചു.

## ചഹമന രാജവംശം

ജയ്പൂരും പരിസരങ്ങളും ചേർത്ത് 800 എ.ഡിയിൽ വാസുദേവൻ സ്ഥാപിച്ചതാണ് ചഹമനവംശം. തുടർന്ന് ഭരിച്ച ചഹ്മന രാജാക്കന്മാർ ഗുവകൻ എന്ന ഗോവിന്ദരാജൻ I, സിംഗ്രാജ വിഗ്രഹരാജൻ (1105) -



Scanned with CamScanner

ദുർലഭരാജൻ - ഗോവിന്ദരാജൻ II, അർണോരാജൻ - ജുഗുദേവൻ - വിഗ്രഹരാജൻ II, പൃഥ്വിരാജൻ എന്നിവരായിരുന്നു. 1177-1192 ചൗഹാന വംശത്തിലെ ധീരനായ പൃഥ്വിരാജൻ തന്റെ പരാക്രമത്തിലൂടെ ചരിത്രത്തിൽ സ്ഥാനം നേടി.

1194 കുത്തബ്ദിൻ ഐബകിന്റെ ആക്രമണത്തോടെ ചൗഹാനരാജവംശം അവസാനിച്ചു.

## പാലരാജവംശം

750 എ.ഡി. ബംഗാൾ കേന്ദ്രമാക്കി ഗോപാലൻ, പാലവംശം സ്ഥാപിച്ചു. 770 ധർമ്മപാലൻ ഭരിച്ചു. പ്രതാപശാലിയായ ധർമ്മപാലന്റെ മരണത്തോടെ 810ൽ ദേവപാലൻ രാജാവായി. 850 വിഗ്രഹപാലൻ 854 നാരായണപാലൻ തുടർന്ന് രാജ്യപാലൻ, ഗോപാലൻ II, വിഗ്രഹപാലൻ II ഇവർ 998 എ.ഡി. വരെ രാജ്യം ഭരിച്ചു.

പാർത്തിഹാരന്മാരുടെ ആക്രമണത്താൽ പാലരാജവംശം ക്ഷയിച്ച് അവസാനിക്കാറായപ്പോൾ മഹീപാലൻ I വീണ്ടും ഈ വംശത്തെ ചൈതന്യവത്താക്കി. 992 മഹീപാലൻ II, 1055ൽ നയപാലൻ, 1070ൽ വിഗ്രഹപാലൻ III, മഹീപാലൻ III, 1075 സുരപാലൻ - 1077ൽ രാമപാലൻ എന്നിവർ ഭരിച്ചു. 1120ൽ സ്വന്തം അമ്മാവന്റെ മരണവാർത്ത കേട്ട്, രാമപാലൻ, സ്വയം ഗംഗയിൽ മുങ്ങിമരിച്ചു. 1120 കുമാരപാലൻ, - 1125 ഗോപാലൻ III, 1144 മദനപാലൻ എന്നിവർക്കുശേഷം പാലരാജവംശത്തിലെ അവസാനത്തെകണ്ണിയായ (1175) ഗോവിന്ദപാലന്റെ ഭരണത്തോടെ പാലവംശം അസ്തമിച്ചു.

## ചന്ദേല രാജവംശം

925 എ.ഡി. യിൽ യശോവർമ്മൻ എന്ന ശ്രേഷ്ഠനായ ചന്ദേല രാജാവ് അധികാരത്തിലേറുന്നതുവരെയുള്ള ചന്ദേലവംശ ചരിത്രം വ്യക്തമല്ല. ഏകദേശ ചരിത്രം ഇപ്രകാരമാണെന്നു തോന്നുന്നു. ചന്ദ്രവർമ്മൻ, നാണുകൻ ഇവരിലൊരുവനായിരുന്നു ഈ വംശത്തിന്റെ ഒന്നാമത്തെ രാജാവ്. തുടർന്ന് നാണുകപുത്രൻ വാകപതി അധികാരമേറ്റു. ജയശക്തി - വിജയശക്തി - റഹിൽ - ഹർഷൻ എന്നിവർ യഥാക്രമം ഭരിച്ചു. ഹർഷൻ 925ൽ മരിച്ചു. 925ൽ യശോവർമ്മൻ അധികാരത്തിലേറി എന്നുള്ളതാണ് ഏകദേശചരിത്രം. ഇനിയുള്ള ചരിത്രം വ്യക്തമാണ്.

950 എ.ഡി. ഗന്ധൻ രാജാവായി. പ്രഗത്ഭനായ ഇദ്ദേഹം രാജ്യവിസ്തൃതി വർധിപ്പിച്ചു.



Scanned with CamScanner

1002 എ.ഡി. ഗസ്ഥന് മുഹമ്മദ് ഗസ്നിക്കു കീഴടങ്ങേണ്ടിവന്നു എങ്കിലും ചന്ദേലവംശം അടിപതറാതെ മുന്നോട്ടുപോയി.

1012 വിദ്യാധർ ഗസ്നിയുമായുള്ള യുദ്ധത്തിൽ വിജയകരമായി മുന്നേറി.

1028 വിദ്യാധറിന്റെ മരണശേഷം വിജയപാലൻ ഭരണഭാരമേറ്റു. അതി പ്രശസ്തനായിരുന്നു ഇദ്ദേഹം.

1050 ദേവവർമൻ സിംഹാസനത്തിലിരുന്നു. തുടർന്ന്,

1060 കീർത്തി വർമ്മൻ ഭരണഭാരമേറ്റു.

1110 സത്‌ലക്ഷ്ണവർമ്മൻ ചന്ദേലരാജ്യഭാരം ഏറ്റു.

1115 ജയവർധൻ മരണവും തുടർന്ന് 1120 പൃഥ്വിവർമനും, 1154ൽ മദന വർമനും രാഷ്ട്ര വിസ്തൃതി അത്ഭുതകരമാംവിധം വർധിപ്പിച്ച്, ചന്ദേ ലവംശത്തെ അതിശക്തമാക്കി.

1163 പർമാർദി അധികാരത്തിലേറി

1182 പൃഥ്വിരാജ് പർമാർദിയെ ആക്രമിച്ചു പരാജയപ്പെടുത്തി, ചന്ദേ ലർ ക്ഷയിച്ചുതുടങ്ങി.

1202 കുത്തബ്ദ്ദീൻ ഐബക് ചന്ദേല രാജ്യത്തെ ആക്രമിച്ചു. അത് ചന്ദേല വംശത്തിന്റെ അസ്തമയത്തിന്റെ ആരംഭമായിരുന്നു.

## പാർമാർ രാജവംശം

മാൾവ രാജ്യം ആസ്ഥാനമാക്കി ഉപേന്ദ്രൻ 850 എ.ഡി.യിൽ സ്ഥാപിച്ച താണത്രെ പാർമാർ രാജവംശം. വൈരിസിംഗ് I, സിയാകൻ I, വാക പതി I, വൈരിസിംഗ് II, സിയാകൻ II. ഇത്രയും രാജാക്കന്മാരുടെ കാല ഘട്ടത്തിലെ ചരിത്രവസ്തുതകൾ വ്യക്തമല്ല. സിയാകൻ II, ഭരണത്തി ലേറിയത് 949 എ.ഡി. യിലാണെന്ന് വിശ്വസിക്കുന്നു. 972ൽ അദ്ദേഹം മരിച്ചു. 997 എ.ഡി. വാകപതി മുഞ്ചന്റെ സഹോദരൻ ഭരണമാരംഭിച്ചു. 1000 എ.ഡി. ഭോജൻ ഭരണത്തിലേറി. എഴുത്തുകാരനും, പണ്ഡിതനും, കവിയുമായ ഭോജൻ, രാജ്യവിസ്തൃതി വർധിപ്പിച്ചു. ജയസിംഗ് → ഉദ യാദിത്യൻ → 1088 ലക്ഷ്മണദേവൻ → 1094 നരവർമ്മൻ → 1133 യശോ വർമൻ II → ജയവർമൻ → 1143 വിന്ധ്യാവർമ്മൻ → 1193 സുഭ വർമ്മൻ എന്നിവർ ഭരിച്ചു. 1210ൽ സുഭതവർമ്മന്റെ മരണത്തോടെ പാർ മർ രാജവംശം ക്ഷയിച്ചു.

## ചാലൂക്യരജപുത്രരാജവംശം

ഗുജറാത്തിലെ അൻഹിൻവാഡയിലെ മൂലരാജ സോളങ്കി 941 എ.ഡി യിൽ ചാലൂക്യവംശം സ്ഥാപിച്ചു. രാജ്യവിസ്തൃതി വർദ്ധിപ്പിച്ച ശ്രേഷ്ഠ നായി സോളങ്കി 997ൽ നാടുനീങ്ങി → 997 ൽ ചാമുണ്ഡരാജൻ →



Scanned with CamScanner

1008 ദുരിരാജൻ → 1022 ഭീമൻ I എന്നിവർ ഭരിച്ചു. 1025 ൽ ഗസ്നി സോമനാഥക്ഷേത്രം ആക്രമിച്ചപ്പോൾ ധീരമായി എതിർത്ത രാജാവായിരുന്നു ഭീമൻ I. ഗസ്നിയുടെ മുമ്പിൽ ഭീമന് പരാജയപ്പെടേണ്ടിവന്നു. തുടർന്നും ചാലൂക്യവംശം ഇഴഞ്ഞു നീങ്ങി. 1064 ൽ കർണ്ണൻ അധികാരമേറ്റു. 1094 എ.ഡി. യിൽ ജയസിംഹസിദ്ധരാജൻ വാണു. 1144 കുമാരപാലൻ → 1171ൽ അജയപാലൻ → 1176ൽ മൂലരാജൻ II → 1188 ഭീമൻ II.

അല്ലാവുദ്ദീൻ കിൽജിയുടെ ആക്രമണത്തോടെ ചാലൂക്യരാജവംശം തകർന്നു നിലംപരിശായി.

### കലാചുരി രാജഭരണം

888 എ.ഡി. ശങ്കർഗനൻ/കൊക്കാല I ഇവരിലൊരാളായിരുന്നു ഈ രാജവംശം സ്ഥാപിച്ചത്. പല രാജാക്കന്മാരുടേയും ഭരണ ചരിത്രം വ്യക്തമല്ല. തുടർന്ന് യുവരാജൻ → 975 ലക്ഷ്മണരാജൻ → കൊക്കല്ല II→ 1019 ഗംഗേയ ദേവൻ എന്ന പ്രഗത്ഭരായ രാജാക്കൻമാർ രാജ്യത്തിന് പ്രശസ്തി നേടിക്കൊടുത്തു. 1041 ൽ ലക്ഷ്മി കർണ്ണൻ → ഗയ കർണ്ണൻ → നരസിംഹൻ → ജയസിംഹൻ → വിജയസിംഹൻ → 1211 ൽ വിജയസിംഹന്റെ മരണവും മുസ്ലീം ആക്രമണവും കഴിഞ്ഞപ്പോൾ കലാചുരി രാജഭരണം അവസാനിച്ചു.

## ദക്ഷിണഭാരതചരിത്രം

### രാഷ്ട്രകൂടരാജവംശം

ഗുജറാത്തും മഹാരാഷ്ട്രയും കേന്ദ്രമാക്കി 600 എ.ഡി. യിൽ ഭരണമാരംഭിച്ച രാഷ്ട്രകൂടവംശത്തിലെ ആദ്യകാല രാജാക്കന്മാർ; അഭിമന്യു → ഗോവിന്ദരാജൻ → സ്വാമികരാജൻ → ദുർഗാരാജൻ →നന്നരാജൻ എന്നിവരായിരുന്നു. പിന്നീട് രാഷ്ട്രകൂട രാജവംശം പലശാഖകളായി പിരിഞ്ഞു എന്നു വിശ്വസിക്കുന്നു. അതിൽ ഒരു ശാഖയുടെ അധിപനായിരുന്നു ഇന്ദ്രൻ I. തുടർന്ന് ദന്തിദുർഗൻ (740 എ.ഡി.യിൽ), പ്രഗത്ഭരായ അനവധി രാജവംശങ്ങളെ കീഴടക്കി രാഷ്ട്രകൂടത്തിന് സ്ഥിര പ്രതിഷ്ഠ നേടികൊടുത്തു.

748 എ.ഡി. യിൽ കൃഷ്ണൻ I → 773 ഗോവിന്ദൻ II → 780 ധ്രുവൻ എന്നിവർ ഭരിച്ചു. പ്രഗത്ഭനായ ധ്രുവൻ ഉത്തരഭാരതത്തിലേയും ദക്ഷിണ-പൂർവഭാരതത്തിലേയും അനവധി രാജാക്കന്മാരെ കീഴടക്കി. രാജ്യ വിസ്തൃതി വർദ്ധിപ്പിച്ചു.



Scanned with CamScanner

793 ഗോവിന്ദൻ III, → 814 അമോഘവർഷൻ → 878 കൃഷ്ണൻ II → 914 ഇന്ദ്രൻ → 922 അമോഘവർമൻ II → 923 ഗോവിന്ദൻ IV → 936 അമോഘവർഷൻ → 939 കൃഷ്ണൻ III → 968 ഖോട്ടിഗൻ → 972 കർക്കണൻ എന്നിവർ ഭരണചക്രം തിരിച്ചു. കർക്കണൻ 974ൽ മരിച്ചതോടെ രാഷ്ട്രകൂട വംശം തകർന്നു.

## ചോളരാജവംശം

ചോളരാജ്യത്തെക്കുറിച്ച് മഹാഭാരതത്തിലും വിവരണമുണ്ട്. എന്നാൽ ചോളരാജ്യത്തിന്റെ ആദ്യകാല ചരിത്രം അജ്ഞാതമാണ്. അല്ലെങ്കിൽ അവ്യക്തമാണ്. 850 എ.ഡി. വിജയപാലന്റെ കാലം മുതൽക്കാണ് ചോള രാജവംശത്തിന് വ്യക്തമായ ചരിത്രരേഖയുണ്ടായതത്രെ.

എ.ഡി. 850 വിജയപാലൻ → 871 ആദിത്യൻ I → 907 പരാന്തകൻ → 955 രാജരാജ ചോളൻ എന്നിവർ ഭരിച്ചു. രാജരാജചോളൻ ചോളരാജ്യത്തിന്റെ സ്വാധീനം ദക്ഷിണേന്ത്യ മുഴുവൻ വ്യാപിപ്പിച്ചു. 1013ൽ രാജേന്ദ്രചോളൻ I ഭരണഭാരമേറ്റു. ഇദ്ദേഹം ഗംഗൈകൊണ്ടചോളൻ എന്ന പേരിൽ പ്രസിദ്ധനായി. ചോളരാജഭരണം മധ്യപ്രദേശംവരെയെത്തി. തുടർന്ന് 1044 ൽ ഭരണം തുടങ്ങിയ രാജാധിരാജൻ II, സിലോൺ, മൊറീഷ്യസ് ദ്വീപുകളും ചോളവംശത്തിൽ ചേർത്തു. 1052 രാജേന്ദ്ര ചോളൻ II → 1064 വീരരാജേന്ദ്രൻ → 1070 അധിരാജേന്ദ്രൻ → 1070ൽ കുലോത്തുംഗൻ → 1120 വിക്രമചോളൻ → 1135 കുലോത്തുംഗൻ II → 1150 രാജരാജ ചോളൻ II → 1173 രാജാധിരാജചോളൻ II → 1178 കുലോത്തുംഗൻ III → 1206 രാജരാജചോളൻ III → 1246 രാജേന്ദ്ര ചോളൻ III എന്നീ രാജാക്കന്മാർ ഭരിച്ചു. ഈ രാജവംശത്തെ പാണ്ഡ്യ രാജാക്കന്മാർ കീഴടക്കി. 1258 മുതൽ 1279 വരെ രാജേന്ദ്ര ചോളൻ III, പാണ്ഡ്യരുടെ കീഴിൽ സാമന്തരാജാവിനെപ്പോലെ ചോളരാജ്യം ഭരിച്ചു. അതായത് ചോളരാജ്യം പാണ്ഡ്യരാജ്യത്തിന്റെ ഭാഗമായി. 1279 ൽ രാജേന്ദ്ര ചോളൻ ഇഹലോകവാസം വെടിഞ്ഞതോടെ ചോളരാജ്യം പാണ്ഡ്യരാജ്യത്തിന്റെ ഭാഗമായിത്തീർന്നു.

## ചാലൂക്യരാജവംശം

ഡക്കാൻ - കല്യാണി എന്നീ നാട്ടുഭാഗങ്ങൾ ചേർത്ത് ജയസിംഹനും, റാണാരാജനും ആദ്യകാലരാജാക്കന്മാരായി സ്ഥാപിക്കപ്പെട്ടതാണ് ചാലൂക്യരാജവംശം.

535 എ.ഡി. പുലികേശി I - 567 ൽ കീർത്തിവർമ്മൻ - 598 മംഗളേശൻ എന്നിവർ ഭരിച്ചു.



Scanned with CamScanner

601 എ.ഡി. പുലികേശി II അതിപ്രശസ്തനും രാഷ്ട്രകീർത്തി വർദ്ധിപ്പിച്ചവനുമായിരുന്നു. ഹർഷവർധനനെപോലും യുദ്ധത്തിൽ പരാജയപ്പെടുത്തുകയും ചെയ്തു. തുടർന്ന് വിക്രമാദിത്യൻ I → 681 വിനയാദിത്യൻ → 696 വിജയാദിത്യൻ → 734 വിക്രമാദിത്യൻ II → 746 കീർത്തിവർമ്മൻ II എന്നിവർ ഭരിച്ചു. കീർത്തിവർമ്മന്റെ കാലത്തോടുകൂടി ചാലൂക്യവംശം ക്ഷയിച്ചു. ഇതിൽ നിന്നും പാശ്ചാത്യചാലൂക്യവംശം എന്ന ശാഖ 937ൽ സ്ഥാപിക്കപ്പെട്ടിരുന്നത്, 997ൽ സത്യാശ്രയന്റെ ഭരണത്തോടെ വികസിച്ചു ശക്തിപ്രാപിച്ചു.

## പാശ്ചാത്യചാലൂക്യവംശം

997 സത്യാശ്രയൻ → 1008 വിക്രമാദിത്യൻ V→ 1015 ജയസിംഹൻ II → 1043 സോമേശ്വരൻ I → 1068 സോമേശ്വരൻ II → 1076 വിദ്രമാദിത്യൻ → 1126 സോമേശ്വരൻ III → 1136 ജഗദേകമല്ലൻ → 1151 തൈലൻ III → 1181 സോമേശ്വരൻ IV ഭരിച്ചു. 1189 ഓടുകൂടി പാശ്ചാത്യചാലൂക്യവംശവും അസ്തമിച്ചു.

## പൂർവ്വചാലൂക്യരാജവംശം

621 എ.ഡിയിൽ വിഷ്ണുവർമൻ സ്ഥാപിച്ചതത്രെ പൂർവചാലൂക്യവംശം → 633 എ.ഡി ജയസിംഹൻ → 662 വിഷ്ണുവർധൻ I → 672 മംഗിയുവരാജൻ → 696 ജയസിംഹൻ II → 709 വിഷ്ണുവർധൻ III → 746 വിജയാദിത്യൻ → 794 വിഷ്ണുവർധൻ IV → 799 വിജയാദിത്യൻ II → 843 വിഷ്ണുവർധൻ V → 844 വിജയാദിത്യൻ IV → 888 ഭീമൻ I→ 918 വിജയാദിത്യൻ V → 919 അമ്മൻ I → 927 വിക്രമാദിത്യൻ II → 928 ഭീമൻ II - 929 യുദ്ധമല്ലൻ II- 935 ചാലൂക്യഭീമൻ III - 946 അമ്മൻ II → 970 ധനാർണവൻ → 973 ചോദഭീമൻ → 999 ശക്തിവർമൻ → 1017 കുലോത്തുംഗൻ II - കുലോത്തുംഗന്റെ മരണത്തോടെ ക്ഷയിച്ചു തുടങ്ങിയ പൂർവചാലൂക്യവംശം താമസിയാതെ അസ്തമിച്ചു.

## പല്ലവ രാജവംശഭരണം

ശതവാഹനന്മാരുടെ കീഴിൽ സാമന്തരാജാക്കന്മാരായി വാണവരായിരുന്നു ആദ്യകാലത്തിലെ പല്ലവവംശരാജാക്കന്മാർ. 225 എ.ഡി. മുതൽ പല്ലവരാജാക്കന്മാർ പൂർവഭാരതം ഭരിച്ചിരുന്നു. തുടർന്ന് കാഞ്ചിപുരം, ആന്ധ്ര, കർണാടകം എന്നിവിടങ്ങളിലേയ്ക്ക് അവരുടെ ഭരണം വ്യാപിപ്പിക്കുകയാണുണ്ടായത്.

350 എ.ഡി. വിഷ്ണുഗോപൻ →436 സിംഹവർമ്മൻ → സിംഹവിഷ്ണു → 575 അവനസിംഹൻ → 600 മഹേന്ദ്രവർമൻ → 639 നരസിംഹ



Scanned with CamScanner

668 മഹേന്ദ്രവർമ്മൻ II → 670 പരമേശ്വരവർമ്മൻ → 695
വർമ്മൻ I → 668 മഹേന്ദ്രവർമ്മൻ II → 722 പരമേശ്വരവർമ്മൻ II → 730 മറ്റൊരു രാജ
നരസിംഹവർമ്മൻ II → 722 പരമേശ്വരവർമ്മൻ എന്നിവർ പല്ലവരാജ്യം ഭരിച്ചു. തുടർന്ന്
വംശത്തിലെ നന്ദിവർമ്മൻ → 844 നന്ദവർമ്മൻ II → 855 നൃപതുംഗവർമ്മൻ
800 ദണ്ഡിവർമൻ → 844 നന്ദവർമ്മൻ II. 897 അപരാജിതരാജാവ് യുദ്ധത്തിൽ മരണപ്പെ
→ 896 അപരാജിതൻ. 897 അപരാജിതരാജാവ് യുദ്ധത്തിൽ മരണപ്പെ
ട്ടതോടുകൂടി പല്ലവരാജ്യം ചോളരാജ്യത്തോടു ചേർത്തു.

## ദേവഗിരിയിലെ യാദവവംശം

ശ്രീകൃഷ്ണന്റെ തുടർച്ചയാണ് യാദവവംശമെന്ന് വിശ്വസിക്കുന്നവരാണ് യാദവവംശ സ്ഥാപകർ. 1187 എ.ഡി. ഭില്ലമനാണ് യാദവവംശത്തിന്റെ തുടർച്ചയായി ഭരണം നടത്തിയത്. അതിനുമുമ്പുള്ള ചരിത്രം അവ്യക്തമാണ്. 1190 ജൈത്രപാലൻ → 1210 സിംഹനൻ → 1247 കൃഷ്ണൻ → 1260 മഹാദേവൻ → 1271 രാമചന്ദ്രൻ → 1309 ശങ്കര ദേവൻ → 1312 ശങ്കര ദേവനെ മല്ലിക് കഫൂർ യുദ്ധത്തിൽ തോൽപിച്ച് കിൽജിയുടെ രാജ്യത്തോട് ചേർത്തു.

## വറംഗലിലെ കാക്കത്തീയ രാജവംശം

വറംഗലിലെ കാക്കത്തീയ രാജവംശം സ്ഥാപിച്ചത് പ്രോള രാജൻ ആയിരുന്നു. രുദ്രൻ - മഹാദേവൻ എന്നിവരാണത്രെ കാക്കത്തീയ വംശത്തിലെ ആദ്യകാല ഭരണാധികാരികൾ തുടർന്ന് 1199 ഗണപതി രാജൻ → 1261 രുദ്രാംബരാജൻ → 1295 പ്രതാപരുദ്രദേവൻ. അതിശക്തനും ആത്മാഭിമാനിയുമായിരുന്ന പ്രതാപരുദ്രദേവനെ, മല്ലിക് കഫൂർ തൊലിയുരിഞ്ഞു ശിരച്ഛേദനം ചെയ്ത് പെരുവഴിയിൽ ശിരസ് കാലുകൊണ്ടു തട്ടിത്തെറിപ്പിച്ച് അതിദാരുണമാംവിധം വധിച്ചതോടെ വറംഗലിലെ കാക്കത്തീയ രാജവംശം അസ്തമിച്ചു.

## പാണ്ഡ്യവംശം

മഹാഭാരതത്തിലും അശോകലിഖിതങ്ങളിലും വിവരിക്കുന്ന പാണ്ഡ്യവംശഭരണത്തിന് ഏറെക്കാലത്തെ പഴക്കമുണ്ട്. 20 ബിസി യിൽ പാണ്ഡ്യരാജാവിന് ആഗസ്റ്റസ് സീസറുമായി ബന്ധമുണ്ടായിരുന്നുവെന്നതിന് രേഖകളുണ്ട്. വ്യക്തമായ പാണ്ഡ്യചരിത്രം ആരംഭിക്കുന്നത്, 590 എ.ഡി. മുതൽക്കാണത്രെ.

590 എ.ഡി. കുദുംഗവൻ - 620 മാരവർമ്മൻ - രാജസിംഹൻ - വരഗുണൻ-I → ശ്രീമരവല്ലഭവൻ എന്നിവർ പ്രശസ്തമായ പാണ്ഡ്യവംശഭരണാധികാരികളായിരുന്നു. 880 എ.ഡി. യിൽ പല്ലവരാജാവ് പാണ്ഡ്യവംശത്തിലെ അപരാജിതവർമനെ പരാജയപ്പെടുത്തി. 920 എ.ഡി മുതൽ



Scanned with CamScanner

1200 എ.ഡി വരെ പാണ്ഡ്യരാജാക്കന്മാർ ചെറുരാജ്യങ്ങളായി ഭരണയന്ത്രം ചലിപ്പിച്ചു. സാവധാനത്തിൽ ചോളന്മാരുടെ ശക്തി ക്ഷയിച്ചപ്പോൾ പാണ്ഡ്യശക്തി വർദ്ധിച്ചുകൊണ്ടേയിരുന്നു. പാണ്ഡ്യവംശത്തിലെ മാരവർമ്മൻ സുന്ദരപാണ്ഡ്യൻ ചോളരാജാവായ രാജരാജ Iനെ പരാജയപ്പെടുത്തി. രാഷ്ട്ര വിസ്തൃതി വർദ്ധിപ്പിച്ച് പാണ്ഡ്യവംശത്തിന് ചൈതന്യം നൽകി.

1251 എ.ഡി. ജാതവർമ്മൻ സുന്ദരപാണ്ഡ്യൻ അയൽരാജ്യങ്ങളെ കീഴടക്കി പാണ്ഡ്യശക്തി വർധിപ്പിച്ചുകൊണ്ടേയിരുന്നു.

1271 ൽ മാരവർമൻ കുലശേഖരൻ, കേരളമുൾപ്പടെയുള്ള രാജ്യങ്ങൾ പാണ്ഡ്യരാജ്യത്തിൻ കീഴിലാക്കി ഭരണയന്ത്രം ചലിപ്പിച്ചു.

മാരവർമ്മന്റെ നിയമാനുസൃതപുത്രൻ സുന്ദരപാണ്ഡ്യനും ജാരസന്തതിയെന്നു വിശ്വസിക്കപ്പെടുന്ന വീരപാണ്ഡ്യനും തമ്മിൽ ഘോരമായ അധികാരവടംവലി നടന്നു. സുന്ദരപാണ്ഡ്യൻ അല്ലാവുദ്ദീൻ കിൽജിയെ മധുര ആക്രമിക്കുവാൻ ക്ഷണിച്ചു. കിൽജിയുടെ സേനാനായകൻ മല്ലിക്കഫൂർ പാണ്ഡ്യരാജ്യത്തെ തകർത്ത് കൊള്ളയടിച്ച്, നശിപ്പിച്ചു തിരിച്ചുപോയപ്പോൾ പാണ്ഡ്യവംശം അസ്തമിച്ചിരുന്നു. **ജ്യേഷ്ഠാനുജന്മാർ തമ്മിലുള്ള വഴക്ക് ഒരു രാഷ്ട്രത്തെ തകർത്തു !** പിന്നീട്, പാണ്ഡ്യവംശത്തെ ആക്രമിച്ച മുസ്ലീങ്ങളെയും, നേതാവായ ഖുസ്രുവിനേയും പരാജയപ്പെടുത്തി, വിജയനഗരസാമ്രാജ്യ രാജാക്കന്മാർ പാണ്ഡ്യരാജ്യത്തിന്റെ സിംഹഭാഗവും വിജയനഗരത്തിന്റെ ഭാഗമാക്കി.

## ചേരരാജവംശം

തിരുവിതാംകൂർ - കൊച്ചി - മലബാർ എന്നീ കേരള ദേശവും കോയമ്പത്തൂരം ഉൾപ്പെടുന്ന ചേരവംശഭരണത്തെക്കുറിച്ച് ചില കാര്യങ്ങൾ മാത്രമേ വ്യക്തമായി ലഭ്യമായിട്ടുള്ളൂ. ചേരന്മാർ പാണ്ഡ്യരെ തോൽപ്പിച്ച ചരിത്രവും, അവസാനത്തെ ചേരരാജാവ്, ഇസ്ലാം മതം സ്വീകരിച്ച ചരിത്രവും ലഭ്യമാണ്. കൊടുങ്ങല്ലൂർ തലസ്ഥാനമാക്കിയായിരുന്നു ചേരരാജാക്കന്മാർ ഭരണം നടത്തിയത്. ഇന്നത്തെ തിരുവിതാംകൂർ രാജവംശവും, ബി.സി. 50ൽ ആരംഭിച്ച ചേരവംശത്തിന്റെ തുടർച്ചയാണത്രെ.

ഇവയെല്ലാംകൂടാതെ ഭാരതമെമ്പാടും അനവധി ചെറുതും വലുതുമായ നാട്ടുരാജ്യങ്ങളും, രാജവംശങ്ങളും നിലനിന്നിരുന്നു. സാംസ്കാരികമായി ഒരേ ചരടിൽ കോർത്തിരുന്ന ഭാരതീയർ രാജനൈതികമായി പരസ്പരം യുദ്ധം ചെയ്തിരുന്നു എന്നതും സത്യമാണ്. പക്ഷേ സാംസ്കാരിക ഐക്യത്തിന്റെ മൂർത്തിമത്ഭാവമായിരുന്നു ഭാരതരാഷ്ട്രം.



Scanned with CamScanner

# ഭാഗം 2

## ഭാരതത്തിലേക്ക് വിദേശികൾ ആക്രമിച്ചുകയറുന്നു

711 എ.ഡി. ഉബൈദുള്ള ആദ്യമായി ഭാരതത്തിലേക്ക് ആക്രമിച്ചുകയറുന്നു. ഇസ്ലാം മതസ്ഥാപനത്തിനുശേഷം, വിഗ്രഹാരാധകരെ ഉന്മൂലനം ചെയ്യുക, ഭാരതത്തിലെ സമ്പത്ത് കൊള്ളയടിക്കുക എന്നീ രണ്ടുലക്ഷ്യങ്ങളുമായി വന്ന ഉബൈദുള്ള ഭാരതീയരോട് പരാജയം ഏറ്റുവാങ്ങി, മടങ്ങിപ്പോയി.

712 എ.ഡി. 6000 കാലാൾപടയോടും 6000 സിറിയൻ കുതിരപ്പടയോടും, 3000 ബക്ട്രിഷ്യൻ കുതിരകളോടും ചേർന്ന് ഭാരതത്തെ മുഹമ്മദ് ബിൻ കാസിം ആക്രമിച്ചു. മുഹമ്മദ് ഹാരുണിന്റെ നേതൃത്വത്തിൽ 25,000 സേനകൾ വഴി മദ്ധ്യേ മുഹമ്മദ്ബിൻ കാസിമിനോട് ചേർന്നു. ഈ ആക്രമണത്തിൽ സംഭവിച്ചത് - "ആയിരക്കണക്കിന് ബുദ്ധമത-ഹിന്ദുമതാനുയായികൾ വധിക്കപ്പെട്ടു. ലക്ഷങ്ങളെ വാൾമുനകൊണ്ട് ഇസ്ലാമിലേക്കു മതം മാറ്റി. 17 വയസ്സിനു മേൽ പ്രായമുള്ള ഹിന്ദു പുരുഷന്മാരെ വധിച്ച് സ്ത്രീകളേയും കുട്ടികളേയും അടിമകളാക്കി. ആയിരക്കണക്കിന് ക്ഷേത്രങ്ങൾക്കുമേൽ മുസ്ലീം പള്ളികൾ പടുത്തുയർത്തപ്പെട്ടു. വിവരണാതീതമായ അളവിൽ സമ്പത്ത് കൊള്ളയടിക്കപ്പെട്ടു. തടവുകാരായി പിടിച്ച ഹിന്ദുസ്ത്രീകളെ സൈന്യങ്ങൾ വീതിച്ചെടുത്തു." അവർ അനേകം മുസ്ലീം സന്താതികൾക്ക് ജന്മം നൽകി. ഇതെല്ലാം നടന്നത് ദേബലിലായിരുന്നു. ദേബൽ കാസിമിന്റെ കാൽക്കീഴിലമർന്നതോടെ ഭാരതത്തിൽ അറേബ്യൻ ആക്രമികളുടെ ഭരണത്തിന് ആരംഭം കുറിച്ചു. തുടർന്ന് നേറം, സേഹ്വൻ, സിസം, എന്നീ നാട്ടുരാജ്യങ്ങൾ കീഴടക്കി. മുഹമ്മദ് ബിൻ കാസിമും, മുഹമ്മദ് ഹാരൂണും മുന്നേറി.

712 എ.ഡി. ജൂൺ 20 ന് സിന്ധുവിന്റെ ഇക്കരെയിലെ റാവർ, ബ്രാഹ്മണാബാദ് ഇവയും കീഴടക്കിയ കാസിം ഒറ്റദിവസം 20,000 ഹിന്ദുക്കളുടെ തലയറുത്തു. ജീവനുവേണ്ടി കേണപേക്ഷിച്ചവരെ മുസ്ലീമുകളാക്കിമാറ്റി.

713 എ.ഡി. മുൾട്ടാൻ, കാസിമിനു കീഴടങ്ങി. കന്നൗജ് അക്രമിക്കാൻ ഒരുമ്പെടുമ്പോൾ കാസിം അന്ത്യശ്വാസം വലിച്ചു.

716 എ.ഡി. കാസിം മരിച്ചത് യുദ്ധത്തിലേറ്റ മുറിവിന്റെ പരിണതഫലമായിരുന്നുവത്രെ.

**മുസ്ലീം ആക്രമണത്തിന്റെ ഒന്നാം അദ്ധ്യായം ഇവിടെ അവസാനിക്കുന്നു.**



Scanned with CamScanner

870 എ.ഡി അഫ്ഘാനിസ്ഥാനിൽ ഹൈന്ദവ ഭരണം അവസാനിച്ചു. ഇസ്ലാം ഭരണം തുടങ്ങി.

871 എ.ഡി. മുൾട്ടാനിലും, സിന്ധിലും കാസിമിലൂടെ സ്ഥാപിതമായ ഖലിഫയുടെ ഭരണാധികാരികളെ തുത്തെറിഞ്ഞ ഹിന്ദു രാജാക്കന്മാർ വീണ്ടും ഭരണമാരംഭിച്ചു.

987 എ.ഡി. രാജാ ജയ്പാൽ, മുഹമ്മദ് ഗസ്നിയുടെ ജന്മസ്ഥലമായ ഗസ്നി ആക്രമിച്ചു.

**രണ്ടാമദ്ധ്യായത്തിന്റെ ആരംഭം 995 എ.ഡി. യിലാണ് നടന്നത്.**

995 എ.ഡി. സുബുത്ഗിൻ തുർക്കിയിൽ നിന്നും അഫ്ഘാൻ കീഴടക്കി ജലാലാബാദിലെത്തി. ആയിരക്കണക്കിന് ഹിന്ദുക്കളെ അരച്ച് കൊന്നായിരുന്നു ഈ മുന്നേറ്റം.

## മുഹമ്മദ് ഗസ്നിയുടെ സംഹാരതാണ്ഡവയാത്ര

997 എ.ഡി. സുബുത്ഗിൻ തന്റെ ഇംഗിതം തുടരാൻ മുഹമ്മദ് ഗസ്നിക്ക് ഈ നാടിനെ ഏല്പിച്ചു. അതിനുശേഷം മരിച്ചുവീണു.

1000 എ.ഡി. കൈബർ ചുരം കീഴടക്കി, ഗസ്നി ഭാരതത്തിലേക്ക് പ്രവേശിച്ചു.

1001 എ.ഡി. 10,000 സൈന്യത്തോടുകൂടി രണ്ടാം പ്രാവശ്യം വന്ന് പേഷ്വാർ കീഴടക്കിയാണ് ഗസ്നി തിരിച്ചുപോയത്.

1004 എ.ഡി. ഇസ്ലാമിലേക്ക് മതപരിവർത്തനം ചെയ്ത ഹിന്ദുക്കളെയൊഴിച്ച് ആയിരക്കണക്കിന് ഹിന്ദുക്കളെ കുരുതികൊടുത്ത് ഗസ്നി ബട്ടിണ്ട രാജ്യം കീഴടക്കി.

1006 എ.ഡി. ആനന്ദപാലനെ പരാജയപ്പെടുത്തി ഹിന്ദുഷാഹി രാജ്യം കീഴടക്കി. മുൾട്ടാനും ഗസ്നിയുടെ മുമ്പിൽ തലകുനിച്ചു. നാലാമത്തെ രക്തതാണ്ഡവം കഴിഞ്ഞ് അയാൾ തിരിച്ചു.

1007 എ.ഡി. അഞ്ചാമത്തെ വരവിന് പഞ്ചാബും, മുൾട്ടാന്റെ മറ്റുഭാഗങ്ങളും കീഴടക്കി.

1008 എ.ഡി. എല്ലാ ഭാരതീയരും ഒത്തൊരുമിച്ച് മുഹമ്മദ് ഗസ്നിയെ പരാജയപ്പെടുത്തി.

1009 എ.ഡി. ആറാം വരവിൽ പഞ്ചാബ് പൂർണമായും കൊള്ളയടിച്ചു.

ഹൈന്ദവർ അതിശക്തമായി തിരിച്ചടിച്ച് വിജയത്തിന്റെ വക്കോളമെത്തിയപ്പോൾ ആനന്ദപാല രാജന്റെ ആന വിരണ്ടോടി, ഗസ്നി വിജയിച്ചു. പശ്ചിമോത്തര ഭാരതം ഗസ്നിയുടെ കാൽകീഴിലമർന്നു. ഈ



Scanned with CamScanner

ഇത്തവണ ഭാരതത്തിന്റെ ഗതി നരകഗർത്തത്തി
ആനയായിരുന്നു ഇത്തവണ ഭാരതത്തിന്റെ 7–ാം പ്രാവശ്യത്തെ വരവിൽ ഗസ്നി,
ലേയ്ക്കു നയിച്ചത്. അതേവർഷം 7–ാം പ്രാവശ്യത്തെ വരവിൽ ഗസ്നി,
നാഗർകോട്, കംഗ്ര കീഴടക്കി. ഇവിടെ നിന്നും 700 മൗണ്ട് സ്വർണം-
വെള്ളി ആഭരണങ്ങൾ 2000 മൗണ്ട് സ്വർണകട്ടികൾ, 2000 മൗണ്ട് വെള്ളി
കട്ടികൾ, 20 മൗണ്ട് മുത്ത്, വജ്രം ........... കൊള്ളയടിച്ചു. സമ്പത്തിന്റെ
കുമ്പാരമായിരുന്ന ഭാരതം കണ്ണീരൊലിപ്പിച്ചു കരഞ്ഞു.

1010 എ.ഡി. മുൾട്ടാനിലെ പ്രതിരോധം തകർത്ത് വീണ്ടും ഗസ്നി എത്തി.

1014 എ.ഡി. 9–ാം പ്രാവശ്യത്തെ വരവിൽ റാം ഗംഗ വരെ ആക്രമിച്ചു കീഴടക്കി കൊള്ളയടിച്ചു.

1014 എ.ഡി. 10–ാം വരവിൽ താനേശ്വരം, ചക്രസ്വാമിക്ഷേത്രം എന്നിവ കൊള്ളയടിച്ചു, ക്ഷേത്രവിഗ്രഹം റോഡിലെറിഞ്ഞുതകർത്തു.

1015 എ.ഡി. കാശ്മീർ ആക്രമിക്കാൻ ശ്രമിച്ചെങ്കിലും ആദ്യം ദയനീയ മായി പരാജയപ്പെട്ടു. പിന്നീട് വൻവിജയമായി, കാശ്മീരും കീഴടക്കി കൊള്ളയടിച്ചു.

1018 എ.ഡി. കന്നൗജ് തകർത്ത്, യമുനാ നദി കടന്ന്, ബുലന്ദശഹർ കീഴടക്കി. ഗത്യന്തരമില്ലാതെ അവിടത്തെ രാജാവ് ഹരദത്തനും 10,000ൽപരം ഹിന്ദുക്കളും ഇസ്ലാം മതം സ്വീകരിച്ചു. മഥുരാപുരിയും, വൃന്ദാവനവും കൊള്ളയടിക്കപ്പെട്ടു. ബലാൽസംഗം, ശിരച്ഛേദനം, കൊള്ളയടി എന്നിവ ദിവസങ്ങളോളം നടന്നു. ശ്രീകൃഷ്ണ ജന്മസ്ഥലത്തു തന്നെയായിരുന്നു ഇത്. കന്നൗജ് രാജാവ് ഭയന്ന് ഗസ്നിയോട് അടിയറവ് പറഞ്ഞു.

1020 എ.ഡി. 13–ാം വരവിൽ, ഛന്ദേല രാജാവ് നേരിട്ടെങ്കിലും പിന്നീട് ഭയന്ന് യുദ്ധക്കളം വിട്ടോടി. ഗസ്നി, ഗ്വാളിയോർ രാജനുമായി സന്ധി ചെയ്തു കലിഞ്ചർ പല പ്രാവശ്യം ആക്രമിച്ചു.

1021 – 22 എ.ഡി. ഗസ്നിയുടെ 14, 15–ാമത്തെ വരവിൽ ഗ്വാളിയോർ, കലിഞ്ചർ, ഗന്ധ, കീഴടക്കി അളക്കാൻ പറ്റാത്ത സ്വത്തുമായി ഗസ്നി മടങ്ങി. ത്രിലോചൻപാലിനെ ശിരച്ഛേദനം ചെയ്തു കൊന്നു.

1025 എ.ഡി. ജനുവരിയിൽ സോമനാഥക്ഷേത്രം തകർത്തു. അനി ഹിൽവാരയിലെ ഭീമദേവൻ സർവശക്തിയുമുപയോഗിച്ച് പ്രത്യാക്രമണം നടത്തിയെങ്കിലും പരാജയപ്പെട്ടപ്പോൾ, യുദ്ധക്ഷേത്രത്തിൽ നിന്നു പലായനം ചെയ്തു. സോമനാഥക്ഷേത്ര വിഗ്രഹം മൂന്നായി പൊട്ടിച്ച് ഓരോ കഷണം വീതം മെക്കയിലേക്കും, ഗസ്നിയിലേക്കും, ബാഗ്ദാദിലേയ്ക്കും അയച്ചു. മുഹമ്മദ് ഗസ്നി അന്നു സാധിക്കാവുന്നത്രയും



Scanned with CamScanner

സ്വർണവും, വെള്ളിയും മറ്റു അമൂല്യവസ്തുക്കളും കൊണ്ടുപോയി. പോകുന്ന വഴി ജാട്ടുകൾ ഗസ്നിയെ പതിഞ്ഞിരുന്നാക്രമിച്ചു.

1026 എ.ഡി. ഈ ജാട്ടുകളോട് പകരം വീട്ടാനായിരുന്നു, 17-ാം പ്രാവശ്യം ഗസ്നി വന്നത്. പതിനായിരക്കണക്കിന് ജാട്ടുകളെ ശിരച്ഛേദനം ചെയ്ത് ആ മനുഷ്യാധമൻ ഗസ്നിയിലേക്കു മടങ്ങി 1030ൽ മരിച്ചു.

1030 എ.ഡി. ഗസ്നിയുടെ മകൻ മസൂദ് ഭാരതം ആക്രമിച്ചു.

1037 എ.ഡി. ഭാരതത്തിലെ ഹൻസി, സോനിപത് തുടങ്ങിയ സ്ഥലങ്ങൾ കീഴടക്കി കൊള്ളയടിച്ചു.

1041 എ.ഡി. മസുദിനെ അയാളുടെ സഹോദരൻ മൗസൂദ് കൊന്ന്, സ്വയം അധികാരത്തിലേറി.

1044 എ.ഡി. ഡൽഹിയിലെ രാജാ മഹിപാലൻ, പല രാജ്യങ്ങളും സ്വതന്ത്ര്യമാക്കി മുസ്ലീംഭരണമവസാനിപ്പിച്ചിരുന്നു. മസൂദിന്റെ പുത്രൻ മൗദൂദ് നിരന്തരം ഭാരതത്തെ ആക്രമിച്ചുകൊണ്ടേയിരുന്നു. **ഈ ഗസ്നി പരമ്പരയിൽപ്പെട്ടവർ ഭാരതത്തെ ആക്രമിച്ചതിന്റെ തുടർച്ച 1000 – 1160 വരെ ഇപ്രകാരമായിരുന്നു.**

സുബുത്ഗിൻ → മുഹമ്മദ് ഗസ്നി → മുഹമ്മദ് മൗസൂദ് → മൗദൂദ് → മസൂദ് II → അലി → അബ്ദുൾ റഷീദ് → ഫറൂഖ്സദ് → ഇബ്രാഹിം → മൗസൂദ് III → ഷേർസദ് → അർസലം → ബഹ്റംഷാ → ഖുസ്രുഷാ → ഖുസ്രു മലിക്. ഖുസ്രുമലിക്കിനെ മുഹമ്മദ്ഗോറി ചതിച്ചുകൊന്നു.

## മുഹമ്മദ്ഗോറിയുടെ നരമേധയാത്ര

1175 എ.ഡി. മുഹമ്മദ്ഗോറി മുൾട്ടാൻ ആക്രമിച്ചു കീഴടക്കി, തുടർന്ന് സിന്ധു കീഴടക്കി.

1176 ഗോറി സിന്ധ് പൂർണമായും കയ്യടക്കി. ഉച് കീഴടക്കി. ചോരപുഴയൊഴുക്കി മുന്നോട്ടുനീങ്ങി.

1178 എ.ഡി. അനിഹിൽവാര (ഗുജറാത്) കീഴടക്കാൻ ശ്രമിച്ചു. അവിടത്തെ രാജാവ് ഭീമദേവ് II ഗോറിയെ പരാജയപ്പെടുത്തി തിരിച്ചോടിച്ചു.

1179 എ.ഡി. തിരിച്ചുവന്ന ഗോറി പേഷ്വാർ കീഴടക്കി കൊള്ളയടിച്ചു, സിന്ധിന്റെ ബാക്കി ഭാഗവും കീഴടക്കി.

1185 എ.ഡി. പഞ്ചാബും, സിയാൽകോട്ട് കോട്ടയും കീഴടക്കി കൊള്ളയടിച്ചു. നിർഭാഗ്യവശാൽ ഹിന്ദുക്കളായ ഖോക്കർ മരുവർഗക്കാർ ചക്രദേവ രാജനെ പരാജയപ്പെടുത്തുവാൻ ഗോറിയെ സഹായിച്ചു. ഖോക്കർ



Scanned with CamScanner

വർഗക്കാർ ദേശാഭിമാനികളായിരുന്നു എങ്കിലും ഈ നീചകർമ്മത്തിന് അവർ കൂട്ടുനിന്നു.

1186 എ.ഡി. പരാജയപ്പെട്ട ചക്രദേവൻ പഞ്ചാബ് ആക്രമിക്കുവാൻ ഗോറിയെ സഹായിച്ചു. പക്ഷേ പഞ്ചാബിലെ മറ്റൊരു മുസ്ലീം, ഗോറിയെ പരാജയപ്പെടുത്തി ഖുസ്രു മല്ലിക്കിനെ ഗോറി ജയിലിലടച്ചു. ഇവിടെ ഹിന്ദുദേശദ്രോഹിയായി മുസ്ലീം രാജ്യരക്ഷകനുമായ ചരിത്രം കാണാം.

1189 – 91 എ.ഡി. 2,00,000 കാലാൾപ്പട, 30,000 കുതിരപ്പട, ആനപ്പടകളുമായി പൃഥ്വിരാജ് ചൗഹാൻ ഗോറിയെ ആക്രമിച്ചു. യുദ്ധം 13 മാസക്കാലം നീണ്ടുനിന്നു. ഇതാണ് തരെൻ യുദ്ധം എന്ന പ്രസിദ്ധമായ യുദ്ധം. രണ്ടുപേരും ബലാബലം നിന്നു. ബട്ടിണ്ടകോട്ട ഗോറി കീഴടക്കി. പതിനായിരക്കണക്കിന് ഹിന്ദുക്കളെ വധിച്ചു, ഗോറി മുന്നേറി.

1192 എ.ഡി. രണ്ടാം തരെൻയുദ്ധത്തിൽ പൃഥ്വിരാജ്, ഗോറിയുടെ ബന്ധിയായി, ഗോറി പൃഥ്വിരാജിനെ ആജ്മീറിൽ കൊണ്ടുപോയി വധിച്ചു. ദേവരാജ് എന്ന രാജാവിനെ വഞ്ചിച്ച് ബുലന്ത് ശഹർ ഗോറി കയ്യടക്കി. മീററ്റും, അലിഗഡും, ഡൽഹിയും ഗോറിയുടെ കാൽകീഴിലമർന്നപ്പോൾ എണ്ണാൻ അസാധ്യമായത്രയും ഹൈന്ദവശിരസുകൾ നിലംപതിച്ചിരുന്നു. മീററ്റും അജ്മീറും കുത്തബ്ദീൻ ഐകബ് കൊള്ളയടിച്ചു കീഴടക്കിക്കൊണ്ടേയിരിക്കുകയായിരുന്നു ഈ അവസരത്തിൽ.

## കുത്തബ്ദ്ദീന്റെ ആക്രമണപരമ്പര

1194 എ.ഡി. കുത്തബ്ദ്ദീൻന്റെ സഹായത്തോടെ ഗോറി കന്നൗജിലെ ജയചന്ദ്രനെ ഉന്മൂലനം ചെയ്തു. പൃഥ്വിരാജ് ചൗഹാനെ സഹായിക്കാതിരുന്നതിനാൽ ജയചന്ദ്രനെ ഒരു ഹിന്ദുരാജാവും സഹായിച്ചില്ല. ഇവിടേയും നഷ്ടം ഹിന്ദുവിനായിരുന്നു. കുത്തബ്ദ്ദീനും ഗോറിയും ബനാറസ് കൊള്ളയടിച്ചു. ബനാറസിലെ 1000 ക്ഷേത്രങ്ങൾ നിലംപതിപ്പിച്ചു. അവിടത്തെ അമൂല്യനിധികൾ 14,000 ഒട്ടകങ്ങളുടെ പുറത്തുകയറ്റിയാണ് ഗോറി നാടുവിട്ടത്.

1195 എ.ഡി. ഗോറി ബയാന കീഴടക്കിക്കൊള്ളയടിച്ചു. കുത്തബ്ദ്ദീൻ ആലിഗർ കീഴടക്കി ഭരണമാരംഭിച്ചു.

1196 എ.ഡി. കുത്തബ്ദ്ദീൻ, ഗോറിയുടെ ദൗത്യം തുടർന്നു, അനിഹിൽവാരയും, മൗണ്ട് അബുവും കീഴടക്കപ്പെട്ടു. ബുലന്ധ്ഖണ്ഡും കീഴടക്കി, രാഷ്ട്രകൂടന്മാരെ തലയറുത്തുകൊണ്ട് കുത്തബ്ദ്ദീൻ തന്റെ കിരാതയാത്ര തുടർന്നു. കലിഞ്ചറിലെ ചന്ദേല രാജാക്കന്മാരേയും കീഴടക്കി. കലിഞ്ജർ, മഹോബ, ഖജുരാഹോ എന്നിവ കുത്തബ്ദ്ദീൻ കീഴടക്കിയത് കുടിവെള്ളം തടഞ്ഞ്, അവശരായ രാജസൈന്യങ്ങളെ അരിഞ്ഞു



Scanned with CamScanner

വീഴ്ത്തിയായിരുന്നു. ഛന്ദേല വംശയോദ്ധാക്കളേയും ഉന്മൂലനം ചെയ്തത് കുടിവെള്ളം തടഞ്ഞായിരുന്നു.

## ഭക്ത്യാർ ഖിൽജിയുടെ കിരാതയാത്ര

1197. കുത്തബ്ദ്ദീന്റെ സൈന്യാധിപൻ ഭക്ത്യാർ ഖിൽജി എന്ന തുർക്കിക്കാരൻ പൂർവഭാരതം ആക്രമിച്ചു കൊള്ളയടിക്കുവാൻ തുടങ്ങിയിരുന്നു. ബഡൗൺ കീഴടക്കി, അയാൾ ജൈത്രയാത്ര നടത്തി. 200 കുതിരപടയാളികളുമായി ബുക്ത്യാർ ഖിൽജി മണിക്കൂറുകൾകൊണ്ട് ബീഹാർ കീഴടക്കി രാജസിംഹാസനത്തിൽ ഉപവിഷ്ടനായി. കലിഞ്ചർ, ഖജുറാഹോ കീഴടക്കിക്കൊള്ളയടിച്ചു.

1202 എ.ഡി. ഖിൽജിയുടെ ആക്രമണത്തിൽ വിക്രമശിലയും, നളന്ദയും മറ്റു പഠന കേന്ദ്രങ്ങളും, ആയിരക്കണത്തിന് ഹിന്ദു-ബുദ്ധ ക്ഷേത്രങ്ങളും ലൈബ്രറികളും തകർക്കപ്പെട്ടു. പതിനായിരങ്ങളുടെ തലയറുത്തൊരു ജൈത്രയാത്ര ഖിൽജി ഉത്തരഭാരതത്തിൽ തടസ്സമില്ലാതെ നടത്തി.

1204 എ.ഡി. ഖിൽജിയുടെ മറ്റൊരു സൈന്യാധിപൻ ഇഫ്ത്യാറുദ്ദീൻ കുറച്ചു കുതിര സൈന്യവുമായി നേരെ ബംഗാൾ രാജധാനിയിൽ പ്രവേശിച്ച് രാജാവിനെ നിഷ്കാസിതനാക്കി, സുൽത്താനായി സ്വയം പ്രഖ്യാപിച്ചു. സേനാരാജവംശത്തിലെ രാജാവ് ലക്ഷ്മണസേനൻ രാജ്യം വിട്ടോടി.

1206. ഗോറിയെ മരുപ്രദേശവർഗക്കാർ പതിഞ്ഞിരുന്ന്, ലാഹോറിൽ വച്ച് വധിച്ചു. **ഗോറിയുടെ രക്തരൂക്ഷിത ആക്രമണ പരമ്പര ഇവിടെ അവസാനിച്ചു.**

## അടിമവംശഭരണം

1206 എ.ഡി. ഹിന്ദുസ്ഥാനത്തിന്റെ ഉത്തരവാദിത്വം ഗോറി, കുത്തബ്ദ്ദീൻ ഐബക്കിന്റെ കരാളഹസ്തത്തിലേൽപ്പിച്ചു. അയാൾ അടിമവംശം സ്ഥാപിച്ച് ആക്രമണവും കൊള്ളയടിയും കൊള്ളിവയ്പ്പും തുടർന്നു. ഗോറിയുടെ മരണശേഷം അനവധി ഹിന്ദുരാജാക്കന്മാർ ശക്തരും പ്രബലരുമായി സൈന്യബലം നേടി, സ്വന്തം നാട്ടുരാജ്യങ്ങൾ തിരിച്ചുപിടിച്ചു. അധികാര ലഹരിയിലും സമ്പത്തിന്റേയും സുന്ദരികളുടേയും സാന്നിദ്ധ്യത്തിലും ഭാരതത്തിലെ അനേകം മുസ്ലീം ഭരണത്തലവന്മാർ പരസ്പരം കലഹിക്കുവാനും യുദ്ധത്തിനും തുടക്കമിട്ടു.

1210 എ.ഡി. കുത്തബ്ദ്ദീൻ ഗഹനമായ മുറിവുകളേറ്റ് രോഗിയായി ലാഹോറിൽ വച്ച് മരിച്ചു.



Scanned with CamScanner

1210 എ.ഡി. അറംഷാ, ഡൽഹിയിൽ കുത്തബ്ദിന്റെ ഭാരതത്തിന്റെ ഭരണഭാരമേറ്റെടുത്തു.

1211 എ.ഡി. ഇൽത്തത്തുമിഷ് ആ സ്ഥാനം ഏറ്റെടുത്തു. ഹിന്ദുക്കളും മുസ്ലീമുകളുമായ അനവധി നാട്ടുരാജാക്കന്മാരെ ഇൽത്തത്തുമിഷ് കീഴടക്കി കൊള്ളയടിച്ചു. ഡൽഹിയിൽ മെഹറൗളിയിലുണ്ടായിരുന്ന 27 നക്ഷത്ര ക്ഷേത്രങ്ങൾ നശിപ്പിച്ച് കുത്തബ്മീനാർ പണിതു.

1213 എ.ഡി. വരെ അയാൾ ചന്ദേലരാജ്യം, കലിഞ്ജർ, അജ്മീർ കീഴടക്കി. എന്നാൽ പാർത്ഥിഹാരന്മാർ ഇൽത്തതുമിഷിനെ പരാജയപ്പെടുത്തി, ഗ്വാളിയോർ, മാർവാർ, ഝാൻസി, റത്തംബോർ, ജോധ്പൂർ എന്നിവയും അൾവാർ, ജഡൻ, ബയാൻ, തങ്കേരി എന്നീ രാജ്യങ്ങളും മറ്റു ഹിന്ദു രാജാക്കന്മാരുമായി സഹകരിച്ച് തിരിച്ചുപിടിച്ചു. ഹിന്ദുക്കളുടെ തിരിഞ്ഞാക്രമണം 1226 വരെ വിജയകരമായി നടന്നു. ഹിന്ദുരാജാക്കന്മാർ ശക്തരായി. എന്നാൽ 1226 മുതൽ മൂന്നുവർഷത്തേക്ക് ഇൽത്തത്തുമിഷ് ഈ രാജ്യങ്ങളിലെ ആധിപത്യം പുനഃസ്ഥാപിച്ച് കൊള്ളയടി തുടർന്നു.

1234–35 എ.ഡി. ഗുജറാത്ത്, മാൾവ എന്നിവിടങ്ങളിലെ നൂറുകണക്കിന് ക്ഷേത്രങ്ങൾ തകർത്ത് കൊള്ളയടിച്ച് അതിനുമുകളിൽ മുസ്ലീം ദേവാലയങ്ങൾ പണിതു.

1236. റസിയ സുൽത്താന അധികാരമേറ്റെടുത്തു.

1240. റസിയയെ ജയിലിലടച്ച് സഹോദരൻ ബെഹ്റംഷാ ഭരണമാരംഭിച്ചു.

1242. ചതിയും വഞ്ചനയും ഹിന്ദു കൊലപാതകങ്ങളും നടത്തിയ ബെഹ്റത്തിനെ മുസ്ലീമുകൾതന്നെ വധിച്ചു.

ഇൽത്തത്തുമിഷിന്റെ പൗത്രൻ അലാവുദ്ദിൻ മസൂദ്ഷാ ഭരണമാരംഭിച്ചു.

**മംഗോളിയർ ഭാരതത്തെ ആക്രമിച്ച് പഞ്ചാബും ലാഹോറും കീഴടക്കിയത് ഇക്കാലത്തായിരുന്നു.**

ഇൽത്തത്തുമിഷിന്റെ പൗത്രൻ അല്ലാവുദ്ദിൻ മസൂദ്ഷാ ഭരണമാരംഭിച്ചു.

1246. അയാളുടെ സഹോദരൻ നസീർ-ഉദ്ദീൻ മൊഹമ്മദ്, മസൂദിനെ സ്ഥാനഭ്രഷ്ടനാക്കി ഭരണമാരംഭിച്ചു. അടിമവംശം ക്രൂരതയുടെ ഉത്തുംഗത്തിലെത്തിയ കാലമായിരുന്നു ഇത്.

1266 എ.ഡി. ഇൽത്തത്തുമിഷിന്റെ മറ്റൊരു തുർക്കി അടിമ ഗിയാസുദ്ദിൻ ബാൽബൻ ഭരണമേറ്റെടുത്തു. ഒറീസ്സയിലെ ഹിന്ദുരാജാവ് ജജ്നാഗന്റെ ക്ഷണമനുസരിച്ച് ബാൽബൻ, ബംഗാളിലെ മുസ്ലീം സുൽത്താനായ തുഗ്രിൽ ഖാനെ ആക്രമിച്ചു. നിർഭാഗ്യവശാൽ ഇവിടെ ഹിന്ദു



Scanned with CamScanner

ക്കളെ അരിഞ്ഞുവീഴ്ത്തുകയായിരുന്നു, ഗിയാസുദ്ദിൻ ചെയ്തത്. മേവാറും മറ്റനവധി രാജ്യങ്ങളും ഗിയാസുദ്ദീന് കീഴ്പ്പെട്ടു. പ്രതിനായിരക്കണക്കിന് ഹിന്ദു സ്ത്രീകളും കുട്ടികളും അടിമകളാക്കപ്പെട്ടു.

1279. ബാൽബന്റെ പ്രതിനിധിയായി പിന്നീട് ബംഗാൾ ഭരിച്ച തുഗ്രിൽഖാൻ, ബാൽബനെതിരെ വിപ്ലവം നടത്തി. ഈ സമയത്ത് മംഗോളിയർ ഭാരതാതിർത്തി കടന്ന് ഉള്ളിലേക്കെത്തിയിരുന്നു.

1287 എ.ഡി. ബാൽബന്റെ മരണത്തെത്തുടർന്ന് കൈകൗബാദ് മൂന്നു വർഷത്തേക്കു ഭരിച്ചു.

1290 എ.ഡി. കൈകൗബാദിനെ, സ്വന്തം മകൻ ജലാൽ-ഉദ്ദിൻ ഖിൽജി വധിച്ച് അധികാരമേറ്റു.

1296 എ.ഡി ആറുവർഷം ക്രൂരമാംവിധം ഭരിച്ച ജലാലുദ്ദിൻ ഖിൽജിയെ അയാളുടെ പ്രിയപ്പെട്ട മരുമകൻ അലാവുദ്ദിൻ ഖിൽജി II പതിഞ്ഞിരുന്ന്, 1296 ജൂലൈ 19 ന് കൊലചെയ്ത്, ഖിൽജിവംശഭരണത്തിന് തുടക്കമിട്ടു.

## ഖിൽജിവംശ ഭരണം

1296 എ.ഡി. ഒക്ടോബർ 3 ന് അല്ലാവുദ്ദിൻ ഖിൽജി ഭരണമേറ്റെടുത്തു. ദേവഗിരിയിൽ നിന്ന് കൊള്ളയടിച്ച സ്വർണം ചെറിയ കഷ്ണം ഹിന്ദുക്കൾക്ക് വിതരണം ചെയ്തു. സന്തോഷിച്ച ജനങ്ങളെ, മനുഷ്യമനസ്സിന് ചിന്തിക്കാൻ സാധിക്കാത്തവിധത്തിൽ വാളുകൊണ്ട് അരിഞ്ഞുവീഴ്ത്തി, ഗൃഹങ്ങളും, ക്ഷേത്രങ്ങളും, കൊട്ടാരങ്ങളും ദിവസങ്ങൾകൊണ്ട് കൊള്ളയടിച്ചു.

1297 എ.ഡി. മംഗോളിയർ ഡൽഹി വരെ എത്തിയിരുന്നു.

**1307 എ.ഡി. മുസ്ലീം ഭരണാധികാരികളുടെ കൈക്കുള്ളിൽ ഭാരതം പൂർണമായും ഞെരിഞ്ഞമരുവാൻ തുടങ്ങി, ഭീകരമായ കിരാത ഭരണം!** ഭാരതീയ രാജാക്കന്മാർ സർവ്വശക്തിയുമുപയോഗിച്ചുവെങ്കിലും അകത്തും പുറത്തുമുള്ള മുസ്ലീമുകളുടെ സഹായത്താൽ അലാവുദ്ദിൻ ഖിൽജി ആക്രമണത്തിന്റെ പരമ്പര തുടങ്ങി. ഗുജറാത്ത് കീഴടങ്ങി, തുടർന്ന് രത്തം ബോർ, ചിറ്റൂർ, ജാലർ ഉജ്ജയിനി, ദേവഗിരി.........

1308 എ.ഡി. മേവാർ, ആന്ധ്രയിൽ ദേവഗിരിയിലെ യാദവ രാജൻ, ചന്ദ്രദേവൻ, കാക്കത്തീയ രാജൻ രാമചന്ദ്രദേവൻ, തെലുങ്കാനയിലെ പ്രതാപരുദ്രദേവൻ കീഴടങ്ങി. ഹോയ്സാല രാജ്യം, ദ്വാരസമുദ്രം, പാണ്ഡ്യരാജ്യം കന്യാകുമാരി വരെ രാജ്യങ്ങൾ അലാവുദ്ദിന്റെ സേനക്കുമുമ്പിൽ അടിയറവു പറഞ്ഞു. അതിശക്തമായിതന്നെ ഈ നാട്ടുരാജ്യങ്ങൾ



Scanned with CamScanner

അല്ലാവുദ്ദിന്റെയും, അയാളുടെ സൈന്യാധിപൻ മല്ലിക് കഫൂറിന്റേയും സൈന്യത്തെയും ചെറുത്തെങ്കിലും, അവർ ദയനീയമായി പരാജയപ്പെട്ടു. ലക്ഷക്കണക്കിന് ഹിന്ദുശരീരം യുദ്ധത്തിൽ ഹോമിക്കപ്പെട്ടു. ക്ഷേത്രങ്ങളും കൊട്ടാരങ്ങളും, ഗൃഹങ്ങളും കൊള്ളയടിക്കപ്പെട്ടു. ദ്വാരസമുദ്രക്ഷേത്രം, മധുര മീനാക്ഷി ക്ഷേത്രം, രാമേശ്വരം ക്ഷേത്രം..... നിങ്ങൾ സ്വയം ചിന്തിക്കൂ! ഈശ്വരാ !

1310 എ.ഡി. ഹോയ്സാലരാജ്യം ചതഞ്ഞരഞ്ഞു.

1313 എ.ഡി. പാണ്ഡ്യവംശത്തിലെ സുന്ദരപാണ്ഡ്യൻ, സ്വന്തം ജ്യേഷ്ഠൻ വീരപാണ്ഡ്യനെതിരെ യുദ്ധം ചെയ്യുവാൻ മല്ലിക് കഫൂറിനെ ക്ഷണിച്ചുവരുത്തി. കഫൂർ മുധരാപുരി നിലംപരിശാക്കി കൊള്ളയടിച്ച മുതലുമായി യാത്രതിരിച്ചു. ഹിന്ദു രക്തത്തിൽ കാൽകഴുകിക്കൊണ്ട്.

1313 എ.ഡി. ഗുൽബർഗ, ദാബോൾ, ചൗൽ, റെയ്ച്ചൂർ, മുദ്ഗൽ കീഴടങ്ങി. മല്ലിക് കഫൂറിന്റെ രണ്ടാം വരവിൽ കർണാടകം, കൊങ്കൺതീരം, മഹാരാഷ്ട്ര, കേരളത്തിന്റെ പകുതിവരെ കൊള്ളയടിക്കപ്പെട്ടു. ഭാരതം അല്ലാവുദ്ദിന്റെ കയ്യിൽ പിടഞ്ഞു.... അയാൾ പറഞ്ഞു. **ഹിന്ദുക്കൾക്ക് ഭരണത്തിൽ ഒരവകാശവുമില്ല. അവർ കരം നൽകുന്നവർ മാത്രമാണ്. ഹിന്ദുവിനെ നശിപ്പിക്കുവാൻ ദൈവം മുസ്ലീമുകൾക്ക് അവകാശം നൽകിയിട്ടുണ്ട്. "ഹിന്ദുക്കൾക്ക് രണ്ടു വഴികളാണുള്ളത് ഒന്നുകിൽ ഇസ്ലാം മതം സ്വീകരിക്കുക അല്ലെങ്കിൽ മരിക്കുക".**

ഗസ്നിയുടെയും ഗോറിയുടേയും ആക്രമത്തിനുശേഷം പുനപ്രതിഷ്ഠിച്ച സോമനാഥക്ഷേത്ര വിഗ്രഹം, ഇവടെ നിന്നും ഒരു ഫുട്ബോൾ തട്ടുന്നതുപോലെ തട്ടി ഖിൽജിയും മല്ലിക്കഫൂറും ഡൽഹിയിലെത്തിച്ചു.

1316 എ.ഡി. ഭാര്യയേയും മകനെയും ജയിലിലടച്ച് 1316 ജനുവരി 2 ന് മല്ലിക്കഫൂർ ചതിച്ചുനൽകിയ വിഷവും കഴിപ്പിച്ച് സ്വന്തം ജവാൻമാർ തന്നെ അല്ലാവുദ്ദിനെ കാലപുരിയിലെത്തിച്ചു. തുടർന്ന് കുത്തബ്ദ്ദീൻ മുബാറക്ഷാ ഡൽഹിയിൽ അധികാരമേറ്റു. മല്ലിക് കഫൂറിനെ അയാളുടെ തന്നെ സൈന്യം പിച്ചിചീന്തികൊന്നു. രണ്ടു മാസത്തേക്ക് സിംഹാസനത്തിലിരുന്ന 6 വയസ്സുകാരനായ, അല്ലാവുദ്ദിൻ ഖിൽജിയുടെ മകൻ ജലാലുദ്ദീനെ വധിച്ച്, അയാളുടെ സഹോദരൻ (കുത്തബ്ദ്ദിൻ മുബറാക് ഷാ) 1316 ഏപ്രിൽ 1 ന് അധികാരമേറ്റു.

1317 എ.ഡി. ദക്ഷിണഭാരതം, മുബാറക് ഷാ കൊള്ളയടിച്ചു. ദേവഗിരിയിലെ രാജാവ് ഹരപാലനെ തൊലിയുരിച്ച് ശിരച്ഛേദനം ചെയ്ത് റോഡിൽ ഉരുട്ടി കൊന്നു.



Scanned with CamScanner

1319 എ.ഡി. ഡൽഹിയിലേക്കു മടങ്ങവേ, സ്വന്തം കുടുംബാംഗങ്ങൾ തനിക്കെതിരെ തിരിഞ്ഞതറിഞ്ഞ് മുബാറക്ഷാ എല്ലാ ബന്ധുക്കളേയും വധിച്ചു.

1320 എ.ഡി. മുസൽമാനായി മതം മാറിയ ഹിന്ദു, ഖുസ്രാവ് ഷാ, മുബാറക് ഷായുടെ ഏറ്റവും അടുത്ത സുഹൃത്തായിരുന്നു. അയാൾ തന്നെ മുബാറക്കിന്റെ തലയറുത്ത് പുൽമേടയിൽ തട്ടിത്തെറിപ്പിച്ചു.

1320 ഏപ്രിൽ 15 ന് ക്രൂരനായ ഖുസ്രാവ് ഷാ, അധികാരമേറ്റു. മുസ്ലീമായി മതം മാറിയ ഹിന്ദു, ആയതിനാൽ അയാൾക്ക് മുസ്ലീം സുൽത്താന്റെ പദവി ലഭിച്ചില്ല. മുസ്ലീം സുൽത്താൻമാർ രഹസ്യമായി 1320 സെപ്റ്റംബർ 5 ന് ഖുസ്രാവ്ഷായെ നരകത്തിലെത്തിച്ചു. ഗിയാസുദ്ദിൻ തുഗ്ലക്, തുഗ്ളക് വംശ ഭരണമാരംഭിച്ചു.

## തുഗ്ളക്കിന്റെ കിരാത വാഴ്ച

1320 എ.ഡി. തുർക്കിക്കാരനായ പിതാവിനും പഞ്ചാബിലെ ഹിന്ദുവായ ജാട്ട് സ്ത്രീക്കും ജനിച്ച ഗിയാസുദ്ദിൻ തുഗ്ലക്, ഖുസ്രാവ്ഷാ യുടെ സൈന്യാധിപനായിരുന്നു. തുഗ്ലക്ക് വംശത്തിന് തറക്കല്ലിട്ടത് ഇയാളായിരുന്നു. ഭരണമേറ്റെടുത്ത തുഗ്ലക്ക് പ്രഖ്യാപിച്ചു **"ഹിന്ദുക്കൾ സമ്പന്നരാകരുത്, സമ്പന്നരായാൽ അവർ സുൽത്താനെതിരെ തിരിയും അതിനാൽ അവർക്ക് പരമാവധി കരം ചുമത്തണം".** പ്രതിദിനം ദശക്കണക്കിന് ഹിന്ദു ശിരസുകൾ തുഗ്ലക്കിന്റെ പാലസ് ഗേറ്റിനുമുമ്പിൽ കാണാമായിരുന്നുവത്രെ. ഹിന്ദു വധത്തിൽ അയാൾ ആനന്ദത്തിലാറാടുമായിരുന്നു. അതയാൾക്ക് ഹരമായിരുന്നു.

1325 എ.ഡി. ക്രൂരനായ ഗിയാസ് ഉദ്ദിൻ തുഗ്ലക്കിനെ ഫേബിയാനിൽ വച്ച് സ്വന്തം മകൻ ആനകളെ കൊണ്ട് ചവിട്ടികൊല്ലുകയാണുണ്ടായത്. വൻ ചതിയിലൂടെയാണ് പിതാവിനെ മകൻ കൊന്നത്.

1326 എ.ഡി. ഗിയാസുദ്ദിൻ തുഗ്ലക്കിന്റെ മകൻ മുഹമ്മദ് ബിൻ തുഗ്ലക്ക് ഭരണഭാരമേറ്റെടുത്ത് അതേ ക്രൂരകർമ്മം തുടർന്നു. വിഗ്രഹാരാധകരായവരെ ഉന്മൂലനം ചെയ്തുകൊണ്ടേയിരുന്നു. പ്രകൃതിയുടെ വിനോദമെന്നപോലെ, ബംഗാൾ – ഒറീസ്സ – ദൗലത്താബാദ് – ലാഹോർ മാൾവ – കണ്വ – ബിദർ – ഗുൽബർഗ – മുൾട്ടാൻ – സനം – ദേവഗിരി – അമിറാൻ – സഫർ എന്നിവിടങ്ങളിൽ മുസ്ലീം ഭരണാധികാരികൾതന്നെ മുഹമ്മദ്ബിൻ തുഗ്ലക്കിനെതിരെ തിരിഞ്ഞു. ഡൽഹിയിൽ നിന്നും അയാൾ ദേവഗിരിയിലേക്ക് തലസ്ഥാനം മാറ്റി.

1336 ഹരിഹരനും ബുക്കനും വിജയനഗര സാമ്രാജ്യം സ്ഥാപിച്ചത് ഇക്കാലത്താണ്.



Scanned with CamScanner

1351 എ.ഡി. ഭാരതത്തിലെ ക്രൂരനായ സുൽത്താനായ മുഹമ്മദ്ബിൻ തുഗ്ലക്കിനെ ഭ്രാന്തനെന്ന് മുദ്രകുത്തപ്പെട്ടു.

1351 എ.ഡി. മാർച്ച് 23 ന് ഫിറോസ് ഷാ തുഗ്ളക് ഡൽഹി സുൽത്താനായി അധികാരമേറ്റു. ഇയാൾ ഗിയാസുദ്ദിൻ തുഗ്ലക്കിന്റെ സഹോദരനായ രജബിന്റേയും, ഭട്ടി എന്ന ഹിന്ദു രജപുത്ര സ്ത്രീയുടേയും മകനായിരുന്നു. ഹിന്ദുക്കൾക്കെതിരെ ഇത്രയും ക്രൂരമായി പ്രവർത്തിച്ച സുൽത്താൻമാർ വിരളമാണ്. ആയിരക്കണക്കിന് ക്ഷേത്രങ്ങൾ തകർത്ത് ഫിറോസ് ഷാ പള്ളികൾ പണിതു. ഹൈന്ദവരേയും, ആരാധനാ വിഗ്രഹങ്ങളും ഗ്രന്ഥങ്ങളും പൊതുനിരത്തിൽ വച്ച് ഇയാൾ അഗ്നിക്കിരയാക്കി. അയാൾ പ്രഖ്യാപിച്ചു, "ഒരു ഹിന്ദുവിനും അവന്റെ ആചാരങ്ങളനുഷ്ഠിക്കുവാൻ സ്വാതന്ത്ര്യമില്ല." രണ്ടു മുസ്ലീമുകളെ അജ്ഞാതരായ ആരോ കട്ഷാറിൽ വച്ച് വധിച്ചതിന്, അതേ ദിവസത്തിൽ അഞ്ചുവർഷങ്ങൾ നിരന്തരമായി, ഫിറോസ്ഷാ അവിടം ആക്രമിച്ച് പതിനായിരക്കണക്കിന് ഹിന്ദുപുരുഷന്മാരെ തലയറുത്തിരുന്നു. ആദ്യവർഷം 23,000 സ്ത്രീകളെ അടിമകളാക്കുകയും ചെയ്തു. ജഗന്നാഥ്, മലുഹാ, തുഗ്ലക്ക്പൂർ, സലിബ്പുരയിലെ ആയിരക്കണക്കിന് ക്ഷേത്രങ്ങൾ അഗ്നിക്കിരയാക്കി, ആയിരക്കണക്കിന് ബ്രാഹ്മണരെയും ചുട്ടുകൊന്നു, ബാക്കിയവശേഷിച്ചവരെ ഇസ്ലാംമതത്തിലേയ്ക്ക് മാറ്റി.

1388 സെപ്റ്റംബർ 20 ന് ഫിറോസ് കാലപുരിയിലെത്തി. ഫിറോസിന്റെ മൂന്നുമക്കളേയും വധിച്ച്, ഗിയാസുദ്ദിൻ തുഗ്ലക്ഷാ അധികാരമേറ്റു.

1389 സ്ത്രീ - ധനം - ലഹരിപാനീയം ഇവക്കടിമയായിരുന്ന ഗിയാസുദ്ദിൻ വധിക്കപ്പെട്ടു. അബുബക്കർ, ഫെബ്രുവരി 19 ന് അധികാരമേറ്റു. ആഭ്യന്തരകലാപം പൊട്ടിപുറപ്പെട്ടപ്പോൾ അയാൾ പലായനം ചെയ്തു.

1390 എ.ഡി. മുഹമ്മദ് ബിൻ ഫിറോസ് സിംഹാസനത്തിലിരുന്നു. സർവ ഹിന്ദുരാജാക്കളേയും ക്രൂരമായി അടിച്ചമർത്തി "വിമൻ-വൈൻ-വെൽത്തിൽ" മുഴുകി അയാൾ കുറച്ചുകാലം ഭരിച്ചു.

1394 ജനുവരിയിൽ അയാളും മരിച്ചു. അല്ലാവുദ്ദിൻ സിക്കന്തർ ഷാ ഏതാനും മാസങ്ങൾ ഭരിച്ച്, മരിച്ചു.

1395 മുഹമ്മദ് നസിറുദ്ദിൻ ഭരണമാരംഭിച്ചു.

## ക്രൂരനായ ടൈമൂറിന്റെ ആക്രമണപരമ്പരയുടെ ദിവസങ്ങൾ

സമർഖണ്ഡിലെ തലവനായി 1370ൽ തെരഞ്ഞെടുക്കപ്പെട്ട തുർക്കിക്കാരനായിരുന്നു ടൈമൂർ. ഭാരതത്തിലേക്കുള്ള പടയോട്ടത്തിൽ ടൈമൂർ ഇങ്ങനെ പ്രഖ്യാപിച്ചു. **"ഹിന്ദുസ്ഥാനിലേയ്ക്കുള്ള എന്റെ ആക്രമണ ഉദ്ദേശം വിഗ്രഹാരാധകരെ, ഇസ്ലാമിലേക്കു മതപരിവർത്തനം**



Scanned with CamScanner

ചെയ്ത് ശുദ്ധീകരിക്കുക എന്നതാണ്. ആ ദേശത്തെ തന്നെ ബഹു ദൈവവിശ്വാസത്തിൽ നിന്ന് മോചിപ്പിച്ച് ക്ഷേത്രങ്ങളേയും, വിഗ്ര ഹങ്ങളേയും പിഴുതെറിഞ്ഞ് ദൈവത്തന്റെ മുമ്പിൽ സ്വയം മുജാ ഹിദുകളായിത്തീരുക എന്നതാണ്".

1398 ഏപ്രിൽമാസത്തിൽ സമർഖണ്ടിൽ നിന്നാരംഭിച്ച് ത്ധേലം നദി കടന്ന്, ഖോഖർമാരെ കീഴടക്കി, സിന്ധുനദീതീരത്ത് തന്നെ മുൻകൂട്ടി നിശ്ചയിച്ചതനുസരിച്ച് കാത്തുനിന്ന പീർമുഹമ്മദുമായി ചേർന്ന്, ആയി രക്കണക്കിന് ഭാരതീയരെ ഉന്മൂലനം ചെയ്ത് (ഭടനീറിൽ) നവംബർ 13ന് സിർസ, ഫത്തേഹാബാദ്, കീഴടക്കി, അഹർവാൻ കൊള്ളയടിച്ച്, രണ്ടായിരത്തിലധികം ജാട്ടുകളെ തോഹനയിൽ കൊല ചെയ്ത്, 1398 നവംബർ 29 ന് പാനിപ്പത്തിലെത്തി. ഡിസംബർ 7 ന് യമുനാനദി കടന്ന്, ലോണി കീഴടക്കി ഡൽഹിക്ക് സമീപം ടൈമൂർ എത്തി.

1398 ഡിസംബർ 12ന് ടൈമൂർ ഒരു ലക്ഷം ഹിന്ദുക്കളെ പിടികൂടി വധി ച്ചു. ലോകചരിത്രത്തിൽ ഏറ്റവും ക്രൂരമായ സംഭവമായിരുന്നു ഇത്! ഡിസംബർ 17 ന് യമുനായുടെ രണ്ടാം കൈവഴി കടന്ന് ഡൽഹി ആക്ര മണമാരംഭിച്ചു. 15 ദിവസങ്ങൾ ഡൽഹിയിൽ ക്രൂരകർമ്മങ്ങൾ തുടർന്നു. "ഡൽഹി നഗരം രക്തപുഴയായി, നാശത്തിന്റെ കൊടുങ്കാറ്റടിച്ചതു പോലെ! വിലപിടിപ്പുള്ള സർവതും കൊള്ളയടിക്കപ്പെട്ടു. മുസ്ലീമുകൾ മാത്രം ഇതിൽ നിന്ന് രക്ഷപ്പെട്ടു. ഹിന്ദുക്കളുടെ തലകളുടെ വലിയ കുന്നുകൾ വീഥികളിൽ കാണാമായിരുന്നു. ശരീരാവയവങ്ങൾ മൃഗ ങ്ങൾ വലിച്ചു കീറുന്നുണ്ടായിരുന്നു. പള്ളികളിൽ അഭയം തേടിയ ഹിന്ദു ക്കളുടേയും ശിരച്ഛേദിക്കപ്പെട്ടു".

1398 ഡിസംബർ 17, 18, 19 തീയതികളിൽ നരഹത്യ നടത്തി ഡൽഹി യിൽ നിന്ന് മീററ്റ്, ഹരിദ്വാർ, ജമ്മു എന്നിവിടങ്ങളിലും നരഹത്യ തുടർന്ന്, കൊള്ളയടിക്കാവുന്നത്രയും കൊള്ളചെയ്ത് ജമ്മുരാജാവിനെ പശു ഇറച്ചി ഭക്ഷിപ്പിച്ച് മുസൽമാനാക്കി.

1399 ൽ ഇന്ത്യയിൽ ഒരു ഭീകരസ്വപ്നം വിതച്ച് ടൈമൂർ തിരിച്ചുപോ യി. ഇത്രയും ക്രൂരനായ ഒരു നരാധമൻ ഭാരതത്തിലേക്ക് ആക്രമിച്ചു കയറിയിട്ടില്ലതന്നെ. ഹിന്ദുക്കളുടെ തലയറുക്കാനും കൊള്ളയടിക്കാനും മാത്രമായിട്ടായിരുന്നു ടൈമൂർ വന്നത്.

## സയ്യിദ് വംശം

1401 എ.ഡി. ടൈമൂറിനെ ഭയന്ന് പലായനം ചെയ്ത നസറുദ്ദീനെ തിരിച്ചു വിളിച്ച് ഡൽഹി സുൽത്താനായി ഭരണഭാരം ഏൽപിച്ചു. 1413 നസറു ദ്ദീൻ മരിച്ചു.



Scanned with CamScanner

1414 എ.ഡി. സയ്യിദ് വംശത്തിലെ ഖിസ്രിഖാൻ ഭാരതം ഭരിച്ചു. തൈമൂറിന്റെ ആക്രമണവും, മറ്റു വിദേശികളുടെ കയ്യേറ്റവും അനുഭവിച്ച് സഹികെട്ട ഭാരതീയ ജനത പ്രതികരിക്കാൻ വെമ്പൽകൊണ്ടു. കട്ച്ചാർ, ഡോബ്, ബിയാന, ഗ്വാളിയർ, ബഡോൺ എന്നിവയെല്ലാം സ്വയം സ്വാതന്ത്ര്യം പ്രഖ്യാപിച്ചു.

1421 മേയ് 20 ന് ഖിസ്രിഖാൻ മരിച്ചു. മുബാറക് ഷാ സുൽത്താനായി ഹിന്ദുക്കളെ അടിച്ചമർത്താൻ ശ്രമിച്ചുകൊണ്ടേയിരുന്നു.

1434 ഫെബ്രുവരി 20 ന് മുബാറക്ഷായെ കൊച്ചുമകൻ വധിച്ചു. മുഹമ്മദ് ഷാ ഭരണമേറ്റെടുത്തു. ശക്തി ക്ഷയിച്ച സുൽത്താന്റെ രാജ്യം ഇഴഞ്ഞു നീങ്ങി.

1445 എ.ഡി. മുഹമ്മദ് ഷാ മരിച്ചു. അലാവുദ്ദീൻ അലം ഷാ സിംഹാസനത്തിലിരുന്നു.

1445 സയ്യിദ് വംശത്തിലെ അവസാനത്തെ സുൽത്താനായി അലാവുദ്ദീൻ ഷാ ഭരണമേറ്റു. പിന്നീട് ഡൽഹിയിലെ ഭരണം പ്രധാനമന്ത്രി ഹമീദ് ഖാനെ ഏൽപ്പിച്ചു.

## ലോഡിവംശം ഭരണമേറ്റെടുക്കുന്നു

1451 എ.ഡി. അലാവുദ്ദീൻ ഷായെ സിംഹാസനഭ്രഷ്ടനാക്കി ഏപ്രിൽ 19 ന് ഹമീദ് ഖാൻ ബെഹ്‌ലോൽ ലോഡിയെ ഭരണമേറ്റെടുക്കാനായി ക്ഷണിച്ചു. സാമന്തന്മാരായ മറ്റനേകം മുസ്ലീം ഭരണാധികാരികളുമായി ലോഡിക്ക് യുദ്ധം ചെയ്യേണ്ടിവന്നു.

1489 ജൂലൈ 17 ന് ലോഡിയെ അധികാരഭ്രഷ്ടനാക്കി സിക്കന്ദർഷാ സ്ഥാനമേറ്റു. ആയിരക്കണക്കിന് ഹിന്ദുക്ഷേത്രങ്ങൾ പള്ളികളായി മാറ്റപ്പെട്ടു. നാഗർകോട്, ജ്വാലാമുഖി, മഥുര, മന്ദ്രള്ളി, ഉലഗിർ, നർവർ, ഛന്ദേരി, പോലെ പ്രസിദ്ധങ്ങളായ ക്ഷേത്രങ്ങൾക്കു മുകളിൽ പള്ളി പണിതു. ഹിന്ദുക്കളുടെ ഗംഗായമുനാ സ്നാനം നിരോധിച്ചു.

1517 നവംബർ 21 ന് സിക്കന്തർ ഷാ ലോഡി മരിച്ചു, ഇബ്രാഹിം ലോഡി അധികാരക്കസേരയിൽ ഉപവിഷ്ഠനായി.

1517–18 അനവധി മുസ്ലീം ഭരണാധികാരികൾ തമ്മിൽ ഇക്കാലഘട്ടത്തിൽ പരസ്പരം ഭാരതത്തിൽ പടവെട്ടിക്കൊണ്ടിരുന്നു. ഇബ്രാഹിംഖാൻ എന്ന ഭരണാധികാരിയും ഇബ്രാഹിം ലോഡിയും തമ്മിലുള്ള യുദ്ധത്തിൽ പതിനായിരങ്ങൾ മരിച്ചു വീണു. മറ്റൊര ഭരണാധികാരിയായ ദൗലത്ഖാൻ, ഇത്തരുണത്തിൽ വിദേശിയായ ബാബറെ ക്ഷണിച്ചുവരുത്തി, ഇബ്രാഹിം ലോഡിക്കെതിരെ പട നയിച്ചു.



Scanned with CamScanner

## ബാബറിന്റെ ആക്രമണം

1519-20 നാലുപ്രാവശ്യം ഭാരതത്തിലേയ്ക്ക് ആക്രമിച്ചു കടക്കുവാൻ തയ്യാറായി സാധിക്കാതെ പിൻവാങ്ങിയ ബാബർ അഞ്ചാം തവണ പേഷ്വാർ കേന്ദ്രീകരിച്ച് സിയാൽകോട്ട്, ബിജിനർ, ഭേറ എന്നിവ കീഴടക്കി. പതിനായിരക്കണക്കിന് ഹിന്ദുക്കളെ ഭേറയിൽ അരിഞ്ഞു വീഴ്ത്തി.

1522 എ.ഡി. ബാബർ ഗാന്ധാരം കീഴടക്കി. ഷേർഖാനുമായി ബാബർ കൈകോർത്തു.

1526 ആറാം തവണ, ദൗലത് ഖാന്റെ ക്ഷണമനുസരിച്ച് ഇബ്രാഹിം ലോഡിയെ നേരിടാനാണ് ബാബർ വന്നത്. പാനിപത്തിലെ യുദ്ധത്തിൽ ഭാരതം ബാബറിന് കീഴടങ്ങിയതുപോലെയായി.

1527 റാണാസംഗ, സുൽത്താൻ മൊഹമ്മദ്, ഹസ്സൻ ഖാൻ എന്നിവരെ ബാബർ നേരിട്ടു. മാർച്ച് 17, 9 മണിക്കാരംഭിച്ച യുദ്ധത്തിൽ റാണാ സംഗ മറ്റു മുസ്ലീം രാജാക്കന്മാരുമായി ചേർന്ന് ബാബറെ എതിരിട്ടു. മനുഷ്യ ശിരസുകൊണ്ടൊരു മഹാഗോപുരം യുദ്ധാനന്തരം സൃഷ്ടിക്കപ്പെട്ടു. അതിന്റെ മുന്നിൽ നിന്ന് ബാബർ, ഖാസി എന്ന നാമം സ്വീകരിച്ചു.

1528 ജനുവരി 29 ന് ആരംഭിച്ച ആക്രമണ പരമ്പരയിലൂടെ ഭാരതത്തിലെ പ്രഗത്ഭരായ അനവധി രാജാക്കന്മാരെ വധിച്ച് ഭാരതം ബാബർ കൈക്കുള്ളിലാക്കി. 1530, ഡിസംബർ 26 ന്, 36 വർഷത്തെ നരഹത്യക്കവസാനം കുറിച്ച് ബാബർ ആഗ്രയിൽ ശ്വാസം വെടിഞ്ഞു.

1530 ബാബറിന്റെ മരണത്തെതുടർന്ന് ഡിസംബർ 30 ന് മകൻ ഹുമയൂൺ അധികാരമേറ്റു. ഹുമയൂൺ യുദ്ധവിജയങ്ങളുടേയും പരാജയങ്ങളുടേയും ജൈത്രയാത്ര നടത്തി.

1531 ൽ കലിഞ്ജർ രാജാവിൽ നിന്നും 1539 ജൂൺ 26 ന് ഷേർ ഖാനിൽ നിന്നും, 1504 ൽ കന്നൗജിലും പരാജയം ഏറ്റുവാങ്ങിയ ഹുമയൂൺ വിസ്തൃമായ രാജ്യം നിലനിർത്തി.

## ഇടയ്ക്കൊരല്പം സൂരിവംശം

ഇതിനിടയ്ക്ക് ഹുമയൂണിനെ പരാജയപ്പെടുത്തി ഷേർഷാ, 1540 ൽ പഞ്ചാബ്, മാൾവ, റെയ്സിൻ, മുൾട്ടാൻ, സിന്ധ്, രജപുത്താന, കലിഞ്ജർ എന്നീ പ്രദേശങ്ങൾ കീഴടക്കി ഭരിച്ചു. മേയ് 22, 1545ൽ ഷേർഷാ മരിക്കുകയും ചെയ്തു. ഷേർഷ സ്ഥാപിച്ച സൂരിവംശം, മകൻ ജലാൽ ഏറ്റുവാങ്ങി. തുടർന്ന് ഇസ്ലാം ഷാ 1553 വരെ ഭരിച്ചു. പിന്നീട് 1557 വരെ മൊഹമ്മദ് അഡിൽ ഭരിച്ച് സൂരിവംശം അസ്തമിച്ചു.



Scanned with CamScanner

1556 ജനുവരിയിൽ ഹുമയൂൺ അന്ത്യയാത്ര ചെയ്യുന്നതിന് മുമ്പ് സൂരി വംശത്തിലെ അനവധി രാജ്യങ്ങൾ തിരിച്ചുപിടിച്ചിരുന്നു.

1556 ഫെബ്രുവരി 14 ന് ഹുമയൂണിന്റെ മകൻ അക്ബർ 13-ാം വയസിൽ ഭാരതത്തിന്റെ ഭരണമേറ്റു.

1556ൽ അക്ബർ, ഹെമുവിനെ പരാജയപ്പെടുത്തി, 1561 ൽ മാൾവ കീഴടക്കി, 1564ൽ ഗോണ്ടുവന, 1567ൽ ചിറ്റൂർ, 1569ൽ രത്തംബോറും കലിഞ്ജറും, തുടർന്ന് ജോദ്പുർ, ബിക്കാനിർ എന്നിവയും അക്ബറിന് കീഴടങ്ങി.

1564 മുസ്ലീം രാജാക്കന്മാരെയെല്ലാം അക്ബർ അടിച്ചമർത്തി, അനേകം രാജ്യങ്ങൾ കൂട്ടിച്ചേർത്തു.

1572 റാണാ പ്രതാപസിംഹനുമായി അക്ബർ ആരംഭിച്ച യുദ്ധം 1597 വരെ നീണ്ടു നിന്നു.

1576ൽ ഹിന്ദുവായ രാജാമാൻസിംഗാണ് അക്ബറിന്റെ സേനയെ റാണാ പ്രതാപനെതിരെ നയിച്ചത് - ഹിന്ദുവിനെതിരെ, ഭാരതത്തിൽ ഹിന്ദു യുദ്ധനേതൃത്വമേറ്റെടുത്ത മറ്റൊരു ചരിത്രമായിരുന്നു ഇത്.

1597 ൽ റാണാ പ്രതാപൻ " ഈ രാഷ്ട്രം തുർക്കികൾക്കടിയറവെയ്ക്കരുതെന്ന് " പറഞ്ഞു മരിച്ചു വീണു. **(ഇതിനിടയ്ക്ക് 1591 രണ്ടംഗ കൃസ്ത്യൻ മിഷണറിമാർ അക്ബറിന്റെ കൊട്ടാരത്തിലെത്തിയിരുന്നു. 1595ൽ വീണ്ടും മൂന്നംഗ ക്രിസ്ത്യൻ മിഷണറിമാർ എത്തിയിരുന്നു.)**

1599 റാണാ പ്രതാപന്റെ പുത്രൻ അമരസിംഹനുമായുള്ള യുദ്ധത്തിലും അക്ബറിന്റെ സൈന്യത്തെ നയിച്ചത് രാജാമാൻസിംഗായിരുന്നു. 1572 - 1600 കാലയളവിൽ ഉത്തര മധ്യഭാരതത്തിൽ തലയുർത്തിയ എല്ലാ ഹിന്ദു-മുസ്ലീം രാജാക്കന്മാരേയും സുൽത്താൻമാരേയും അക്ബർ അടിച്ചമർത്തി.

1605 അക്ബറിന്റെ മരണത്തോടെ, ഒക്ടോബർ 24 ന് മകൻ ജഹാംഗീർ ഭരണമേറ്റു. നിയമപരമായി 20 ഭാര്യമാരും അല്ലാത്ത നൂറുകണക്കിന് ഭാര്യമാരുമുണ്ടായിരുന്ന ജഹാംഗീറിന്റെ കാലത്ത്, 1606 ൽ ഖുസ്രാവ് രാജകുമാരൻ അനേകം ക്ഷേത്രങ്ങളും, രാജകൊട്ടാരങ്ങളും, കൊള്ളയടിച്ച് ജഹാംഗീറിനെതിരെ യുദ്ധം പ്രഖ്യാപിച്ചു. ഖുസ്രാവ് ദിവസങ്ങൾക്കുള്ളിൽ വധിക്കപ്പെട്ടു.

1606 എ.ഡി. സിക്ക്ഗുരു അർജുൻ ദേവിനെ ജഹാംഗീർ ശിരച്ഛേദം ചെയ്തു വധിച്ചു. ജലവും ഭക്ഷണവും തടഞ്ഞും, ആഞ്ഞടിച്ചും, അക്ബറിന് കീഴടങ്ങാത്ത രാജാക്കന്മാരെ ജഹാംഗീർ കീഴടക്കി 21 വർഷം ഭരിച്ചു.



Scanned with CamScanner

1627 ജഹാംഗീർ, അമിതമായ മദ്യപാനരോഗം മൂലം മരിച്ചു.

1628 മാർവാറിലെ രാജാ ഉദയ്സിംഹന്റെ പുത്രി ഹിന്ദുവായ ജോദാ ബായിയുടേയും ജഹാംഗീറിന്റേയും മൂന്നാമത്തെ പുത്രനായ ഷാജഹാൻ ഡൽഹിയുടെ അധികാരമേറ്റു. പിതാവിന്റെ മറ്റു ഭാര്യമാരേയും അവരിലുള്ള സഹോദരന്മാരേയും ക്രൂരമായി പീഡിപ്പിച്ച്, അന്ധരാക്കി, ചിലരെ വധിച്ചുമാണ് "പ്രേമത്തിന്റെ മൂർത്തിമത്ഭാവമായ" ഷാജഹാൻ അധികാരക്കസേര കയ്യടക്കിയത്.

1631 എ.ഡി. ഭരണശക്തിയുപയോഗിച്ച് അടിച്ചമർത്തി ഭരിച്ച ഷാജഹാൻ പോർച്ചുഗീസുകാർക്കെതിരെ യുദ്ധം ചെയ്തു. പോർച്ചുഗീസുകാരുമായുള്ള യുദ്ധത്തിൽ 10,000 ഹിന്ദുക്കളെ വധിക്കുകയും 4000 പേരെ തടവുകാരായി പിടിക്കുകയും ചെയ്തു. അവരെ ഷാജഹാൻ ആഗ്രയിൽ കൊണ്ടുവന്നു മുസൽമാന്മാരാക്കി, വിസമ്മതിച്ചവരെ ക്രൂരമായി വധിച്ചു.

1636 എ.ഡി. ഗോൽകൊണ്ട, ബീജാപൂർ, ബൽക്ക, ഗാന്ധാർ, ബോഖാര തുടങ്ങിയ പൂർവികരാൽ കീഴടക്കാൻ പറ്റാത്ത ദേശങ്ങൾ ഷാജഹാൻ കീഴടക്കി, തന്റെ നാലു മക്കൾക്കായി വീതിച്ചു.

1657 എ.ഡി. ദാര എന്ന മകനെ അധികാരമേൽപിച്ചു, സെപ്റ്റംബറിൽ രോഗിയായിത്തീർന്ന ഷാജഹാനെ ദാര തടവിലാക്കി.

1658 അധികാരം ദാരയുടെ സഹോദരന്മാരിൽ നിന്നും സംരക്ഷിക്കാൻ അയാളെ മഹാരാജാ ജസ്വന്ത്സിംഹ് സഹായിച്ചു. ജസ്വന്ത് സിംഗിന്റെ സൈന്യത്തെ നാലുഭാഗത്തിനിന്നും മുസ്ലീം രാജാക്കന്മാർ ആക്രമിച്ചു. പതിനായിരങ്ങൾ ചത്തൊടുങ്ങി. ജസ്വന്തസിംഹനെ സഹായിക്കാനെത്തിയ മറ്റു ഹിന്ദുരാജാക്കന്മാർ യുദ്ധക്കളത്തിൽ നിന്ന് പലായനം ചെയ്തു.

1659 മേയ് 29 ന് ദാരയുടേയും ഔറംഗസീബിന്റേയും സൈന്യം ഏറ്റുമുട്ടി. വിജയത്തിന്റെ വക്കോളമെത്തിയ ദാരയുടെ ആന വിരണ്ടോടി. ഔറംഗസീബ് ജയിച്ചു. ജൂൺ 5 ന് സമുഗറിലെ യുദ്ധത്തിലും പൂർണ വിജയം നേടിയ ഔറംഗസീബ് ഡൽഹി സുൽത്താനായി. ഭരണമേറ്റെടുത്ത ഔറംഗസീബ്, ഭാരതത്തിൽ പുതിയ ക്ഷേത്രങ്ങൾ നിർമ്മിക്കരുതെന്നും പുനർനിർമ്മിക്കരുതെന്നും നിയമമുണ്ടാക്കി. ഉത്തരഭാരതത്തിലെ എല്ലാ പ്രസിദ്ധക്ഷേത്രങ്ങളും കൊള്ളയടിച്ചു. മേവാറിലെ 240 ക്ഷേത്രങ്ങൾ നശിപ്പിച്ചു. ആയിരക്കണക്കിന് പശുക്കളെ ക്ഷേത്രാംഗണത്തിൽ കൊന്നു, കൂട്ടത്തിൽ ആയിരക്കണക്കിന് ഹിന്ദുക്കളേയും വധിച്ചു.

1679 ഏപ്രിൽ 12 ന് ജസിയ ഏർപ്പെടുത്തി. വിവിധ പ്രലോഭനങ്ങളിലൂടെ ഹിന്ദുക്കളെ ഇസ്ലാം മതത്തിലേക്ക് പരിവർത്തനം ചെയ്തു.



Scanned with CamScanner

ഹോളി, ദീപാവലി ആഘോഷം നിരോധിച്ചു. ഗംഗാസ്നാനവും ജഢം ദഹിപ്പിക്കലും നിരോധിച്ചു. ഇസ്ലാം മതം സ്വീകരിച്ച എല്ലാ തടവുകാർക്കും മാപ്പു നൽകി, കരമൊഴിവാക്കി വിട്ടയച്ചു.

രജപുത്ര രാജാക്കന്മാരുമായി ചേർന്ന്, ഔറംഗസീബിന്റെ മകൻ അക്ബർ II രാജകുമാരൻ ഔറംഗസീബിനെ തുറുങ്കിലടച്ചുവെങ്കിലും ഔറംഗസീബിന്റെ ബന്ധുക്കളും പുത്രന്മാരും അക്ബർ II നെതിരെ തിരിഞ്ഞു, ഔറംഗസിബ് തടവിൽ നിന്ന് മോചിതനായി.

1707 മാർച്ച് 3 ന് തടവിൽ കിടന്നുകൊണ്ട് ഷാജഹാൻ മരിച്ചു. ഷാജഹാന്റെ രണ്ടാമത്തെ പുത്രൻ ബഹാദൂർഷാ ഭരണഭാരമേറ്റെടുത്തു.

1712 ഹിന്ദുക്കളെ കാര്യമായി ദ്രോഹിക്കാത്ത ബഹാദൂർഷാ മരിച്ച്, മാർച്ച് 29 ന് ഷായുടെ പുത്രൻ മുസുദ്ദിൻ, ജഹന്ദർഷാ എന്ന പേരിൽ അധികാരമേറ്റു.

1713 ജഹന്ദർ ഷായുടെ പുത്രൻ ഫറുക്ഖസിയാർ പിതാവിനെതിരെ യുദ്ധം പ്രഖ്യാപിച്ച് ജനുവരി 10 ന് പിതാവിനെ വധിച്ച് അധികാരത്തിലേറി.

1715 ഖസിയാർ, ബന്ദാ ബൈരാഗിയേയും 750 സിഖുകാരേയും ഡൽഹിയിൽ വച്ച് വധിച്ചു.

1719 മറാത്ത സൈന്യവും, ഹുസൈൻ അലിയുടെ സൈന്യവും ഖസിയാറെ തടവിലാക്കി വധിച്ചു. അടുത്ത ഭരണാധികാരി റാഫി-ഉദ്-ദർജിത് ക്ഷയരോഗം പിടിപെട്ട് മരിച്ചു. അടുത്ത ഭരണാധികാരിയും റാഫി-ഉദ് -ഹൈദ് ഉം അതേവർഷം തന്നെ സെപ്റ്റംബറിൽ ഡിസൻട്രി പിടിപെട്ട് മരിച്ചു.

1719 സെപ്റ്റംബറിൽ മുഹമ്മദ്ഷാ ഭരണമാരംഭിച്ചു. (കാബൂളിൽ നിന്നു വന്ന ആക്രമിയായ നാദിർഷായുടെ രക്തരൂക്ഷിത ആക്രമണം നടന്നു)

1748 മുഹമ്മദ് ഷാ മരിച്ചു. 1754ൽ മകൻ അഹമ്മദ്ഷാ ഭരണഭാരമേറ്റെടുത്തു. 1857 ൽ ഭാരതത്തിൽ ഇംഗ്ലീഷുകാർക്കെതിരെ ആദ്യത്തെ ശിപായി ലഹള നടക്കുന്നതുവരെ മുഗളന്മാരുടെ ശക്തരല്ലാത്ത അനവധി ഭരണാധികാരികൾ ഡൽഹി സിംഹാസനത്തിലിരുന്നു.

1857 ബ്രിട്ടീഷുകാരുടെ കയ്യിലായ ഭാരതത്തിൽ മുഗളന്മാരുടെ അവസാനത്തെ അധിപതി ബഹാദൂർഷാ നിഷ്കാസിതനായി ബർമ്മയിലേക്ക് നാടുകടത്തപ്പെടുന്നതോടുകൂടി മുഗളവംശം അവസാനിച്ചു.

## ക്രൂരനായ നാദിർഷായുടെ ആക്രമണം

മനുഷ്യമനസ്സുകൾക്ക് ചിന്തിക്കാൻ പറ്റുന്നതിലപ്പുറമുള്ള ഹിന്ദുഹത്യ ചെയ്ത തൈമൂറും നാദിർഷായും ഭാരതീയർ എന്നുമോർക്കേണ്ട പേരു



Scanned with CamScanner

കളാണ്. 1737ൽ കാബൂളിൽ നിന്നാരംഭിച്ച്, ഖാൻഡഹാർ വഴി, പഞ്ചാബിലെ കർണാലിൽ വന്ന് മുഗളവംശത്തിലെ മുഹമ്മദ് ഷായുമായി ഘോരയുദ്ധം ചെയ്ത് ഷാ യിൽ നിന്ന് 20 കോടി രൂപയുടെ വാഗ്ദാനം സ്വീകരിച്ച്, യുദ്ധം അവസാനിപ്പിച്ച്, ഡൽഹിയിൽ വന്ന മുഹമ്മദ് ഷായുടെ സ്വീകരണം ഏറ്റുവാങ്ങി 1739 മാർച്ച് 22 ന് ഒരൊറ്റ ദിവസം കൊണ്ട് 30,000 ഹിന്ദുക്കളെ തലയറുത്തുകൊന്ന്, മേയ് 15 വരെ ഡൽഹിയിൽ വസിച്ച്, സാധിക്കാവുന്നത്രയും സമ്പത്ത് കൊള്ളയടിച്ച്, കോഹിനൂർ രത്നവും, മയൂര സിംഹാസനവും കൊള്ളയടിച്ച് നാദിർഷാ തിരിച്ചുപോയി. അഫ്ഘാനിൽവച്ച് 1747 ൽ നാദിർഷാ വധിക്കപ്പെട്ടു. 1748 മുതൽ അഞ്ചു പ്രാവശ്യം അയാളുടെ മകൻ അഹമ്മദ്ഷാ ഭാരതമാക്രമിച്ചു. ഭാരതത്തിലെ പലഹിന്ദുരാജാക്കന്മാരെയും ഉന്മൂലനം ചെയ്ത്, ലാഹോർ - ഡൽഹി- കാശ്മീർ - സിന്ധ്-സിർഹിന്ദ് എന്നിവടങ്ങളിലെ മുസ്ലീം രാജാക്കന്മാരെയും വധിച്ചു. ഈ ആക്രമണങ്ങൾ പരോക്ഷമായി ഭാരതത്തിൽ ഇംഗ്ലീഷ് ആധിപത്യത്തിന് വഴിയൊരുക്കി.

## ഡക്കാനിലെ ബാഹ്മിനി രാജവംശം

1347 ആഗസ്റ്റ് 3 ന് അല്ലാവുദ്ദീൻ ഹസ്സൻ, മുഗൾ സുൽത്താൻ മുഹമ്മദ് ബിൻ തുഗ്ലക്കിനെതിരെ യുദ്ധം ചെയ്ത്, ഡക്കാനിൽ ബാഹ്മിനി രാജ്യം സ്ഥാപിച്ചു.

1348 ഫെബ്രുവരിയിൽ ഹസ്സൻ മരിച്ചു. മുഹമ്മദ് ഷാ ഭരണമാരംഭിച്ചു. കാക്കത്തീയ രാജ്യത്തേയും വിജയനഗരത്തേയും കൊള്ളയടിച്ച് ബാഹ്മിനി രാജ്യം അൽപം കൂടി വികസിപ്പിച്ചു.

1375 മുഹമ്മദ് ഷാ നാടുനീങ്ങി, മകൻ മുജാഹിദ് ഷാ കസേരയിലിരുന്നു. പല ഹിന്ദു രാജാക്കന്മാരുമായും യുദ്ധം ചെയ്തെങ്കിലും ദയനീയ പരാജയം ഏറ്റുവാങ്ങി.

1390 മുഹമ്മദ്ഷാ II അധികാരമേറ്റു, 1397ൽ അയാൾ സ്വന്തം മകന്റെ കൈകൊണ്ടു വധിക്കപ്പെട്ടു.

1397 ഹസ്സന്റെ കൊച്ചുമകൻ ഫിറോസ് ഷാ അധികാരമേറ്റു. വിജയനഗരവുമായി മൂന്നുപ്രാവശ്യം യുദ്ധം ചെയ്തു, മൂന്നാമത്തേതിൽ പരാജയപ്പെട്ടു, കീഴടങ്ങി.

1422 ഫിറോസ് ഷായെ വധിച്ച് സഹോദരൻ അഹമ്മദ് ഷാ ഭരണമേറ്റെടുത്ത് തുർക്കികൾ, പേർഷ്യക്കാർ, അറബികൾ ആഫ്രിക്കൻ മുസ്ലീമുകളായ ഷിയവിഭാഗത്തിൽപെട്ടവർ ഇവരെ ഭരണാധികാരത്തിന്റെ സിരാകേന്ദ്രങ്ങളിൽ പ്രതിഷ്ഠിച്ചു. ഹിന്ദുരാജാക്കന്മാരെ ആക്രമിച്ചു കൊള്ളയടിക്കുക എന്നത് ഫിറോസിന് ഹരമായിരുന്നു.



Scanned with CamScanner

1436 ൽ ഫിറോസ് ഷായും മരിച്ചു.

1436 അല്ലാവുദ്ദിൻ II ബാഹ്മിനി വംശത്തിന്റെ ഭാരമേറ്റു. ചുറ്റുമുള്ള ദേശങ്ങളെ കീഴടക്കിയ അല്ലാവുദ്ദീനെ കൃഷ്ണദേവരായർ തളച്ചുവെങ്കിലും പിന്നീട് രായർക്കു കീഴടങ്ങേണ്ടിവന്നു.

1442 കൃഷ്ണദേവരായൻ അല്ലാവുദ്ദീന്റെ II നേതൃത്വം അംഗീകരിച്ചു.

1457 അല്ലാവുദ്ദീൻ മരിച്ചു. പുത്രൻ ഏറ്റവും ക്രൂരനായ ഹുമയൂൺ ഷാ ഡക്കാനിലെ ഭരണഭാരമേറ്റു. ജനങ്ങളെ തിളപ്പിച്ച എണ്ണ, വെള്ളം ഇവയിലിട്ടും ക്രൂരമൃഗങ്ങൾക്ക് എറിഞ്ഞു കൊടുത്തും ആനന്ദിക്കുക ഇയാളുടെ സ്വഭാവമായിരുന്നു.

1461 ഈ ക്രൂരനെ അയാളുടെ അടിമകൾ തന്നെ വകവരുത്തി, അധികാര കസേര നിസാം ഷായിലെത്തി.

1463 നിസാം മരിച്ചു, മുഹമ്മദ് ഷാ III ഭരിച്ചു അയൽ രാജ്യങ്ങൾ കൊള്ളയടിച്ചുകൊണ്ടുതന്നെ സിംഹാസനത്തിലിരുന്നു.

1481 ഏറ്റവും പ്രിയ മന്ത്രിയായ മുഹമ്മദ് ഗവാന്റെ കൈകൊണ്ട് ഏപ്രിൽ 5 ന് അയാൾ വധിക്കപ്പെട്ടു.

1489 ബാഹ്മിനി വംശത്തിന്റെ ഒരുഭാഗം ബിജാപുർ രാജ്യമായിത്തീർന്നു. അത് യുസഫ് അദിൽ ഷാ ഭരിച്ചു.

1490 മറ്റൊരുഭാഗം അഹമ്മദ്നഗർ രാജ്യമായി മല്ലിക് അഹമ്മദ് ഭരിച്ചു. ഈ രണ്ടു രാജവംശവും ഏതാണ്ട് ഒരു നൂറ്റാണ്ടുകാലം തീരെ ശക്തരല്ലാത്ത രാജാക്കന്മാരാൽ ഭരിക്കപ്പെട്ടു. 1600ൽ അക്ബർ ഇവയെ മുഗളസാമ്രാജ്യത്തോടു ചേർത്തു.

## വിജയനഗർ സാമ്രാജ്യം

1340 ഹരിഹരനും ബുക്കനും, തുംഗഭദ്ര, കൊങ്കൺ, മലബാർ എന്നീ നാട്ടുരാജ്യങ്ങളിൽ നിന്ന് മുസ്ലീം രാജാക്കന്മാരെ വറംഗൽ രാജാക്കന്മാരുടെ സഹായത്താൽ പരാജയപ്പെടുത്തി, ദക്കാനിൽ സംഗമ രാജവംശമാരംഭിച്ചു.

1346 ഹോയ്സാല രാജ്യം കീഴടക്കി.

1353 ഹരിഹരൻ അന്ത്യശ്വാസം വലിച്ചതിനുശേഷം ബുക്കൻ ഭരണം 1379 വരെ തുടർന്നു.

1379 ബുക്കന്റെ മരണശേഷം വിസ്തൃതമായ വിജയനഗരത്തിന്റെ ഭരണസാരഥ്യം ഹരിഹരൻ II ഏറ്റുവാങ്ങി.

1406 ഹരിഹരൻ II നു ശേഷം മകൻ ദേവരാജൻ I ഭരണഭാരമേറ്റു.



Scanned with CamScanner

1422 ദേവരാജൻ I നാടുനീങ്ങിയതോടെ ദേവരാജൻ II ഭരണസാരഥ്യമേറ്റു.

1446 ദേവരാജൻ II ൽ നിന്ന് രാജ്യഭാരം മല്ലികാർജുനൻ ഏറ്റുവാങ്ങി.

1465 മല്ലികാർജുനനുശേഷം വിരൂപാക്ഷൻ എന്ന അശക്തനായ രാജാവ് ഭരിച്ചുകൊണ്ടിരുന്നപ്പോൾ നരസിംഹനെന്ന സലുവ രാജാവ് വിജയനഗരം കീഴടക്കിയെങ്കിലും വിജയനഗരത്തിന്റെ ശക്തി പൂർണമായും ക്ഷയിച്ചില്ല.

1486 നരസിംഹനും തുടർന്ന് സഹോദരനും ഭരിച്ചു.

1505 വീരനരസിംഹൻ ഭരണഭാരമേറ്റു, വീണ്ടും വിജയനഗരം വളരാൻ തുടങ്ങി.

1509 അതിപ്രശസ്തനായ കൃഷ്ണദേവരായൻ ഭരണമേറ്റു. വിജയനഗരത്തെ തിളക്കമാർന്ന ദേശമാക്കി.

1530 അച്ചുത രാജൻ ഭരണ ചുമതല ഏറ്റു. വിജയനഗരം വീണ്ടും വികസിച്ചു.

1542. സദാശിവരാജനും വിജയനഗരത്തിന്റെ ചുക്കാൻ പിടിച്ചു. മുഗളർക്കെതിരെയും മറ്റു മുസ്ലീം രാജാക്കന്മാർക്കെതിരെയും ആത്മവിശ്വാസത്തോടെ സദാശിവരാജൻ പടനയിച്ച്, കടന്നാക്രമണം നടത്തി.

1564 എല്ലാ മുസ്ലീം രാജാക്കന്മാരും ചേർന്ന് ഡിസംബർ 25 ന് വിജയനഗരത്തെ ആക്രമിച്ചു.

1565 ജനുവരി 23 ന് നടന്ന യുദ്ധത്തിൽ ഒരു ലക്ഷം ഹിന്ദുക്കൾ വധിക്കപ്പെട്ടുവത്രെ. "ഹിന്ദു ക്ഷേത്രങ്ങൾ, ഗൃഹങ്ങൾ, കൊട്ടാരങ്ങൾ കൊള്ളയടിച്ചു സമ്പത്തുകൊണ്ട് ഓരോ മുസ്ലീം പടയാളിയും സമ്പന്നനായി. കൊള്ളയടിച്ച മുതൽ പടയാളികളോട് സ്വന്തമാക്കിക്കൊള്ളാൻ അനുവാദം നൽകിയായിരുന്നുവത്രെ മുസ്ലീം ആക്രമണം ആരംഭിച്ചത്." അഞ്ചു മാസം നീണ്ടുനിന്ന ഈ കൊള്ളയും കൊള്ളിവെയ്പ്പും വിജയനഗരത്തെ തകർത്തതോടെ വിജയനഗര സാമ്രാജ്യമസ്തമിച്ചു.

## ഉത്തരഭാരതത്തിലെ മേവാർ രാജവംശം (565 എ.ഡി. - 1930 എ.ഡി)

565 - എ.ഡി. രാജാഗുഹിൽ എന്ന രജപുത്രൻ ആരംഭിച്ച വംശപരമ്പര 1930 വരെ മേവാർ ഭരിച്ചു. ഈ വംശത്തിലെ രാജാക്കന്മാർ 1116 വരെ:

രാജാഗുഹിൽ - രാജാ ഖുമ്മൻ I → രാജാ മട്ടാട് - രാജാ ഭർതാർ ഭട് → രാജാ സിംഗ് → രാജാ ഖുമ്മൻ II → രാജാ മഹായക് → രാജാ ഖുമ്മൻ III → രാജാ ഭസ്തർ ഭട് II → രാജാ അല്ലാട് → രാജാ നരവാ



Scanned with CamScanner

ഹനൻ → രാജാ ശലവാഹനൻ → രാജാ ശക്തികുമാർ → രാജാ അംബപ്രസാദ് → രജാ ഷിചർമ്മ → രാജാ നർവർമ്മ → രാജാ കീർത്തിവർമ്മ → രാജാ യോഗരാജാ → രാജ് വൈശാത് → രാജാ ഹംസപാൽ → രാജാ വൈരസിംഹൻ → രാജാ വിജയസിംഹൻ.

1116 എ.ഡി - 1213 എ.ഡി. രാജാ അരിസിംഹൻ → രാജാ ചോദ് സിംഹൻ → രാജാ വിക്രംസിംഹൻ → രാജാ രാംസിംഹൻ → രാജാ ഖേം സിംഹൻ →രാജാ സാമന്ത് സിംഹൻ → രാജാ കുമാര സിംഹൻ → രാജാ മതൻസിംഹൻ → രാജാ പദം → രാജാ ജൈത്രസിംഹ് റാവത് → 1273 റാവത് തേജ്സിംഹ് → 1285 റാവത് സമർസിംഗ് → 1304 റാവത് കുംഭകർണസിംഗ് (ഇദ്ദേഹമാണ് ഇന്നത്തെ നേപ്പാൾ രാജ വംശത്തിന്റേയും ആരംഭംകുറിച്ചത്) → 1326 റാവത് റാം ഹമ്മിർ സിംഗ് → 1364 മഹാറാണാ ക്ഷേത്ര സിംഗ് → 1382 മഹാറാണാ ലക്ഷസിംഗ് → 1421 മഹാറാണാ മോകാർജി → 1432 മഹാറാണാ കുംഭാജി → 1467 മഹാറാണാ ഉദയ്കർണ്ണ → 1472 മഹാറാണ റായ്മാൽ → 1509 റാണാ സംഗ്രാം സിംഗ് → 1528 മഹാറാണാ രത്തൻ സിംഗ് → 1531 മഹാ റാണാ വിക്രമാദിത്യസിംഗ് → 1536 റാണാവൻഭീർ സിംഗ് → 1540 മഹാ റാണാ ഉദയ്സിംഗ് → 1570 മഹാറാണാ പ്രതാപ്സിംഗ് (റാണാ പ്രതാ പസിംഹന്റെ വീരചരിത്രം നമുക്കറിയാവുന്നത് ഓർക്കുക) 1597 മഹാ റാണാ അമർസിംഗ് → 1620 മഹാറാണാ കർണസിംഗ് → 1628 മഹാ റാണാ ജഗത്സിംഗ് → 1652 മഹാറാണാ രാജാസിംഗ് → 1680 മഹാ റാണാ ജയ്സിംഗ് → 1698 മഹാറാണാ അമർസിംഗ് → 1719 റാണാ സംഗ്രാം സിംഗ് II → 1734 മഹാറാണാ ജഗത്സിംഗ് II → 1751 മഹാ റാണാ പ്രതാപ്സിംഗ് II → 1754 മഹാറാണാ രാജ്സിംഗ് II → 1761 മഹാറാണാ അരിസിംഗ് → 1773 മഹാറാണാ ഹമ്മിർസിംഗ് II → 1778 മഹാറാണാ ഭീംസിംഗ് → 1828 മഹാറാണാ ജവാൻ സിംഗ് → 1838 മഹാറാണാ സർദാർ സിംഗ് 1842 മഹാറാണാ സജ്ജൻ സിംഗ് → 1884 മഹാറാണാ അടൽസിംഗ് → 1904 മഹാറാണാ ഭോപ്പാൽ സിംഗ് → 1930 ൽ മഹാറാണാ ഭോപ്പാൽ സിംഗിന്റെ മരണത്തോടെ രജപുത്രവം ശഭരണം അസ്തമിച്ചു.

മുഹമ്മദ്ഗസ്നി മുതൽക്കിങ്ങോട്ടുള്ള മുസ്ലീം അക്രമകാരികളെല്ലാം, തുടർന്ന് ഇംഗ്ലീഷുകാരും ഒരു സഹസ്രാബ്ദത്തിലേറെക്കാലം മേവാർ രാജ്യം നിരന്തരം ആക്രമിച്ചു കൊള്ളയടിച്ചിരുന്നു. ഭാരതത്തിലെ മറ്റു പല നാട്ടുരാജ്യങ്ങളും മേവാറിനെ ആക്രമിച്ചിരുന്നു. പക്ഷേ പ്രതാപ ശാലികളായ രജപുത്രർ വളരെ വിരളമായിട്ടേ കീഴടങ്ങിയിട്ടുള്ളൂ. ആക്ര മികളെ തിരിച്ചാക്രമിച്ച് കീഴടക്കാൻ ശക്തരായവരായിരുന്നു ഇവർ.



Scanned with CamScanner

ഭാരതത്തിന്റെ ആത്മാഭിമാനം കാത്തുസൂക്ഷിച്ചതിൽ ഇവർക്ക് മഹനീയ സ്ഥാനമാണുള്ളത്. മേവാർ രാജ്യത്തിന്റെ ശാസ്ത്ര-സാങ്കേതിക-രാജനൈതീക-കലാപര- തച്ചുശാസ്ത്ര-ലോഹസംസ്ക്കരണ വൈദഗ്ധ്യങ്ങളും രാഷ്ട്രഭരണ നൈപുണ്യവും രാജസ്ഥാനിലെ വിവിധ ഭാഗങ്ങളിൽ ഇന്നും പ്രഭാപൂരിതമായി നിലനിൽക്കുന്നു. ആക്രമണകാരികളുടെ പ്രഹരമേറ്റിട്ടും അവശേഷിക്കുന്നതെന്തെല്ലാമാണോ അതെല്ലാം അത്യത്ഭുതകരമായ, ഹൈന്ദവ രാജാക്കന്മാരുടെ സംഭാവനയാണ്. എണ്ണിയാലൊടുങ്ങാത്ത സംഭാവനകൾ .......... !

## ഛത്രപതി ശിവജിയുടെ മറാത്ത സാമ്രാജ്യം

1641 എ.ഡി.യിൽ പൂണെയിൽ നിന്നാരംഭിക്കുന്നു, ഛത്രപതി ശിവജിയുടെ രാഷ്ട്രസംരക്ഷണ യജ്ഞം.

1646 ൽ ബീജാപൂർകോട്ട പിടിച്ചെടുത്ത്, ഛക്കൻകോട്ട, ബാരാമതികോട്ട, ഇന്ദപൂർകോട്ട, സിംഘർഹ് കോട്ട, കൊണ്ടന - പുരന്ദർകോട്ടകൾ കീഴടക്കി.

1649 – 56 കാലഘട്ടത്തിൽ ശിവജി ഒരു ശക്തനായ യോദ്ധാവായി മാറിയിരുന്നു.

1656ൽ ജുവലികോട്ട, റായ്ഗർ, ബീജാപൂർ കീഴടക്കി. ശിവജിക്ക് ഒരു രാജ്യത്തലവന്റെ അംഗീകാരം ലഭിച്ചു. 1660ൽ ഔറംഗസീബിന്റെ സൈന്യത്തിനു മുമ്പിൽ ഭാഗീകമായി പരാജയപ്പെട്ടെങ്കിലും 1663 ഏപ്രിൽ 15 ന് ഔറംഗസീബിനെതിരെയുള്ള യുദ്ധത്തിൽ ശിവജി വിജയിച്ചു. 1664 ജനുവരി 10 ന് സൂറത്തിലും ഭാഗീകവിജയം നേടി.

1665 ൽ ഹിന്ദുരാജാവായ ജയസിംഹനെ അയച്ച് ഔറംഗസീബ് ശിവജിയെ കീഴടക്കി. ഹിന്ദു ഹിന്ദുവിനെതിരെ വിദേശിയായ മുസ്ലീമിനു വേണ്ടി യുദ്ധം ചെയ്തു!

1674 ജൂണിൽ റായ്ഗറിൽ ശിവജി ഛത്രപതിയായി അഭിഷിക്തനായി. ഹിന്ദുരാഷ്ട്രം ഡക്കാനിൽ സ്ഥാപിച്ചു. ഗറില്ലായുദ്ധതന്ത്രത്തിലൂടെയും നേരിട്ടുള്ളയുദ്ധത്തിലൂടെയും സാമ്രാജ്യം വിപുലമാക്കി. 1680 ഏപ്രിൽ 13 ന് വീരമൃത്യു വരിച്ചു. തുടർന്ന് ഭരണമേറ്റെടുത്തത് ശിവജിയുടെ പ്രിയപുത്രനായ സംബാജിയായിരുന്നു. 1689 മാർച്ച് 11ന് സംബാജിയെ ഔറംഗസീബ് കൈയ്യുംകാലും ശിരസും ഛേദിച്ചു വധിച്ച് പട്ടിക്കു കൊടുത്ത് അവഹേളിച്ചു.

ശൂന്യതയിൽ നിന്നൊരു ഹിന്ദുരാഷ്ട്രം സൃഷ്ടിച്ച്, മുഗളവംശത്തോടും, മറ്റേനകം ആഭ്യന്തരശക്തികളോടും പൊരുതി, വീരശിവജി പിന്നീട്



Scanned with CamScanner

മറാഠാഭൂമി, 1689ൽ രാജാറാം → 1700 താരാബായ് → 1707 സാഹു → 1749 രാമരാജ → 1777 സാഹു II → 1808 പ്രതാപസിംഹൻ → 1839 ഷ്ഹിജി എന്നിവർ ഭരിച്ചു. 1848 ഏപ്രിൽ 5 ന് ഷിഹ്ജിയുടെ മരണത്തോടെ മറാത്ത രാജ്യം ബ്രിട്ടീഷിന്ത്യയോടു ചേർത്തു.

## സിഖ് ശക്തികളുടെ വീരഗാഥ

1469 – ഗുരുനാനാക്കിന്റെ ജനനവും തുടർന്നുള്ള ഹൈന്ദവ ജനശക്തിയുടെ പുനരുത്ഥാനവും ഭാരത ചരിത്രത്തിൽ സ്വർണലിപികളിലെഴുതിയതാണ്.

1538 – 1052 – ഗുരു അംഗദന്റെ വിദേശികൾക്കെതിരെയുള്ള ഹിന്ദു നവോത്ഥാന പ്രവർത്തനം.

1552 – 74 – ഗുരു അമർദേവിന്റെ രാഷ്ട്ര പുനർനിർമാണയജ്ഞം.

1574 – 84 – ഗുരു ദാസിന്റെ ത്യാഗോജ്ജ്വല ജീവിതവും പോരാട്ടവും.

1581 – 06 – ജഹാംഗീറിന്റെ സേനയാൽ ക്രൂരമാംവിധം വധിക്കപ്പെടുന്നതുവരെയുള്ള രാഷ്ട്രചൈതന്യ പ്രവർത്തനം നടത്തിയ ഗുരു അർജുൻദേവ് സിംഗിന്റെ ജീവിതം.

1506 – 1644 – ജഹാംഗീറിനാൽ ജയലിലടക്കപ്പെട്ട ഗുരുഹരിഗോവിന്ദസിംഗിന്റെ മുഗളരുമായുള്ള, 1628ലെ യുദ്ധം. സിഖുകാരെ ഷാജഹാൻ തകർത്തുകളഞ്ഞ ഒരു യുദ്ധം ! അതിൽനിന്നും ഗുരുഹരി ഗോവിന്ദസിംഹന്റെ നേതൃത്വത്തിൽ പോരാടി സിഖ്സേനയുടെ മുമ്പിൽ മുഗളസൈന്യത്തിന്റെ പരാജയം.

1644 – 64 – ഗുരു ഹർറാംസിങ്ങിന്റേയും ഗുരു ഹർകിഷൻസിങ്ങിന്റേയും ത്യാഗോജ്ജ്വലമായ രാഷ്ട്രസംരക്ഷണയജ്ഞം.

1664 – 75 – ഔറംഗസീബിനെതിരെ ആക്രമം അഴിച്ചുവിട്ട് രാഷ്ട്രസംരക്ഷണധർമ്മം ചെയ്തതിന് ഗുരുതേജ് ബഹാദൂർ ശിരസ് ഛേദിച്ച് വധിക്കപ്പെടുന്നു.

1675 – 1708 ഗുരുഗോവിന്ദസിംഹന്റെ മുഗളസാമ്രാജ്യത്തിനെതിരെയുള്ള രാഷ്ട്ര സംരക്ഷണയജ്ഞങ്ങൾ, തുടർന്ന് ബന്ധാ ബഹാദൂറിന്റെ പ്രവർത്തനങ്ങൾ. മുസ്ലീം ആക്രമണത്തിനെതിരെയുള്ള ശക്തമായ പ്രതിരോധം. മുഗളചക്രവർത്തി ബഹാദൂർഷായുമായി ഘോരയുദ്ധം. 1716 ജൂൺ 1–ാം തീയതി പൊതു മൈതാനയിൽവച്ച് ശിരച്ഛേദനം.

1726 – 45 വരെ പഞ്ചാബ് ഗവർണറായിരുന്ന സക്കറിയഖാൻ ലക്ഷക്കണക്കിന് സിഖുകാരെ ശിരച്ഛേദനം ചെയ്ത് വംശനാശം തന്നെ വരുത്തി. സിഖുക്കാരെക്കുറിച്ച് വിവരം നൽകുന്ന മുസ്ലീമുകൾക്ക് 10 രൂപ,



Scanned with CamScanner

സിഖുകാരെ വധിക്കുന്നവർക്ക് 50 രൂപ, സിഖുകാരുടെ താടി മുറിക്കുന്നവർക്ക് ഒരു പുതപ്പും കിടക്കയും ഇനാമായി നൽകിയിരുന്നു! ഈ ക്രൂരകൃത്യം ചെയ്ത സക്കറിയഖാനെ സിഖുക്കാർ 1745 ൽ ദിലോവട്ടിൽ യുദ്ധത്തിൽ പരാജയപ്പെടുത്തി, വധിച്ചു.

1739 നാദിർഷായെ പതിയിരുന്നാക്രമിച്ച് മുഗളരോട്, സിഖുകാർ പകരംവീട്ടി.

1746-47 ഷാനവാസ് എന്ന പഞ്ചാബ് ഗവർണറും ഒരു വർഷത്തോളം സിഖുക്കാരെ കൂട്ടക്കൊല ചെയ്തു.

1762 അമൃതസർ ക്ഷേത്രം, അഹമ്മദ്ഷാ അബ്ദലി നശിപ്പിച്ചു.

1764ൽ അബ്ദലിയെ ഭയന്ന് സിഖുകാർ പഞ്ചാബ് ഉപേക്ഷിച്ച് പലായനം ചെയ്തു.

1766 ൽ വീണ്ടും സിഖുകാർ അജയ ശക്തിയായി വളർന്നു, ഇന്നും അവർ വാഴുന്നു.

ഭാരതീയരുടെ ആത്മാഭിമാനം കാത്തുസൂക്ഷിക്കാൻ ജീവിതം ബലിയർപ്പിച്ച സിഖുകാർ ഇന്നും ശക്തരാണ്. ഭാരതത്തെ രക്ഷിച്ചവർ! രക്ഷിക്കുന്നവർ !

## ഭക്തിപ്രസ്ഥാനം - ശിശുവിവാഹം - സതി

ഹൈന്ദവജനത അഭിമുഖീകരിച്ച പീഠനങ്ങൾ വിവരാണാതീതമായിരുന്നു. ഹിന്ദുധർമ്മത്തെ സംരക്ഷിക്കാൻ സാധ്യമല്ല എന്ന് ബോദ്ധ്യമായപ്പോളാണ്, ഹിന്ദുക്കൾ ആശ്രയത്തിനായി ജഗദീശ്വരനിൽ ഹിന്ദുധർമ്മത്തെ അർപ്പിച്ചത്. വിദേശികളായ ക്രൂര മുസ്ലീമുകളുടെ മക്കളെ വിധവകളായ ഹിന്ദുസ്ത്രീകൾ പ്രസവിക്കാതിരിക്കാൻ സതി ശക്തമായ പ്രചാരം നേടി. പെൺകുട്ടികളെ പട്ടാപ്പകൽ ബലാൽസംഗം ചെയ്യുന്നത് അച്ഛനമ്മമാർക്ക് കണ്ടുനിൽക്കാൻ സാധിക്കാതെ വന്നപ്പോൾ, കുഞ്ഞുകഴുത്തിൽ മാംഗല്യം ചാർത്തി അവരെ സംരക്ഷിക്കാൻ ശ്രമിച്ചതാണ് 11-13 നൂറ്റാണ്ടുകളിൽ ബാല്യവിവാഹം പ്രചാരം നേടിയത്. പ്രത്യേകിച്ചും തൈമൂറിന്റെ ആക്രമണത്തിനുശേഷമായിരുന്നു സതിയും, ബാല്യവിവാഹവും പ്രചാരത്തിൽ വന്നത്. ധർമ്മത്തെ ഈശ്വരനിൽ അർപ്പിക്കാൻ നേതൃത്വം നൽകിയത് രാമാനുജാചാര്യൻ, നിംബകാചാര്യൻ, മാധ്വാചാര്യൻ, രാമാനന്ദൻ, വല്ലഭാചാര്യൻ, ചൈതന്യമഹാപ്രഭു, ബ്രാഹ്മണ മകനായ കബീർ, ഗുരുനാനാക്ക്, മീരാഭായി .......... എന്നിവരായിരുന്നു. ഹിന്ദുക്കൾ സ്വധർമ്മം സംരക്ഷിക്കാൻ ചൊരിഞ്ഞ രക്തം വ്യർത്ഥമായപ്പോൾ, ദൈവത്തിൽ, കണ്ണീരോടെ, അഭയം പ്രാപി



Scanned with CamScanner

ച്ചതായിരുന്നു ഭക്തിപ്രസ്ഥാനം. ഹിന്ദുധർമ്മത്തെ ഈശ്വരനിൽ അർപ്പിച്ച കാലഘട്ടം !

## ഭാരതം കൊള്ളക്കാരിൽ നിന്ന് ചതിയന്മാരിലേക്ക്

അറബികളും, തുർക്കികളും, അഫ്ഘാൻകാരും, ചൈനക്കാരും ..... ആക്രമിച്ചുകൊള്ളയടിക്കപ്പെട്ട ഭാരതം 1145 വർഷത്തെ നരകയാതനയ്ക്കുശേഷം, യൂറോപ്യന്മാരുടേയും ഇംഗ്ലീഷുകാരുടേയും ഭരണത്തിലമരുന്നു. ...

## പോർത്തുഗീസുകാരുടെ തേരോട്ടം

സുഗന്ധവ്യഞ്ജനങ്ങളും സമ്പത്തുമന്വേഷിച്ച് ഭാരതത്തിലേക്കു പുറപ്പെട്ട പാശ്ചാത്യരിൽ വാസ്കോഡഗാമ 1498 മേയ്മാസത്തിൽ കോഴിക്കോട്ടെത്തി. ഭാരതത്തിൽ പാശ്ചാത്യ അധിനിവേശത്തിന്റെ ആദ്യ കാൽവെയ്പ്പായിരുന്നു അത്.

1498 എ.ഡി. സാമൂതിരി ഗംഭീരസ്വീകരണത്തോടെ പോർത്തുഗീസുകാരനായ വാസ്കോഡഗാമയെ കോഴിക്കോട് സ്വീകരിച്ചു.

1500 പെഡ്രോ അൽവാറെസ് കാബ്രിറാൽ കേരളത്തിൽ വന്നു.

1501 ജോവ ഡെനോവയെത്തി. അയാൾ ദക്ഷിണ ഭാരത പര്യടനം നടത്തി. വാസ്കോഡഗാമ വീണ്ടുമെത്തി, പോർത്തുഗീസുകാർ അവരുടെ വ്യവസായസ്ഥാപനങ്ങൾക്കും ഫാക്ടറികൾക്കും തുടക്കമിട്ടു. കോഴിക്കോട്ടും, കണ്ണൂരം കച്ചവടകേന്ദ്രങ്ങൾ തുടങ്ങി. അറബികളുടെ പ്രേരണയാൽ കോഴിക്കോട് സാമൂതിരി കൊച്ചിയിലെ പോർത്തുഗീസുകാർക്കെതിരെ യുദ്ധം ചെയ്തു. യൂറോപ്യൻ വിദേശികൾ - സ്വദേശികൾക്കെതിരെ ആയുധമെടുത്ത ആദ്യയുദ്ധം കേരളത്തിൽ നടന്നു.

1505 കേരളത്തിൽ അധിനിവേശിച്ച പോർത്തുഗീസുകാർക്ക് വൻ കര-നാവിക സേന സജ്ജമായിക്കഴിഞ്ഞിരുന്നു. അവർ ഇവിടത്തെ അറബികളെ തുരത്തി.

1505-09 നുള്ളിൽ ഉത്തരകേരളം പോർത്തുഗീസുക്കാർക്കധീനമായി. അൽമീഡ എന്ന സൈന്യാധിപൻ ഇവിടത്തെ മുസ്ലീം ശക്തികളെ അടിച്ചമർത്തി, കേരളത്തിൽ നിന്നും ചൈന, സിലോൺ ബന്ധം സ്ഥാപിച്ചു.

1509 - 10 നുള്ളിൽ ഭാരതത്തിൽ പോർത്തുഗീസ് ആധിപത്യത്തിന് അൽബുക്കർക്ക് വേണ്ടതെല്ലാം ചെയ്തുകഴിഞ്ഞിരുന്നു. സാമ-ദാന-ഭേദ-ദണ്ഡങ്ങളിലൂടെ നാട്ടുരാജാക്കന്മാരെ അവർ വരുതിയിൽ നിർത്തി. ഗോവ കീഴടക്കി, പോർത്തുഗീസ് ഭരണത്തിന്റെ, ഭാരതത്തിലെ തലസ്ഥാനമാക്കി.



Scanned with CamScanner

1510-15 പോർത്തുഗീസുകൾ നാട്ടുരാജ്യങ്ങളെ പോർത്തുഗീസ് ഇന്ത്യയോട് ചേർത്തുതുടങ്ങി. ഇത് 1530 വരെ തുടർന്നു. സേവനവും സംരക്ഷണവും വാഗ്ദാനം ചെയ്തും, യുദ്ധം ചെയ്ത് കീഴടക്കിയുമാണ് ഇതവർ ചെയ്തത്.

1515 - 34 ബേസിലും, ഡിയുവും മറ്റു ഭാരതീയ നഗരങ്ങളും ചേർത്തു.

1535 ഡാമൻ ജയിച്ചുകീഴടക്കി, ബംഗാളിലെ ഹുഗ്ലി, സിലോണിലെ കൊളംബോ, ഗുജറാത്തിന്റെ വിവിധ ഭാഗങ്ങൾ പോർത്തുഗീസുകാരനായ അൽബുക്കർക്ക് കീഴടക്കി, ഭാരതത്തിലെ നാട്ടുരാജാക്കന്മാർക്കെതിരെ യുദ്ധം ചെയ്യാൻ അൽബുക്കാർക്ക് ഭാരതീയരെതന്നെ സൈന്യത്തിലെടുത്തു. ഭാരതീയർ-ഭാരതീയർക്കെതിരെ യുദ്ധം ചെയ്യാൻ തയ്യാറായി. പോർത്തുഗീസുകാർ നേതൃത്വം നൽകി. ശക്തമായ വിജയനഗരസാമ്രാജ്യത്തിന്റെ സഹായത്തോടെ, ബീജാപൂർ, അഹമ്മദ്നഗർ, കോഴിക്കോട്, ഗുജറാത്തിലെ വിവിധ ഭാഗങ്ങൾ പോർത്തുഗീസുകാർ കീഴടക്കി. വിദേശികൾക്കുവേണ്ടി സ്വദേശികൾ പടവെട്ടിമരിച്ചു.

1540 എ.ഡി. ഗോവയിലെ നൂറുകണക്കിന് ക്ഷേത്രങ്ങൾ ക്രിസ്ത്യൻ പള്ളികളാക്കി. ആയിരക്കണക്കിന് ഹിന്ദുക്കളെ മതപരിവർത്തനം ചെയ്തു. വിസമ്മതിച്ചവരെ ഉന്മൂലനം ചെയ്തു. തുടർന്ന് ആയിരക്കണക്കിന് കൃസ്ത്യൻ മിഷണറിമാർ ഭാരതത്തിലേക്ക് പാഞ്ഞെത്തി.

1571 പോർത്തുഗീസുകാർ, ഭാരതത്തിലെ വിവിധ നാട്ടുരാജ്യസൈന്യങ്ങളുമായുള്ള യുദ്ധത്തിൽ വൻവിജയം നേടി, ആധിപത്യം ഉറപ്പിച്ചു.

## ഭാരതം പോർത്തുഗീസുകാരിൽ നിന്ന് ഡച്ചുകാരിലേക്ക്

1580 യൂറോപ്പിലെ പോർത്തുഗീസിനെ ഫിലിപ്സ് II, സ്പെയിനിനോട് ചേർത്തു. സ്പെയിനിൽ നിന്നും സ്വാതന്ത്ര്യം നേടിയ ഡച്ചുകാർ, ഇക്കാലഘട്ടത്തിൽതന്നെ പോർത്തുഗീസിലൂടെ സ്പെയിനിന് ലഭിച്ച ഭാരതത്തിലെ ആധിപത്യത്തിനെതിരേയും പോരാടി. ഇതിലൂടെ ഭാരതത്തിലെ കച്ചവടം കൈക്കലാക്കാൻ ഡച്ചുകാരും തീരുമാനിച്ചു.

1595 വാസ്കോഡഗാമ ഭാരതത്തിലേക്കുപുറപ്പെട്ട് ഏകദേശം ഒരു ശതാബ്ദം കഴിഞ്ഞപ്പോൾ ഡച്ചിൽ നിന്ന് കോർണേലിയോസ് ഭാരതത്തിലേക്കു പുറപ്പെട്ടു.

1598 അഞ്ച് വൻവ്യവസായങ്ങളുമായി ഡച്ചുകാർ ഭാരതത്തിലെത്തി. ഭാരതത്തിലെ എല്ലാ കച്ചവടത്തിന്റേയും അവകാശം അവർ സ്വമേധയാ ഏറ്റെടുത്തു. ഭാരതത്തിൽ ഏതുവിധത്തിലുമുള്ള അധികാരവിനിയോഗത്തിനും അവകാശം ലഭിക്കുന്ന ഒരു കരാറും ഡച്ചുകാർ നെതർലാണ്ടിൽ വച്ച് സ്വമേധയ ഉണ്ടാക്കി, പ്രയോഗിച്ചു തുടങ്ങി.



Scanned with CamScanner

1605 ഗോൽക്കൊണ്ട രാജാവിന്റെ സഹായത്തോടെ ഡച്ചുകാർ ഭാരതം കയ്യേറിത്തുടങ്ങി. അതേവർഷം മസൂലീപട്ടണത്തിൽ അവർ ആദ്യത്തെ കച്ചവടസ്ഥാപനം തുടങ്ങി.

1619 വരെ സൂററ്റ്, ബ്രോച്ച്, കാൻബേ, ആഗ്ര, ചിൻസുറ എന്നിവടങ്ങളി ലെല്ലാം വൻകച്ചവടസ്ഥാപനങ്ങൾ തുടങ്ങി.

1619 ജാവ കീഴടക്കിയ ഡച്ചുകാർ 1623ൽ ഭാരതമണ്ണിൽ ഇംഗ്ലീഷു കാർക്കെതിരെ യുദ്ധം ചെയ്തു.

1623 ഡച്ചുകാർ വിവിധ ഏഷ്യൻ രാജ്യങ്ങളുമായി കച്ചവടബന്ധ ത്തിലൂടെ അധികാരമുറപ്പിച്ചു.

1644 പോർത്തുഗീസുകാരുടേയും സ്പെയിൻകാരുടേതുമായ എല്ലാ വ്യവ സായ സ്ഥാപനങ്ങളും ഡച്ചുകാർ ഇതിനകം പിടിച്ചടക്കിക്കഴിഞ്ഞിരുന്നു.

1658 സിലോൺ ഡച്ചുകാർക്കധീനമായി.

1650 ഡച്ചുകാർക്ക് ഭാരതത്തിൽ നിയന്ത്രണാതീതമായ സ്വാധീനം ഉണ്ടാ ക്കുവാൻ സാധിച്ചിരുന്നു.

## ഇംഗ്ലീഷുകാരിലേക്ക് വഴുതിവീണ ഭാരതം

ഇതിനിടക്ക് ഇംഗ്ലീഷുകാരും ഈ ഭൂമിയെ കൊള്ള ചെയ്യാനെത്തിയി രുന്നു. അൽപം പുറകോട്ടുപോകുകയാണ്.

1599 ഭാരതവുമായി വ്യാപാരത്തിനായി ലണ്ടനിലെ ലോർഡ് മേയറുടെ അദ്ധ്യക്ഷതയിൽ കരാർ രേഖ തയ്യാറാക്കി.

1600 ഡിസംബർ 31ന് എലിസബത്ത് രാജ്ഞിയുടെ അംഗീകാരം നേടി. 15 വർഷത്തേക്ക് ഭാരതവുമായി വ്യാപാരക്കരാർ, ഒരു ഭാരതീയനോടും ചർച്ച ചെയ്യാതെ അവർ സ്വയം ഉണ്ടാക്കി, അംഗീകരിച്ച് നടപ്പിൽ വരുത്തി. ക്യാപ്റ്റൻ ഹോപ്കിൻസിന്റെ നേതൃത്വത്തിൽ ഇംഗ്ലീഷുകാർ ഭാരതത്തിലെത്തി.

1608 ഇംഗ്ലീഷുകാർ ആദ്യ ഫാക്ടറി സൂററ്റിൽ സ്ഥാപിച്ചു. മുഗളചക്ര വർത്തി ജഹാംഗീറിന്റെ അംഗീകാരത്തോടെയായിരുന്നു ഇത്.

1612ൽ സർവസൈന്യ സജ്ജീകരണങ്ങളുമുള്ള ഇംഗ്ലീഷ് കച്ചവടക്കാർ പോർത്തുഗീസുകാരെ സൂററ്റിൽ നിന്ന് തുരത്തി.

1615 ജഹാംഗീറിന്റെ അനുവാദത്തോടെ ഇംഗ്ലീഷ് കച്ചവട പ്രതിനിധികൾ ഭാരതത്തിൽ വിവിധ സ്ഥലങ്ങളിൽ ഫാക്ടറികൾ തുടങ്ങി. ഇംഗ്ലണ്ട് രാജാവ് ജേംസ് 1-ാമനാണിത് ചെയ്തത്.

1632 ദക്ഷിണ ഭാരതത്തിലെവിടെയും എന്തും ചെയ്യുവാനുള്ള അവ കാശം ഗോൽക്കൊണ്ട രാജാവ് ഇംഗ്ലീഷുകാർക്ക് നൽകി.



Scanned with CamScanner

1658 മുഗളന്മാർക്ക് കരം കൊടുക്കാൻ വിസമ്മതിച്ചതിനാൽ എല്ലാ ഇംഗ്ലീഷുകാരും ഇന്ത്യ വിട്ടുപോകണമെന്ന ഔറംഗസീബിന്റെ നിർദ്ദേശം ഇംഗ്ലീഷുകാർ തിരസ്കരിച്ചു. ഔറംഗസീബുമായുള്ള യുദ്ധത്തിൽ ഇംഗ്ലീഷുകാർ പരാജയപ്പെട്ടു. ഭാരതത്തിൽ നിന്ന് ഹജ്ജിനു പോകുന്ന മുസ്ലീമുകളെ അറബിക്കടലിൽവച്ച തടഞ്ഞ്, ഇംഗ്ലീഷുകാർ ഔറംഗസീബിനെ വരുതിയിൽ വരുത്തി.

1661 ഇംഗ്ലീഷ് രാജാവ് ചാൾസ് രണ്ടാമനിൽ നിന്ന് ഭാരതത്തിലെ ബോംബെനഗരം ഈസ്റ്റ് ഇന്ത്യ കമ്പനി പ്രതിവർഷം 10 പൗണ്ടിന് വാടകയ്ക്കെടുത്തു. ചാൾസിന് പോർത്തുഗീസുകാരിൽ നിന്ന് സ്ത്രീധനമായി ലഭിച്ചതായിരുന്നു ഭാരതത്തിലെ ബോംബെനഗരം.

1687 ഇംഗ്ലീഷുകാർ ഫാക്ടറികൾക്ക് തുടക്കം കുറിച്ച നഗരങ്ങളിലെല്ലാം അവർ വലിയ വ്യവസായങ്ങൾ തുടങ്ങി. ആ പ്രദേശങ്ങളുടെ അധികാരം, ഭരണം ഇവ കയ്യാളാൻ തുടങ്ങി.

1690 ഇന്ത്യയിൽ വൻ ബ്രിട്ടീഷ് ഫാക്ടറികൾ കൽക്കത്തയിലും ബോംബെയിലും ഉയർന്നു.

1650–1700 അനവധി ഇന്ത്യൻ ഗ്രാമങ്ങളും പട്ടണങ്ങളും ഇംഗ്ലീഷുകാർ വിലയ്ക്കുവാങ്ങിക്കഴിഞ്ഞിരുന്നു. കരമടയ്ക്കാതെ ബംഗാൾ മുഴുവനും വ്യവസായത്തിന് ഔറംഗസീബ് അനുമതി നൽകി. ഇത് ഇന്ത്യയുടെ മറ്റുഭാഗങ്ങളിലേക്കും വ്യാപിച്ചു. പ്രതിവർഷം 10,000 രൂപ വാടക മുഗളർക്കു നൽകി ഗുജറാത്ത് മുഴുവനും ഇംഗ്ലീഷുകാർ കച്ചവടമാരംഭിച്ചു. മുഗളർക്കും ഇംഗ്ലീഷുകാർക്കും ആവശ്യമായ നാണയം ഉണ്ടാക്കാനുള്ള ചുമതല ഇംഗ്ലീഷുകാർക്ക് ലഭിച്ചു. ഇതോടെ ഇംഗ്ലീഷുകാർക്ക് ധനത്തെക്കുറിച്ച് പിന്നീട് ചിന്തിക്കേണ്ടതായി വന്നില്ല. പ്രതാപം ക്ഷയിച്ച വിജയനഗര സാമ്രാജ്യത്തിൽ നിന്ന് മദ്രാസ് നഗരം ബ്രിട്ടീഷ് പ്രതിനിധി, ഫ്രാൻസിസ് ഒറ്റിയായി വാങ്ങിച്ചു. യൂറോപ്യൻമാർക്ക് വൈറ്റ് സിറ്റിയും ഇന്ത്യാക്കാർക്ക് ബ്ലാക്ക്സിറ്റിയുമായി മദ്രാസ് നഗരം രണ്ടായി വിഭജിച്ചു. ഭാരതത്തിലെമ്പാടും വിതരണം ചെയ്യാനുള്ള ഇംഗ്ലീഷുനാണയങ്ങൾ അവർ സ്വയം ഉണ്ടാക്കി വിതരണം തുടങ്ങി. 20,000 പൗണ്ട് ലൈസൻസ് ഫീ നൽകി മാത്രം ഭാരതത്തിൽ വ്യവസായം തുടങ്ങാനുള്ള അനുമതി നൽകാനുള്ള ഉത്തരവാദിത്വം, ഇംഗ്ലീഷ് ജനറൽ സൊസൈറ്റിക്ക് നൽകി. ഇവരുടെ അനുമതി കൂടാതെ ആർക്കും 1698 നുശേഷം ഇന്ത്യയിൽ വ്യവസായം തുടങ്ങാൻ സാധ്യമല്ലാതായി.

ഇനി വീണ്ടുമൊന്ന് പുറകോട്ടുപോയി ഫ്രാൻസ് എന്ന ചെറിയ രാജ്യം ഭാരതം എന്ന വലിയ രാജ്യത്തിൽ എന്തു ചെയ്തു എന്നു പരിശോധിക്കാം! പരിശോധിക്കണം !



Scanned with CamScanner

## ഭാരതം ഫ്രഞ്ചുഭരണത്തിൽ

1668 ഡിസംബറിൽ ഫ്രഞ്ചുകാരനായ ഫ്രാൻസിസ് കാറോണിന്റെ നേതൃത്വത്തിൽ ആദ്യത്തെ ഫ്രഞ്ചുഫാക്ടറി സൂററ്റിൽ ആരംഭിച്ചു.

1669 ഡിസംബറിൽ മസുലിപട്ടണത്തിൽ രണ്ടാമത്തെ ഫാക്ടറി ഉത്പാദനം തുടങ്ങി.

1672 ഫ്രാൻസുകാർ വൻ സൈനിക സന്നാഹമുണ്ടാക്കി, ഇന്ത്യാക്കാരെതന്നെ വാടകക്കെടുത്ത് അവർ സാൻ തോം കീഴടക്കിക്കഴിഞ്ഞിരുന്നു.

1725 കാരക്കലിൽ ഫ്രഞ്ചു കമ്പനി വന്നു. ശക്തിയും സമ്പത്തും വിപുലീകരിച്ചായിരുന്നു ഭരണവും കച്ചവടവും നടത്തിയത്.

1739 കാരക്കലിലും, ഫ്രാൻസ്കാർ അധികാരം ലക്ഷ്യമാക്കി കമ്പനി തുറന്നു. തഞ്ചാവൂർ രാജാവിനെ യുദ്ധത്തിൽ സഹായിച്ചതിനാണ് കാരക്കൽ അവർക്ക് ഫ്രീ ആയി ലഭിച്ചത്. ഡ്യൂമാസ് എന്ന ഫ്രഞ്ച് ഗവർണറുടെ നേതൃത്വത്തിൽ അവർ ഭാരതത്തിലെ നാട്ടുരാജാക്കന്മാരുടെ ഭരണത്തെ സ്വാധീനിക്കാനും നിയന്ത്രിക്കാനും തുടങ്ങി. മുഗളന്മാരെ സന്തോഷിപ്പിച്ച് ഭാരതത്തിൽ നാണയം ഉണ്ടാക്കി വിതരണം ചെയ്യാനുള്ള അവകാശം അവരും നേടിക്കഴിഞ്ഞിരുന്നു, ഇംഗ്ലീഷുകാരെപോല ഭാരതത്തിൽ ഫ്രഞ്ച് നാണയങ്ങൾ വിതരണം ചെയ്തിരുന്നു.

1742 ഫ്രാൻസിനും ഇംഗ്ലീഷുകാർക്കും ഏതാണ്ട് തുല്യശക്തിയായി. ഭാരതത്തിൽ എല്ലാവിധ സ്വാധീനവും ചെലുത്തുവാൻ ഈ തുല്യശക്തികൾക്ക് സാധിച്ചു. പലതിലും അവർ പരസ്പരം സഹായിച്ചു. ചിലതിൽ അവർ പരസ്പരം (പുറമേ) എതിർത്തു. എതിർക്കുന്നതിനും സഹായിക്കുന്നതിനുമുള്ള ഫീസ് ഇന്ത്യൻ രാജാക്കന്മാരിൽ നിന്ന് അവർ വാങ്ങി. പോർത്തുഗീസുകാരും, ഡച്ചുകാരും, സ്പെയിൻകാരും, അഫ്ഘാൻകാരും, തുർക്കികളും, പേർഷ്യക്കാരും എല്ലാം മത്സരിച്ച സ്ഥാനത്ത് ഇംഗ്ലീഷുകാരും ഫ്രാൻസുകാരും മത്സരം തുടങ്ങി. സമ്പത്തിനും അധികാരത്തിനും ഭൂമിക്കും വേണ്ടി, ഭാരതീയ രക്തംതന്നെ ചിന്താൻ അവർ നേതൃത്വം നൽകി. ഇന്ത്യയിലുള്ള ഫ്രഞ്ച് പട്ടാളത്തിലേയ്ക്ക് വൻതോതിൽ, തുച്ഛമായ ശമ്പളത്തിൽ, ഇന്ത്യക്കാരെ തെരഞ്ഞെടുത്ത് അധികാരം വിപുലീകരിച്ചുകൊണ്ടേയിരുന്നു.

## ഇനി ഇംഗ്ലീഷ് ഭരണത്തിലേക്ക് വീണ്ടും

1708 ൽ ഇന്ത്യയിൽ പ്രവർത്തിക്കുന്ന എല്ലാ ഇംഗ്ലീഷുകമ്പനികളും ഓണറബിൾ ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ കീഴിലാക്കി.



Scanned with CamScanner

1715 ൽ ഔറംഗസീബിന്റെ രോഗം ചികിത്സിക്കാൻ ഒരു ഇംഗ്ലീഷ് ഡോക്ടറായ വില്യം ഹാമിൽടണിനെ അയച്ചു കൊടുത്ത് അതിലൂടെ മുഗളസാമ്രാജ്യചക്രവർത്തിയെ ഇംഗ്ലീഷുകാർ പൂർണമായും നിയന്ത്രിച്ചു. ഡോക്ടർമാരായ ജോൺ സെൽമൺന്റേയും എഡ്വേർഡ് സ്റ്റീഫന്റേയും സ്വാധീനത്താൽ മുഗളരാജ്യത്തിന്റെ പല ഭാഗങ്ങളും ഇംഗ്ലീഷുകാർക്കു ലഭിച്ചു. രോഗിയായ ഔറംഗസീബ് പലതും അറിഞ്ഞതേയില്ല.

**1735 മദ്രാസിലും, പോണ്ടിച്ചേരിയിലുമുള്ള ഫ്രഞ്ച്-ഇംഗ്ലീഷ് സൈന്യത്തിൽ 500 വീതം യൂറോപ്യന്മാരും 25000 വീതം ഭാരതീയരുമായിരുന്നു കൂലിപട്ടാളങ്ങളായി സ്വയം മരിക്കാനും സ്വന്തം നാട്ടുകാരെ തന്നെ കൊല്ലാനുമായി സജ്ജരാക്കിയിരുന്നത്.**

1746 ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരുമായുണ്ടായ യുദ്ധത്തിൽ മരിച്ചുവീണതെല്ലാം രണ്ടുചേരിയിലുമുള്ള ഇന്ത്യാക്കാരായിരുന്നു. അതും ഹിന്ദുക്കൾ മാത്രം.

1746ൽ ഫ്രഞ്ചുസേനയും മുഗളരും തമ്മിൽ മദ്രാസിലെ അടയാറിൽ നടന്ന യുദ്ധത്തിൽ വിജയിച്ച ഫ്രാൻസുകാരുടെ ശക്തി പലമടങ്ങ് വർദ്ധിച്ചു.

1748 മുതൽ ദക്ഷിണഭാരതത്തിലെ ഹിന്ദുരാജാക്കന്മാരുടെ എല്ലാപ്രശ്നങ്ങൾക്കും രണ്ടുചേരിയിൽ ഇംഗ്ലീഷുകാരും ഫ്രാൻസുകാരും നിന്ന് വിലപേശുമായിരുന്നു.

1753 തഞ്ചാവൂർ ഫ്രഞ്ചു സൈന്യത്തിനു അടിയറവച്ചു. അതേസമയം ഇംഗ്ലീഷ് സൈന്യം തൃശ്ശിനാപ്പള്ളി കീഴടക്കി.

1760 മദ്രാസിലെ സെന്റ് ജോർജ്ജ് കോട്ട ഇംഗ്ലീഷ്കാർ കീഴടക്കി.

1761 ഫ്രഞ്ചുകാരുടെ പോണ്ടിച്ചേരി ഇംഗ്ലീകാർ പിടിച്ചു. പിന്നീട് അവർ സന്ധി ചെയ്തു! ഈ യുദ്ധങ്ങളിലെല്ലാം മരിച്ചത് ഭാരതീയരായിരുന്നു എന്നോർക്കുമല്ലോ!

1764 ബക്സർ യുദ്ധത്തിൽ മഗുൾചക്രവർത്തി ഷാ അലം രണ്ടാമനെ ഇംഗ്ലീഷുകാർ കീഴടക്കി. എല്ലാ ഭാരതീയ ഉദ്യോഗസ്ഥന്മാരും ഇംഗ്ലീഷുകാരോട് കൂറുള്ളവരായിരിക്കണമെന്ന് പ്രതിജ്ഞാപത്രത്തിലെഴുതി ഒപ്പുവെപ്പിച്ചത് ഈ യുദ്ധത്തിനുശേഷമായിരുന്നു.

1760 – 64 ക്ലൈവ് ഭാരതത്തെ പൂർണമായും നിയന്ത്രിക്കാൻ തുടങ്ങി. ഭാരതമെമ്പാടും ജഡ്ജിമാർ, കളക്ടർമാർ, റവന്യൂ ഉദ്യോഗസ്ഥർ, ഭരണാധികാരികൾ, നീതിന്യായപാലകർ, പ്രതിനിധികൾ എന്നീ സ്ഥാനങ്ങളിലേക്ക് ഇംഗ്ലീഷുകാർ അവരോധിക്കപ്പെട്ടു.



Scanned with CamScanner

1775 മറാത്ത സൈന്യം ഇംഗ്ലീഷുകാർക്കടിയറവു പറഞ്ഞു.

1779 ബോംബെ - പൂന, 1778 മാഹി, 1780 ഗ്വാളിയോർ എന്നിവ ഇംഗ്ലീഷുകാർക്ക് കീഴടക്കി.

1785 ഭാരതത്തിന്റെ പൂർണ്ണനിയന്ത്രണം ഇംഗ്ലീഷുകാരിലായി. ഭരണ ചുമതല ഇംഗ്ലീഷ്‌രാജ്ഞി എലിസബത്തിന്റെ കീഴിലായി. അതിന്റെ മുന്നോടിയായി 1784ൽ തന്നെ ഭാരതം ഇംഗ്ലണ്ടിന്റെ ഭാഗമാക്കുന്ന പിറ്റ്സ് നിയമം നടപ്പിൽ വന്നിരുന്നു.

1789 ഇംഗ്ലീഷുകാരെ ആക്രമിച്ച ടിപ്പുവിനെ മറാത്ത സൈന്യം സഹായിച്ചു. ടിപ്പു പടയോട്ടം നടത്തി.

1799ൽ ഇംഗ്ലീഷ് സൈന്യം ബാംഗ്ലൂർ, തുടർന്ന് മറ്റു കർണാടകഭാഗങ്ങളും കീഴടക്കി. ടിപ്പുവിന്റെ പടയോട്ടത്തിൽ നൂറുകണക്കിന് ക്ഷേത്രങ്ങൾ നശിച്ചു. ഹിന്ദുക്കളെ പശു ഇറച്ചിതീറ്റിച്ച്, വാൾമുനകൊണ്ട് ഇസ്ലാമിലേക്ക് മതം മാറ്റി.

1798 നാട്ടുരാജ്യങ്ങളുടെ സംരക്ഷണചുമതല ഇംഗ്ലീഷുകാർ ഏറ്റെടുത്തു.

1799 മേയ് മാസത്തിൽ ടിപ്പുവിന്റെ മരണത്തോടെ ദക്ഷിണഭാരതത്തിൽ എതിർക്കാൻ മറ്റൊരു സൈന്യവുമില്ലാതെ, ഇംഗ്ലീഷുകാർക്ക് എല്ലാം കീഴടങ്ങി. സിലോണും ഇതിലുൾപ്പെടുന്നു.

1802 ഡിസംബർ 31 പേഷ്വായുടെ ആവശ്യപ്രകാരം മറാത്തരാഷ്ട്രത്തിന്റെ സംരക്ഷണചുമതല ഇംഗ്ലീഷുകാർ ഏറ്റെടുത്തു. അതിനെ എതിർത്തവരെ 1803 ഡിസംബർ 30 ന് ഇംഗ്ലീഷുകാർ കീഴടക്കി, പലരേയും വധിച്ചു.

1805 എ.ഡി. കോൺവാലീസും, 1805-13 ബാർലോയും, മിന്റോയും മറ്റു നാട്ടുരാജ്യങ്ങളെ കീഴടക്കി.

1814 വാറൻ ഹേസ്റ്റിങ്ങ്സ് 1,13,000 ഇന്ത്യൻ പടയാളികളുമായി നേപ്പാൾ കീഴടക്കി.

1818 ഏതാണ്ടെല്ലാ ശക്തരായ നാട്ടുരാജ്യങ്ങളും ഇംഗ്ലീഷുകാർക്ക് കീഴടങ്ങിക്കഴിഞ്ഞിരുന്നു.

1824 ബർമ്മ, ഇംഗ്ലീഷ് ഇന്ത്യയുടെ ഭാഗമായി, പിന്നീട് അതിന്റെ പരിസരങ്ങളും, 1835 മാർച്ച് 7 ന് ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നിർബന്ധമായിത്തീർന്നു.

1839 ഏപ്രിലിൽ ഗാന്ധാരം, ആഗസ്റ്റിൽ ഗസ്നിദേശം, കാബൂൾ, 1843 സിന്ധ്പൂർണമായും ഇംഗ്ലീഷുകാർ കയ്യിലൊതുക്കി.



Scanned with CamScanner

1846 സിഖ്‌രാജ്യമായ പഞ്ചാബ് കീഴടക്കി.

1843 ഭാരതത്തിൽ ഞായറാഴ്ചകൾ അവധി ദിവസങ്ങളായി ഹാർഡിംഗ് പ്രഖ്യാപിച്ചു. ചേരാത്തതായി അവശേഷിക്കുന്ന നാട്ടുരാജ്യങ്ങളും അടിച്ചമർത്തി, ഇംഗ്ലീഷ് ഇന്ത്യയോട് പലവിധ ചതിയിലൂടെ ചേർത്തു.

1857 ലെ ഒന്നാം സ്വാതന്ത്ര്യസമരം ഉരുക്കുമുഷ്ടി ഉപയോഗിച്ച് ഇംഗ്ലീഷുകാർ അടിച്ചമർത്തി. ഹിന്ദുക്കളും മുസ്ലീമുകളും തമ്മിൽ വൻവിടവുണ്ടാക്കി, വിഭജിച്ചുഭരിക്കുക എന്ന തന്ത്രം ആവിഷ്കരിച്ചു.

1856 കാനിങ്ങ് 1862 → എൽജിൻ → 1864 ലോറൻസ് → 1869 മായോ → 1872 നോർത്ത് ബ്രൂക്ക് → 1876 ലിട്ടൺ → 1880 റിപ്പൺ → 1884 ഡഫെറിൻ → 1988 ലാറൻസ് ഡോണെ → 1894 എൽജിൻ → 1899 കർസൺ → 1905 മിന്റോ → 1910 ഹാർസിംഗൈ II → 1916 ചെംസ്ഫോർഡ് → 1921 റെഡിങ്ങ് – 1926 → ഇർവിൻ 1931 വെല്ലിങ്ടൺ → 1936 ലിൻലിത്ഗോ → 1944 വേവൽ 1947 മാർച്ച് മുതൽ 1948 ജൂൺ വരെ മൗണ്ട് ബാറ്റൺ എന്നീ പ്രഭുക്കളുടെ ഭരണത്തിൻ കീഴിലായിരുന്നു ഭാരതം.

1947 ആഗസ്റ്റ് 15-ാം തീയതി ഭാരതം ഒരു സ്വതന്ത്ര ജനാധിപത്യ രാഷ്ട്രമായിത്തീർന്നു.

**ഇംഗ്ലീഷുകാരെപോലെ ആയിത്തിരാനുള്ള ആഗ്രഹം ഭാരതീയരുടെ മനസ്സിൽ നിറച്ച്, ഇന്ത്യൻ ശരീരവും ഇംഗ്ലീഷ് മനസ്സുമുള്ള ഇന്ത്യാക്കാർ ഭാരതത്തിന്റെ ഭരണം ഏറ്റെടുത്തു.**



Scanned with CamScanner

# ഭാഗം 3

# ഭാരതീയ സാംസ്കാരിക ചൈതന്യം

## ബുദ്ധമതത്തിന്റെ ജനനവും പ്രചരണവും

563 ബി.സി. ലുംബിനിയിൽ, ശക്യമുഖൻ ശുദ്ധോദനന്റേയും മായാദേവിയുടേയും പുത്രനായി ശ്രീഗൗതമൻ ജനിച്ചു. 7-ാം ദിവസം മാതാവിന്റെ മരണം സംഭവിച്ചു. മഹാപ്രജാപതി ഗൗതമി എന്ന വളർത്തമ്മ ഗൗതമബുദ്ധനെ വളർത്തി.

≈ 536 ബി.സി. യിൽ യശോധരയുമായുള്ള വിവാഹം

≈ 534 ബി.സി. യിൽ രാഹുൽ എന്ന പുത്രന്റെ ജനനം.

≈ 532 ബി.സി. ജീവിതത്തിൽ യൗവനം, ആരോഗ്യം, ഇവ ശാശ്വതമല്ലെന്നും മരണമാണ് ശാശ്വതമായ സത്യമെന്നും അതിനാൽ എല്ലാത്തിനോടും വിരക്തിയാണ് നല്ലതെന്നും അറിഞ്ഞ് കൊട്ടാരം വിട്ടിറങ്ങുന്നു. ഇത് മഹാപരിത്യാഗം എന്നറിയപ്പെടുന്നു.

532 ബി.സി. വൈശാലിയിൽ ചെന്ന് അദരകലാമ എന്ന ഗുരുവിനെ കാണുന്നു. തുടർന്ന് രുദ്രകൻ, പിന്ന, രാമപുത്ര എന്നീ ആചാര്യന്മാരുമായി ബന്ധപ്പെടുന്നു. അവരിൽ സംതൃപ്തനാകാതെ സ്വയം തപസ്സനുഷ്ഠിക്കുന്നു. ആറു വർഷത്തേക്ക് ഈ തപശ്ചര്യ തുടരുന്നു.

≈ 526 ബി.സി സുജാത എന്ന ഗ്രാമീണ വനിതയിൽ നിന്ന് കഞ്ഞി സ്വീകരിച്ച് തപസ്സവസാനിപ്പിച്ച്' 525 ബി.സി. ഗയയിലെ വടവൃക്ഷചുവട്ടിൽ ഏഴുദിനരാത്രങ്ങൾ തപസനുഷ്ഠിച്ച്, ജ്ഞാനിയായി തഥാഗതൻ - ബുദ്ധൻ എന്ന പേർ സ്വീകരിക്കുന്നതോടെ ഒരു അവതാരം ഭാരതത്തിൽ ജനിച്ചു.

≈ 524 ബി.സി. ബനാറസിലും, സാരാനാഥിലും ബുദ്ധസന്ദേശം എത്തിച്ച് അഞ്ചുശിഷ്യന്മാരെ സ്വീകരിക്കുന്നു. മഗധയിലെ ബിംബിസാരൻ ബുദ്ധന് അതിഗംഭീരമായ സ്വീകരണം നൽകി. ബുദ്ധമത പ്രചരണത്തിന് വേണ്ടുന്ന സഹായം വാഗ്ദാനം ചെയ്തു. അവിടെ നിന്നും കോസല രാജ്യത്തിലേക്ക് യാത്രയായി. കോസല രാജാവ് പ്രസേനജിത് ബുദ്ധന്റെ ശിഷ്യനായി. അനേകം ശിഷ്യന്മാരോടുകൂടി കപിലവസ്തുവിലെത്തി, ഇവിടെവച്ച്, ഭാര്യ യശോധരയും മകൻ രാഹുലും ബുദ്ധന്റെ ശിഷ്യത്വം സ്വീകരിക്കുന്നു.



Scanned with CamScanner

520 ബി.സി. മുതൽ മഗധയിൽ ശ്രീബുദ്ധൻ സ്വന്തം കർമ്മമണ്ഡലം വിപുലീകരിച്ചു. മഗധ കൂടാതെ കാശി, കോസലം, വൃജ്ജ്, അവന്തി എന്നിവിടങ്ങളിലും ബുദ്ധൻ നിരന്തരം യാത്ര ചെയ്ത് ആത്മീയകേന്ദ്രങ്ങൾ തുടങ്ങി.

520–456 ഇക്കാലഘട്ടമത്രയും വിശ്രമമില്ലാതെ ശ്രീബുദ്ധൻ തന്റെ സന്ദേശം ബുദ്ധമതമായി പ്രചരിപ്പിച്ചു.

456 ബി.സി വൈശാലിയിൽ വച്ച് സ്വന്തം മരണത്തെക്കുറിച്ച് പ്രവചിച്ചു.

456 ബി.സി. പാടലീപുത്രത്തിൽ ഒരു കൊല്ലന്റെ ആലയത്തിൽനിന്നും ഭക്ഷണം കഴിച്ച് അവിടെ നിന്നും കുശി നഗരത്തിലെത്തി നിർവാണം പ്രാപിക്കുകയും ചെയ്തു. ബുദ്ധന്റെ ശരീരം എട്ടു ഭാഗങ്ങളാക്കി എട്ടു സ്തൂപങ്ങൾ സ്ഥാപിക്കുകയാണുണ്ടായത്.

ലോകത്തിൽ ദുഃഖം യാഥാർത്ഥ്യമാണ്, ആഗ്രഹങ്ങളാണ് ദുഃഖത്തിനു കാരണം, അഗ്രഹങ്ങൾക്കറുതി വന്നാൽ ദുഃഖവും അവസാനിക്കുന്നു, ശരിയായ ചിന്ത, ശരിയായ വിശ്വാസം, ശരിയായ വാക്പ്രയോഗം, ശരിയായ കർമ്മം, ശരിയായ ജീവിതം, ശരിയായ ജീവിത ലക്ഷ്യം, ശരിയായ മനസ്, സത്യം പറയുക, മോഷണം ചെയ്യാതിരിക്കുക, ബ്രഹ്മചര്യമനുശാസിക്കുക, അഹിംസ പ്രചരിപ്പിക്കുക ആഡംബരങ്ങൾ ഒഴിവാക്കുക, ലൗകികസുഖങ്ങൾ കുറയ്ക്കുക എന്നീ സന്ദേശങ്ങളുമായി ബുദ്ധമതം പ്രചരിക്കുന്നു. ബുദ്ധമതപ്രചരണത്തിലെ നാഴിക കല്ലുകൾ നാലെണ്ണമത്രെ.

487 ബി.സി. ആദ്യത്തെ ബുദ്ധമത സമ്മേളനം നടന്നു. മഹാ കശ്യപന്റെ അദ്ധ്യക്ഷതയിൽകൂടിയ സമ്മേളനത്തിൽ 500 പ്രതിനിധികൾ പങ്കെടുത്തു. ബുദ്ധസന്ദേശങ്ങൾ വിജയ് പിഠക്, എന്നീ ധർമ്മപിഠക് എന്നും രണ്ടായി തിരിച്ചത് ഈ സമ്മേളനത്തിലായിരുന്നു. മഗധയിലെ രാജഗൃഹത്തിനടുത്തുള്ള സപ്തപർണിഗുഹയിലായിരുന്നു ഈ സമ്മേളനം.

387 ബി.സി. വൈശാലിയിൽ രണ്ടാം സമ്മേളനം വിളിച്ചുചേർത്തു. ബുദ്ധസന്ദേശങ്ങളായ വിനയപിഠക് കർക്കശമായി അനുശാസിക്കുന്നവരെ സ്ഥവിർ എന്നും, ദേശ-കാലത്തിന്നനുസൃതമായ മാറ്റത്തോടെ അനുശാസിക്കുന്നവരെ മഹാസംഘിക് എന്നും വേർതിരിച്ചു.

251 ബി.സി. അശോകൻ ബുദ്ധമത സമ്മേളനം വിളിച്ചുകൂട്ടി, ഇത് പാടലീപുത്രത്തിലായിരുന്നു. മോഗ്ഗലിപുട്ട തിസ്സയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം ശ്രീബുദ്ധസന്ദേശങ്ങളിലെ തത്വശാസ്ത്രങ്ങളടങ്ങുന്ന അഭിധർമ്മപിഠക് എന്ന മൂന്നാം വിഭാഗവും ഇവിടെ സൃഷ്ടിക്കപ്പെട്ടു. ബുദ്ധസന്ദേശങ്ങളടങ്ങുന്ന ഗ്രന്ഥങ്ങൾക്ക് കൃത്യമായ രൂപവും



Scanned with CamScanner

ഭാവവും നിഷ്കർഷിച്ചു. ബുദ്ധസന്ദേശങ്ങൾ ഭാരതം മുഴുവനും പ്രചരിച്ചത് ഇക്കാലത്തായിരുന്നു.

കാലഘട്ടം അവ്യക്തമാണെങ്കിലും കനിഷ്കനാണ് നാലാം ബുദ്ധമത സമ്മേളനം വിളിച്ചുകൂട്ടിയത്. പൂർണമായും സംസ്കൃതത്തിലായിരുന്നു ഈ സമ്മേളനം. ബുദ്ധമതത്തിലെ പ്രാചീനചിന്താധാരകൾ നിലനിർത്തി ഹീനയാനമെന്നും നൂതനമായത് ചേർത്ത് മഹായാനമെന്നും രണ്ടായി തിരിച്ചു. കാശ്മീരിൽ വെച്ചായിരുന്നു ഈ സമ്മേളനം. വസുമിത്രനും, അശ്വഘോഷനുമായിരുന്നു സമ്മേളനത്തിന്റെ അദ്ധ്യക്ഷനും, ഉപാദ്ധ്യക്ഷനും.

ഭാരതത്തിൽ, ബുദ്ധമതം ഹിന്ദുധർമ്മത്തോടു ചേർന്നെങ്കിലും, ഹിന്ദുധർമ്മത്തിന്റെ എല്ലാ അറിവുകളും സ്വീകരിച്ച് ബുദ്ധമതം മറ്റുരാജ്യങ്ങളിൽ പ്രചരിച്ചു. ലോകമതങ്ങളിൽ ഒരു പ്രധാനമതമായി ബുദ്ധമതം ഇന്നും നിലനിൽക്കുന്നു. സത്യം, ധർമ്മം കൊണ്ടുമാത്രമാണ് ഈ മതം പ്രചരിക്കുന്നത്. രക്തച്ചൊരിച്ചിലില്ലാതെ ഇന്നും ബുദ്ധമതം പ്രചരിക്കുന്നു.

## ജൈനമതം ജനനവും പ്രചരണവും

546 ബി.സി. സിദ്ധാർത്ഥന്റേയും ത്രിശിലയുടേയും പുത്രന്മാരിൽ ഒടുവിലത്തെ പുത്രനായി വർധമാനൻ ജനിച്ചു.

≈ 520 ബി.സി. യശോദയെ വിവാഹം കഴിച്ചു. അതിലൊരു പുത്രി ജനിച്ചു.

≈ 516 ബി.സി. സർവതും ഉപേക്ഷിച്ച് സന്യാസ ജീവിതത്തിലേയ്ക്ക് കടന്നു. വർധമാന മഹാവീരൻ ധർമ്മപ്രചരണം തുടങ്ങി. മഗധ, കോസലം, അവന്തി, ചമ്പ, എന്നിവിടങ്ങളിലെ രാജാക്കന്മാരുടെ സഹായത്തോടെ ജൈനമതം പ്രചരിപ്പിച്ചു.

ആനന്ദ്, സൂര്യദേവ, കാമദേവ, സൗധൽപുത്ര, നന്ദിനിപ്രിയ, ചൗളിനിപ്രിയ, സൻഹിപ്രിയ, മഹാസയാഗ്, ചുല്ല, സഭാഗ്, കുണ്ഡല, കോലിയ എന്നിവരായിരുന്നു പ്രസിദ്ധരായ ജൈനമത പ്രചാരകർ.

250 ബി.സി. കാശിരാജാവായ അശ്വസേനന്റേയും പ്രഭാവതിയുടേയും പുത്രനായ പാർശ്വനാഥനാണത്രെ യഥാർത്ഥത്തിൽ ഇന്നത്തെ ജൈനമതം സ്ഥാപിച്ചത്.

250 ബി.സി. യിൽ പാർശ്വനാഥ്, ജൈനമതത്തിന് ഒരു വഴിത്തിരിവ് സൃഷ്ടിക്കുകയാണുണ്ടായത്. തന്റെ ശിഷ്യന്മാർക്ക് ഒരുവിധ വസ്ത്രങ്ങളും ഉപയോഗിക്കുവാനുള്ള അനുവാദം മഹാവീരധർമ്മത്തിലില്ലായിരുന്നതിനാൽ അവർ ദിഗംബരന്മാർ എന്നറിയപ്പെട്ടു. പാർശ്വനാഥ്, വസ്ത്ര



Scanned with CamScanner

ധാരണം അനുവദിച്ചിരുന്നതിനാൽ വസ്ത്രധാരണം നടത്തുന്ന വിഭാഗത്തെ ശ്വേതാംബരന്മാർ എന്നും വിളിച്ചു. ദിഗംബരന്മാർ നിഗന്തബന്മാർ എന്നും അറിയപ്പെടുന്നു. ബുദ്ധമതം പ്രചരിച്ചതുപോലെ ജൈനമതം പ്രചരിച്ചില്ല.

## ഭാരതത്തിൽ ഇസ്ലാംമതപ്രചരണം

570 എ.ഡി. മുഹമ്മദ് നബിയുടെ ജനനം (അമ്മയുടെ പേര് അമീന).

610 എ.ഡി. നാൽപതാം വയസ്സിൽ ഹിരാ പർവതത്തിൽ വച്ച് ധ്യാനനിരതനായ നബിക്ക് പുതിയ മതസ്ഥാപനത്തിന് സന്ദേശം ലഭിച്ചു. വിഗ്രഹാരാധനയെ നബി എതിർത്തു. 360 വിഗ്രഹങ്ങളുള്ള ക അബയുടെ തലവന്മാർ ഖുറേഷിവർഗക്കാർ, വിഗ്രഹാരാധനയെ എതിർത്ത നബിക്കെതിരെ തിരിഞ്ഞു.

622 എ.ഡി നബി, മെക്കയിൽ നിന്ന് മെദീനയിലേക്ക് പോയി. ആയിരക്കണക്കിനു മെദീനക്കാർ നബിയെ സ്വീകരിച്ച് അനുയായികളായിത്തീർന്നു. നബി ഇവിടെ ആദ്യത്തെ മുസ്ലീം ദേവാലയം പണിത് ഖുറാൻ എഴുതി. കുറഞ്ഞ കാലത്തിനുള്ളിൽ നബി മദീനയുടെ രാജാവും ന്യായാധിപനും ആയിത്തീർന്നു.

630 എ.ഡി. മുഹമ്മദ് നബി മെക്ക ആക്രമിച്ച് കീഴടക്കി. മെക്കയും പിന്നീട് അറേബ്യ മുഴുവനും നബിയെ ദൈവദൂതനായി അംഗീകരിച്ചു. അറേബ്യ നബിയുടെ ഭരണത്തിൻ കീഴിലായി.

നബി അനവധി രാജ്യങ്ങൾ, പ്രത്യേകിച്ചും സിറിയ തുടങ്ങിയവ കീഴടക്കി ഇസ്ലാം മതപ്രചരണം നടത്തി.

632 എ.ഡി മെക്കയിലേക്ക് തീർത്ഥാടനം നടത്തവേ രോഗഗ്രസ്ഥനായി ജൂൺ 8ന് മദീനയിൽ വച്ച് മരണം വരിച്ചു.

പിന്നീട് മതപ്രചരണവും ഭരണഭാരവും ഏറ്റെടുത്തത് 632ൽ അബൂബക്കർ, 634 ൽ ഒമർ, 644 ൽ നബിയുടെ സഹോദരന്മാരിലൊരാളായ ഒസ്മാൻ, 656ൽ നബിയുടെ മരുമകൻ അലി, എന്നിവരായിരുന്നു. ഇസ്ലാംമതം ഗൾഫ് രാജ്യങ്ങളിലും, ഈജിപ്ത്, മെസൊപ്പൊട്ടേമിയ, കാബൂൾ, ഗസ്നി, ഹേരാത് എന്നിവടങ്ങളിലും പ്രചരിച്ചത്, യുദ്ധത്തിലൂടെയാണ്.

636 എ.ഡി. അറേബ്യയിൽ നിന്ന് ഖലീഫൻസൈന്യം ബോംബെയിലെ താന കീഴടക്കാൻ കപ്പൽ മാർഗം വന്നു, പരാജയപ്പെട്ടു തിരിച്ചുപോയി, ബാക്കിയുള്ളവർ വധിക്കപ്പെട്ടു.

644 എ.ഡി. അറേബ്യൻസേന പടിഞ്ഞാറൻ സിന്ധ് വഴി ആക്രമിച്ചു



Scanned with CamScanner

കയറി. സിന്ധിനപ്പുറം കീഴടക്കിയെങ്കിലും സിന്ധ് കീഴടങ്ങാതെ നിന്നു. ഇസ്ലാം മതപ്രചരണത്തിനായി ഖലീഫ ഒസ്മാന്റെ നിർദ്ദേശപ്രകാരമായിരുന്നു ഈ ആക്രമണം.

659 എ.ഡി. അൽഹാരീസ്, സിന്ധ് ആക്രമിക്കാൻ മുന്നേറിയെങ്കിലും 664 എ.ഡി യിൽ അൽഹാരീസ് വധിക്കപ്പെട്ടു.

665 എ.ഡി. അബ്ദുള്ള, ഇസ്ലാം മതപ്രചരണത്തിനായി ഭാരതത്തിലേക്ക് സൈന്യത്തെ നയിച്ചെങ്കിലും വധിക്കപ്പെട്ടു. അവർ ബലൂചിസ്ഥാൻവരെ എത്തിയതേയുള്ളൂ.

711 എ.ഡി. ഉബൈദുള്ള സിന്ധിലേക്കു നീങ്ങിയെങ്കിലും യുദ്ധത്തിൽ വധിക്കപ്പെട്ടു. ബുദൈൽ എന്ന ഭരണാധികാരിയും ഇതേവിധി നേരിട്ടു, മരിച്ചുവീണു.

712 എ.ഡി. മുഹമ്മദ് ബിൻ കാസിം സിന്ധിലേക്കു വൻ സൈന്യത്തോടെ തിരിച്ചു സിന്ധിലേക്ക് പ്രവേശിച്ച കാസിം ലക്ഷക്കണക്കിന് ഹിന്ദുക്കളേയും ബുദ്ധമതാനുയായികളേയും വധിച്ചു/ ഇസ്ലാമിലേക്ക് മാറ്റി. സിന്ധ്പ്രദേശം ഭാഗീകമായി ഇസ്ലാമിലേക്ക് മാറ്റപ്പെട്ടു. ആദ്യത്തെ ഇസ്ലാംമത പ്രചരണം ഭാരതത്തിൽ വാൾമുന കൊണ്ടു നടന്നു.

713 മുൾട്ടാനിൽ ഹിന്ദുമതം അസ്തമിച്ചു തുടങ്ങി, ഇസ്ലാം ചിറകു വിടർത്തി.

870 ആയുധം കൊണ്ടുമാത്രം അഫ്ഘാനിസ്ഥാനിൽ നിന്ന് ഹിന്ദുമതം തുടച്ചുനീക്കപ്പെട്ടു.

995 ജലാലാബാദിൽ സുബുത്ഗിൻ ഹിന്ദുക്കളെ ഇസ്ലാമിലേക്ക് ക്രൂരമായി മാറ്റി.

1000 എ.ഡി. കൈബർചുരം, പേഷവാർ, പഞ്ചാബ്, മുൾട്ടാൻ, റാംഗംഗ, താനേശ്വരം, കാശ്മീർ, കന്നൗജ്, ബുലന്ദേശ്വർ, മഥുര, കലിഞ്ചർ, ഗ്വാളിയോർ, ഗുജറാത്ത് ഈ പ്രദേശങ്ങളിൽ ലക്ഷക്കണക്കിന് ഹിന്ദുക്കൾ വധിക്കപ്പെട്ടു. ജീവിച്ചിരുന്നവർ ജീവനുവേണ്ടി ഭാഗീകമായോ പൂർണമായോ ഇസ്ലാംമതത്തിലേക്ക് മാറ്റപ്പെട്ടു. അനേകായിരം മുസ്ലീമുകൾക്ക് ഹിന്ദുവിധവകൾ ജന്മം നൽകി.

1197 ബീഹാർ, നളന്ദ, ഖജുറാഹോ, ബംഗാൾ, അസ്സാം, മദ്ധ്യപ്രദേശ് ഭാഗീകമായി ഇസ്ലാമീകരിക്കപ്പെട്ടു.

1204 എ.ഡി. ഇഫ്ത്യാറുദ്ദിൻ, ക്രൂരമായി ബംഗാളിലെ ഹിന്ദുക്കളെ ഇസ്ലാമിലേയ്ക്ക് മാറ്റി. ഉത്തര ഭാരതത്തിൽ വാൾമുന കൊണ്ടുമാത്രം ക്രൂരമായി ഇസ്ലാം മതം പ്രചരിപ്പിച്ചു.



Scanned with CamScanner

1266 ഒറീസ്സയെ ക്രൂരനായ ഗിയാസുദ്ദിൻ ബാൽബൻ ഭാഗീകമായി ഇസ്ലാമിലേക്കു മാറ്റി.

1308 ആന്ധ്രാ, ഒറീസ്സ, തമിഴ്നാട്, മഹാരാഷ്ട്ര, കർണ്ണാടക മല്ലിക് കഫൂറിലൂടെ ചോരപുഴയൊഴുക്കി ഭാഗീകമായി ഇസ്ലാമിലേക്കു മാറ്റപ്പെട്ടു.

1700 വരെ ഈ നീചകർമ്മം മുസ്ലീം ഭരണാധികാരികൾ തുടർന്നു.

ഹൈദരാലിയും ടിപ്പുവും 1790 കേരളക്കരയിലും പടയോട്ടം നടത്തി വിദേശി മുസ്ലീമുകളുടെ അതേ പന്ഥാവു സ്വീകരിച്ച് നൂറുകണക്കിന് ക്ഷേത്രങ്ങൾ പള്ളികളാക്കി ആയിരങ്ങളെ പശുയിറച്ചി തീറ്റി കേരള - മൈസൂർ ഭാഗങ്ങളിലെ ഹിന്ദുക്കളെ മുസ്ലീമുകളാക്കി.

മലബാറിൽ ചേരമാൻ പെരുമാൾ വഴിയാണ് ഇസ്ലാംമതം ആദ്യം പ്രചരിച്ചതെന്ന് വിശ്വസിക്കുന്നു. പലകാരങ്ങളാൽ ചേരരാജാക്കന്മാരിൽ അവസാന രാജാവ് രാജ്യം, തന്റെ കീഴിലുള്ള സാമന്ത രാജാക്കന്മാർക്ക് പകുത്തുകൊടുത്ത് എട്ടുദിവസം കഴിഞ്ഞ് തനിക്കായി തയ്യാറാക്കിയ കപ്പലിൽ ഒരു ഷേഖിനോടൊപ്പം കൊയിലാണ്ടി - ധർമ്മടം ദ്വീപ് വഴി അറേബ്യൻ തീരത്തുള്ള ഷാറിൽ എത്തി. മെക്ക സന്ദർശിച്ച്, ദീർഘകാലം താമസിച്ച്, അബ്ദുൾ റഹിമാൻ സമിരി എന്ന പേർ സ്വീകരിച്ച് റഹബിയത്ത്/ഗൊമരിയ എന്ന സ്ത്രീയെ വിവാഹം കഴിച്ച്, ഇസ്ലാം മതം പ്രചരിപ്പിക്കാൻ ഭാരതത്തിലേക്ക് മടങ്ങാൻ തയ്യാറാകുമ്പോൾ ഭാഗ്യവശാൽ രോഗബാധിതനായി മരിച്ചു. ഇദ്ദേഹത്തിന്റെ ഖബർ ഇന്നും ഒമാനിലെ സലാല എന്ന പ്രദേശത്തുണ്ട്. മരിക്കുന്നതിനു മുമ്പ്, താൻ രാജ്യം വീതിച്ചു നൽകിയ രാജാക്കന്മാരോട് കേരളത്തിലെമ്പാടും മുസ്ലീംപള്ളി പണിയാൻ വേണ്ടതെല്ലാം ചെയ്യണമെന്നും, ഇസ്ലാം മത പ്രചരണത്തിന് അറേബ്യയിൽ നിന്ന് വരുന്നവർക്ക് എല്ലാ സൗകര്യങ്ങളും നൽകണമെന്നും തിട്ടൂരത്തിൽ എഴുതി നിർദ്ദേശിച്ചു.

എട്ടുവർഷത്തിനുശേഷം മാലിക് ഇബ്നു ദിനാർ, അറേബ്യയിൽ നിന്നു തിട്ടൂരവുമായി കൊടുങ്ങല്ലൂരിലെത്തി, അവിടത്തെ രാജാവിന്റെ സഹായത്താൽ കേരളത്തിൽ മുസ്ലീം പള്ളി പണിയുകയും ജനങ്ങളെ ഇസ്ലാമിലേക്ക് പരിവർത്തനം ചെയ്യുകയുമുണ്ടായി. ഹിന്ദുക്കളിലെ താഴ്ന്ന ജാതിക്കാർ ഇസ്ലാമിലേക്ക് മാറിയാൽ അവർക്ക് സമൂഹത്തിൽ വളരെ വലിയ മഹാ-പിള്ള സ്ഥാനം (പിന്നീടത് മാപ്പിളയായി) നൽകി,. മതപരിവർത്തനം പ്രോത്സാഹിപ്പിക്കുകയാണുണ്ടായതത്രെ. ചേരമാൻ പെരുമാൾ മെക്കയിലേക്ക് കപ്പൽ കയറിയ 825 എ.ഡി. ആഗസ്റ്റ് 25 നാണ് മലയാളവർഷം ആരംഭിക്കുന്നതത്രെ! 1881ൽ മാത്രം 50,000ൽപരം താഴ്ന്ന ജാതിക്കാർ ഇസ്ലാം മതം സ്വീകരിച്ച് മാപ്പിളമാരായി.



Scanned with CamScanner

ഒരു 'കടൽഭൂതത്തിൽ' നിന്ന് ലക്ഷദ്വീപുകാരെ ഒരു മുസ്ലീം തീർത്ഥാടകൻ രക്ഷിച്ചതിനോടനുബന്ധമായാണ്, ദ്വീപിലെ ഹിന്ദുക്കൾ, ഈ തീർത്ഥാടകന്റെ ഉപദേശപ്രകാരം ഇസ്ലാംമതം സ്വീകരിച്ചതത്രെ

ഗസ്നി മുതൽ മുഗളസാമ്രാജ്യത്തിലെ അവസാന സുൽത്താൻ വരെയുള്ളവരുടെ ആക്രമണം, കൊള്ള, കൊള്ളിവെപ്പ്, ഭരണം, എന്നീ കാര്യങ്ങൾ ഈ പുസ്തകത്തിലെ ആദ്യഭാഗങ്ങളിൽ വിവരിച്ചിട്ടുണ്ട്. അതിനോട് ചേർന്ന് ഇസ്ലാമിലേയ്ക്ക് മതപരിവർത്തനം ചെയ്ത ക്രൂര ചരിത്രമുള്ളതും വായിക്കുമല്ലോ.

## ക്രിസ്തുമത പ്രചരണം ഭാരതത്തിൽ

216 എ.ഡിയ്ക്കു മുമ്പ് റോമിലെ ക്രൈസ്തവരായ പട്ടാളക്കാർ കൊടുങ്ങല്ലൂരിൽ റോമാക്കാരുടെ സ്ഥാപന സംരക്ഷണത്തിനായി ഉണ്ടായിരുന്നുവത്രെ.

261 എ.ഡി. മെനസ് എന്നൊരു വിശ്വാസി ബുദ്ധനേയും, ശാലിവാഹനനേയും കൃസ്തുവിനേയും ചേർത്ത് കേരളത്തിൽ മതപ്രചരണം നടത്തിയിരുന്നുവത്രെ.

300 എ.ഡി. സെസേറിയയിലെ ബിഷപ്പ് യൂസെബ്യൂസ് ഭാരതം സന്ദർശിച്ചു.

522 എ.ഡി യിൽ ബൈസെന്റീൻ ഇന്ത്യയും സിലോണും സന്ദർശിച്ച്, ക്രിസ്തുമതാനുയായികളെ കണ്ടതായി എഴുതിയിട്ടുണ്ടത്രെ.

660 എ.ഡി. യേശു ജാബുസ് പുരോഹിതൻ, മലയാളക്കരയിലെ കൃസ്തുമതാനുയായികൾക്ക് ഒരു നേതൃത്വവും ഇല്ലെന്നും എഴുതിയിട്ടുണ്ട്. അവർ സ്വതന്ത്ര്യരായി ഹിന്ദുക്കളെപോലെ ജീവിക്കുന്നു എന്നും ക്രിസ്ത്യാനികളുടെ മാർഗം സ്വീകരിച്ചിട്ടില്ലെന്നും ആ വരികളിലുണ്ട്.

730 എ.ഡി. മലബാറിലെ ക്രിസ്തുമതവിശ്വാസികളെന്നു പറയുന്നവരിൽ സിറിയൻ മതാദ്ധ്യക്ഷന്മാരുടെ സ്വാധീനം തുടങ്ങി. സിറിയൻ പുരോഹിതന്മാർ കേരളത്തിൽ വന്നു തുടങ്ങി.

745 എ.ഡി. വ്യാപാരിയായി വന്ന തോമസിനോടൊത്ത് **(ഇതായിരിക്കാം പിന്നീട് സെന്റ് തോമസായത്)** ഒരു വലിയസംഘം പാശ്ചാത്യ ക്രൈസ്തവർ കേരളത്തിൽ വന്ന് മതപ്രചാരണം തുടങ്ങിയത്രെ. അവർ ഇവിടെത്തന്നെ കുടിയേറി മതപ്രചരണം തുടങ്ങി. **ഇതാണ് ഒന്നാം ക്രൈസ്തവ കുടിയേറ്റം.**

822 എ.ഡി. ബാബിലോണിയയിൽ നിന്നും മതവിശ്വാസികൾ കൗലാൻ എന്നറിയപ്പെടുന്ന കൊല്ലത്തിൽ വന്നിരുന്നുവത്രെ. അവരും മതപരി



Scanned with CamScanner

വർത്തനം തുടങ്ങി, ബാബിലോണിയയിൽ ഇസ്ലാം മതപ്രചരണത്തിന്റെ പ്രഹരമേറ്റാണ് അവർ പാലായനം ചെയ്ത് ഇവിടെ വന്നത്.

900 എ.ഡി. പേർഷ്യയിൽ നിന്ന് വലിയൊരു സംഘം ക്രിസ്തുമതപ്രചാരകർ കൊല്ലത്തെത്തി. ഇതായിരുന്നു രണ്ടാം കുടിയേറ്റം. പേർഷ്യയിലെ ഇസ്ലാം മതപ്രചരണയുദ്ധ ഭീഷണിയിൽ നിന്ന് മോചനത്തിനായിട്ടാണിവർ ഇവിടെയെത്തിയത്.

900 – 1400 എ.ഡി ക്രിസ്തുമതം പലവിധത്തിൽ കേരളത്തിലെമ്പാടും പ്രചരിച്ചുവത്രെ. ക്രിസ്ത്യാനികൾക്ക് സ്വന്തം രാജാവിനെ തെരഞ്ഞെടുക്കാനുള്ള അവകാശവും കൊച്ചി രാജാവ് നൽകിയെങ്കിലും, രാജാവിനെ തെരഞ്ഞെടുക്കുന്നതിന് വ്യത്യസ്തവിഭാഗങ്ങളായിരുന്ന ക്രൈസ്തവർ വിജയിച്ചില്ല. ക്രിസ്ത്യാനികളുടെ രാജവംശത്തെ വലിയാർവട്ടം അഥവാ ഉന്തിയംപേരൂർ/ഉദയം പേരൂർ എന്നറിഞ്ഞിരുന്നു. പിന്നീട് വലിയാർവട്ടം അസ്തമിച്ച് കൊച്ചിയിലെ പെരുമ്പടപ്പ് സ്വരൂപ (രാജവംശം)ത്തിൽ ചേർന്നു.

**1498 ൽ പോർത്തുഗീസുകാരനായ വാസ്കോഡഗാമ കേരളത്തിലെത്തിയപ്പോൾ കേരളത്തിലെ ക്രിസ്ത്യാനികൾ ഗാമയെ സമീപിച്ച് സംരക്ഷണം നൽകണമെന്നഭ്യർത്ഥിച്ചു. റോമിലെ പോപ്പിന്റെ കീഴിൽ കേരള ക്രൈസ്തവർ സ്വന്തം നാടിനെതിരായി പോർത്തുഗീസുകാരെ എല്ലാവിധത്തിലും സഹായിച്ചിരുന്നു.**

1542 ഇന്ത്യയിലേക്ക് സെന്റ് ഫ്രാൻസിൽ സേവ്യർ എത്തിച്ചേർന്നു. ഗോവയിൽ വൻതോതിൽ രക്തച്ചൊരിച്ചിലിലൂടെ മതപരിവർത്തനം നടത്തിയത് അയാളായിരുന്നു.

1598ൽ റോമിൽ നിന്ന് ഗോവയിൽ (പോർത്തുഗീസ് ഇന്ത്യയുടെ തലസ്ഥാനം) നിയമിതനായ ബിഷപ്പ് മെനസസ്, സിറിയൻ വിഭാഗത്തെ തള്ളിപറഞ്ഞ്, അടിച്ചമർത്തി.

1591 ലും 1595ലും ക്രൈസ്തവ മിഷനറിമാർ അക്ബറിനെ സന്ദർശിച്ചിരുന്നു. ഉത്തരഭാരതത്തിലെ മതപരിവർത്തനത്തിന് ഇത് തുടക്കം കുറിച്ചു.

1599 ക്രൈസ്തവസഭ രണ്ടായി പിളർന്നു. പഴയസഭ, പുതിയസഭ. അതിലെ സഭക്കാർ രണ്ടുവിഭാഗങ്ങളും പലതും ചെയ്തു. ഇക്കാലത്ത് ഭാരതത്തിൽ ആകെ 75 ക്രൈസ്തവദേവാലയങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത്. അവ കേരളത്തിലായിരുന്നു.

**കേരളത്തിലെ ക്രൈസ്തവരിൽ ഒരുവിഭാഗം ഒരു വിദേശ ബിഷപ്പിനുവേണ്ടി ബാബിലോണിലേക്കും അന്ത്യോഖ്യായിലേക്കും, അലക്സാൺഡ്രിയായിലേക്കും, ഈജിപ്റ്റിലേക്കും നിവേദനം നടത്തി.**



Scanned with CamScanner

1653 ൽ അന്ത്യോഖ്യാ ഒരു യാക്കോബായ ബിഷപ്പായ മാർ ഇഗ്നേഷ്യസിനെ ഇന്ത്യയിലെക്കയച്ചു. ഈ യാക്കോബാക്കാർ മലബാർ ക്രിസ്ത്യാനികളെ തറപറ്റിക്കാൻ നിരന്തരം ശ്രമിച്ചു. ഈ ബിഷപ്പിനെ ഇന്ത്യൻ ക്രിസ്ത്യാനികൾ ഇൻക്വിസഷനു വിധേയമാക്കി / കടലിലെറിഞ്ഞു കൊന്നു. പോർത്തുഗീസുകാരുമായി ഇനി ഒരു ബന്ധവുമില്ലെന്ന് ഇവർ കമ്പ കയർ തൊട്ട് സത്യം ചെയ്തു. ക്രിസ്ത്യാനിബിഷപ്പിനെ ക്രിസ്ത്യാനികൾ തന്നെ കൊന്ന ചരിത്രം കൊച്ചിയിലാണ് നടന്നത്.

1663 ൽ ഡച്ചുകാർ ഭാരതത്തിൽ വന്നപ്പോൾ, കേരളത്തിലെ ക്രിസ്ത്യാനികൾ രണ്ടു ചേരിയിലായി. പോർത്തുഗീസ്-ഡച്ചുചേരികൾ. റോമിനോട് ആഭിമുഖ്യമുള്ള പുരോഹിതന്മാരെല്ലാം കൊച്ചിവിട്ടു പോകണമെന്ന് ഡച്ചുകാർ ആജ്ഞാപിച്ചു.

1665 മാർഗ്രിഗറി എന്നുപേരായ ഒരു ബിഷപ്പ് മലബാറിൽ വന്ന് താൻ അന്ത്യോഖ്യാപാത്രിയാർക്കീസ് പറഞ്ഞയച്ചു വന്നതാണെന്ന് ധരിപ്പിച്ച് ഒരു വിഭാഗം ക്രിസ്തീയ വിഘടനവാദികളുടെ ആത്മീയ നേതാവായി, അദ്ദേഹത്തിനെ പാത്രിയാർക്കീസായി ചിലർ അംഗീകരിച്ചു.

1665 – 1761 മാർതോമ എന്ന പേരിൽ, പകലോമറ്റം കുടുംബക്കാരായ അഞ്ചുമെത്രാന്മാർ പള്ളിയുടെ അദ്ധ്യക്ഷപദവിയിലിരുന്നു. വൻതോതിൽ ഹിന്ദുക്കളെ മതം മാറ്റികൊണ്ടിരുന്നു. പലവിധ സഹായങ്ങൾ നൽകിയും, കെട്ടുറപ്പുള്ള സമൂഹത്തിൽ ഉൾപ്പെടുത്തി സംരക്ഷണം വാഗ്ദാനം ചെയ്തുമായിരുന്നു ഹിന്ദുക്കളെ മതപരിവർത്തനം നടത്തിയത്.

1806 ഭാരതത്തിലെ ക്രിസ്ത്യാനികളുടെ അവസ്ഥ പഠിക്കാൻ റവ. ക്ലാഡിയൂസ് ബുക്കാന വന്നു. പോർത്തുഗീസുകാരുടെ വരവിനെ തുടർന്നുള്ള രണ്ടു നൂറ്റാണ്ടിൽ ഭാരതീയ ക്രൈസ്തവർക്ക് എന്തു സംഭവിച്ചു എന്നു പഠിക്കാനായിരുന്നു വരവ്. **ഞങ്ങൾ അടിമത്തത്തിലേയ്ക്ക് താഴ്ത്തപ്പെട്ടു എന്നായിരുന്നു ഭാരതത്തിലെ ക്രിസ്ത്യാനികൾ നിവേദനം നടത്തിയത്.** തുടർന്ന് ബുക്കാനിൽ ബൈബിൾ വിവർത്തനം, സെമിനാരി നിർമ്മാണം, വിദ്യാലയ സ്ഥാപനം എന്നിവക്കുവേണ്ടി നാട്ടുരാജാക്കന്മാരിൽ നിന്നും, ബ്രിട്ടീഷ് ഇന്ത്യയിൽ നിന്നും സഹായമെത്തിച്ച് മതപരിവർത്തനത്തിന്റെ കൊടുങ്കാറ്റു വീശിച്ചു. ഇന്ത്യൻ ക്രൈസ്തവരെ വിദേശീയരുടെ രീതിയിലേക്ക് മാറ്റിക്കൊണ്ടുള്ള പ്രവർത്തനവും വൻതോതിലുള്ള ക്രൈസ്തവവൽക്കരണവും നടന്നു.

**1813 കോട്ടയത്ത് ആദ്യ ക്രിസ്ത്യൻ സെമിനാരി വന്നു.**

1816 അനവധി ക്രിസ്തുമത പാഠശാലകൾ തുടങ്ങി. ബൈബിൾ തർജ്ജമയ്ക്ക് 8000 രൂപയും സെമിനാരിക്ക് 20,000 രൂപയും, തിരുവിതാംകൂ



Scanned with CamScanner

റിൽ നിന്ന് വാങ്ങി. ക്രൈസ്തവ സഭ ക്രൈസ്തവവൽക്കരണത്തിന്റെ സ്വഭാവം ശക്തിയായി തെളിയിച്ചു. അതിന്റെ അവിഭാജ്യഭാഗമായി സഭയുടെ വിവിധ വിഭാഗങ്ങൾ തമ്മിൽ ശക്തമായ വഴക്കും തുടങ്ങി. ആരാധനാക്രമം, അരാധനയ്ക്കുള്ള ഭാഷ, നവീകരണം, തദ്ദേശീയ ആചാര സ്വീകരണം, മതം മാറ്റ രീതികൾ, അധികാരം, ആനുകൂല്യം പുരോഹിതന്മാരുടെ വിവാഹം എന്നിവയ്ക്കുവേണ്ടിയായിരുന്നു തർക്കങ്ങളെല്ലാം. 17-ാം നൂറ്റാണ്ടുവരെ ഭാരതത്തിലെ ക്രൈസ്തവരുടെ ആത്മീയ നേതൃത്വവും പൗരോഹിത്യവും നൽകിയിരുന്നത് ഭാരതീയരായിരുന്നു. പിന്നീട് അത് വിദേശീയരിലെത്തിച്ചേർന്നു. ഇന്നും അതു ഭാഗികമായി തുടരുന്നു.

1887 ൽ കേരളത്തിൽ മാത്രം 3,00,000 ക്രിസ്ത്യാനികൾ, 200 പള്ളികൾ, 9 മെത്രാന്മാർ ഉണ്ടായിരുന്നു. ക്രൈസ്തവരുടെ ആരംഭകാലം തൊട്ടുള്ള സുറിയാനി ഭാഷയിലെ ആരാധനാക്രമം നിലനിർത്തുന്നവർ സിറിയൻ ക്രിസ്ത്യൻ എന്നറിയപ്പെടുന്നു. പേർഷ്യയിൽ നിന്ന് മലയാളക്കര (മലങ്കര) യിലേക്കുവന്നതായിരുന്നു ഇത്. അനേകായിരം ഹിന്ദുക്കളെ ഇവർ മതംമാറ്റി. ലത്തീൻ ആചാരങ്ങൾ അനുഷ്ഠിക്കുന്നവർ ലാറ്റിൻ ക്രിസ്ത്യാനികളായി. ബാസൽ ജർമ്മൻ എവാഞ്ചലിക്കൽ സൊസൈറ്റിയിലൂടെ മലബാറിൽ പ്രൊട്ടസ്റ്റന്റ് മതം പ്രചരിപ്പിച്ചു. ഉത്തരകേരളത്തിൽ ഇവർ വ്യാപിച്ചു കിടക്കുന്നു. 1839 ലാണ് പ്രൊട്ടസ്റ്റന്റുകാരുടെ ആദ്യകേന്ദ്രം തുടങ്ങിയത്.

ഇന്ന് ഈ ചരിത്രത്തിലെ തുടർച്ചയെന്നോണം നാഗാലാന്റ്, മേഘാലയ, ആസാം എന്നിവിടങ്ങൾ ഏതാണ്ട് പൂർണമായും ക്രൈസ്തവവൽക്കരിക്കപ്പെട്ടു. കേരളം, തമിഴ്നാട്, മറ്റു സംസ്ഥാനങ്ങളിലെ തീരദേശം ഏതാണ്ട് മതംമാറ്റത്തിന്റെ ശക്തമായ കൊടുങ്കാറ്റ് വീശുന്നു.

2000-ാം മാണ്ടിൽ പോപ്പ് ഡൽഹിയിൽ നൽകിയ ആഹ്വാനം സ്വീകരിച്ച് ഭാരതത്തെ സമഗ്രമായി മതപരിവർത്തനം ചെയ്യാൻ 146 ക്രൈസ്തവ ജാതികളും നിരന്തരം ശ്രമിക്കുന്നു. 72 രാജ്യങ്ങളിൽ നിന്ന് 41 ലക്ഷം പ്രവർത്തർ 2.5 ലക്ഷം ക്രൈസ്തവ പുരോഹിതന്മാർ മതപരിവർത്തനത്തിന് നേതൃത്വം നൽകുന്നു. 68,000 കോടി രൂപ വിദേശങ്ങളിൽ നിന്നൊഴുകുന്നു. മതം മാറ്റപ്രവർത്തനത്തിന്റെ രീതി സാമ-ദാന-ഭേദ-ദണ്ഡങ്ങളിലൂടെയും ന്യൂനപക്ഷാവകാശങ്ങളിലൂടെയുമാണ് നടക്കുന്നത്. ഇംഗ്ലീഷുകാർ ചതിച്ചും വഞ്ചിച്ചും തുടങ്ങിവച്ച വൻ മതം മാറ്റപ്രക്രിയ ഇന്നും നിരുപാധികം തുടരുന്നു. ഇംഗ്ലീഷുകാരുമായി ചേർന്ന് 1947 ആഗസ്റ്റ് വരെ ഭാരതത്തിൽ മതപരിവർത്തനത്തിനും, ഇംഗ്ലീഷുകാരുടെ ഭരണം നിലനിർത്താനും ശ്രമിച്ചവരായിരുന്നു ഭൂരിഭാഗം



Scanned with CamScanner

ഭാരതീയ ക്രിസ്ത്യാനികളും. ഹിന്ദുക്കളെ അധിക്ഷേപിച്ച്, ഇംഗ്ലീഷു കാരുടെ സംരക്ഷണത്തിൽ ഹിന്ദുക്കളെ മതം മാറ്റിയത് ലജ്ജാകരമായ ഒരു ചരിത്രഭാഗമാണ്.

## ഭാരതീയ ആത്മീയതയുടെ ചരിത്രം

താഴ്ന്ന നിലവാരത്തിലുള്ള ഈശ്വര സങ്കൽപത്തിൽ നിന്ന് അൽപം ഉയരുന്ന വിധത്തിലാണ് മറ്റു മതങ്ങളിൽ ആത്മീയതയുടെ സ്വാധീനം. ഭാരതത്തിൽ ആത്മീയത അത്യുന്നത ശൃംഗത്തിൽ നിന്ന് സാധാരണ ക്കാർക്കുകൂടി ഉൾക്കൊള്ളുവാൻ സാധിക്കുന്ന വിവിധ തലങ്ങളിലേക്ക് വ്യാപിക്കുകയാണ് ചെയ്തിട്ടുള്ളത്. കാലഘട്ടങ്ങളിലൂടെ ഇത് പരിണാ മത്തിനു വിധേയമായതാണ്.

5000 ബി.സി. പ്രപഞ്ചത്തിലെ വായു, സൂര്യൻ, പ്രകാശം തുടങ്ങിയ എല്ലാ ചൈതന്യത്തേയും ഭാരതീയർ ആരാധിച്ചു. പ്രപഞ്ച പുരുഷചൈ തന്യത്തെ അവർ വാഴ്ത്തി. അഗ്നിയിൽ ഹവിസ്സുഹോമിച്ച് പ്രപഞ്ച ചൈതന്യത്തെ ആരാധിച്ചു.

5000 ബി.സി. – 3000 ബി.സി. പ്രപഞ്ചം മുഴുവനും പ്രപഞ്ചപുരുഷ ചൈത ന്യമായതിനാൽ ഈ പ്രപഞ്ചപുരുഷന്റെ ഭാഗങ്ങളായ പർവ്വതം-നദി-വൃക്ഷങ്ങൾ-ജലം-വായു-ജീവജാലങ്ങൾ ഇവയൊക്കെയും ആരാധന യ്ക്കുവിധേയമാക്കി. ഒരുവിധത്തിൽ ഇതെല്ലാം ഈശ്വരസങ്കൽപത്തിന്റെ ഭാഗമായി.

മറ്റൊരുവിധത്തിൽ മേൽപറഞ്ഞതിലെല്ലാം നിറഞ്ഞിരിക്കുന്നത് ഒരേ ചൈതന്യമാണെന്നു ഭാരതീയർ മനസ്സിലാക്കി; അതിന് ബ്രഹ്മചൈ തന്യം എന്നവർ വിവരിച്ചു.

5000 – 2500 ബി.സി. ഉപനിഷത്തുകളിലൂടെ ഈ ബ്രഹ്മചൈതന്യത്തെ നിർവചിച്ചു. അത്യുജ്ജ്വല തത്വശാസ്ത്രങ്ങളായെഴുതി. ആത്മീയത യുടെ അതിഗഹനമായ തലത്തിൽ ഭാരതീയർ എത്തി നിന്നു. എന്നിലും, നിന്നിലും അണു മുതൽ പ്രപഞ്ചം വരെയുള്ള സർവതിലും ജീവജാല ങ്ങളിലും ആത്മാവിന്റെ രൂപത്തിലും നിറഞ്ഞുനിൽക്കുന്ന ആത്മചൈ തന്യം, പരമാത്മ ചൈതന്യം, ബ്രഹ്മചൈതന്യം ഇവയെ അവർ ധ്യാന -ധാരണ-സമാധിയിലൂടെ സംയമം ചെയ്ത് ഉപാസിച്ച് ഇതെല്ലാം ഒന്നിന്റെ തന്നെ വിവിധ രൂപങ്ങളും വിവരണങ്ങളുമാണെന്നെഴുതി.

5000 – 1500 ബി.സി. പ്രപഞ്ചത്തിൽ നടക്കുന്ന എല്ലാ പ്രതിഭാസങ്ങളും സൃഷ്ടി-സ്ഥിതി-സംഹാരം എന്നിങ്ങിനെ മൂന്നായി ഭാഗിക്കാൻ തുട ങ്ങി. സ്ഥിതിയിൽ സൃഷ്ടിയും സംഹാരവും ഉൾപ്പെടുന്നു എന്നവർ കണ്ടു. ഓരോന്നിന്റെയും സ്ഥിതിയുടെ തുടക്കം സൃഷ്ടിയും, അന്ത്യം



Scanned with CamScanner

സംഹാരവുമായതിനാൽ ബ്രഹ്മാ-വിഷ്ണു-മഹേശ്വരന്മാരെ വ്യക്തമായി ത്രിമൂർത്തികളായി അവൻ സങ്കൽപ്പിച്ചാരാധിച്ചു. മനുഷ്യന്റെ ചിന്താമണ്ഡലത്തിലേയ്ക്ക് കൊണ്ടുവരാൻ എളുപ്പം, മനുഷ്യരൂപമായതുകൊണ്ട്, തൃമൂർത്തികൾക്ക് മനുഷ്യരൂപം സങ്കൽപിച്ചു നൽകി. ഇതിനെ തൃമൂർത്തി സങ്കല്പം എന്നു പറയുന്നു.

5000 – 1000 ബി.സി. തൃമൂർത്തികൾക്ക് ധ്യാന-ധാരണ-സമാധിയിലൂടെ നിരന്തരമായി സംയമം ചെയ്ത്, വ്യക്തവും ശാസ്ത്രീയവുമായ മൂന്നു രൂപങ്ങൾ നൽകി. ശാസ്ത്രീയവും വ്യക്തവുമായ ചിന്തയുടെ അടിസ്ഥാനത്തിലാണ് ഈ രൂപകൽപന നടത്തിയതെന്ന് വ്യക്തമാക്കി.

1000 - 00 ബി.സി. തൃമൂർത്തി സങ്കൽപത്തിലെ രൂപങ്ങൾ മനസ്സിൽ നിറഞ്ഞുനിൽക്കുവാനും സൃഷ്ടി/സ്ഥിതി/സംഹാരമെന്ന ശാശ്വത സത്യം എന്നുമെന്നും സ്മരിക്കുവാനുമായി പുരാണകഥകളിലൂടെ തൃമൂർത്തികൾക്കും അവയുടെ അവിഭാജ്യഘടകങ്ങളായ സമ്പത്ത്, ശക്തി, വിദ്യ എന്നിവയ്ക്കും അതേ അർത്ഥം വരുന്ന പേരുകൾ നൽകി. ലക്ഷ്മി, പാർവതി/ശക്തിദേവി, സരസ്വതി എന്നിവ സാധാരണക്കാരുടെ മനസ്സിൽ ചിരപ്രതിഷ്ഠ നൽകാനായി നന്മയുടെ രൂപങ്ങൾ നൽകി. പ്രതീകാത്മകമായി മറ്റനവധി ദേവതാ സങ്കൽപങ്ങളും അവർ സൃഷ്ടിച്ചു. സാധാരണകാരന് ഉപാസിക്കാനായി രൂപവും ഭാവവും നൽകാൻ ചിത്രവും, ബിംബവും സൃഷ്ടിച്ചു. ആദ്യന്തമില്ലാത്ത ഒന്നിനെ ചിന്തിച്ച് ഉപാസിക്കുന്നതിനേക്കാൾ സാധാരണക്കാരായ സാധകർക്ക് എളുപ്പം സരൂപ ഉപാസനയായതിനാൽ ഈ രൂപം പ്രയോജനപ്പെട്ടു.

1000 ബി.സി. 1000 – എ.ഡി. സൃഷ്ടിച്ച ബിംബങ്ങൾക്കും, സാങ്കൽപികരൂപങ്ങൾക്കും ചൈതന്യം പകരുന്ന പൂജാവിധികൾ മന്ത്ര-തന്ത്രത്തിലൂടെ അനുശാസിച്ചു. ക്ഷേത്രാചാരങ്ങൾ യാഗയജ്ഞങ്ങളുടെ സംക്ഷിപ്തമാക്കി, രൂപത്തിലും ആചാരത്തിലും പ്രചരിപ്പിച്ചു. വൈദീക ദേവതകളിൽ ചിലർക്ക് വിഗ്രഹരൂപം ലഭിച്ചു. അഗ്നികുണ്ഡങ്ങളിലൂടെ ഹവനങ്ങൾ നടത്തിയുള്ള ആരാധന, പൂജാവിധികളിലേക്ക് ഭാഗീകമായി മാറ്റപ്പെട്ടു. ഹവിസ്സിനും ഹവനദ്രവ്യങ്ങൾക്കും പകരം നിവേദ്യങ്ങളായി-പുഷ്പങ്ങളായി, ഹവനങ്ങൾക്കുപകരം അർച്ചനകളായി. ഗൃഹങ്ങളിലെ ആചാരഭാഗമായിരുന്ന ദേവ-പിതൃ-ഋഷി-ഭൂത- മനുഷ്യ-യജ്ഞങ്ങളായ പഞ്ചമഹായജ്ഞങ്ങൾ ക്ഷേത്രങ്ങളിലേക്കുമാറ്റപ്പെട്ടു. ക്ഷേത്രങ്ങൾ ഈശ്വരാലയം / ദേവ ആലയമായി. അവിടെ സാത്വികമായ കലാ-കായിക-ആത്മീയ-ഭൗതീക-ശാസ്ത്രീയ-സാങ്കേതിക-വൈദീകവിദ്യ ജ്ഞാന പ്രയോഗ കേന്ദ്രങ്ങളായി മാറി. ഗ്രാമദേവതാ സങ്കൽപം ഗ്രാമത്തിലെ രാജാവിന് തുല്യമാക്കി. ഗ്രാമക്ഷേത്രം ഗ്രാമത്തിന്റെ തലസ്ഥാനവുമാക്കി.



Scanned with CamScanner

ദേശത്തിനും കാലത്തിനുമനുസരിച്ച് ഭാരതീയർ ക്ഷേത്ര ഉപാസന നടത്തി. ആത്മീയ-ഭൗതീക സംതൃപ്തിക്കുള്ള ഈ കേന്ദ്രങ്ങൾ മറ്റു മതങ്ങളുടെ ആരാധനാലയ സങ്കല്പങ്ങളിൽനിന്ന് ഭിന്നമായ ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണെന്നു വ്യക്തമായി തെളിയിച്ചു. വിദ്യാദാനത്തിനും, സാമൂഹിക-ആത്മീയ ചൈതന്യാഭിവൃദ്ധിക്കും ക്ഷേത്ര പ്രതിഷ്ഠയ്ക്ക് അധികാരം ലഭിക്കുന്നതുപോലൊരു സ്ഥാനം നൽകി. ക്ഷേത്ര പുരോഹിതനെ പാശ്ചാത്യനാടുകളിൽ സംഭവിച്ചതുപോലെ സംഭവിക്കാതിരിക്കാൻ, പരിധിക്കപ്പുറം പദവി നൽകിയുമില്ല. ഈശ്വരോപാസന നടത്താനോ വേണ്ടെന്നു വെയ്ക്കാനോ ഉള്ള സ്വാതന്ത്ര്യവും ഹിന്ദുവിന് ഋഷിവര്യന്മാർ നൽകി.

## ഭാരതീയരുടെ ജീവിത ലക്ഷ്യം

16 ലക്ഷം തരത്തിലുള്ള ജന്തുക്കളിലൊന്നായി മനുഷ്യനെ സൃഷ്ടിച്ച പ്രകൃതിശക്തി, മനുഷ്യനിൽ നിന്ന് പ്രതീക്ഷിച്ചതെന്തായിരിക്കാം ? ഭാരതീയർ മനുഷ്യജീവിതത്തെ നാലാക്കി ഭാഗിച്ചു. ധർമ്മാർത്ഥകാമ മോക്ഷം, എന്നീ ലക്ഷ്യബോധങ്ങൾ നൽകി.

5000 ബി.സി ക്കപ്പുറം പ്രകൃതിയെ ആരാധിക്കുക. നന്മയ്ക്കും, സമ്പത്തിനും, ശത്രുനിഗ്രഹത്തിനും, ധന-ധാന്യ സമൃദ്ധിക്കുമായി പ്രാർത്ഥിക്കുക. ഈശ്വരാനുഗ്രഹംകൊണ്ട് അതുനേടിയെടുക്കുക എന്നതിനാധാരമായ ആചാരങ്ങളായിരുന്നു ഭാരതീയർ അനുഷ്ഠിച്ചിരുന്നത്. പിന്നീടത് വളർത്തുമൃഗങ്ങൾ, ഭൂമി, കാർഷിക ഉൽപന്നങ്ങൾ, വിലപിടിപ്പുള്ള ലോഹങ്ങൾ (സ്വർണ്ണം, വെള്ളി) എന്നിവ ലഭിക്കുന്നതിനുള്ള പ്രാർത്ഥനകളായി.

5000 – 3000 ബി.സി ശരീരം, മനസ്, കുടുംബം ഇവയെല്ലാം ചേരുന്ന വിധത്തിൽ, ആചാരങ്ങൾ പരിണമിച്ചിരിക്കാം. യാഗങ്ങൾ അനുഷ്ഠിക്കുമ്പോൾ ഭാര്യയും ഭർത്താവും ഒരുമിച്ചിരിക്കണം. സൂര്യനമസ്ക്കാരത്തിൽ വേദമന്ത്രങ്ങൾ ചൊല്ലി നമസ്ക്കരിക്കണം, രാഷ്ട്രസൂക്തങ്ങൾ ഒരുമിച്ചു ചൊല്ലണം. ഇപ്രകാരം നൂറുകണക്കിന് ആചാരങ്ങൾ ആരംഭിച്ചു.

3000 ബി.സി. – 1000 ബി.സി. ഇക്കാലയളവിൽ രചിക്കപ്പെട്ട ഗൃഹ്യസൂത്രങ്ങളും, ധർമ്മസൂത്രങ്ങളും, സ്മൃതികളും പരിശോധിച്ചാൽ വളരെ വ്യക്തമായി അറിയാൻ സാധിക്കുന്ന കാര്യങ്ങളുണ്ട്; ആചാരങ്ങൾ ആയുരാരോഗ്യസൗഖ്യത്തിനെ ലക്ഷ്യമിട്ടുകൊണ്ട്, മനസ്സിനും-ശരീരത്തിനും ശാശ്വത നന്മവരുത്താനും കുടുംബബന്ധങ്ങൾ ദൃഢമാക്കാനും സാമൂഹിക ഐക്യത്തിനും, രാഷ്ട്രത്തിന്റെ സാംസ്കാരിക ഏകതക്കും വേണ്ടിയുള്ളതായിരുന്നു എന്നു കാണാം.



Scanned with CamScanner

00 എ.ഡി. - 200 എ.ഡി. ഇക്കാലയളവിൽ ഓരോ ആചാരവും മനുഷ്യന്റെ സമഗ്രമായ വികാസത്തെ ലക്ഷ്യമാക്കി ഭാരതത്തിൽ വികസിച്ചു. ശ്രദ്ധയോടെ അനുഷ്ഠിക്കുന്ന ആചാരങ്ങൾക്ക് ആത്മീയ നന്മയോടൊപ്പം അത്യുജ്ജ്വലമായ ഭൗതീകനന്മയും കൈവരുത്തുവാൻ അവർ ശ്രദ്ധിച്ചു.

ഇതേ കാലയളവിൽ വേദങ്ങളെ ദുർവ്യാഖ്യാനം ചെയ്തും, കർമ്മങ്ങളെ വളച്ചൊടിച്ചും അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും ഉടലെടുക്കുകയുണ്ടായി. വിദേശാക്രമികളിൽ നിന്ന് രക്ഷപ്പെടാൻ ബാല്യവിവാഹം, സതി, മുഖം മറയ്ക്കൽ, സ്ത്രീകൾക്ക് യാത്രാസ്വാതന്ത്ര്യം കുറയ്ക്കൽ എന്നിവയും അതാതു കാലത്തെ ആവശ്യങ്ങൾക്കായി ഉടലെടുത്തത്, പിന്നീട് ദുരാചാരങ്ങളായി മാറി. അവയെ സമൂഹത്തിൽ നിന്ന് ഉന്മൂലനം ചെയ്യാൻ ശ്രേഷ്ഠരായ അവതാരങ്ങളും ജന്മം കൊണ്ടു.

500 ബി.സി. 1000 എ.ഡി. ക്ഷേത്രാചാരങ്ങൾ, യാഗാചാരങ്ങൾക്കുപകരമായി ഉടലെടുത്തു. കർമ്മങ്ങൾ 'സ്പെഷ്യലൈസ് ' ചെയ്യാൻ വർണാശ്രമധർമ്മ നിയമങ്ങൾ കർശനമായി എല്ലാവിഭാഗം ജനങ്ങൾക്കും അനുഷ്ഠിക്കേണ്ടതായ ആചാരങ്ങൾ ചേർത്ത്, അതാതുവ്യക്തികളുടെ ധർമ്മം ഉടലെടുത്തു. പത്നീധർമ്മം, മാതൃധർമ്മം, പിതൃധർമ്മം, ഭർതൃധർമ്മം,പൗരധർമ്മം, പുരോഹിത ധർമ്മം രാജധർമ്മം. ഇത് വ്യക്തമായ മാർഗരേഖകളോടെ ആവശ്യത്തിന്, തിരുത്തലുകൾ കാലാകാലങ്ങളിൽ വരുത്തി, സമൂഹം സ്വീകരിച്ചു.

ആചാരങ്ങളിലൂടെ സമ്പദ് സമൃദ്ധിയും സൗഖ്യവും നേടാനും, നേടിയതിൽ നിന്ന് പരമാവധി ആഗ്രഹസഫലീകരണം പൂർത്തിയാക്കാനും, അവസാനം ഇതിൽ നിന്നെല്ലാം മോചനം നേടാനുമുള്ള ഒരു പന്ഥാവ് നാലു പുരുഷാർത്ഥങ്ങളിലൂടെ നമുക്ക് ധർമ്മശാസ്ത്രഗ്രന്ഥങ്ങൾ നൽകി.

00 എ.ഡി.ക്കപ്പുറം. ഔദ്യോഗികമായി വ്യക്തിയുടെ ധർമ്മങ്ങൾ നിർവചിച്ചപ്പോൾ ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യ-ശൂദ്രർ എന്നീ നാലു വർണങ്ങളിൽ, ഇഷ്ടമുള്ളത് സ്വീകരിക്കാനുള്ള സ്വാതന്ത്ര്യത്തോടെ ഭാരതത്തിൽ പ്രചാരത്തിൽ വന്നു. തുടർന്നുള്ള കാലഘട്ടത്തിൽ അത് കർക്കശമായി പരിണമിച്ചു.

സമൂഹ ജീവിതത്തിലുള്ളവരെ നാലുവർണങ്ങളാക്കിയപ്പോൾ, വ്യക്തിജീവിതത്തെ നാലു ആശ്രമങ്ങളാക്കി ചിട്ടപ്പെടുത്തി. ബ്രഹ്മചര്യം, ഗൃഹസ്ഥം, വാനപ്രസ്ഥം, സന്യാസം എന്നിങ്ങനെ. ബ്രഹ്മചര്യാശ്രമത്തിൽ പഠിക്കുക, ഗൃഹസ്ഥാശ്രമത്തിൽ കുടുംബജീവിതം നയിക്കുക, അതിൽ നിന്ന് സ്വയം പിൻമാറുന്നത് നന്മ നിറഞ്ഞ സാമൂഹ്യ പ്രവർത്തനമായ വാനപ്രസ്ഥത്തിനും, അന്ത്യത്തിൽ എല്ലാം ഉപേക്ഷിച്ച് ഈശ്വ



Scanned with CamScanner

മോക്ഷോപാസനമായ സന്യാസത്തിനും ഇറങ്ങുക. ഇങ്ങനെ മനുഷ്യ ജീവിതം ചിട്ടപ്പെടുത്തി കർമ്മ-ധർമ്മ മണ്ഡലങ്ങൾക്ക് സാമൂഹിക ജീവിത സാക്ഷാത്കാരം എന്ന ലക്ഷ്യവും സ്വീകരിക്കണമായി രൂപപ്പെട്ടു. ആശ്രമങ്ങളുടെ ചിട്ടകൾ അക്കമിട്ട് പ്രതി വിവരിക്കുന്ന ധർമ്മശാസ്ത്ര ഗ്രന്ഥങ്ങളിൽ ഒരു കാഴ്ചപ്പാടിലെ സമഗ്രമായ ഭരണ-ജീവിത സംവിധാനക്രമങ്ങൾ വിവരിക്കുന്നു. കാലാനുസൃതമായ തിരുത്തലുകൾ വരുത്തിയിട്ടുള്ളതിനാലാണ് അനവധി ധർമ്മശാസ്ത്രഗ്രന്ഥങ്ങൾ ഉണ്ടായത്.

## ഭാരതീയ വൈദികഗ്രന്ഥങ്ങൾ കാലഘട്ടത്തിലൂടെ

ലഭ്യമായ ചില അവ്യക്തമായ വിവരങ്ങൾ, ഭാഷാശൈലി ലഭ്യമായ മറ്റ് സൂചനകൾ ഇവയുടെ അടിസ്ഥാനത്തിലാണ് കാലഘട്ടനിർണ്ണയം നടത്തിയിരിക്കുന്നത്. ഇന്നത്തെ രൂപത്തിലുള്ള ഗ്രന്ഥങ്ങളായി രചിച്ച കാലഘട്ടം എന്ന അർത്ഥത്തിലാണ് ഇതെഴുതിയിരിക്കുന്നത്.

5000 ബി.സി. അപ്പുറം - വേദങ്ങൾ അനാദിയാണെന്നു പറയുന്നു. രാമായണം ത്രേതായുഗത്തിലാണെന്നും, മഹാഭാരതം ദ്വാപരയുഗാന്ത്യത്തിലാണെന്നും കണക്കാക്കുന്നു. അതിനാൽ ഈ ഗ്രന്ഥങ്ങളുടെ കാലഘട്ടം വ്യക്തമല്ല.

3000-2000 ബി.സി. യാഗങ്ങളും യജ്ഞങ്ങളും നടന്നിരുന്ന കാലഘട്ടമാണിതെന്ന്, പുരാവസ്തു ഗവേഷകർ വിലയിരുത്തുന്നു. തത് വിഷയങ്ങൾ വിവരിക്കുന്ന ഗ്രന്ഥങ്ങളായ ശതപഥബ്രാഹ്മണം, സാംഖ്യായന ബ്രാഹ്മണം, കൗഷീതകിബ്രാഹ്മണം, താണ്ഡ്യബ്രാഹ്മണം, തൈത്തിരീയ ബ്രാഹ്മണം, ജൈമിനീയ ബ്രാഹ്മണം, കൃഷ്ണയജുർവേദം, അഥർവ വേദം, ആരണ്യകങ്ങൾ, ശ്രൗത സൂത്രങ്ങൾ ഇക്കാലഘട്ടത്തിലായിരിക്കാം രചിച്ചത് അഥവാ ഇപ്പോൾ ലഭ്യമായ രൂപത്തിലായത്.

2000-1000 ബി.സി. ഗോപഥബ്രാഹ്മണം, ശ്രൗതസൂത്രഗ്രന്ഥങ്ങളായ ആശ്വലായനശ്രൗതം, കൗഷീതകീശ്രൗതം, ബൗധായന ശ്രൗതം, ആപസ്തംബ ശ്രൗതം, വൈഖാനസ ശ്രൗതം, മാനവ ശ്രൗതം തുടങ്ങിയ ഗ്രന്ഥങ്ങളും ഉപനിഷത്തുക്കളിൽ പ്രധാനപ്പെട്ടവയായ ഐതരേയം - കൗഷീതകി, ബൃഹദാരണ്യകം, കഠം, തൈത്തിരീയം, കൈവല്യം, കേനം, ഛാന്ദോഗ്യം, പ്രശ്നം, മുണ്ഡകം, മാണ്ഡൂക്യം എന്നിവയും വൈദിക സംസ്കൃതത്തിലെഴുതിയിരിക്കുന്നതിനാൽ അതിപ്രാചീനങ്ങളാണ്. ഇക്കാലഘട്ടത്തിലേതാകാൻ സാധ്യതയുണ്ട്.

1000 ബി.സി. -00 എ.ഡി. ബ്രാഹ്മണഗ്രന്ഥങ്ങളിൽ ചിലതും ഉപനിഷത്തുക്കളിൽ പലതും രചിക്കപ്പെട്ടത് ഇക്കാലഘട്ടത്തിലാണ്. എന്നാ



Scanned with CamScanner

ണ്ടല്ലോ മഹാപുരാണങ്ങളും ചില ഉപ പുരാണങ്ങളും ഇക്കാലഘട്ട ത്തിൽ ഉദയം ചെയ്തിരിക്കാം.

പാണിനി, ശാകടായനൻ, ശൗനകൻ തുടങ്ങിയ ഋഷിവര്യന്മാർ രചിച്ച തും, യാസ്കൻ തുടങ്ങിയ പണ്ഡിതർ സംസ്കൃതഭാഷയുടെ അടി സ്ഥാനനിയമങ്ങൾ വിവരിക്കുന്ന നിരുക്തം, രചിച്ചതും പാണിനി തുട ങ്ങിയ പണ്ഡിതരുടെ 18 വ്യാകരണഗ്രന്ഥങ്ങളും, പിംഗളാചാര്യന്റെ ഛന്ദഃശ്ശാസ്ത്രം പോലെയുള്ള ഗ്രന്ഥങ്ങൾ പിറന്നുവീണതും ഇക്കാ ലഘട്ടത്തിലാകാം. കൽപശാസ്ത്രത്തിലെ ധർമ്മ ശാസ്ത്രങ്ങൾ, ഗൃഹ്യ സൂത്രങ്ങൾ, പിതൃമേധസൂത്രങ്ങൾ ചില ഗൃഹ്യസൂത്രങ്ങൾ ഇവ ജന്മം കൊണ്ടതും ഇക്കാലഘട്ടത്തിലാണ്.

കൽപശാസ്ത്രത്തിന്റെ ഭാഗമല്ലാത്ത ധർമ്മശാസ്ത്രഗ്രന്ഥങ്ങൾ/ അഥവാ സ്മൃതികൾ രചിച്ചവരും, അതിപ്രാചീനങ്ങളായ ദർശനങ്ങൾ ഇന്നു ലഭ്യമാകുന്ന രൂപത്തിൽ ക്രോഡീകരിച്ച ഋഷിവര്യന്മാരായ ജൈമി നി, ദർശനമെഴുതിയ വ്യാസൻ, കണാദൻ, ഗൗതമൻ, പതഞ്ജലി, കപി ലൻ എന്നിവർ രചിച്ച പൂർവ്വ-ഉത്തര മീമാംസ, വൈശേഷികം, ന്യായം, യോഗം, സാംഖ്യം തുടങ്ങിയവ ഉണ്ടായതും ഇക്കാലത്താണ്.

ഉപവേദങ്ങളായ അർത്ഥശാസ്ത്രത്തിലെ 18 പുസ്തകങ്ങൾ, ധനുർവേ ദഗ്രന്ഥങ്ങൾ, സംഗീതം, ഭരതമുനിയുടെ നാട്യശാസ്ത്രം, ആയുർവേ ദഗ്രന്ഥങ്ങളായ സുശ്രുത-ചരകസംഹിതകൾ, തച്ചുശാസ്ത്രത്തിന്റെ അടിസ്ഥാനഗ്രന്ഥങ്ങളും ഇന്നു ലഭ്യമായ രൂപത്തിൽ രചിക്കപ്പെ ട്ടതിക്കാലഘട്ടത്തിലായിരിക്കാം.

ഇവയെല്ലാം ഇന്നത്തെ രൂപത്തിലായത് ഇക്കാലയളവിലാണ് എന്നെഴു തുമ്പോൾ അതിനുമുമ്പ് ഈ ഗ്രന്ഥങ്ങളിൽ വിവരിക്കുന്ന ജ്ഞാനം ഉണ്ടായിരുന്നു എന്ന് വ്യക്തമാണ്. അതിപ്രാചീനമായ ഈ ഗ്രന്ഥവി ഷയങ്ങളെ ഒരുപക്ഷേ ഇക്കാലഘട്ടത്തിൽ ലളിതമാക്കിയെഴുതിയ താകാം, ഇവർ ചെയ്തത്.

1000 എ.ഡി. കാളിദാസ-ഭാസ-ഹർഷ വിരചിതങ്ങളായ ലൗകീക സംസ്കൃത ഗ്രന്ഥങ്ങൾ, ആയുർവേദഗ്രന്ഥങ്ങൾ, മേൽ വിവരിച്ച പല ഗ്രന്ഥങ്ങൾക്കുമുള്ള ഭാഷ്യങ്ങൾ, തച്ചുശാസ്ത്രത്തിന്റെ നൂതന വിവര ണങ്ങൾ ഏതാണ്ടെല്ലാ ജ്യോതിശാസ്ത്രഗ്രന്ഥങ്ങളും, ചില ഉപനിഷ ത്തുക്കൾ, ആയുർവേദത്തിലെ രസതന്ത്രപുസ്തകങ്ങൾ, വേദഭാഷ്യ ങ്ങൾ എന്നിവ രചിച്ചകാലഘട്ടമിതായിരുന്നു. നൂതനങ്ങളായ ആചാര ങ്ങൾ, ഈശ്വരസങ്കൽപ്പങ്ങൾ ഉദയം ചെയ്തതും സംഗീത-നൃത്തഗ്ര ന്ഥങ്ങൾ രചിക്കപ്പെട്ടതും അഷ്ടാംഗഹൃദയം, അഷ്ടാംഗസംഗ്രഹം, ഇവയെല്ലാം ഉയർന്നുവന്നതും അനവധി സംസ്കൃത കവിത, നാടകം,



Scanned with CamScanner

കഥകൾ, മറ്റു ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടതും വൈദീക സാഹിത്യങ്ങൾക്കുള്ള ഗഹനമായ ഭാഷ്യങ്ങൾ ഉണ്ടായതും ഈ കാലഘട്ടത്തിലാണ്.

1000 എ.ഡി. -1947 നമുക്കെല്ലാം അറിവുള്ള അനേകം ഗ്രന്ഥങ്ങൾ, കീർത്തനങ്ങൾ, രാമായണത്തിന്റേയും മഹാഭാരതത്തിന്റേയും മറ്റു സംസ്കൃത ഗ്രന്ഥങ്ങളുടേയും തദ്ദേശീയ പരിഭാഷകൾ ഭാരതത്തിലെമ്പാടും വ്യാപിച്ചതും പ്രാദേശിക ഭാഷകളിൽ അനവധി പൈതൃകഗ്രന്ഥങ്ങൾ രചിക്കപ്പെട്ടതും ഇക്കഴിഞ്ഞ സഹസ്രാബ്ദത്തിലാണ്. തുളസിദാസ-കമ്പ-തുഞ്ചത്തെഴുത്തച്ഛൻമാരെപോലെയുള്ളവരുടെ രാമായണ വിവർത്തനങ്ങളുണ്ടായതും ഭക്തികാവ്യങ്ങൾ ഉദയം ചെയ്തതും ഈ കാലഘട്ടത്തിലാണ്.

## കലാകായിക വിനോദരംഗം

സംഗീതവും നൃത്തവും ഭാരതീയ ജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളായിരുന്നു. ഇതു രണ്ടും ചേർന്ന ഗാന്ധർവവേദം സാമവേദത്തിന്റെ ഉപവേദമാണ്. കർണാടക സംഗീതം, ഉത്തരഭാരതസംഗീതം, പിന്നീടുണ്ടായ ഹിന്ദുസ്ഥാനി സംഗീതം, കൂടാതെ അതാതുപ്രദേശത്തെ പ്രാദേശിക സംഗീതങ്ങൾ, നൃത്തങ്ങൾ ഇവയെല്ലാം വികസിച്ചു. കേരളത്തിലെ ഭരതനാട്യം, കഥകളി, നൃത്തം, ഓട്ടൻതുള്ളൽ തുടങ്ങി എണ്ണിയാലൊടുങ്ങാത്ത കലാരൂപങ്ങൾ, രൂപത്തിലും, ഭാവത്തിലും അൽപാല്പം വ്യതിയാനം വരുത്തി ഭാരതത്തിലെ ഓരോ സംസ്ഥാനത്തുമുണ്ട്. പഞ്ചാബി, മണിപൂരി, ഒറിയ, കഥക്, യക്ഷഗാനം ഇവയെല്ലാം നാം കേട്ടിട്ടുള്ളതിൽ ചിലതുമാത്രം.

വീണയും, മൃദംഗവും, തബലയും, ഇടക്കയും, ഉടുക്കും, ചെണ്ടയും, മദ്ദളവും, നാദസ്വരവും, തമ്പുരുവും, ..............................പോലെ ഭാരതമെമ്പാടും സംഗീത ഉപകരണങ്ങളുണ്ടായിട്ടുണ്ട്. ഇന്നും അവയെല്ലാം നിലവിലുണ്ട്. ഭാരതീയ ഈശ്വരസങ്കല്പങ്ങളിൽ ഈ സംഗീതത്തിന്റെയും സംഗീത ഉപകരണങ്ങളുടെയും ചിന്തകൾ പ്രതിഫലിക്കുന്നുണ്ട്. ഭാരതീയ വിനോദങ്ങൾ പലതരത്തിലാണ്. അക്ഷരശ്ലോകം മുതൽ പർവതാരോഹണം വരെയുള്ളവ ഇവിടെ ഉണ്ടായിട്ടുണ്ട്. ഒറ്റയ്ക്കോ പലരും ചേർന്നോ, മുറിക്കുള്ളിലും പുറത്തും ആനന്ദിക്കാവുന്ന കളികളെല്ലാം സ്വയം പങ്കെടുത്തുകൊണ്ടുള്ളവയാണ്. ഓരോ കായിക വിനോദത്തിലും ശരീരത്തിന്റെ ആരോഗ്യകരമായ വീക്ഷണവും നിഴലിച്ചിരുന്നു. ഇവയെല്ലാം ചേർത്ത് പഠിച്ചാൽ ഭാരതത്തിന്റെ പൂർവജന്മ ചരിത്രം മനസ്സിലാകും.



Scanned with CamScanner

# ഭാഗം -4

# ഭാരതീയ ശാസ്ത്രപൈതൃകം

## ശാസ്ത്രജ്ഞന്മാരുടെ ജീവിതകാലഘട്ട നിർണയ വിവരണം

കലിയുഗം ആരംഭ ദിനമായി എടുത്തിരിക്കുന്നത് ബി.സി. 3102 ഫെബ്രുവരി 17 അർധരാത്രി വ്യാഴാഴ്ചയാണ്. ശകവർഷാംരംഭം കുറിക്കുന്നത് 78 എ.ഡി. യിലും ഇവ രണ്ടും ശാസ്ത്രഗ്രന്ഥങ്ങളുടെ കാലനിർണയത്തിൽ പ്രധാനമാണ്. കൂടാതെ ഭൂതസംഖ്യ, കടപയാദിസംഖ്യ, സംസ്കൃതസംഖ്യാരചനാക്രമം, ഇവയും അറിഞ്ഞിരിക്കണം. ഉദാഹരണങ്ങൾ : ആര്യഭടന്റെ ജന്മദിവസം 476 മാർച്ച് 21 "അറുപതു വർഷങ്ങളറുപതു കഴിഞ്ഞപ്പോൾ എനിക്ക് 23 വയസ്സായി." എന്നു പറയുന്നു അതായതു കലിയുഗം തുടങ്ങി 3600 വർഷം കഴിഞ്ഞപ്പോൾ എന്നർത്ഥം. വരാഹമിഹിരൻ പഞ്ചസിദ്ധാന്തികയിൽ 'ഇപ്പോക് ഇറ' എടുത്തിരിക്കുന്നത് ശകവർഷം 427 ആണ്. അതായത് 505 എ.ഡി. അദ്ദേഹം പഞ്ചസിദ്ധാന്തിക എഴുതിയത് 78 + 427 = 505 എ.ഡി. ആണെന്നർത്ഥം.

ഭാസ്കരാചാര്യൻ I ജന്മവർഷം "ഈ കൽപം ആരംഭിച്ച് 1986123730 വർഷങ്ങൾ കഴിഞ്ഞിട്ടാണ്" എന്നെഴുതിയിട്ടുണ്ട്. ഇതിൽ നിന്നു കലിവർഷാരംഭം വരെയുള്ള കൽപവർഷങ്ങൾ : 1986120000 കുറച്ചാൽ 3730 എന്നു ലഭിക്കും. ഇതിൽ നിന്നും 3102 കുറച്ചാൽ 628 എ.ഡി. ലഭിക്കും ഇതാണ് ഭാസ്കരാചാര്യന്റെ ജന്മവർഷം. ദേവാചാര്യൻ എന്ന ഗണിതജ്ഞൻ ഗ്രഹങ്ങളുടെ അക്ഷാംശ-രേഖാംശത്തിന്റെ സ്ഫുടം (Correction) കരണരത്നയിൽ എടുത്തിരിക്കുന്നത്; ശകവർഷം 611 നാണ് അതായത് 689 എ.ഡി ലാണ് കരണരത്നം എന്ന ഗ്രന്ഥം രചിച്ചത്. മഞ്ചുളാചാര്യൻ ഗ്രഹസ്ഫുടം (Correction) നടത്തിയിരിക്കുന്നത്. പുറകോട്ടു ഗണിച്ചാൽ ലഭിക്കുന്ന വർഷമാണ് 932 എ.ഡി. ഈ വർഷത്തിലാണ് മഞ്ജുളാചാര്യൻ ലഘു മാനസമെഴുതിയത്. "ശകവർഷം 913 ലാണ് 'ന്യായകണ്ഡൽ' എന്ന എന്റെ ഗ്രന്ഥം എഴുതിതീർന്നത്" എന്ന് ശ്രീധരാചാര്യൻ എഴുതുമ്പോൾ അത് 991 എ.ഡി. യാണ്. ശകവർഷം 802 കഴിഞ്ഞാണ് എന്റെ ജന്മം എന്ന് വടേശ്വരൻ തന്റെ ഗ്രന്ഥത്തിലെഴുതിയത് ക്രിസ്ത്വബ്ദപ്രകാരം 802+78 = 880 എ.ഡി. യാണല്ലോ.



Scanned with CamScanner

ഭാസ്കരാചാര്യൻ II തന്റെ ജന്മവർഷം ശകാബ്ദത്തിൽ എഴുതിയിരിക്കുന്നത് ഭൂതസംഖ്യയിലാണ് രസ-ഗുണ-പൂർണ-മഹീ എന്നാണ്. അതായത് ശകവർഷം 1036 എന്നർത്ഥം = 1114 എ.ഡി. യാണ് അദ്ദേഹത്തിന്റെ ജന്മവർഷം, കടപയാദിസംഖ്യയിൽ നീലകണ്ഠ സോമസുത്വൻ ഇങ്ങിനെ എഴുതുന്നു 'ഹേ വിഷ്ണോ നിഹിതകൃത്സനം' ഈ കടപയാദി അക്ഷരങ്ങൾ 1680548 എന്നർത്ഥം. കലിയുഗം തുടങ്ങി ഇത്രയും ദിവസം കഴിഞ്ഞപ്പോൾ എന്റെ രചന പൂർത്തിയാക്കി. അതായത് 4601 കലിവർഷം മീനം 26 = 1500 ഏപ്രിൽ എന്ന വ്യക്തം പുതുമന സോമയാജി കരണപദ്ധതിയിൽ നൽകിയിരിക്കുന്ന ശകവർഷം 1353 ആണ് അത് 1431 എ.ഡിയാണല്ലോ!

ഇപ്രകാരം എല്ലാ ഭാരതീയ ശാസ്ത്രജ്ഞന്മാരും പല സാഹിത്യകാരന്മാരും തങ്ങളുടെ ജന്മവർഷം അല്ലെങ്കിൽ ഗ്രന്ഥം രചിച്ച കാലം എന്നിവ വ്യക്തമായി എഴുതിയിട്ടുണ്ട്. ആയുരാരോഗ്യസൗഖ്യം എന്ന നാരായണീയവരിയുടെ അർത്ഥം തന്നെ കലിയുഗം തുടങ്ങി 1712210 ദിവസങ്ങൾ കഴിഞ്ഞ് - നാരായണീയം എഴുതിതീർന്നു എന്നാണല്ലോ! ഇത്രയും മനസ്സിലാകുമ്പോൾ ഭാരതീയ ശാസ്ത്രജ്ഞന്മാർക്ക് ചരിത്രബോധമുണ്ടായിരുന്നു എന്നു വ്യക്തമാകും.

## ഭാരതീയ ശാസ്ത്രപൈതൃകം കാലഘട്ടത്തിലൂടെ

5000 ബി.സി -2000 ബി.സി. ഭാരതീയ വൈദികസാഹിത്യങ്ങളിൽ അങ്ങിങ്ങായി നമുക്കു കാണുവാൻ സാധിക്കുന്ന ഗണിത-ജ്യോതി ശാസ്ത്ര-ലോഹതന്ത്രാദി പൈതൃകവിഷയങ്ങൾ പ്രധാനമായും അന്വേഷിക്കേണ്ടത് ഋഗ്വേദം, യജുർവേദം, അഥർവ്വവേദം, തൈത്തിരീയ ബ്രാഹ്മണം, ശതപഥബ്രാഹ്മണം, താണ്ഡ്യബ്രാഹ്മണം, ഗോപഥബ്രാഹ്മണം, ഉപനിഷദ് എന്നീ ഗ്രന്ഥങ്ങളിലാണ്.

2000 ബി.സി.- 500 ബി.സി. മുകളിൽ വിവരിച്ചിരിക്കുന്ന പല ഗ്രന്ഥങ്ങളുടേയും ശാഖോപശാഖകളും, വ്യാഖ്യാനങ്ങളുമെല്ലാം ഇക്കാലഘട്ടത്തിലെ സംഭാവനകളാണ്. ഇതിഹാസങ്ങളിലെയും, ദർശനങ്ങളിലേയും വരികൾ, ഭാരതീയ ആരോഗ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനഗ്രന്ഥങ്ങളായ സുശ്രുതസംഹിത, യോഗചര്യകൾ ഇവയെല്ലാം ഇക്കാലഘട്ടത്തിലെ സംഭാവനകളാണ് ഗണിതശാസ്ത്രത്തിന്റെ ആദ്യകാലഗ്രന്ഥങ്ങളായ സുൽബസൂത്രങ്ങൾ-ബൗധായന, ആപസ്തംബ, കാത്യായന, മാനവ സുൽബസൂത്രങ്ങൾ, ജ്യോമട്രിയുടെ അനേകം തത്വങ്ങൾ നൽകുന്നു.

500 ബി.സി.-00 ബി.സി. ഇക്കാലഘട്ടത്തിലെ അനവധി താളിയോല ഗ്രന്ഥങ്ങൾ ലഭ്യമാണ്. അതിപ്രശസ്തമായ മൗര്യസാമ്രാജ്യ, ഗുപ്ത



Scanned with CamScanner

സാമ്രാജ്യ രാജാക്കന്മാരുടെ കാലത്ത് നിർമ്മിച്ചതും വികസിച്ചതുമായ എല്ലാ ശാസ്ത്ര-സാങ്കേതിക വിദ്യകൾക്കും ആധാരമായ അറിവുകൾ അന്നു ലഭ്യമായിരുന്നു. തച്ചുശാസ്ത്രം, ലോഹതന്ത്രം, ഗണിതം, ജ്യോതിശാസ്ത്രം ഇവയെല്ലാം ഈ വിഭാഗത്തിൽ പെടുത്താവുന്നതാണ്. പുരാണങ്ങൾ, ഉപവേദങ്ങൾ, തച്ചുശാസ്ത്രഗ്രന്ഥങ്ങൾ, ആരോഗ്യശാസ്ത്രഗ്രന്ഥങ്ങൾ, അർത്ഥശാസ്ത്രഗ്രന്ഥങ്ങൾ എന്നിവ ധാരാളമായി ഇക്കാലഘട്ടത്തിൽ രചിക്കപ്പെട്ടിട്ടുണ്ട്.

00-500 ഇക്കാലഘട്ടത്തിൽ രചിക്കപ്പെട്ട ഗ്രന്ഥങ്ങളെക്കുറിച്ച് വ്യക്തമായുള്ള അറിവ് ലഭ്യമാണ്. ഭൂതസംഖ്യയിലോ, കടപയാദി സംഖ്യയിലോ, സംസ്കൃത സംഖ്യയിലോ, ഗ്രഹങ്ങളുടെ സ്ഥാന വിവരണത്തിലൂടെയോ ഗ്രന്ഥത്തിന്റെ/ രചയിതാവിന്റെ കാലഘട്ടം നൽകിയിരിക്കും. പൗലിശസിദ്ധാന്തം, റോമക സിദ്ധാന്തം, സൂര്യസിദ്ധാന്തം, പിതാമഹ സിദ്ധാന്തം, വൃദ്ധഗാർഗസംഹിത, വൃദ്ധവസിഷ്ഠസംഹിത എന്നിവയെല്ലാം ഗണിത-ജ്യോതിശാസ്ത്രഗ്രന്ഥങ്ങളാണ്. ഗണിത ശാസ്ത്രത്തിലെ എല്ലാ ഗണിതക്രിയകളും വിവരിക്കുന്ന ബാക്ഷാലി താളിയോലഗ്രന്ഥങ്ങൾ രചിക്കപ്പെട്ടതും ഈ കാലത്താണ് ക്വാഡ്രാറ്റിക് ഇക്വേഷൻ ഉൾപ്പടെയുള്ള ഗണിതക്രിയകളിതിലുണ്ട്. വിസിഷ്ഠസിദ്ധാന്തവും റോമക സിദ്ധാന്തവും - 3-ാം നൂറ്റാണ്ടിലെ ജ്യോതിശാസ്ത്രഗ്രന്ഥങ്ങളാണ് സൂര്യസിദ്ധാന്തം 4-ാം നൂറ്റാണ്ടിലേതാണ്. ആര്യഭടീയം 499 എ.ഡി.യിൽ രചിക്കപ്പെട്ട അത്യുജ്ജ്വലമായ ജ്യോതിർഗണിതശാസ്ത്രഗ്രന്ഥമാണ് രണ്ടു വിഷയങ്ങളും ഇതിലുണ്ട്.

500-1000 എ.ഡി. വരാഹമിഹിരാചാര്യൻ (505 എ.ഡി) രചിച്ച പഞ്ചസിദ്ധാന്തിക ഉജ്ജ്വല ഗണിത-ജ്യോതിശാസ്ത്രഗ്രന്ഥമാണ്. ബൃഹത് സംഹിത, ബൃഹത് ജാതകം, ഹോരശാസ്ത്രം ഇവയും വരാഹമിഹിര രചനകളാണ് ഭാസ്കരാചാര്യർ I(628 എ.ഡി) എഴുതിയ ആര്യഭടീയ-ഭാസ്കരഭാഷ്യം, ലഘുഭാസ്കരീയം, മഹാഭാസ്കരീയം ഇവയും ഗണിത ജ്യോതിശാസ്ത്രഗ്രന്ഥങ്ങളാണ്.

ബ്രഹ്മഗുപ്തൻ (628 എ.ഡി.) എഴുതിയ ബ്രഹ്മസ്ഫുടസിദ്ധാന്തം പ്രസിദ്ധമായ ഗണിത ഗ്രന്ഥമാണ്. ജ്യോതിശാസ്ത്രവിവരണവും, ജ്യോതിർയന്ത്രങ്ങളെക്കുറിച്ചും ഇതിൽ വിവരണമുണ്ട്.

665. ബ്രഹ്മഗുപ്തൻ രചിച്ച ഖണ്ഡഖാദ്യക എന്നഗ്രന്ഥവും പ്രസിദ്ധമാണ്.

638. ലല്ലാചര്യൻ രചിച്ച ശിഷ്യധീവൃദ്ധിതന്ത്രം ഒരുജ്ജ്വല ജ്യോതിശാസ്ത്ര ഗ്രന്ഥമാണ്. ലല്ലാചാര്യൻ ഖണ്ഡഖാദ്യക പദ്ധതി എന്ന പുസ്തകവും രചിച്ചിട്ടുണ്ട്.



Scanned with CamScanner

662. മഞ്ജുളാചാര്യൻ പ്രസിദ്ധമായ ലഘുമാനസം എന്ന ജ്യോതി ശാസ്ത്രഗ്രന്ഥ രചന നടത്തി. ഇത് ബ്രഹ്മമാനസം എന്ന സ്വന്തം കൃതി യുടെ സംക്ഷിപ്തമാണെന്നു കാണുന്നു.

821. ശാകല്യ സംഹിത എന്നു അറിയപ്പെടുന്ന ബ്രഹ്മസിദ്ധാന്തം ശാക ല്യന്റെ സംഭാവനയായ ജ്യോതിശാസ്ത്രഗ്രന്ഥമാണ്.

850. ഗണിതസാരസംഗ്രഹം എന്ന ഗ്രന്ഥം മഹാവീരാചാര്യൻ എഴുതി. സമഗ്രമായ ഗണിതജ്ഞാനം നമുക്കതിൽ ദർശിക്കാം. ഇക്കാലഘട്ടത്തി ലാണ് നാഗാർജ്ജുനൻ രസരത്ന സമുച്ചയം എന്ന ലോഹതന്ത്ര/ രസ തന്ത്രപുസ്തകമെഴുതിയത്. അനവധി രസശാസ്ത്രഗ്രന്ഥങ്ങൾ ഇക്കാ ലത്ത് രചിച്ചിട്ടുണ്ട്.

864. ബ്രഹ്മസിദ്ധാന്തത്തിന്റെ വാസനാഭാഷ്യവും, ഖണ്ഡഖാദ്യക വിവ രണം എന്നീ രണ്ടു ഗ്രന്ഥങ്ങൾ പൃതുദകസ്വാമി രചിച്ചു.

880. വടേശ്വരന്റെ വിശ്വപ്രസിദ്ധമായ വടേശ്വരസിദ്ധാന്തം എന്ന ഗ്രന്ഥ ത്തിന് ജന്മം ലഭിച്ചു.

950. ആര്യഭടൻ II ആര്യസിദ്ധാന്തം അഥവാ ആര്യഭട സിദ്ധാന്തം രചിച്ചു. ജ്യോതിശാസ്ത്രവും ഗണിതശാസ്ത്രവും കൊണ്ട് പ്രശോഭിക്കുന്ന ഗ്രന്ഥമാണിത്.

991. ശ്രീധരാചാര്യൻ ഗണിതസാരം എഴുതി. ഇതിന് പാടീഗണിതം എന്നും ശ്രീധരീ ലീലാവതി എന്നും പേരുണ്ട്.

1000–1500 എ.ഡി. സംസ്കൃതത്തിലും അൽപാൽപമായി പ്രാദേശിക ഭാഷകളിലും ശാസ്ത്രഗ്രന്ഥങ്ങൾ കൂടുതലായി രചിക്കപ്പെട്ട കാലഘ ട്ടമാണിത്. ഭാരതത്തിലെ പ്രാദേശിക ഭാഷകൾ വികസിച്ചുവന്നു തുട ങ്ങിയ കാലഘട്ടമാണിത്.

1039. ധികോടി, സിദ്ധാന്ത ശേഖരം, ധ്രുവമാനസം (1056) എന്നീ മൂന്നു ഗ്രന്ഥങ്ങൾ ശ്രീപതി ശാസ്ത്രലോകത്തിനു സംഭാവന നൽകി. ഇവ ജ്യോതി ശാസ്ത്രത്തിന്റേയും ഗണിതശാസ്ത്രത്തിന്റേയും നിറകുടങ്ങ ളാണ്.

1092. കരണപ്രകാശം എന്ന കൃതി ബ്രഹ്മദേവഗണകൻ എഴുതി- ഗണിത-ജ്യോതിശാസ്ത്രഗ്രന്ഥമാണ്.

1099. സദാനന്ദൻ ഭാസ്വതി അഥവാ ഭാസ്വതി കരണ എന്ന രചന നടത്തി.

1114. ഭാസ്കരാചാര്യർ II ബീജഗണിതം എഴുതി, തുടർന്ന് ബീജോപ നയം. അദ്ദേഹത്തിന്റെ മൂന്നാമത്തെ കൃതിയാണ് ലീലാവതി ഇതിന്റെ പ്രസിദ്ധി വിവരിക്കേണ്ടതില്ലല്ലോ.



Scanned with CamScanner

1150. ഭാസ്കരാചാര്യർ അതിപ്രസിദ്ധമായ സിദ്ധാന്തശിരോമണി എഴുതിത്തീർത്തു.

1183. കരണ കുതൂഹലം എന്ന പുസ്തകവും ഭാരതീയ ശാസ്ത്രലോകത്തിന് നൽകിയാണ് ഭാസ്കരാചാര്യൻ II ദിവംഗതനായത്.

800–1200. ഇക്കാലഘട്ടത്തിൽ തച്ചുശാസ്ത്രം, സംഗീതം, സംഗീത ഉപകരണങ്ങൾ, രസതന്ത്രം എന്നീ വിഷയങ്ങളിൽ ധാരാളം ഗ്രന്ഥരചനകൾ സംസ്കൃതത്തിലും പ്രാദേശിക ഭാഷകളിലും നടന്നിട്ടുണ്ട്.

1316. മഹാദേവഭട്ടൻ മഹാദേവി സരിണി എന്നഗണിതശാസ്ത്രഗ്രന്ഥം രചിച്ചു.

1320. മഹേന്ദ്രസൂരി യന്ത്രരാജാഗമ എന്ന ഗ്രന്ഥത്തിലൂടെ ജ്യോതിശാസ്ത്രസംബന്ധമായ യന്ത്രങ്ങളുടെ വിവരണം നൽകി.

1340. കേരളീയനായ പരമേശ്വരാചാര്യൻ ഭട്ടദീപിക, ദൃഗ്ഗണിത, ഗോളദീപിക, ഗോളസ്ഥാന, ഗ്രഹണാഷ്ടക, ലഘുഭാസ്കരീയ വ്യാഖ്യാ, ലീലാവതീ വ്യാഖ്യാ, സിദ്ധാന്തദീപികാ, സൂര്യസിദ്ധാന്തവ്യാഖ്യാ എന്നീ പ്രസിദ്ധങ്ങളായ 9 പുസ്തകങ്ങളും 4 ലഘുപുസ്തകങ്ങളും എഴുതിയിട്ടുണ്ട്.

1365. നാരായണ പണ്ഡിതൻ ഗണിത കൗമുദി രചിച്ചു. കൂടാതെ ബീജഗണിതവടാംശവും രചിച്ചു.

1428 ആലത്തൂർ പുതുമന സോമയാജിയുടെ കരണപദ്ധതി, അത്യത്ഭുതകരമായ ഗണിതജ്യോതിശാസ്ത്രഗ്രന്ഥമാണ്. സൈൻ, കോസൈൻ ഇവയുപയോഗിച്ച് അനേകം തിയറങ്ങൾ എഴുതിയത് പുതുമനസോമയാജിയാണ്.

1465. കേരളീയനായ നീലകണ്ഠ സോമസുത്വൻ ജ്യോതിശാസ്ത്രവും ഗണിതശാസ്ത്രവും ചേർത്ത് അനേകം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ആര്യഭടീയവ്യാഖ്യാനം, ചന്ദ്രഛായാഗണിതം, ഗോളസാരം, സിദ്ധാന്തദർപ്പണം, തന്ത്രസംഗ്രഹം, എന്നിവയത്രെ നീലകണ്ഠസോമയാജിയുടെ പ്രസിദ്ധഗ്രന്ഥങ്ങൾ.

പത്മനാഭാചാര്യന്റെ രചനകൾ ശ്രദ്ധേയമാണ്. ബ്രഹ്മസിദ്ധാന്ത ടീകാ, നർമദാടീകാ, യന്ത്രരാജ രത്നാവലി. എന്നിവയെല്ലാം ഇക്കാലത്തെ പത്മനാഭന്റെ സംഭാവനയാണ്. രചയിതാവിനെക്കുറിച്ച് വ്യക്തമല്ലാത്ത യുക്തിഭാഷ എന്ന ഉജ്ജ്വലഗ്രന്ഥത്തിൽ ധാരാളം തിയറങ്ങൾ നൽകിയിട്ടുണ്ട്.

രസാർണവം, രസരത്നാകരം, രസചൂഡാമണി, രസേന്ദ്രസാരസർവസ്വം, രസകൽപം, രസപ്രദീപിക, രസോപനിഷദ്, രസചന്ദ്രിക തുടങ്ങിയ കെമിസ്ട്രി ഗ്രന്ഥങ്ങൾ 13–14 നൂറ്റാണ്ടിന്റെ രചനകളാണ്.



Scanned with CamScanner

1500 എ.ഡി.ക്കുശേഷം പാശ്ചാത്യരാജ്യങ്ങളിലും, അതിവേഗത്തിൽ ശാസ്ത്രവളർച്ച നേടിയ കാലഘട്ടത്തിൽ ഭാരതത്തിലും പ്രസിദ്ധങ്ങളായ ശാസ്ത്രഗ്രന്ഥരചനകൾ നടന്നിട്ടുണ്ട്. അവയിൽ ചിലത് മാത്രം ചുവടെ ചേർക്കുന്നു.

ജ്ഞാനരാജന്റെ സിദ്ധാന്തസുന്ദരം (1503) തിപ്പണ്ണയുടെ ഉപരാഗദർപ്പണ (1507) വെങ്കിടയജ്ജ്വന്റെ ഗ്രഹതന്ത്രം (1527) കൃഷ്ണദൈവജ്ഞന്റെ കരണകൗസ്തുഭം (1653) കരുണാകരന്റെ സിദ്ധാന്തതത്വം (1658) മലയേന്ദുവിന്റെ രണ്ടുഗ്രന്ഥങ്ങൾ (1659) യന്ത്രരാജരചന, യന്ത്രരാജടീക എന്നിവയാണ്.

ആധുനീക കാലഘട്ടത്തിൽ നാം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന അനവധി തത്വങ്ങളും സത്യങ്ങളും, ഭാരതത്തിൽ രചിച്ചിട്ടുള്ള മേൽ വിവരിച്ച ഗ്രന്ഥങ്ങളിലുണ്ട്. ഈ ഗ്രന്ഥങ്ങളെല്ലാം ഇന്നും ലഭ്യമാണ്. ഇവയുടെ ഹിന്ദി ഇംഗ്ലീഷ് തർജ്ജമയോടു കൂടിത്തന്നെ പല പ്രസാധകരും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ഭാരതീയ ഗണിത-ജ്യോതിശാസ്ത്ര പൈതൃകത്തെക്കുറിച്ച് പഠിച്ച വിദേശിയർ

Bell, E.T. (1946) - Sylvan, B.J. (1787) - Bentley, J. (1823) = Bernnard (1896) Brokhauss, H. (1862) - Burges, E (1862) - Reuben. B. (1790) - Burk, A. (1902) Cajori, F. (1958) - Cantor, M. (1907) - Colebrooke, H.T. (1807) Friedrich, D (1936) - Fleet, J. (1912) - Raymonds, G. (1932) -Edward, H.F. (1860) - Hornle A.F.R. (1882) - Hunter. W (1799) Herman, J. (1888) - William, J. (1807) - Kaye, G. R (1924) Le Gentil (1772) - Levi, B. (1800) - Gaston, M. (1910) - Muller, C (1929) - Needham, J. (1954) - Play fair. J. (1817) - Potts, D.H. (1946) - Rodet, L.L. (1878) - George, S. (1950) Smith, D.E (1958) - Spottiswoode, W. (1860) - Strachey, E (1813) - Suter, H.G. (1905) - Eine, B. (1908) - Thibaut, G (1875) - Vogt, H. (1906) - Warren, J. (1825) - Weber, A (1862) - Weissenborn (1879) - Lancelot, W (1834) - (1835) - Zeuthen, H. G. (1904)

## ഭാരതീയ ഗണിതശാസ്ത്ര വികസനം കാലഘട്ടത്തിലൂടെ

4000 ബി.സി -1000 ബി.സി. വൈദീകഗ്രന്ഥങ്ങളിലെ ഗണിത വിവരണം, ഭാരതത്തിലെ അതിപ്രാചീന അറിവുകളുടെ കലവറ തുറക്കുന്നു. സാംഖ്യാരചനാക്രമം വേദത്തിൽ നമുക്കു ദർശിക്കാം. ഋഗ്വേദത്തിലും, യജുർവേദത്തിലും അഥർവവേദത്തിലും സാമാന്യഗണിത വിവരണം വ്യക്തമായി കാണാം.



Scanned with CamScanner

ബ്രാഹ്മണ ഗ്രന്ഥങ്ങളിൽ, അതിപ്രാചീനമായ ശതപഥബ്രാഹ്മണം, ഗോപഥ ബ്രാഹ്മണം, താണ്ഡ്യബ്രാഹ്മണം ഇവയിൽ ഭിന്നസംഖ്യകളും, വലിയ സംഖ്യകളും, വിസ്തീർണം, ചുറ്റളവ്, ഡയഗണൽ, എന്നീ ഗണിത പ്രയോഗങ്ങളും സുലഭമാണ്. യാഗകർമ്മങ്ങളെക്കുറിച്ചു വിവരിക്കുന്ന ബ്രാഹ്മണഗ്രന്ഥങ്ങളിലും ശ്രൗതസൂത്രഗ്രന്ഥങ്ങളിലും യാഗശാലയുടേയും അഗ്നി കുണ്ഡങ്ങളുടെയും വിവിധ ജ്യോമട്രി രൂപങ്ങൾ വ്യക്തമായി വിവരിക്കുന്നുണ്ട്.

1000 ബി.സി – 500 ബി.സി. നാലു സുൽബസൂത്രങ്ങളുള്ളതിൽ ബൗധായനസുൽബം, കാത്യായന സുൽബം, ആപസ്തംബസുൽബം ഇവയെല്ലാം ഇക്കാലഘട്ടത്തിലെ സംഭാവനകളാണ്. ത്രികോണം, സമചതുരം, സമചതുരശ്രം, ദീർഘചതുരം, വൃത്തം, ട്രിപ്പീസിയം ഈ ആകൃതിയിലുള്ള ജ്യോമട്രി രൂപങ്ങൾ യാഗശാലയുമായി ബന്ധപ്പെട്ടവ ഇതിൽ വരുന്നു.

വ്യാസം, വ്യാസാർധം, കോർഡ്, വൃത്തചുറ്റളവ്, Π യുടെ ഏകദേശ മൂല്യം (3.2) ഈ ജ്യോമട്രി രൂപങ്ങളുടെ ചുറ്റളവ് വിവരണങ്ങൾ സവിസ്തരമുണ്ട്. ഓരോ ജ്യോമട്രി രൂപവും മറ്റൊന്നിനകത്ത് അഥവാ പുറത്ത് വരയ്ക്കേണ്ടതിന്റെ നിയമങ്ങളും ഇതിലുണ്ട്.

$\sqrt{2}$, $\sqrt{3}$ പൈതഗോറസ് തിയറം, ചതുരശ്രങ്ങളുടെ ഡയഗണൽ, അവയുടെയെല്ലാം പ്രായോഗികതലത്തിലുള്ള അനവധി ഉദാഹരണങ്ങൾ ഇവയെല്ലാം സുൽബസൂത്രങ്ങളിൽ വരുന്നുണ്ട്.

ഇക്കാലഘട്ടത്തിലെഴുതിയിട്ടുള്ള ശ്രൗതസൂത്രങ്ങളിലും സാമാന്യമായ ജ്യോമട്രി വിവരിക്കുന്നു.

700 ബി.സി –500 ബി.സി. സുശ്രുത സംഹിതയിൽ പെർമ്യൂട്ടേഷൻ കോമ്പിനേഷൻ ഗണിതം സുശ്രുതമഹർഷി എഴുതി. ഭാരതീയ ചിന്താധാരകളുടെ അടിസ്ഥാനഗ്രന്ഥങ്ങളായ അനവധി ധർമ്മശാസ്ത്രഗ്രന്ഥങ്ങളിൽ പ്രശസ്തമായ ബൗധായന-ആപസ്തംബ-കാത്യായന-വിഷ്ണു-ഗൗതമ-വ്യാസ-വസിഷ്ഠ-ധർമ്മസൂത്രങ്ങൾ ഉദയം ചെയ്ത ഈ കാലഘട്ടത്തിൽ നികുതി, കരം, സാമ്പത്തിക ഇടപാടുകൾ, പലിശ, പിഴപലിശ, കൂട്ടുപലിശ, സ്വത്ത്ഭാഗം ചെയ്യൽ ഇവയെല്ലാമായി ബന്ധപ്പെട്ട ഗണിത ശാസ്ത്ര വിവരണം ലഭിക്കുന്നു,

500 ബി.സി –300 ബി.സി. ചാണക്യന്റെ അർത്ഥശാസ്ത്രം അതുപോലെയുള്ള 18 ഓളം അർത്ഥശാസ്ത്രഗ്രന്ഥങ്ങൾ, നീതിസാരം, നൂതനങ്ങളായ ധർമ്മശാസ്ത്രഗ്രന്ഥങ്ങൾ ഇവയിൽ നൽകിയിരിക്കുന്ന നികുതി, കരം, ഷെയർ, ലാഭവിഹിതം, പലിശാക്രമം, എക്സൈസ് ഡ്യൂട്ടി,



Scanned with CamScanner

ബോണസ്, വ്യാവസായിക-കാർഷിക-തൊഴിൽ നികുതി, കടം എന്നിവയുമായി ബന്ധപ്പെട്ട ഗണിതം പ്രയോഗത്തിലിരുന്നു. അനവധി ബുദ്ധ ജൈനഗ്രന്ഥങ്ങളിലെ ഗണിത പ്രയോഗം ഇക്കാലഘട്ടത്തിന്റെ സംഭാവനകളാണ്.

300- 00 ബി.സി. പൂജ്യം കണ്ടുപിടിച്ചത്. സാമാന്യമായ എല്ലാ ഗണിത ക്രിയകളും വിവരിക്കുന്ന ഗ്രന്ഥങ്ങൾ, പിംഗളാചാര്യന്റെ ഛന്ദശാസ്ത്രം. സംഖ്യകളുടെ വർഗം, ഘനം കണ്ടുപിടിക്കുന്ന ഉത്തരാധ്യായനസൂത്രം രചിക്കപ്പെട്ടു. മേൽവിവരിച്ച ഗണിതശാസ്ത്രപ്രയോഗങ്ങൾ കൂടാതെ പിംഗളാചാര്യൻ ശബ്ദ വിവരണത്തിലൂടെ ബൈനോമിയൽ സിദ്ധാന്തവും വിവരിക്കുന്നുണ്ട്.

00-150 എ.ഡി. ബാക്ഷാലി താളിയോലഗ്രന്ഥങ്ങളിലെ അനവധി ഗണിതക്രിയകൾ, വർഗം, ഘനം, വർഗമൂലം, ഘനമൂലം, പവർ, ശതമാന പ്രയോഗം, ഭിന്നസംഖ്യാപ്രയോഗം എന്നിവയുടെ വിവരണം.

400-500 ഇക്കാലഘട്ടത്തിലെ ഏറ്റവും പ്രസിദ്ധമായ ഭാരതീയ സംഭാവനയാണ് 499 എ.ഡി.യിൽ രചിച്ച ആര്യഭടീയം. അതിലെ പ്രധാന കണ്ടുപിടുത്തങ്ങൾ. ആര്യഭടീയ സംഖ്യാസമ്പ്രദായം, സംഖ്യരചനയിലെ സ്ഥാനവിവരണം, വർഗം, ഘനം ക്രിയ ചെയ്യുന്ന മാർഗം, വർഗമൂലം, ഘനമൂലം ഇവ ഗണിച്ചെടുക്കുന്ന രീതി. ഒരേ ദിശയിലും എതിർദിശയിലും സഞ്ചരിക്കുന്ന വസ്തുക്കളുടെ ഗണിതം, അതിസങ്കീർണങ്ങളായ അരിത്തമെറ്റിക്സ് - ജ്യോമട്രിക് പ്രോഗ്രഷൻ.... ത്രികോണ- സമചതുര - വൃത്ത - ട്രപ്പീസിയ വിസ്തീർണ്ണങ്ങൾ, Π യുടെ കൃത്യമായ മൂല്യം, കോർഡ് - വ്യാസ ബന്ധ തിയറം, സൈൻ- റിവേഴ്സ് സൈൻ പ്രയോഗം, ആർക് - വ്യാസാർധ-ധനു-ബന്ധ തിയറം - ഇവയെല്ലാം ആര്യഭടൻ 1500 വർഷങ്ങൾക്കുമുമ്പ് നൽകി.

505 എ.ഡി. വരാഹമിഹിരന്റെ പഞ്ചസിദ്ധാന്തികയിൽ അതിസങ്കീർണ്ണങ്ങളായ ഗ്രഹഗണിതം സമഗ്രമായി നൽകിയിട്ടുണ്ട്. സൈൻ-കൊസൈൻ പ്രയോഗം, വൃത്തനിയമങ്ങൾ, ആംഗിൾ മൂല്യം, ആംഗിൾ, മിനിറ്റ്, സെക്കന്റ് കൂടാതെ റേഡിയനിലും നൽകിയിട്ടുണ്ട്. സംക്ഷിപ്ത വിവരണം അസാദ്ധ്യമായ അത്രയും ഗ്രഹഗണിത വിവരണം ഇതിലുണ്ട്.

623 എ.ഡി. ബ്രഹ്മഗുപ്തന്റെ ബ്രഹ്മസ്ഫുടസിദ്ധാന്തത്തിൽ പോസിറ്റീവ് നെഗറ്റീവ് സംഖ്യകളുടെ ഗണിത ക്രിയകൾ. ഭിന്നസംഖ്യകളുടെ ഘനമൂലം, വർഗമൂലം, ചതുർഭുജങ്ങളുടെ സങ്കീർണങ്ങളായ ഗണിത ക്രിയകൾ, എല്ലാവിധ ചതുർഭുജങ്ങളുടെയും വിസ്തീർണ്ണവാക്യം,



Scanned with CamScanner

സൈക്ളിക് ചതുർഭുജങ്ങളുടെ വശങ്ങൾ-റേഡിയസ്- ഇവയുമായി ബന്ധിപ്പിക്കുന്ന തിയറങ്ങൾ വ്യത്യസ്ത ജ്യോമട്രിക് രൂപങ്ങളുടെ വ്യാപ്തഗണിതം. ഇവ കൂടാതെ ഇതിനുമേൽ വിവരിച്ച ഗണിത ജ്ഞാനത്തിന്റെ അനവധി വികസിതരൂപങ്ങളും ബ്രഹ്മഗുപ്തൻ നൽകിയിട്ടുണ്ട്.

629 എ.ഡി. ഭാസ്കരാചാര്യൻ I എഴുതിയ ആര്യഭടീയഭാഷ്യം ഗണിത ശാസ്ത്രത്തിൽ ഭാരതീയ സംഭാവനകൾക്ക് തിളങ്ങുന്ന ഉദാഹരണമാണ്. റേഷ്യോ, പ്രൊപ്പോർഷൻ ഇവ പ്രയോഗത്തിൽ കൊണ്ടുവന്നു. ഭിന്നസംഖ്യകളുടെ ഘനമൂലം കണ്ടുപിടിക്കുന്ന പ്രായോഗികമാർഗം, അതിസങ്കീർണ്ണങ്ങളായ പതിനഞ്ചുതരത്തിലുള്ള അരിത്തമെറ്റിക് ജ്യോമട്രിക് പ്രോഗ്രഷനുകൾ, മോണോമിയൽ സിദ്ധാന്തം, എന്നിവയുമുണ്ട്.

749 എ.ഡി. ലല്ലാചാര്യന്റെ ശിഷ്യധീവൃദ്ധിതന്ത്രം, ജ്യോതിർഗണിതം, ആംഗിൾ, ആർക്ക്, വൃത്തം, കോഡ് ഇവയുമായി ബന്ധപ്പെട്ട പ്രായോഗിക ഗണിത തത്വങ്ങളാണ് ഇതിൽ വിവരിക്കുന്നത്.

750 എ.ഡി. ബ്രഹ്മസൂത്രഭാഷ്യത്തിൽ സംഖ്യാസ്ഥാനരചനയ്ക്ക് വ്യക്തമായ നിർവചനം നൽകി, ഓഹരി, പാർട്ണർഷിപ്പ്, ലാഭവിഹിതം, തുടങ്ങിയ വ്യാവസായിക- വാണിജ്യ ഇടപാടുകളിലെ ഗണിതപ്രയോഗം വ്യക്തമായി ശ്രീധരാചാര്യൻ പാടീഗണിതത്തിൽ നൽകി. പൂജ്യം ഉപയോഗിച്ചുള്ള എല്ലാ ഗണിതക്രിയകളും ശ്രീധരാചാര്യൻ വിവരിച്ചു. പൂജ്യം കൊണ്ടു ഹരിച്ചാൽ ലഭിക്കുന്നത് വ്യക്തമായ സംഖ്യയല്ല എന്നും തെളിയിച്ചു. അതിഗഹനങ്ങളായ വിവിധ പ്രോഗ്രഷനുകളെക്കുറിച്ചുള്ള ശ്രീധരാചാര്യരുടെ വിവരണം അത്ഭുതകരമാണ്. ക്വാഡ്രാറ്റിക് ഇക്വേഷൻ ലളിതമായ രീതിയിൽ ഉദാഹരണസഹിതം വിവരിക്കുന്നുണ്ട്, ഭാസ്കരാചാര്യൻ I

800 എ.ഡി. ഗോവിന്ദസ്വാമി സങ്കീർണ്ണമായ ന്യൂട്ടൺസ് ഗോസ് (1670 എ.ഡി.) ഇന്റർപൊളേഷൻ ഇക്വേഷൻ കണ്ടുപിടിച്ചു. ഇത് സാധാരണക്കാരന് വായിച്ചു മനസ്സിലാക്കാൻ പറ്റാത്തതാണ്.

904 എ.ഡി. ജ്യോതിർഗോളങ്ങളുമായി ബന്ധപ്പെട്ട ഭാരതീയ ഗണിത കൃതികളിൽ വടേശ്വരസിദ്ധാന്തത്തോട് ഉപമിക്കാനായി മറ്റൊന്നില്ല. ആംഗിൾ റേഡിയനിലും, അതിന്റെ വർഗവും വിവരിച്ചിരിക്കുന്ന ആദ്യ ഗ്രന്ഥവുമിതാണ്. ന്യൂട്ടൺ ഗോസ് (1670) ബാക്‌വേർഡ് ഇന്റർപൊളേഷൻ സമഗ്രമായി നൽകിയത് വടേശ്വരസിദ്ധാന്തത്തിലാണ്.

950 എ.ഡി. ആര്യഭടൻ II മഹാസിദ്ധാന്തത്തിൽ ഗോളവിസ്തീർണ്ണം തുടങ്ങിയ വിഷയങ്ങൾ വിവരിക്കുന്നു. ഇന്നും ഗവേഷണത്തിന് വിധേയമാക്കിക്കൊണ്ടിരിക്കുന്ന ഗണിത ഗ്രന്ഥമാണിത്. സംസ്കൃത വരിക



Scanned with CamScanner

ളിലെ സന്ദേശങ്ങളിൽ ചിലത് ഗണിത ലോകത്തിന് മനസ്സിലാകാൻ തുടങ്ങിയത് കഴിഞ്ഞ ശതാബ്ദത്തിലായിരുന്നു. ആധുനിക ഗണിത ജ്ഞന്മാർക്കുപോലും അവ്യക്തമായ-ഗഹനങ്ങളായ ഗണിതസംഭാവ നകൾ ഭാരതീയരിൽ നിന്ന് ഉണ്ടാകുവാൻ തുടങ്ങിയത് ഈ കാലഘട്ടം (900 എ.ഡി.) മുതൽക്കാണ്.

1039 എ.ഡി. ശ്രീപതിയുടെ സിദ്ധാന്തശേഖരത്തിൽ മറ്റനവധി ഗണിത സിദ്ധാന്തങ്ങൾ വിവരിക്കുന്നതോടൊപ്പം സംഖ്യയെ 0 കൊണ്ടു ഹരി ച്ചാൽ ലഭിക്കുന്നത് ഇൻഫിനിറ്റി എന്നും വിവരിക്കുന്നു. അനവധി നൂത നങ്ങളായ പ്രോഗ്രഷൻ പ്രയോഗം ശ്രീപതി നൽകുന്നു.

1114 എ.ഡി. ഭാസ്കരാചാര്യരുടെ ബീജഗണിതം എന്ന ആദ്യത്തെ ആൾജിബ്രാഗ്രന്ഥം രചിക്കപ്പെട്ടു. ലീലാവതിയിൽ വിവരിച്ചിരിക്കുന്ന വിഷയങ്ങൾ : ആവരേജ് കണ്ടുപിടിക്കുന്ന മാർഗം, നെഗറ്റീവ് സംഖ്യ യുടെ വർഗമൂലം ലഭ്യമല്ല എന്ന വിവരണം. പോളിഗണൽ/ ബഹുഭുജ ങ്ങളുടെ അഗാധമായ ജ്ഞാനം സൈക്ളിക് ബഹുഭുജത്തിന്റെ വശ ങ്ങൾ-വ്യാസം ഇവ തമ്മിലുള്ള ബന്ധം, കോണിന്റേയും, ഭാഗീക കോണിന്റേയും വ്യാപ്തം, ഗോളവ്യാപ്തം, എന്നിവയാണ്.

1350 എ.ഡി. അനവധി തിയറങ്ങൾ എഴുതിയ സംഗമഗ്രാമ മാധവാചാ ര്യരുടെ ക്രിയാക്രമകരി പോലുള്ള ഗ്രന്ഥരചന നടന്നു. പോളിഗണൽ അപ്രോക്സിമേഷൻ വ്യക്തമായി ഗണിച്ചു. ഗ്രിഗറീസ് തിയറം, ലെബ നിറ്റ്സ് തിയറം, സൈൻ- കൊസൈൻ- ഉപയോഗിച്ചുള്ള തിയറങ്ങൾ, വൃത്തചുറ്റളവ് Π യുടെ മൂല്യം -ഇവയെല്ലാം ചേർത്ത് ഡസൻ കണ ക്കിന് തിയറങ്ങൾ എഴുതിയ ഗണിതജ്ഞനാണ് സംഗമ ഗ്രാമ മാധവാ ചാര്യൻ. ഗ്രീഗറീസ് തിയറം (1638 എ.ഡി) ഇന്നറിയപ്പെടുന്നത് മാധവ -ഗ്രിഗറീസ് തിയറം എന്ന പേരിലാണ്. ന്യൂട്ടൺസ് (1670) പവർസീരിസ് യഥാർത്ഥത്തിൽ വിവരിച്ചിരിക്കുന്നത് മാധവാചാര്യർ (1350 എ.ഡി.) ആണ്. ലെബനിറ്റ്സ് (1673 എ.ഡി) പവർസീരീസും, ഡീമോയ്വേഴ്സ് (1700 എ.ഡി) തിയറവും മാധവാചാര്യർ അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ നൽകിയിട്ടുണ്ട്. ഇത്രയും സിദ്ധാന്തങ്ങൾ കൂടാതെ മാധവാചാര്യർ മറ്റ നവധി, തത്വങ്ങൾ ഇന്നും ലോകത്തിലെ മറ്റൊരു ഗണിതജ്ഞനും അവ കാശപ്പെടാൻ സാധിക്കാത്തതും വിവരിച്ചിട്ടുണ്ട്.

1360 എ.ഡി. പരമേശ്വരാചാര്യരുടെ സംഭാവനകൾ വൃത്തം-വ്യാസം -സൈൻ-കൊസൈൻ-ടാൻജന്റ് - കോർഡ്, എന്നിവയെ ബന്ധിപ്പിച്ചുള്ള അനേകം തിയറങ്ങൾ എന്നിവയാണ്. ല്ഹ്യൂളറുടെ (1782 എ.ഡി) ഫോർമുല കണ്ടുപിടിച്ചത്. പരമേശ്വരാചാര്യനാണ് (1400 എ.ഡി) തന്റെ ലീലാവതീഭാഷ്യം എന്ന ഗ്രന്ഥത്തിലാണിതുള്ളത്.



Scanned with CamScanner

## ഭാരതീയ ജ്യോതിശാസ്ത്ര വികസനം കാലഘട്ടത്തിലൂടെ

അസാധാരണമായ വൈജ്ഞാനിക ഭണ്ഡാരം ഭാരതീയ ജ്യോതിശാസ്ത്ര പൈതൃകത്തിൽ ഭാരതീയർക്കുണ്ടായിരുന്നു. വേദങ്ങളിലും, ഇതിഹാസപുരാണങ്ങളിലും ജ്യോതിശാസ്ത്ര അറിവുകൾ അങ്ങിങ്ങായി ദർശിക്കാൻ സാധിക്കും. ഭാരതീയ ജ്യോതിശാസ്ത്രപൈതൃക ഗ്രന്ഥരചനയുടെ ആരംഭം ഇന്നും വളരെ കൃത്യമായി വിവരിക്കാൻ അസാധ്യം തന്നെയാണ്. 200 എ.ഡി. വരെയുള്ള ഭാരതീയജ്ഞാനം ലഭ്യമായ അറിവുകളിൽ നിന്ന് ഊഹിച്ചെടുക്കുവാനേ സാധിക്കൂ.

3000 ബി.സി. ഗ്രഹങ്ങളുടെ പേരുകൾ, സൂര്യചന്ദ്രവിവരണം അവയുടെ ചലനം എന്നിവ വികസിച്ചു.

2000 ബി.സി. ഗ്രഹസ്ഥിതി, ജാതകഫലം ഇവയുടെ അടിസ്ഥാന തത്വം, ഉത്തരായനം, ദക്ഷിണായനം, ഋതുക്കളിലുള്ള മാറ്റം, ദിനരാത്ര ദൈർഘ്യം ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾ, ഗ്രഹണം......

1000 ബി.സി. വൈദിക കർമ്മങ്ങൾ, ഷോഢശകർമ്മങ്ങൾ ഇവയ്ക്ക് നല്ല സമയം ഗണിക്കാനായി ചന്ദ്ര-സൂര്യ സ്ഥിതി, നക്ഷത്രവിവരണം-നക്ഷത്രങ്ങളുടെ വർഗീകരണം, അവയുടെ പേരുകൾ, ഗ്രഹങ്ങളുടെ സൂര്യപ്രദക്ഷിണകാലം എന്നിവ നിരീക്ഷിച്ചിരുന്നു.

100 ബി.സി - 200 എ.ഡി. കൂടുതൽ വ്യക്തമായ നക്ഷത്രവിന്യാസം, ഗ്രഹങ്ങളുടെ വേഗത, ഭ്രമണപഥം, ചന്ദ്രന്റെ വൃദ്ധിക്ഷയകാരണം, ഗ്രഹണകാരണം, ജ്യോതിർഗണിത ശാസ്ത്രത്തിന്റെ വളർച്ചയുടെ തുടർച്ചയായി.

200 എ.ഡി-500 എ.ഡി. അത്യത്ഭുതകരമായ ഗണിത-ജ്യോതി ശാസ്ത്ര വിജ്ഞാന നേട്ടങ്ങളുണ്ടായ കാലഘട്ടമാണിത്. അനവധി സിദ്ധാന്തങ്ങളും ആര്യഭടീയവും രചിക്കപ്പെട്ടത് ഇക്കാലത്താണ്. ഈ ഗ്രന്ഥങ്ങളിലെല്ലാം വിവരിക്കുന്നു, "പൂർവീക ഋഷിമാർ എഴുതി സമൂഹത്തിന് നൽകിയതിൽ നിന്ന് ഏതാനും ഭാഗങ്ങൾ ഇവിടെ കുറിക്കുന്നു." അതിന്റെ അർത്ഥം വ്യക്തമാണല്ലോ!

അക്ഷാംശം, രേഖാംശം, അവയുടെ ഗണിതം, ടെറസ്ട്രിയൽ - സെലസ്റ്റ്യൽ- അക്ഷാംശം, രേഖാംശം, അവയുടെ പാരലാക്സ്, ഉദയാസ്തമന അളവുകൾ, അപക്രമം/ ചെരിവ്, അപമണ്ഡലം/ എക്ളിപ്റ്റിക്, ഉദയ/ അസ്തമയത്തിന്റെ Rസൈൻ മൂല്യം, ഉദയാസ്തമയരേഖയും അതിൽ ദൃശ്യമാകുന്ന പാരലാക്സും, ഡേ റേഡിയസ്, വിന്റർ സോളിസ്റ്റിക്സ്/ഉത്തര-ദക്ഷിണായനം, ചക്രവാളഗണിതം, ഗോളാകൃതിയിലുള്ള ഭൂമിയുടെ വിവിധ തലങ്ങളിൽ നിന്ന് സൂര്യദർശനം,



Scanned with CamScanner

ഗ്രീൻവിച്ച് രേഖയ്ക്കുപകരം ഭാരതത്തിൽ നിലനിന്നിരുന്ന അന്താർദേശീയ രേഖ, രേഖ കടന്നു പോകുന്ന സ്ഥലങ്ങൾ.

ഭൂമിയുടെ ഗോളാകൃതി, വ്യാസം, ഭ്രമണം, ഭ്രമണവേഗത, ദിന ദൈർഘ്യം, ഉത്തര ദക്ഷിണധ്രുവം, എർത്ത്സൈൻ, ഉദയാസ്ത മയവും 6 O'ക്ലോക്ക് രേഖയും, ഗ്രഹങ്ങളുടെ അപോജി പെരിജീ, നിഴലിന്റെ വ്യാസം, ചലനവേഗത, പാരലാക്സ്, ഡയ്യൂർനൽ സർക്കിൾ, സെനിത് ഡിസ്റ്റൻസ്, സൗരദിന ദൈർഘ്യം, ദിനദൈർഘ്യം, മെറിഡിയൻ ആൾട്ടിറ്റ്യൂട്, ഗ്രഹങ്ങളുടെ വക്രചലനം, ഗ്രഹങ്ങളുടെ യഥാർത്ഥ സ്ഥാനം, ഇക്വേറ്റർ, ഗ്രഹസ്ഫുടം, ഗ്രഹണം- പൂർണ/ ഭാഗീക ഗ്രഹണം, ഗ്രഹണസമയം, ഗ്രഹണ ഗണിതം, വ്യത്യസ്ത അകല ങ്ങളിൽ നിഴലിന്റെ വ്യാസ വ്യത്യാസം. ഇത്രയും കാര്യങ്ങൾ താത്വിക മായും പ്രായോഗികമായും 1500 വർഷങ്ങൾക്ക് മുമ്പ് ഭാരതീയർ വളരെ വ്യക്തമായി വികസിപ്പിച്ചറിഞ്ഞിരുന്നു.

500-700 എ.ഡി. ഇക്വിനോക്ഷ്യൽ മിഡ് ഡേ ഷാഡോ, കോ-ലാറ്റി റ്റ്യൂഡ്, ആർക്ക് ഓഫ് ലാറ്റിറ്റ്യൂഡ്, ഓരോ പ്രദേശത്തിന്റെയും ലാറ്റിട്യൂ ഡ് ലോങ്ങിറ്റ്യൂഡ്, ഭൂമിയുടെ ചെരിവ്, ചന്ദ്രന്റെ പ്രകാശമുള്ള/ ഇല്ലാത്ത ഭാഗത്തിന്റെ അളവ്, മെറിഡിയൻ രേഖ, മെറിഡിയനിൽ നിന്ന് കിഴക്കു പടിഞ്ഞാറു ഭാഗത്തുള്ള സ്ഥലങ്ങൾ, സെനിത് ഡിസ്റ്റൻസ്, എക്ലിപ്റ്റിക് അസ്തമയ രേഖ, അയനാചലനം അഥവാ പ്രിസിഷൻ ഇക്വിനോക്സ്, ഗ്രഹസഞ്ചാരപഥങ്ങളുടെ ഉദയം, നിഴലിന്റെ സഞ്ചാര പഥങ്ങളുടെ ഉദയവും, ലോക്കസും.

അക്ഷാംശ രേഖാംശത്തിന്റെ അടിസ്ഥാനത്തിൽ ദേശങ്ങൾ തമ്മിലുള്ള അകലം/ ഉദയാസ്തമയ സമയ വ്യത്യാസം, അവയ്ക്ക് വരുത്തേണ്ട തായ തിരുത്തലുകൾ, പാരലാക്സ് ഗണിക്കുന്നവിധം-നതി-അക്ഷവാ ലനം, ദിനവ്യാസവും-കോ-ലാറ്റിറ്റ്യൂഡും തമ്മിലുള്ള ബന്ധം, സൂര്യന്റെ ഡിക്ലിനേഷൻ-എർത്ത് സൈൻ-സൂര്യാഗ്രം ഇവ തമ്മിലുള്ള' ബന്ധം, ഒബ്ലിക് അസൻഷൻ, പാരലാക്സ്- ഹവർ ആംഗിൾ- മെറിഡിയൻ എക്ലിപ്റ്റിക് ബന്ധം, പാരലാക്സ് ഇൻ ലോങ്ങിറ്റ്യൂഡ് ആന്റ് ലാറ്റി റ്റ്യൂഡ് ഗണിക്കുന്നവിധം ഗ്രഹങ്ങളുടെ എട്ടുവിധ ഭ്രമണനിർവചനം, അന്തർദേശീയ രേഖയിലുള്ള പ്രധാനപട്ടണങ്ങൾ അവ തമ്മിലുള്ള ദൂരം ആംഗിൾ മൂല്യത്തിലും/ ലീനിയർ മൂല്യത്തിലും.

700-900 എ.ഡി. ചന്ദ്ര സംബന്ധമായ വൃദ്ധിക്ഷയ ഗണിതം, ചന്ദ്രചലനം- സ്ഥാനം, എക്ലിപ്റ്റിക് ഗണിതം, ആൾട്ടിറ്റ്യൂടിന്റെ സൈൻ/ കൊസൈൻ ഗണിതം, ഗ്രഹചലനം-ഗ്രഹണം- നക്ഷത്രസ്ഥാനം ഇവ ഗ്രാഫിലൂടെ (ചിത്രലേഖ) വരക്കുന്നവിധം നിഴലിന്റെ സഞ്ചാരപഥം, നിഴൽ വൃത്തഗ



Scanned with CamScanner

ണിതം, ദിനവൃത്തവുമായി മറ്റു ജ്യോതിശാസ്ത്രഗണിതത്തിനുള്ള
ബന്ധം, ഗ്രഹഭ്രമണ-പ്രദക്ഷിണപന്ഥാവിലും ഗ്രഹസ്ഥിതിയിലും നട
ത്തേണ്ടതായ തിരുത്തലുകൾ, ഹവർ ആംഗിൾ, അതിന്റെ R സൈൻ,
R കോസൈൻ എന്നിവ കണ്ടുപിടിക്കുന്ന രീതിയും, സെലസ്റ്റ്യൽ ഇക്വേ
റ്റർ, ലൈൻ ഓഫ് ആപ്സസ്, പ്രൈം വെർട്ടിക്കൽ, ഹീലിയോ
സെൻട്രിക് സ്ഥാനം, ഗ്രഹകേന്ദ്രത്തിന്റെ ചെരിവ്, സെലസ്റ്റ്യൽ ലാറ്റി
റ്റ്യൂഡ് / ലോഞ്ചിറ്റ്യൂഡ് ഇവയുടെ പാരലാക്സ്, സവിസ്തരം പ്രതിപാ
ദിക്കുന്നു. ഈ ജ്യോതിശാസ്ത്രവിഷയങ്ങൾ ഗവേഷണ- പഠനത്തിന്
വിധേയമാക്കുവാൻ ആവശ്യമായ ലഘു ഉപകരണങ്ങൾ എന്നിവയും
ജ്യോതിശാസ്ത്രഗ്രന്ഥങ്ങളിൽ യന്ത്രാധ്യായം എന്ന ഭാഗത്ത് വിവരി
ച്ചിട്ടുണ്ട്. മഹാഭാസ്കരീയം, ശിഷ്യധിവൃദ്ധി തന്ത്രം പോലെയുള്ള ഗ്രന്ഥ
ങ്ങളുടെ അന്ത്യത്തിൽ വിദ്യാർത്ഥികൾക്കായുള്ള അനവധി ജ്യോതിർ
-ഗണിത പ്രശ്നങ്ങളും നൽകിയിട്ടുണ്ട്.

900–1500 എ.ഡി. ഇക്കാലഘട്ടത്തിന് മുമ്പ് കണ്ടുപിടിച്ച ജ്യോതിശാസ്ത്ര
വിഷയങ്ങൾക്ക്, അതിസൂക്ഷ്മവും സങ്കീർണവുമായി നൽകിയിരിക്കുന്ന
വിവരണം, സങ്കീർണ്ണങ്ങളായ ഒട്ടനവധി നൂതന കണ്ടുപിടിത്തങ്ങൾ
ഈ കാലഘട്ടത്തിന്റെ സംഭാവനയാണ്. വടേശ്വരാചാര്യൻ-
ഭാസ്കരാചാര്യൻ II, ശങ്കരനാരായണൻ, ആര്യഭടൻ II, സംഗമഗ്രാമ
മാധവാചാര്യൻ- പരമേശ്വരാചാര്യൻ- നീലകണ്ഠ സോമയാജി-പുതു
മന സോമയാജി- തുടങ്ങിയവർ ജ്യോതിശാസ്ത്ര സിദ്ധാന്തങ്ങളുടെ
വികസനത്തിനു നൽകിയിരിക്കുന്ന സംഭാവന വിവരണാതീതമാണ്.
വടേശ്വരാചാര്യന്റെ വിജ്ഞാന സംഭാവനയ്ക്ക് രണ്ട് മൂന്ന് ഉദാഹ
രണങ്ങൾ നൽകിയാൽ ഭാരതീയ ജ്യോതി ശാസ്ത്രപൈതൃകത്തിന്റെ
ഏകദേശ നിലവാരം ലഭിക്കും.

സെലസ്റ്റ്യൽ- ടെറസ്ട്രിയൽ സർക്കിൾ (സമ മണ്ഡല - യാമ്യോത്തര
വൃത്തം) 6 O° ക്ലോക്ക് സർക്കിൾ (ഉന്മണ്ഡലം) എക്ലിപ്റ്റിക് (ദൃക്ഷേ
പവൃത്തം) ഇക്വേറ്റർ (വിഷുവദ്വൃത്തം, അപക്രമവൃത്തം)
എർത്ത്സൈൻ (ഭൂജ്യാ) റൈസിങ്ങ് ആന്റ് സെറ്റിങ്ങ് ലൈൻ (ഉദയാ
സ്തസൂത്രം) സെറ്റിങ് പോയിന്റ് ഓഫ് എക്ലിപ്റ്റിക് (അസ്തലഗ്നം)
R സൈൻ ഓഫ് സെനിത് ഡിസ്റ്റൻസ് (നര), ഡേ റേഡിയസ്, R കോസ്
$\vartheta$ / $\sqrt{R^2 - (R\text{സൈൻ } \vartheta)^2}$

ഡേ റേഡിയസും എർത്ത് സൈനും തമ്മിലുള്ള ബന്ധം, സൂര്യന്റെ
പ്രൈം വെർട്ടിക്കൽ ഗണനം, മെറിഡിയൻ - സെനിത് ഡിസ്റ്റൻസ്
ബന്ധം, ഭൂഗുരുത്വം, ഈ വിവരണങ്ങൾ പോലെ അതിസങ്കീർണങ്ങ
ളായ ജ്യോതിശാസ്ത്ര വിവരണങ്ങൾ- ഗണിതങ്ങൾ- പ്രായോഗികത



Scanned with CamScanner

ത്വങ്ങൾ എന്നിവയെല്ലാം വികസിച്ചു. ഗ്രഹങ്ങളുടെ ഭ്രമണ വേഗത ഡെസി സെക്കന്റിലും, മൈക്രോസെക്കന്റിലും വരെ കൃത്യമായി വിവരിക്കുവാൻ ഭാരതീയർക്ക് സാധിച്ചിട്ടുണ്ട്.

(സംസ്കൃതപദത്തിനേക്കാൾ ഇംഗ്ലീഷ് പദങ്ങൾ മനസ്സിലാക്കുവാൻ ധാരാളം റഫറൻസ് പുസ്തകങ്ങൾ ലഭ്യമായതുകൊണ്ടാണ്, ഇംഗ്ലീഷിൽ ജ്യോതിശാസ്ത്രപദങ്ങൾ എല്ലാംതന്നെ നൽകിയത്.)

ജ്യോതിർഗണിതത്തിന്റെ പരമപദവിയിലെത്താൻ സാധിച്ച ഒരു രാഷ്ട്രമായിരുന്നു ഭാരതം. ഗണിതശാസ്ത്രത്തിൽ പ്രഗത്ഭരായവരുടെ ഗ്രന്ഥങ്ങളിൽ തന്നെ ജ്യോതിശാസ്ത്രത്തിന്റെയും ഗഹനമായ വിവരണങ്ങളുമുണ്ട്.

## സിവിൽ എഞ്ചിനീയറിങ്ങിന്റെ വികസനം

സിവിൽ എഞ്ചിനീയറിങ്ങ് സാങ്കേതിക വിദ്യ വിവരിക്കുമ്പോൾ സമഗ്രമായ ഒരു അന്വേഷണമനസ് നമുക്കുണ്ടാകണം. നിർമ്മാണ വിദ്യ, ഗണിതം, നിർമ്മാണ വസ്തുക്കൾ, നിർമ്മാണ ചാതുരി, അവ നിലനിന്നിരുന്ന കാല ദൈർഘ്യം നിർമ്മിച്ച കാലഘട്ടം തുടങ്ങിയവയെല്ലാം തന്നെ..... ചിന്താമണ്ഡലത്തിലുരുത്തിരിയണം.

5000 ബി.സി.ക്കപ്പുറം - ലോസ്റ്റ് സിറ്റി ഓഫ് കാംബേയിലെ കടലിൽ താഴ്ന്നു പോയ ഒരു നഗരത്തിലെ നിർമ്മാണങ്ങൾ - അതിനുപയോഗിച്ച വസ്തുക്കൾ, ഡിസൈൻ, ടൗൺ പ്ലാനിങ്ങ്

5000 - 3100 ബി.സി. കടലിൽ താഴ്ന്നുപോയ ദ്വാരകാനഗരം. ഹസ്തിനപുരത്തിലേയും അയോദ്ധ്യയിലേയും വിവരണങ്ങൾ നൽകുന്ന നിർമ്മാണ ചാതുരി, കാലിബംഗാനിലെ കോട്ട.

3100 - 2500 ബി.സി. ഭാരതത്തിലെ വിവിധ നഗരങ്ങളുടെ നിർമ്മാണ വിവരണങ്ങൾ ലഭ്യമാണ്. ലോഥലിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, മനുഷ്യനിർമ്മിതമായ ഹാർബർ, കോട്ട എന്നിവ. അമ്രിയിലെ കോട്ടകൾ, കറാച്ചിക്കടുത്തുള്ള ബാലക്കോട്ടിലെ വെള്ളപൊക്കം തടയാനുള്ള കോട്ടകൾ.

2500 - 2000 ബി.സി. മോഹൻജോദാരോവിലെ 16 മീറ്റർ ഉയരമുള്ള ഇഷ്ടിക കൊണ്ടു നിർമ്മിച്ച കോട്ട ഹാരപ്പയിലെ 13 മീറ്റർ വീതിയുള്ള കോട്ട. ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിലൂടെ (പ്രത്യേകിച്ചും ഉത്തര ഭാരതത്തിൽ) ഒരു പര്യടനം നടത്തിയാൽ കാണാൻ സാധിക്കുന്ന അതി പ്രാചീന നിർമ്മാണങ്ങൾ ഇക്കാലഘട്ടത്തിന്റേതുമാകാം. ഇതിഹാസഗ്രന്ഥങ്ങളിൽ കാണുന്ന നഗരത്തിന്റേയും, കൊട്ടാരങ്ങളുടേയും നിർമ്മാണം.



Scanned with CamScanner

2000 - 1000 ബി.സി. യമുനാനദീതീരത്തുള്ള കൗസംബി കോട്ടകൾ, ഹാരപ്പ, മോഹൻജോദാരോ, നൾ, ചിഞ്ചുദാരോ, ഭഗവാൻ പുര, മെഹർഘർ, തക്ഷശില, ഇവിടങ്ങളിൽ പലഘട്ടങ്ങളിലായി നടന്ന നിർമ്മാണ പ്രവർത്തനങ്ങൾ, പുരാണ വിവരണങ്ങളിൽ കാണുന്ന നഗരങ്ങളുടെയും രാജകൊട്ടാരങ്ങളുടെയും നിർമ്മാണം.

1000 - 600 ബി.സി. ബിംബിസാരൻ നിർമ്മിച്ച നഗരമായ നവ നഗിയിലെ കൊട്ടാരങ്ങളും കോട്ടകളും തക്ഷശിലയിലെ വിശ്വവിദ്യാലയം. സുൽബ സൂത്രങ്ങളിൽ വിവരിക്കുന്ന ജ്യോമട്രിക് രൂപങ്ങളുടെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ടിരിക്കാൻ സാധ്യതയുള്ളവ. ശ്രീബുദ്ധന്റേയും ജൈനന്റേയും രാജകൊട്ടാരങ്ങളുടെ പ്രത്യക്ഷ വിവരണങ്ങൾ. ക്ഷേത്രസങ്കേതങ്ങൾ, നഗരങ്ങളുടെ ഭരണ കേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണം.

400 ബി.സി. ഗംഗാതീരത്തിൽ നിർമ്മിച്ച മഗധക്കടുത്തുള്ള അജാതശത്രുവിന്റെ കോട്ടകൾ, ഗോപുരങ്ങൾ, ഇതിനോട് പിന്നീട് ചേർത്ത (200 ബി.സി.) 15 കിലോമീറ്റർ വീതിയും 106 കിലോമീറ്റർ നീളവുമുള്ള കോട്ട, മൗര്യ സാമ്രാജ്യത്തിലും, മഗധപോലുള്ള വൻ നഗരങ്ങളിലും കാലാകാലങ്ങളിൽ നിർമ്മിക്കപ്പെട്ട കൊട്ടാരങ്ങളും സിവിൽ എഞ്ചിനീയർ വിജ്ഞാനശാഖയുടെ വളർച്ചയുടെ നാഴികകല്ലുകളാണ്.

327 ബി.സി. ഗാന്ധാരത്തിൽ നിർമ്മിച്ചിട്ടുള്ള 21 മീറ്റർ ഉയരമുള്ള കോട്ട. അലക്സാണ്ടർക്ക് ഈ കോട്ട പൊളിക്കുവാൻ 30 ദിവസം വേണ്ടി വന്നുവത്രെ. മൗര്യസാമ്രാജ്യത്തിലെ നിർമ്മാണങ്ങളും. തക്ഷശിലായൂണിവേഴ്സിറ്റിയിലെ വികസിപ്പിച്ച കെട്ടിടങ്ങളും സിവിൽ എഞ്ചിനീയറിങ്ങിന്റെ പ്രകാശം പരത്തുന്നു.

250 ബി.സി. മൗര്യസാമ്രാജ്യത്തിലെ സ്തംഭങ്ങൾ, കോട്ടകൾ, കൊട്ടാരങ്ങൾ, അശോകൻ നിർമ്മിച്ച ഗുഹാക്ഷേത്രങ്ങൾ, 84,000 സ്തംഭങ്ങൾ, സ്തൂപങ്ങൾ, 121 അടി ചുറ്റളവും, 77.5 അടി ഉയരവുമുള്ള സാഞ്ചി സ്തൂപം പേഷ്വാറിൽ കനിഷ്കൻ പണിത 13 നില കെട്ടിടത്തിന്, 400 അടി ഉയരമാണുണ്ടായിരുന്നതത്രെ. കനിഷ്കപുര – പുരുഷപുര എന്നീ രണ്ടു നഗരങ്ങളിലെ നിർമ്മാണങ്ങൾ

100 ബി.സി. - 00 സാഞ്ചിയിലെ നാലുസ്തൂപങ്ങൾ, കർളിയിലെ (പൂന) പ്രസിദ്ധ ബുദ്ധ ഗുഹാക്ഷേത്രം, അതിലെ മണ്ഡപം, ക്ഷേത്രത്തിലെ 44 സ്തംഭങ്ങൾ, അജന്താഗുഹാക്ഷേത്രനിർമ്മാണം.

00 - 200 എ.ഡി. ഘോരക്പൂരിലെ കഹൗംസ്തൂപം, ഏറം സ്തൂപം, ഭിതറിലെ വിഷ്ണുസ്തൂപം, ബിൽസദ് സ്തൂപം, അജന്താഗുഹാക്ഷേത്ര നിർമ്മാണപുരോഗതി, 10,000 വിദ്യാർത്ഥികളും 1570 അദ്ധ്യാപകരുമു



Scanned with CamScanner

ണ്ടായിരുന്ന നളന്ദ യൂണിവേഴ്സിറ്റിയിലെ വിദ്യാലയം. (ഹ്യുയാൻ സാങ്ങിന്റെ വിവരണം)

200 - 500 എ.ഡി. ഭൂമറയിലെ (മധ്യപ്രദേശം) അഞ്ച് ശിവക്ഷേത്രങ്ങൾ, ഝാൻസിയിലെ ദശാവതാര ക്ഷേത്രം, കാൺപൂരിലെ ഭിതർഗാവ് ക്ഷേത്രം, ജസൽപൂരിലെ വിഷ്ണുക്ഷേത്രം, ബീജാപൂരിലെ ലർഖൻ ക്ഷേത്രം, ഉദയഗിരി ഗുഹാക്ഷേത്രം, ജോദ്പൂരിലെ 16 ഹിന്ദുജൈന ക്ഷേത്രങ്ങൾ, 29 ചൈത്യങ്ങളും വിഹാരങ്ങളും, അജന്തഗുഹാ ക്ഷേത്രങ്ങൾ ഇന്നത്തെ രൂപത്തിൽ പൂർത്തിയായത്.

500 - 700 എ.ഡി. മഹാബലീപുരത്തെ അഞ്ചുരഥങ്ങളും ക്ഷേത്രങ്ങളും – 34ൽ പരം വരുന്ന എല്ലോറ ഗുഹാക്ഷേത്രങ്ങൾ, അതിലെ ഗോപുരം, ധൂമർ ലോണയിലെ റോംബസ് ആകൃതിയിലുള്ള ക്ഷേത്രം.

600 - 1000 എ.ഡി. രാജസ്ഥാനിലെ പ്രസിദ്ധങ്ങളായ കൊട്ടാരങ്ങൾ, എലിഫന്റ് ഗുഹാക്ഷേത്രം, ചാലൂക്യരാജാക്കന്മാരുടെ നിർമ്മാണം, ഐഹോളെയിലെ 70 ക്ഷേത്രങ്ങൾ, ചന്ദേലവംശജരുടെ ഖജൂരാഹോ ക്ഷേത്രം (മധ്യപ്രദേശ്) 20 ക്ഷേത്രങ്ങൾ, 116 അടി ഉയരമുള്ള മഹാദേവക്ഷേത്രം, ചിത്രഗുപ്ത-പാർശ്വനാഥ- കണ്ടരീയ - മഹാദേവ - നന്ദി - ലക്ഷ്മി ദേവി - വരാഹ - ലക്ഷ്മണ - മാതംഗേശ്വര - ആദിനാഥ - ശാന്തിനാഥ- ബ്രഹ്മ - ജവരി - വാമന - ദുലാദേവ - ജൂതകരി ക്ഷേത്രങ്ങൾ, ചോളചക്രവർത്തി രാജേന്ദ്ര ചോളൻ I നിർമ്മിച്ച ഗംഗൈകൊണ്ട ചോളപുര ക്ഷേത്രം - മണ്ഡപം- അതിലെ വിമാനം - 150 സ്തൂപങ്ങൾ, തഞ്ചാവൂരിലെ ശിവക്ഷേത്രം (ഭാരതത്തിൽ നിർമ്മിച്ചിട്ടുള്ളതിൽ വെച്ചേറ്റവും ഉയരം കൂടിയ (60 മീറ്റർ) ക്ഷേത്രം.

രാഷ്ട്രകൂട രാജാക്കന്മാരുടെ 5 മഹാക്ഷേത്രങ്ങൾ (753-975) ഇവയെല്ലാം വൻമലകളിലെ പാറകൾ ചെത്തിയുണ്ടാക്കിയതാണ്. എലിഫെന്റായിലെ ത്രിമൂർത്തിക്ഷേത്രം (750 എ.ഡി.), ഭുവനേശ്വരിലെ ലിംഗരാജ ക്ഷേത്രം (1000 എ.ഡി.)

600 - 625 എ.ഡി. പല്ലവരാജാവായ മഹേന്ദ്രവർമ്മൻ നിർമ്മിച്ച മണ്ഡപങ്ങൾ ലക്ഷ്മിതായതന - പട്ടു-അവന്തി-ഭജന ഗൃഹ-പഞ്ചപാണ്ഡവ -രുദ്രതാലീശ്വര-കമണ്ഡക-കുറഗനിൽ മുട്ടമ്മ- വസന്തേശ്വര - മഹേന്ദ്രവിഷ്ണുഗൃഹ- മഹേന്ദ്രവല്ലി- തുടങ്ങിയ അനേകം മണ്ഡപങ്ങൾ, ശ്രീരംഗത്തെ അമ്പതു ഏക്കറിൽ വ്യാപിച്ചു കിടക്കുന്ന പാണ്ഡ്യന്മാരുടെ വിഷ്ണുക്ഷേത്രം.

600 - 900 എ.ഡി. രാജസ്ഥാനിലെ ചിത്തോർ രജപുത്രരാജാക്കന്മാർ പണിത ഗ്വാളിയോർ-മണ്ഡൂർചന്ദ്ര - അസിർഗർ കോട്ടകൾ, ചിത്തോർ



Scanned with CamScanner

കോട്ട. കാഞ്ചീപുരത്തിലെ 108 ശിവക്ഷേത്രങ്ങളും, 18 വിഷ്ണുക്ഷേ
ത്രങ്ങളും.

600 - 1000 എ.ഡി. ആയിരം കാൽമണ്ഡപം, ഗോപുരങ്ങൾ, കൈലാസ
നാഥ ക്ഷേത്രത്തിലെ കരിങ്കൽ കൊത്തുപണികൾ, പല വലിയ കുള
ങ്ങളുടെയും നിർമ്മാണം (ഇവ തീർത്ഥങ്ങളായി അറിയപ്പെടുന്നു.)

1000 - 1300 എ.ഡി. ഒറീസ്സയിലെ കോണാർക്ക് ക്ഷേത്രം, കാഞ്ചിയിലെ
വരദരാജ പെരുമാൾക്ഷേത്രം, അതിലെ ഗോപുരം, കാഞ്ചീപുരനഗര
വികസനം. ഹോയ്സാല-വിജയനഗര സാമ്രാജ്യവികസനങ്ങൾ ചേർന്ന
ക്ഷേത്ര-ഗോപുര- കൊട്ടാര-കോട്ട നിർമ്മാണങ്ങൾ.

രാജസ്ഥാനിലെ കനകപുര ക്ഷേത്രത്തിലെ മാർബിൾ നിർമ്മാണം, തടാ
കങ്ങളിലെ ഉജ്ജ്വലകൊട്ടാരനിർമ്മാണരീതികൾ, ചിത്രാംഗദൻ നിർമ്മിച്ച
ചിത്തോർ കോട്ട, തിരുവണ്ണാമലക്ഷേത്രവും ഗോപുരവും, രാമേശ്വരം
ക്ഷേത്രവും മുഖമണ്ഡപവും തഞ്ചാവൂരിലെ ബൃഹദീശ്വരക്ഷേത്രം,
നടരാജക്ഷേത്രം - എണ്ണിയാൽ ഒടുങ്ങാത്ത അത്രയും ചെറുതും വലു
തുമായ ക്ഷേത്രങ്ങൾ, ആന്ധ്ര - കർണ്ണാടക - തമിഴ്നാട്- ദക്ഷിണ
കേരളം എന്നിവിടങ്ങളിൽ നിർമ്മിച്ചിട്ടുള്ളത് പ്രത്യേകം പഠനാർഹമാ
ക്കാവുന്നതാണ്.

1300 - 1600 എ.ഡി. ചോള - പാണ്ഡ്യവംശത്തിലെ അനവധി ക്ഷേത്ര
ങ്ങൾ, ഇവ തഞ്ചാവൂർ- മധുര- കുംഭകോണം- കാഞ്ചീപുരം എന്നിവി
ടങ്ങളിൽ നിറഞ്ഞു നിൽക്കുന്നു. കൂടാതെ രാമേശ്വരം, ചിദംബരം-
തിരുച്ചിറപ്പള്ളി- ശ്രീവില്ലിപുത്തൂർ-ശ്രീരംഗം, ശുചീന്ദ്രം, തിരുവനന്ത
പുരത്തെ പത്മനാഭസ്വാമി ക്ഷേത്രങ്ങൾ വിപുലീകരിക്കപ്പെട്ടതും ഇക്കാ
ലഘട്ടത്തിലാണ്.

1500 - 1900 എ.ഡി. രാജസ്ഥാനിലെ പിച്ചോളനദിയിൽ നിർമ്മിച്ചിരിക്കു
ന്ന ഉദയ്പൂർ പാലസ്, ജയ്പൂരിലെ പിങ്ക് പാലസ്, ഏഴുനിലകളുള്ള
ചന്ദ്രമഹൽ പാലസ് അത്യത്ഭുതകരമാണ്. താർ മരുഭൂമിയിലെ
ജയ്സാൽമർ പാലസ്, (എല്ലാവിധ താപനിയന്ത്രണ ക്രമീകരണങ്ങ
ളോടും കൂടി മരുഭൂമിയിൽ ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ചു നിർമ്മി
ച്ചതാണീ പാലസ്. മനുഷ്യവാസമുള്ള പ്രദേശത്തുനിന്നും 250 കിലോ
മീറ്റർ അകലെയാണ് ഈ പാലസ്.) ഉദയ്സിങ്ങ് നിർമ്മിച്ച 347 മുറിക
ളുള്ള ജോദ്പൂർ പാലസ്, ജയ്പൂരിലെ ഹവാമഹൽ (1799 എ.ഡി.) ഒരു
മാർബിൾ കൊട്ടാരമാണ്. ഭാരതീയ സിവിൽ എഞ്ചിനീയറിങ്ങിന്റെ
വളർച്ചയെക്കുറിച്ച് ഇതിൽ കൂടുതൽ സംക്ഷിപ്ത വിവരണം അസാ
ദ്ധ്യമാണെന്നറിയാമല്ലോ?



Scanned with CamScanner

## ഭാരതീയ പെയിന്റിങ്ങ്

50 BC - 350 എ.ഡി. അജന്തയിലെ ഓരോ ഗുഹയിലേയും പെയിന്റിങ്ങ് 1, 2, 9, 10, 16, 17 ഗുഹകളിലെ ഫ്റെസ്കോപെയിന്റിങ്ങ്, ലോകോത്തര മാണ്. 14-ാം നൂറ്റാണ്ടിലെ ഇറ്റാലിയൻ പെയിന്റിങ്ങിനേക്കാൾ മഹത്തരം മിർസാപൂരിലെ പഞ്ചമഹി, രാംഗർലെ ജോഗിമാരാഗുഹാക്ഷേത്രം, എന്നിവടങ്ങളിലെ പെയിന്റിംഗ്

350 - 500 എ.ഡി. ഉത്തര ഭാരതത്തിലെ പല ക്ഷേത്രങ്ങളിലേയും പെയിന്റിങ്ങ്.

500 - 1500 എ.ഡി. ദക്ഷിണഭാരത ക്ഷേത്രങ്ങളിലേയും കൊട്ടാരങ്ങളി ലേയും പെയിന്റിങ്ങ്.

1500 എ.ഡി. ക്കുശേഷം രാജസ്ഥാൻ, ഗ്വാളിയോർ, ദക്ഷിണഭാരത രാജ വിഹാരങ്ങൾ, ക്ഷേത്രങ്ങൾ എന്നിവയിലെ പെയിന്റിങ്ങുകൾ വികസിച്ചു.

## ഭാരതീയ ഗ്ലാസ് - കളിമൺ സാങ്കേതിക വിദ്യ

5000BC-2500 ബി.സി. ലോഥലിൽ ഹാർബർ/റോഡ്/കെട്ടിടം നിർമ്മി ക്കാനുപയോഗിച്ച ഇഷ്ടിക, സിറാമിക്സ് ബീഡ്സ്, യാഗശാലയ്ക്കും യാഗകുണ്ഡത്തിനുമുള്ള ഇഷ്ടിക, മോഹൻജോദാരോ ഹാരപ്പയിലെ ഇഷ്ടിക, ടൈൽസ്, കളിമൺ പാത്രങ്ങൾ, കൗസമ്പിയിൽ സിമന്റുപോ ലുള്ള വസ്തു കെട്ടിടനിർമ്മാണത്തിനുപയോഗിച്ചിരുന്നത്, മോഹൻജോ ദാരോവിൽ ജിപ്സം സിമന്റ് ഉപയോഗിച്ചിരുന്നത്.

1500 ബി.സി. അത്രംജിഖേരയിൽ ഗ്ലാസ് നിർമ്മിച്ചിരുന്നു. തുടർ ന്നുള്ള കാലഘട്ടങ്ങളിൽ (1000 ബി.സി.) ഉണ്ടാക്കിയ ഗ്ലാസ്സുകളുടെ 17 കഷ്ണ ങ്ങൾ ലഭ്യമായിട്ടുണ്ട്. കളിമൺ പാത്രങ്ങൾ വിവിധനിറത്തിലുള്ളവ നിർമ്മിച്ചിരുന്നു.

1000 ബി.സി. ലോഹ-ലോഹസങ്കരങ്ങൾ ലഭ്യമായിട്ടുള്ള സ്ഥലങ്ങളി ലെല്ലാം അനേകായിരം കളിമൺപാത്രങ്ങളുടെ അവശിഷ്ടങ്ങൾ ലഭ്യ മായിട്ടുണ്ട്. ഹസ്തിനപുരത്തു നിർമ്മിച്ച ഗ്ലാസ്, വള, എന്നിവ പ്രത്യേകതയുള്ള അലൂമിനിയം-സിലിക്ക ഗ്ലാസ് ആയിരുന്നു. തുടർന്നുള്ള കാലഘട്ടത്തിൽ നിർമ്മിച്ച ഗ്ലാസുകളുടെ ആയിരക്കണ ക്കിന് അവശിഷ്ടങ്ങൾ ലഭിച്ചിട്ടുള്ളത് പല ആകൃതി, നിറം, രൂപം ഉള്ള താണ്. ഫർണസുകളിൽ കളിമൺ ആവരണം ഇക്കാലഘട്ടത്തിൽ നടന്നിരുന്നു.



Scanned with CamScanner

600 ബി.സി. തക്ഷശിലയിൽ ഗ്ലാസ്സ് നിർമ്മിച്ചിരുന്നു. രാജ്ഘട്ട് എന്ന സ്ഥലത്ത് ഉയർന്ന സിലിക്കൺ അടങ്ങിയ ഗ്ലാസ് നിർമ്മാണമുണ്ടായിരുന്നു. തക്ഷശിലയിൽ നിന്ന് 15 നിറങ്ങളിലുള്ള വിവിധതരം ഗ്ലാസ്സുകൾ ലഭിച്ചിട്ടുണ്ട്.

300 ബി.സി. - 00 കൗസമ്പിയിലും, ഹസ്തിനപുരത്തിലും നിർമ്മിച്ച സ്വർണ്ണതകിടുചേർന്ന ഗ്ലാസ് നൂതനവിദ്യയുടെ പ്രകടനമാണ്. ലെൻസ്, പ്രിസം, പ്ലേറ്റ് ഇവ ഭരദ്വാജന്റെ യന്ത്രസർവസ്വത്തിൽ വിവരിക്കുന്നുണ്ട്. കണ്ണാടിയെക്കുറിച്ചുള്ള വിവരണവും ഇതിൽ ലഭിക്കുന്നു. അനേകം തരത്തിലുള്ള ക്രൂസിബിൾ നിർമ്മാണം നടന്നിരുന്നു. നളന്ദ യൂണിവേഴ്സിറ്റി നിർമ്മാണത്തിന് സിമന്റു പോലുള്ള പ്ലാസ്റ്ററിന്റെ ഉപയോഗമുണ്ടായിരുന്നു.

100 -1000 എ.ഡി. പലവിധ കളിമൺ സാധനങ്ങൾ, ക്രൂസിബിൾ, റിഫ്രാക്ടറി വസ്തുക്കൾ നിറമുള്ള കളിമൺ സാധനങ്ങൾ, ആന്റിമണി – ക്രോമിയം – കോബാൾട്ട്, വനേഡിയം എന്നിവയുടെ സംയുക്തങ്ങളുപയോഗിച്ച് വിവിധനിറം ലഭ്യമാക്കിയുള്ള കളിമൺ ഉപകരണ ങ്ങളും ഗ്ലാസ്സുകളും, നിർമ്മിച്ചിരുന്നു.

ഗ്ലാസ് – സിറാമിക്സ് സാങ്കേതിക വിദ്യകൾ, ഭാരതത്തിൽ അസാധാരണ വൈഭവത്തോടെ നിലനിന്നിരുന്നു എന്നതിനുള്ള തെളിവുകളാണ് ഈ വിവരണങ്ങൾ.

## ഭാരതീയ ലോഹസംസ്കരണ സാങ്കേതിക പൈതൃകം

**ചെമ്പു സംസ്കരണ വിജ്ഞാനം**

പ്രസിദ്ധമായ ചെമ്പ് സംസ്കരണ ഖനികൾ പ്രയോഗത്തിലിരുന്നതും അവയുടെ കാലഘട്ടവും.

2800 ബി.സി. ഗണേശ്വർ – റജർ ചെമ്പു ഖനികൾ

1300 ബി.സി. ബംഗാളിലെ പാണ്ഡു – രജർ – ദിബി ഖനികൾ

1300 ബി.സി. രാജസ്ഥാനിലെ രാജപുര, ദാരിബ, ഉദയ്പൂർ സിങ്ക് ഖനികൾ

1300 ബി.സി. കർണാടകയിലെ കോമരനഹള്ളി, തടനഹളി ഖനികൾ

1230 ബി.സി. സൗത് ലോഡെ ഖനികൾ

1200 ബി.സി. ഉത്തര ഭാരതത്തിലെ അത്രഞ്ചി ഖേര ഖനികൾ

1100 ബി.സി. സിംഗ്ഭം ഖനികൾ

1000 ബി.സി. രാജസ്ഥാനിലെ അലംഗീർ, ഉത്തർപ്രദേശിലെ വാരണാസി ഖനികൾ.



Scanned with CamScanner

760 ബി.സി. കർണ്ണാടകയിലെ ഹട്ടി ഖനി.

**ചെമ്പ് ലഭ്യമായിട്ടുള്ള സ്ഥലവും, അതിന്റെ പരിശുദ്ധിയും.**

7800 ബി.സി. ഉത്തരഭാരതത്തിലെ മേഹർഘർ (80%).

4700 ബി.സി. മേഹർഘർ (85%)

2500 ബി.സി. ഗുജറാത്തിലെ ലോഥൽ 99.81%

700 ബി.സി. തക്ഷശില 99.68%

500 ബി.സി. ഗുജറാത്ത് 99.0%

**വെളുത്തീയം അഥവാ ടിൻ**

3000 ബി.സി. യജുർവേദത്തിൽ വെളുത്തീയത്തെക്കുറിച്ചു വിവരിക്കുന്നു.

2000 ബി.സി. സിന്ധു നദീതടത്തിൽ നിന്ന് ലഭിച്ച ഓടിൽ 13.2% ടിൻ ഉണ്ടായിരുന്നു.

600 ബി.സി. തക്ഷശിലയിൽ നിന്ന് ലഭിച്ച ഓടിൽ 20% ടിൻ ഉണ്ടായിരുന്നു. രസാർണവം, രസരത്നസമുച്ഛയം എന്നീ ഗ്രന്ഥങ്ങളിൽ ടിൻ വിവരണമുണ്ട്.

900 എ.ഡി. യിൽ രചിച്ച രസരത്ന സമുച്ഛയത്തിൽ ആൽഫ ടിൻ, ബീറ്റാ ടിൻ ഇവ വ്യക്തമായി ഗുണദോഷസഹിതം വിവരിക്കുന്നുണ്ട്.

1300 എ.ഡി. യിൽ രചിച്ച രസോപനിഷത്തിൽ ഒരദ്ധ്യായം പൂർണ്ണമായും ടിന്നിനെക്കുറിച്ചുള്ള വിവരണമാണ് ഈ അദ്ധ്യായം. വംഗസംശോധനാദ്ധ്യായം എന്നറിയപ്പെടുന്നു.

300 ബി.സി. കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ (300 ബി.സി.) ടിൻ വ്യക്തമായി വിവരിക്കുന്നു.

**സിങ്ക് അഥവാ നാകം**

1000 ബി.സി. രാജസ്ഥാനിലെ സാവർമാലാ സിങ്ക് ഖനികൾ പ്രവർത്തനക്ഷമമായിരുന്നു. വൃന്താകമൂഷ എന്നറിയപ്പെടുന്ന വഴുതിനയുടെ ആകൃതിയിലുള്ള റിട്ടോർട്ട് ഉപയോഗിച്ചായിരുന്നു സിങ്ക് ഡിസ്റ്റിൽ ചെയ്തെടുത്തിരുന്നത്. ഇക്കാലത്ത് ഉപയോഗിച്ചിരുന്ന അനവധി റിട്ടോർട്ടുകൾ കണ്ടുകിട്ടിയിട്ടുണ്ട്. 65 x 65 x 20 സെ.മീ. ഉള്ള റിട്ടോർട്ടുകളാണ് സിങ്ക് നിർമ്മാണത്തിനുപയോഗിച്ചിരുന്നത്.

500 ബി.സി. ഇന്ത്യയിൽ നിന്ന് സിങ്ക് നിർമ്മാണവിദ്യ ആദ്യമായി യൂറോപ്പിലേക്കു പോയി.

300 ബി.സി. തക്ഷശിലയിൽ ഉണ്ടാക്കിയ 99% ശുദ്ധമായ സിങ്ക് തകിട് ഗ്രീസിൽ നിന്നു ലഭിച്ചു.



Scanned with CamScanner

1300 എ.ഡി. കാലയളവിൽ ഒരു ലക്ഷം ടൺ സിങ്ക് സാവർമാല ഖനികൾക്കു സമീപം സംസ്കരിച്ചെടുത്തിട്ടുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

1730 എ.ഡി. യിൽ വില്യം ചാമ്പ്യൻ എന്ന ഇംഗ്ലീഷുകാരൻ രാജസ്ഥാനിൽ വന്ന് സിങ്ക് നിർമ്മാണവിദ്യ ഇംഗ്ലണ്ടിലേക്ക് കൊണ്ടു പോകുന്നതുവരെ പാശ്ചാത്യർക്ക് സിങ്ക് നിർമ്മാണം അജ്ഞാതമായിരുന്നു.

**കറുത്തീയം അഥവാ ലെഡ്**

2200 ബി.സി. ലോഥയിൽ നിന്നു ലഭിച്ച ഈയത്തിന്റെ പരിശുദ്ധി 99.54% ആയിരുന്നു.

1000 ബി.സി. മോഹൻജോദാരൊയിലെ ലെഡ് 99.7% ശുദ്ധമായിരുന്നു.

700 ബി.സി. തക്ഷശിലയിൽ നിന്നു ലഭിച്ച ലെഡ് സോൾഡറിൽ 98% ലെഡ് ഉണ്ടായിരുന്നു.

അത്യാധുനിക സംസ്കരണ പ്രക്രിയകൊണ്ടു ലഭിക്കുന്നതിനേക്കാൾ ശുദ്ധമായിരുന്നു മേൽ വിവരിച്ച കറുത്തീയം.

**വെള്ളി - സിൽവർ**

3000 ബി.സി. യജുർവേദത്തിൽ വെള്ളിയെക്കുറിച്ചുള്ള വിവരണമുണ്ട്.

1200 ബി.സി. മോഹൻജോദാരോവിൽ നിന്നു ലഭിച്ച വെള്ളി ആഭരണം 94.5% ശുദ്ധമായിരുന്നു. മറ്റൊന്ന് 95.5% വും ഗുംഗേറിയായിലെ വെള്ളി 96.3% ശുദ്ധമായിരുന്നു.

1100 ബി.സി. ഭഗൽപൂർ ജില്ലയിൽ നിന്നു ലഭിച്ച 102 വെള്ളി ആഭരണങ്ങൾ വളരെ ഉയർന്ന പരിശുദ്ധി നിലനിർത്തിയിരുന്നു.

500 ബി.സി. തക്ഷശിലയിലെ വെള്ളി ആഭരണങ്ങൾ 84% ശുദ്ധമായിരുന്നു 13% ചെമ്പുമുണ്ടായിരുന്നു.

300 ബി.സി. അർത്ഥശാസ്ത്രത്തിൽ വെള്ളിയുടെ അയിരുകൾ വിവരിക്കുന്നു. കൂടാതെ പലവിധ വെള്ളി ലോഹസങ്കരവിവരണങ്ങളുമുണ്ട്.

**രസം - മെർക്കുറി**

അതിപ്രാചീനമായ ഭാരതീയ സാങ്കേതിക വിദ്യയാണ് രസം ഡിസ്റ്റിൽ ചെയ്തെടുക്കുക എന്നത്. രസശാസ്ത്ര പുസ്തകങ്ങളിൽ ഇത് വ്യക്തമായി വിവരിക്കുന്നുണ്ട്.

**ലോഹസങ്കര നിർമ്മാണ സാങ്കേതികവിദ്യ**

2200 ബി.സി. 70.7% ചെമ്പും 6.04% സിങ്കുമുള്ള പിത്തള ലോഥലിൽ നിന്ന് ലഭിച്ചിരുന്നു.



Scanned with CamScanner

1500 ബി.സി. അനവധി പിത്തള സങ്കരങ്ങൾ ഹാരപ്പ, മോഹൻജോദാരോ, ലോഥൽ ഗുജറാത്തിന്റെ മറ്റു പലഭാഗങ്ങൾ എന്നിവിടങ്ങളിൽ നിന്ന് ലഭിച്ചിട്ടുണ്ട്.

700 ബി.സി. അത്രംജീഖേരയിൽ ധാരാളമായി പിത്തള ഉൽപാദിപ്പിച്ചിരുന്നു.

500 ബി.സി. 34.3% സിങ്ക് അടങ്ങുന്ന ബീറ്റ പിത്തള തക്ഷശിലയിൽ നിർമ്മിച്ചിരുന്നു.

500 ബി.സി. തക്ഷശിലയിൽ നിന്നു ലഭിച്ച ലോഹസങ്കരം 79% ചെമ്പ് + 20% നിക്കൽ ഉണ്ടായിരുന്നു. ഓടിൽ 76.8% ചെമ്പ് + 21.6% ടിൻ.

300 ബി.സി. മോഹൻജോദാരോവിൽ നിന്നു അനവധി ചെമ്പ്- നിക്കൽ ലോഹസങ്കരങ്ങൾ ലഭിച്ചതിൽ 9% -21.4% വരെ നിക്കലും ബാക്കി ചെമ്പുമായിരുന്നു.

300 ബി.സി. മോഹൻജോദാരോവിൽ നിന്നു ലഭിച്ച ലോഹസങ്കരത്തിൽ 2.6% ആന്റിമണിയുമുണ്ടായിരുന്നു.

100 ബി.സി. പഞ്ചലോഹനിർമ്മാണം പ്രസിദ്ധമാണ്.

**പ്രത്യേക ലോഹസങ്കരങ്ങൾ**

300 ബി.സി. ഭരദ്വാജമഹർഷിയെഴുതിയ യന്ത്രസർവസ്വത്തിൽ വ്യത്യസ്തവും സങ്കീർണ്ണങ്ങളുമായ ലോഹസങ്കരവിവരണമുണ്ട്.

വിവിധതരം നാണയങ്ങളുണ്ടാക്കാൻ അർത്ഥശാസ്ത്രത്തിൽ വ്യത്യസ്ത ലോഹസങ്കരങ്ങളുടെ ഗുണങ്ങൾ വിവരിക്കുന്നുണ്ട്.

900 എ.ഡി. വിവിധ രസഗ്രന്ഥങ്ങളിലും അനേകം ലോഹസങ്കര വിവരണമുണ്ട്.

1300 എ.ഡി. രസോപനിഷത്തിൽ ഒരു ഡസനോളം ടിൻ ലോഹസങ്കര വിവരണമുണ്ട്.

## ഇരുമ്പു സംസ്കരണ സാങ്കേതികവിദ്യ

ഒരു രാഷ്ട്രത്തിന്റെ വികസനം അളക്കുന്നതിന്റെ ഒരു മാനദണ്ഡം ഇരുമ്പുമായി ബന്ധപ്പെട്ട സാങ്കേതിക വിദ്യയുടെ നിലവാരമത്രെ!

5000 ബി.സി. ക്കപ്പുറം അയം എന്ന പേരിൽ വേദത്തിൽ ഇരുമ്പ് പ്രതിപാദിക്കുന്നു.

3500 ബി.സി. കാർഷ്ണായസം/ കൃഷ്ണായസം എന്ന പേരിലും മറ്റു ഗ്രന്ഥങ്ങളിൽ ഇരുമ്പ് വിവരിക്കുന്നുണ്ട്.

1300 ബി.സി. ഭാരതത്തിൽ വൻ തോതിൽ ഇരുമ്പ് ഉല്പാദിപ്പിക്കുവാൻ



Scanned with CamScanner

തുടങ്ങി. ഫോർജിങ്ങ് - ലാമിനേഷൻ സാങ്കേതിക വിദ്യ നിലവിൽ വന്നു.

1200 ബി.സി. അത്രം ജിഖേരയിൽ വൻ തോതിൽ ഇരുമ്പ് ഉപകരണങ്ങൾ ഉണ്ടാക്കുവാൻ തുടങ്ങി. കാർബുറൈസേഷൻ എന്ന സാങ്കേതിക വിദ്യയിലൂടെ ഇരുമ്പിൽ കാർബൺ അലിയിപ്പിച്ച് മൂർച്ച കൂട്ടുവാനും തുരുമ്പിക്കുന്നത് തടയുവാനുമുള്ള സംവിധാനമുണ്ടായി. കോമരനഹള്ളിയിൽ ഉണ്ടാക്കിയ (കർണാടക) കാർബുറൈസ്ഡ് ഇരുമ്പുൽപന്നങ്ങൾ ലഭിച്ചു.

1150 ബി.സി. കാർബുറൈസ്ഡ് - നോൺ കാർബുറൈസ്ഡ് ഇരുമ്പു ഷീറ്റുകൾ ഫോർജ്ജ് ചെയ്ത വസ്തുക്കൾ രാജ്ഘട്ട് - അത്രഞ്ജിഖേര എന്നിവിടങ്ങളിൽ നിന്നുണ്ടാക്കിയത് ലഭിച്ചു. ഈ പ്രദേശത്തു നിന്നും 25 തരത്തിൽപ്പെട്ട നൂറു കണക്കിനു ഇരുമ്പു ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ട്.

കർണാടകയിലെ താഡനഹള്ളി- കോമരനഹള്ളി -മംഗൽ കോട് എന്നിവിടങ്ങളിൽ വൻതോതിൽ കാർബുറൈസ് ചെയ്ത മൂർച്ച കൂട്ടിയ ഉപകരണനിർമ്മാണം ആരംഭിച്ചതിന്റെ തെളിവും, ബംഗാളിലെ പാണ്ഡു -രജർ-ദിബിയിൽ വൻതോതിൽ ഇരുമ്പു സംസ്കരണം തുടങ്ങിയിരുന്നതിന്റെ തെളിവും ലഭിച്ചിട്ടുണ്ട്.

1000 ബി.സി. ജോദ്പൂരിലും, മഹർജരി, തക്കൽഘട്ട്, നായ്കുണ്ഡ് എന്നിവിടങ്ങളിൽ 99.0% ശുദ്ധീകരിച്ച ഇരുമ്പ് ഉൽപാദനം നടന്നിരുന്നു.

800 ബി.സി. അലംഗീർ, ഉജ്ജയിനി എന്നിവിടങ്ങളിൽ സംസ്കരിച്ച ഇരുമ്പിന്റെ വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിച്ചിരുന്നു.

തക്കൽഘട്ടിൽ നിർമ്മിച്ച 99.6% ശുദ്ധമായ ഇരുമ്പ് സാമഗ്രികൾ ലഭിച്ചു. ആധുനിക വിദ്യയിലൂടെ പോലും 99.6% ശുദ്ധമായ ഇരുമ്പ് ലഭിക്കുക എന്നത് ദുഷ്കരമാണ്. തുടർന്നുള്ള കാലഘട്ടങ്ങളിൽ ഇരുമ്പിന്റെ വിവിധ ലോഹസങ്കരങ്ങൾ, ഉപകരണങ്ങൾ, വിവിധ സാങ്കേതിക വിദ്യയിലൂടെ നിർമ്മിച്ചിരുന്നു. അവയുപയോഗിച്ച് അനേകം ആയുധങ്ങളും, ഗാർഹിക- വ്യാവസായിക - കാർഷിക ഉപകരണങ്ങളും നിർമ്മിക്കുവാനുള്ള സാങ്കേതികവിദ്യയും വികസിച്ചു തുടങ്ങി.

700 ബി.സി. പ്രത്യേകതരം സ്റ്റീൽ ഉപയോഗിച്ച് ശസ്ത്രക്രിയക്കായുള്ള നൂറിൽപരം ഉപകരണങ്ങൾ നിർമ്മിച്ചു.

330 ബി.സി. അലക്സാണ്ടർ പുരുവിൽ നിന്നും 30 പൗണ്ട് വുട്സ് സ്റ്റീൽ പുരസ്കാരമായി സ്വീകരിച്ചു. ഈ വുട്സ് സ്റ്റീൽ നിർമ്മാണ സാങ്കേ



Scanned with CamScanner

തികവിദ്യ അതിസങ്കീർണ്ണമാണ്. ഇന്നും അതിന്റെ നിർമ്മാണം അജ്ഞാതമാണുതാനും. ബനാറസ് വാൾ ഉൽപ്പാദിപ്പിക്കുവാൻ ഈ സ്റ്റീലാണ് ഉപയോഗിച്ചിരുന്നത്.

200 ബി.സി. ഉജ്ജയിനിയിലെ വൻ അയേൺ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് അവിസ്മരണീമാണ്. (500-300 ബി.സി.)

200 ബി.സി. വിവിധ ഇരുമ്പ് ആയുധങ്ങൾ, സ്തംഭങ്ങൾ, ഉപകരണങ്ങൾ, നാണയങ്ങൾ എന്നിവ വൻതോതിൽ ഭാരതത്തിലെമ്പാടും നിർമ്മിച്ചിരുന്നു. ലാമിനേഷൻ എല്ലായിടത്തും വ്യാപിച്ചു. ശൃംഗവേർപുരത്തിലെ ലാമിനേഷൻ സാങ്കേതിക വിദ്യ പ്രത്യേകം ശ്രദ്ധയാകർഷിക്കുന്നു.

100 എ.ഡി. ഡൽഹിയിലെ - മെഹ്റൗളിയിൽ 7 ടൺ ഭാരവും 21 അടി ഉയരവുമുള്ള ഇരുമ്പു സ്തംഭം സ്ഥാപിക്കപ്പെട്ടു. 30 കി.ഗ്രാം വീതം ഭാരമുള്ള ശുദ്ധ ഇരുമ്പ് ഫോർജ് വെൽഡ് ചെയ്താണ് ഈ സ്തംഭം നിർമ്മിച്ചത്. ഇരുമ്പ് ഓക്സൈഡ്- ഫോസ്ഫേറ്റിന്റെ ഒരു കവറിങ്ങ് ഉള്ളതിനാലാണ് അത് തുരുമ്പു പിടിക്കാത്തതത്രെ. ഡമാസ്കസ് വാൾ എന്നറിപ്പെടുന്ന ബനാറസ് വാൾ നിർമ്മിച്ചിരുന്നതും ഈ സങ്കീർണ്ണമായ ഇരുമ്പു സങ്കരമുപയോഗിച്ചായിരുന്നു.

400 എ.ഡി. മൂന്നുതരം ഇരുമ്പിനെക്കുറിച്ച് -കാസ്റ്റ് അയോൺ, റോട്ട അയോൺ, പിഗ് അയോൺ എന്നിവയെക്കുറിച്ചും അവയുടെ ഉൽപാദനത്തെക്കുറിച്ചും വ്യക്തമായി അറിവ് ലഭിച്ചിരുന്നു. ഇവയെ വീണ്ടും അഞ്ചുതരമാക്കി വിഭജിച്ചിരുന്നു.

500 എ.ഡി. കാർബുറൈസേഷൻ സാങ്കേതികവിദ്യ ഭാരതമെമ്പാടും പ്രചാരം നേടി വരാഹമിഹിരന്റെ ബൃഹത് സംഹിതയിൽ ഇതിനെക്കുറിച്ച് സുദീർഘമായ വിവരണമുണ്ട്.

950 എ.ഡി. ധറിലെ 7 ടൺ ഭാരമുള്ള ഇരുമ്പിന്റെ മൂന്നു സ്തംഭങ്ങൾ നിർമ്മിക്കപ്പെട്ടു. തുരുമ്പിക്കാത്ത ഇത് ഇരുമ്പ് ലോഹസംസ്കരണത്തിലെ അത്ഭുതമാണ്. 43 അടി 8 ഇഞ്ചാണ് ഇതിന്റെ ഉയരം.

1200 എ.ഡി. സിലിക്കൺ, വനേഡിയം, ക്രോമിയം, നിക്കൽ തുടങ്ങിയവ ചേർത്ത് ഇരുമ്പ് ലോഹസങ്കരനിർമ്മാണം/ സംസ്കരണം ഭാരതത്തിൽ തുടങ്ങിയിരുന്നു.

രസരത്നസമുച്ചയം, രസാർണവം, രസേന്ദ്രസാരം, രസേന്ദ്രചൂഢാമണി തുടങ്ങിയ ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു ഇവയിലെല്ലാം ഇരുമ്പിനെക്കുറിച്ചും സുദീർഘമായ വിവരണങ്ങളുണ്ട്.



Scanned with CamScanner

1200-1600 കാലയളവിൽ ഭാരതത്തിൽ നിന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കൊണ്ടുപോയ വുട്സ് സ്റ്റീലിന്റെ അളവ് എത്രയെന്ന് കണക്കാക്കുവാൻ അസാധ്യമാണ്.

1600 ൽ ആരംഭിക്കുന്ന നൂറ്റാണ്ടിൽ, ഡെൻമാർക്കിലേക്ക് മാത്രം കൊണ്ടുപോയത് ഏകദേശം 30 കിലോ വീതം ഭാരമുള്ള 20,000 ഇൻഗോട്ടു (ഇരുമ്പു ഗോളം) കളായിരുന്നുവത്രെ. മറ്റു രാജ്യങ്ങളിലേക്ക് കൊണ്ടുപോയതെത്രയാണെന്ന് ഊഹിച്ചെടുക്കുക.

എന്റെ ഭാരതത്തിന്റെ പൂർവ്വജന്മചരിത്രം ഇവിടെ അവസാനിക്കുന്നില്ല, ഇവിടെ അവസാനിക്കുകയുമില്ല. അത്രയ്ക്കും ഗഹനമാണ്, ഭാരതമാതാവിന്റെ വേദനകളുടേയും നേട്ടങ്ങളുടേയും ചരിത്രം. ഇവയെല്ലാം പഠിക്കുവാൻ സാധിച്ചില്ലെങ്കിലും, ഇത്രയുമെല്ലാം ഇവിടെയുണ്ടായിരുന്നു എന്നറിയണം. അമ്മയുടെ ജീവിതം മക്കൾക്ക് മാർഗദർശകമാകുന്നതുപോലെ, ഭാരതമാതാവിന്റെ സർവസ്വവും ഭാരതീയർക്ക് പ്രകാശം പരത്തുന്നതായിരിക്കണം. ഭാരതീയരുടെ പ്രാർത്ഥന ഹൈന്ദവാഃ സമസ്താ സുഖിനോ ഭവന്തു എന്നായിരുന്നില്ല. ലോകാഃ സമസ്താഃ സുഖിനോ ഭവന്തു എന്നായിരുന്നുവല്ലോ!

ഓരോ ഭാരതീയനും ഈ പൈതൃകം അറിയണം, പഠിക്കണം, വിശകലനം ചെയ്ത് മറ്റുള്ളവരിലെത്തിക്കണം. അത് നമ്മുടെ ധർമ്മമാണെന്നറിയണം. പ്രഭാപൂരിതമായ ഒരു പൂർവകാല ചരിത്രത്തിൽ നിന്ന് മാത്രമേ വികസനോജ്ജ്വലമായ ഒരു രാഷ്ട്രം കെട്ടിപ്പടുക്കാനാവുകയുള്ളൂ. 2010 ഡിസംബർ 31 നു മുമ്പ് പത്തുകോടി ഭാരതീയരിലെങ്കിലും നമ്മുടെ മാതൃഭൂമി എന്തായിരുന്നു, എങ്ങിനെയായിരുന്നു എന്ന വിവരങ്ങൾ എത്തിക്കണം. അപ്രകാരം സാധിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു. കർമ്മമണ്ഡലത്തിലിറങ്ങുവാനായി നിങ്ങൾക്കോരോരുത്തർക്കും ജഗദീശ്വരാനുഗ്രഹവും മാനസീകമായ ആഗ്രഹവും ഉണ്ടാകട്ടെയെന്നും പ്രാർത്ഥിക്കുന്നു.

ॐ



Scanned with CamScanner

ഭാരത പൈതൃക പഠന-ഗവേഷണ-പ്രചരണത്തിനായി പൈതൃക ഗ്രന്ഥങ്ങളുടെ ഒരു ഉജ്ജ്വലമായ ലൈബ്രറി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജിന്റെ, തൃശ്ശൂർ മഴുവഞ്ചേരിയിലുള്ള നാഷണൽ ഹെറിറ്റേജ് സെന്ററിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. അമൂല്യങ്ങളായ ഗ്രന്ഥങ്ങളും, ഭാരതീയ ചിന്താധാരകൾ നിറഞ്ഞ പഠന സാമഗ്രികളും . സംഭാവന നൽകി ഈ സംരംഭത്തെ അനുഗ്രഹിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ പൈതൃകത്തെ അനുസ്മരിപ്പിക്കുന്ന പുരാതന വസ്തുക്കളുടെ ഒരു ശേഖരവും പ്രദർശനവും വളരുന്ന തലമുറയ്ക്കായി, മഴുവഞ്ചേരിയിലെ നാഷണൽ ഹെറിറ്റേജ് സെന്ററിൽ തയ്യാറാക്കി വരുന്നു. പൈതൃകവുമായി ബന്ധപ്പെട്ട എല്ലാ ദ്രവ്യങ്ങളും ഈ പ്രദർശത്തിനായി ഒരുക്കിയിരിക്കുന്ന സ്ഥിരം സംവിധാനത്തിലേക്ക്, നൽകി അനുഗ്രഹിക്കണമെന്നും അഭ്യർത്ഥിക്കുന്നു.